بسم الله الرحمن الرحيم

الحمد لله الذي هدانا بالقرآن العظيم والصلاة والسلام على من أرسله لتبليغ القرآن وبيانـــه خـــاتم الأنبيـــاء والمرسلين وعلى آله وصحابته أجمعين أما بعد،

# വിവർത്തനക്കുറിപ്പ്

സുഊദി പണ്ഡിത പ്രമുഖരിൽ ഒരാളായിരുന്ന ബഹു: ശൈഖ് മുഹമ്മദ് ബ്നു സ്വാലിഹുൽ ഉഥൈമീൻ (റ) അവർക ൾ രചിച്ച ശറഹ് ലംഅത്തുൽ ഇഅ്തിഖ്വാദ് എന്ന കൃതിയുടെ മലയാള വിവർത്തനമാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്.

**'വിശ്വാസ ദീപ്തി അഥവാ സന്മാർഗ്ഗ ദർശനം** ' എന്ന പേര് നൽകി നിങ്ങളെ ഏൽപ്പിക്കുന്ന ഈ രചന വിശ്വാസ കാര്യങ്ങ ളിലെ സലഫീ മൻഹജ് (പൂർവ്വീകരായ സച്ചരിതരുടെ മാർ ഗ്ഗം) എപ്രകാരമായിരുന്നു എന്ന് കൃത്യമായും മനസ്സിലാക്കാൻ സഹായിക്കുകതന്നെ ചെയ്യും. വിശേഷിച്ചും അല്ലാഹുവിൻെറ നാമ വിശേഷണങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങളിലെ പൂർവ്വികരുടെ നിലപാട് ഇതിൽ വ്യക്തമായി പ്രതിപാദിക്കു ന്നുണ്ട്. പ്രസ്തുത വിഷയങ്ങൾ വിവരിക്കപ്പെടുന്ന ഒരു കൃതി മലയാളത്തിൽ കാണാൻ കഴിഞ്ഞിട്ടില്ല.

അല്ലാഹുവിൻെറ നാമ വിശേഷണങ്ങൾ, പരലോക സംബന് ധമായ വിഷയങ്ങൾ, പ്രവാചക പത്നിമാർ, ഖുലഫാഉർ റാഷി ദുകൾ, സ്വർഗ്ഗം കൊണ്ട് സന്തോഷ മറിയിക്കപ്പെട്ടവർ, മദ്ഹ ബിൻെറ ഇമാമുകൾ ഇസ്‌ലാമിൻെറ പേരിൽ ഉടലെടുത്തിട്ടുള്ള നവീന വാദികളായ പിഴച്ച കക്ഷികൾ, നേതൃത്വത്തോട് കാ ണിക്കേണ്ട കടപ്പാടുകൾ എന്നിങ്ങനെ ഒരു വിശ്വാസി നിർബന് ധമായും അറിയുകയും വിശ്വസിക്കുകയും ചെയ്യേണ്ടതായ കാ ര്യങ്ങൾ ഹ്രസ്വമെങ്കിലും വ്യക്തായി ഗ്രഹിക്കത്തക്ക നിലയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു എന്നത് ഈ ഗ്രന്ഥത്തിൻെറ എ ടുത്ത് പറയേണ്ട ഒരു പ്രത്യേകത തന്നെയാണ്.

സാധാരണക്കാരെ ഉദ്ദേശിച്ച് പരമാവധി ലളിതവും എളുപ്പത്തി ൽ കാര്യങ്ങൾ ഗ്രഹിക്കാവുന്ന ശൈലിയിലുമാണ് ഇതിൽ ഉൾ ക്കൊള്ളിച്ചിരിക്കുന്നത്. വിശ്വാസ സംബന്ധമായി അറിഞ്ഞിരി ക്കൽ അനിവാര്യായിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ ഈ കൊച്ചു കൃതി ഉപകാരപ്പെടട്ടെ (ആമീൻ) എന്ന പ്രാർത്ഥനയോ ടെ 'വിശ്വാസ ദീപ്തി ' മലയാളികളായ നിങ്ങളുടെ കൈളിൽ ആദരവോടെ ഏൽപ്പിക്കുകയാണ്.

ഇത് പുറത്തിറക്കുന്നതിൽ, കുററമററതാക്കാനുള്ള ശ്രമത്തിൽ എന്നെ സഹായിച്ച പലരുമുണ്ട് അവരെ നന്ദിപൂർവ്വം ഓർ ക്കുകയും അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പാളിച്ചകൾ ഇല്ലാതിരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പിഴവു കൾ മനുഷ്യസഹജമാണല്ലൊ; കാണുന്നവർ സഹോദരബു ദ്ധ്യാ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുന്നു. അല്ലാഹു ഇ തൊരു സൽക്കർമ്മമായി സ്വീകരിക്കുമാറാകട്ടെ (ആമീൻ)

വിവർത്തകൻ
*അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി*
*ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ*
*റിയാദ്, സൗദി അറേബ്യ*
*ഫോ: 012414488/226, ഫാ: 2411733*

## ആമുഖം

സർവ്വസ്തുതിയും അല്ലാഹുവിന്, അവനെ വാഴ്ത്തുന്നു, അ വനോട് മാത്രം സഹായം തേടുന്നു, അവനോട് പാപമോചനം തേടുന്നു, അവനിലേക്ക് പശ്ചാത്തപിക്കുന്നു, നമ്മുടെ മനസ്സി ൻെറ ദൂഷ്യങ്ങളിൽനിന്നും, ചീത്ത പ്രവർത്തനങ്ങളിൽനിന്നും അല്ലാഹുവിൽ ശരണംതേടുന്നു. അല്ലാഹു മാർഗ്ഗദർശനം നൽ കിയാൽ അവനെ പിഴപ്പിക്കാനാരുമില്ല, അവനാൽ പിഴവിലാ യാൽ അവനെ നേർവഴിയിലാക്കാനാരുമില്ല. അല്ലാഹുവിനു പുറമെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവി ൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാ ഹുവിൻെറ കരുണാകടാക്ഷങ്ങൾ അദ്ദേഹത്തിനും സർവ്വ ജന ങ്ങൾക്കും ധാരാളമായി വർഷിക്കുമാറാകട്ടെ. (ആമീൻ)

ഹിജ്റ: 541 ശഅ്ബാൻ മാസം നാബൽസ് പ്രവിശ്യകളിൽ പെട്ട ഒരുഗ്രാമത്തിൽ ജനിക്കുകയും, ഹിജ്റ: 620-ൽ ഈദുൽ ഫിത്വർ (ചെറിയ പെരുന്നാൾ) ദിവസം ഡമാസ്കസിൽ മരണ പ്പെടുകയും ചെയ്ത ബഹുമാന്യ പണ്ഡിതവര്യൻ അബൂ മു ഹമ്മദ് അബ്ദില്ലാഹിബ്നു അഹ്മദ് ബ്നു ഖുദാമ: അൽ മഖ്ദസി(റ) രചിച്ച ലംഅത്തുൽ ഇഅ്തിഖാദ് എന്ന കൊച്ചു കൃതിക്കൊരു സംക്ഷിപ്ത വിവരണമാണ് ഇതിൻെറ ഉള്ളടക്കം.

വിശ്വാസത്തിൻെറ കാതൽ ഗ്രന്ഥകാരൻ ഇതിൽ ഉൾക്കൊ ള്ളിച്ചിട്ടുണ്ട്, എന്നാൽ വിഷയപരമായും ക്രമീകരണരീതിയും ചിന്തിച്ചപ്പോൾ വളരെ പ്രാധാന്യമർഹിക്കുന്ന പ്രസ്തുത ഗ്രന്ഥ ത്തിനൊരു ശറഹ്ൻെറ (വിശദീകരണം) അഭാവം ബോധ്യപ്പെ ട്ടപ്പോൾ അത് നികത്തുന്നതിന് അല്ലാഹുവിൽ സഹായവും പ്ര തിഫലവും കാംക്ഷിച്ച് ഒരുങ്ങിയിരിക്കുകയാണ്. അവ്യക്തമാ യ ഭാഗങ്ങൾ വ്യക്തമാക്കി തെളിവുകളുടെ അടിസ്ഥാനപ്രമാ ണങ്ങളെകൂടി പറഞ്ഞ്, അതുണ്ടായിത്തീരുന്ന നേട്ടങ്ങൾ വ്യക് തമാക്കുക എന്നതുമാത്രമാണ് ഞാനിവിടെ ഉദ്ദേശിച്ചിട്ടുള്ളത്.

അല്ലാഹുവുവേ, ഒരുനിമിഷം പോലും എൻെറ കാര്യങ്ങൾക്ക് നീ എന്നെമാത്രം ഏൽപ്പിക്കുകയില്ല എന്നും; നിന്നിൽനിന്നുള്ള തൗഫീഖും സഹായവും നൽകി എന്നെ നീ സഹായിക്കുമെ ന്നും ഞാൻ പ്രതീക്ഷിക്കുന്നു. നാഥാ എൻെറ ഈ ശ്രമം അനു ഗ്രഹപൂർണ്ണവും ഉപകാരപ്രദവുമാക്കിത്തീർക്കേണമേ, തീർച്ച യായും നീ ഉന്നതനും ഉദാരനുമത്രെ.

### ഭാഗം 1

## നാമ വിശേഷണങ്ങൾ

## അടിസ്ഥാന നിയമങ്ങൾ

ഗ്രന്ഥത്തിൻെറ ഉള്ളറയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പാ യി അല്ലാഹുവിൻെറ നാമവിശേഷണങ്ങളെ സംബന്ധിച്ചുള്ള ഏതാനും അടിസ്ഥാന നിയമങ്ങൾ വ്യക്തമാക്കാനാണ് ആഗ്ര ഹിക്കുന്നത്.

*നിയമം ഒന്ന്*: **ഖുർആനിൻേറയും സുന്നത്തിൻേറ യും ഖണ്ഡിതമായ വിവരണം അംഗീകരിക്കൽ**

അല്ലാഹുവിൻെറ നാമങ്ങളേയും വിശേഷണങ്ങളേയും സം ബന്ധിച്ച് ഖുർആനിലും സുന്നത്തിലും വ്യക്തമായി വന്നിട്ടു ള്ള തെളിവുകൾക്കനുസരിച്ച് അങ്ങിനെത്തന്നെ, അതിൻെറ ബാഹ്യാർത്ഥത്തിൽ തന്നെ യാതൊരുവിധ മാററത്തിരുത്തലും കൂടാതെ അംഗീകരിക്കലും വിശ്വസിക്കലും നിർബന്ധമാണ്. കാരണം അല്ലാഹുവിൻേറയും റസൂലിൻേറയും വാക്കുകൾ മാ ററത്തിരുത്തലുകളില്ലാതെ അതേ ഭാഷയിലൂടെ തന്നെ നാം മന സ്സിലാക്കി നിലനിർത്തേണ്ടതാണ്. അതിൻെറ ബാഹ്യാർത്ഥത്തി ൽനിന്നും മനസ്സിലാകുന്നതിൽനിന്നും മാററം വരുത്തുക എന്ന ത് അല്ലാഹുവിൻെറപേരിൽ നിങ്ങൾ വിവരമില്ലാത്തത് സംസാ രിക്കലായിരിക്കും അതാകട്ടെ ഹറാമാണ് താനും. അല്ലാഹു പറ യുന്നത് കാണുക:

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الحَق وَأَنْ تُشْرِكُوا بِاللهِ مَالَمْ يُنَزِّلْ بِهِ سُلْطَانًا وَأَنْ تَقُولُوا عَلَى اللهِ مَا لاَ تَعْلَمُونَ (الأعراف ٣٣).

''പറയുക: എൻെറ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യ ക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മ വും, ന്യായം കൂടാതെയുള്ള കയ്യേററവും, യാതൊരു പ്രമാണ വും ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് പങ്ക്ചേർക്കുന്ന തും, അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നി ങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാകുന്നു '' (അഅ്റാഫ് 33).

ഉദാഹരണമായി:

بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ (المائدة ٦٤)

''അല്ല, അവൻെറ രണ്ടുകൈകളും നിവർത്തപ്പെട്ടവയാണ് അ വൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കു ന്നു'' (മാഇദ: 64)

ഇവിടെ ആയത്തിൽ അല്ലാഹുവിന് യഥാർത്ഥത്തിലുള്ള രണ്ട് കൈകളുണ്ട് എന്നുതന്നെയാണ് വ്യക്തമാകുന്നത്. അത് അ ങ്ങനെത്തന്നെ നാം വിശ്വസിക്കുകയും അവന്ന് രണ്ടു കൈളു ണ്ടെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തേപററൂ.

എന്നാൽ ആരെങ്കിലും, ഇവിടെ ആയത്തിൽപറഞ്ഞ കൈകൾ കൊണ്ട് വിവക്ഷിക്കുന്നത് അവൻെറ ശക്തിയെയാണ് എന്ന് പറഞ്ഞാൽ; നമുക്കവരോട് പറയാനുള്ളത് അത് അല്ലാഹുവി ൻെറ കലാമിനെ ബാഹ്യാർത്ഥത്തിൽനിന്നും തെററിക്കലാണ്. അതാകട്ടെ അല്ലാഹുവിൻെറ പേരിൽ വിവരമില്ലാത്തത് പറയ ലുമാണ്.

## *നിയമം രണ്ട്:* **അല്ലാഹുവിൻെറ നാമങ്ങൾ**

ഈ നിയമത്തെ സംബന്ധിച്ച് മനസ്സിലാക്കുമ്പോൾ അത് ഏ താനും ഉപ ശാഖകളിലായി ചർച്ചചെയ്യേണ്ടതായിട്ടുണ്ട്.

### I : അല്ലാഹുവിൻെറ നാമങ്ങൾ വിശിഷ്ടമായതാണ്.

അതായത് അവയത്രയും നന്മയിൽ ഏററവും മുന്നിൽ നിൽ ക്കുന്നവയാണ്. അവ യാതൊരു നിലയിലും ന്യൂനതകളില്ലാത്ത തും പരിപൂർണ്ണമായതുമായ വിശേഷണങ്ങളുൾക്കൊള്ളുന്ന വയുമാണ്.
അല്ലാഹു പറയുന്നു:

وَلِلَّهِ الأَسْمَاءُ الْحُسْنَى (الأعراف ١٨٠)

''അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട്'' (അഅ്റാഫ് 180).

ഉദാഹരണമായി പറഞ്ഞാൽ: الـرحمن {അർ റഹ്മാൻ } (പരമ കാരുണികൻ) എന്നത് അല്ലാഹുവിൻെറ നാമങ്ങളിൽ ഒന്നാണ്. അത് അല്ലാഹുവിൻെറ ഏററവും വിശാലമായ നിലയിലുള്ള الرحمة {റഹ്മ:} കരുണയെന്ന വിശേഷണത്തെ സൂചിപ്പിക്കു ന്നതാണ്.

അപ്രകാരംതന്നെ الـدهر {ദഹ്ർ} (കാലം) എന്നത് അല്ലാഹുവി ൻെറ നാമങ്ങളിൽ പെട്ടതല്ല എന്നും നാം അറിഞ്ഞിരിക്കേണ്ട താണ്. കാരണം അത് നന്മയിൽ ഉന്നതമായിരിക്കുക എന്ന വി ശേഷണം ഉൾക്കൊള്ളാത്തതാണ് എന്നതുതന്നെ. എന്നാൽ താഴെ പറയുന്ന നബിവചനത്തിൽ ഇപ്രകാരം കാണുകയും ചെയ്യുന്നു: لا تَسُبُّ الدَّهْرَ فَإِنَّ اللهَ هُـوَ الـدَّهْرَ ''നിങ്ങൾ കാലത്തെ ചീ ത്ത പറയരുത്, കാരണം തീർച്ചയായും അല്ലാഹു അവനാണ് കാലം'' എന്നാൽ പ്രസ്തുത ഹദീസ്കൊണ്ടുള്ള ഉദ്ദേശ്യം മററ് ഹദീസുകൾ വ്യക്തമാക്കിത്തരുന്നുണ്ട് അവ ഇപ്രകാരമാണ്. അല്ലാഹു കാലത്തിൻെറ ഉടമയും കൈകാര്യകർത്താവുമാണ്. അല്ലാഹു പറയുന്നു: بِيَدِي الأَمْرُ أُقَلِّبُ اللَّيْلَ وَالنَّهار ''എൻെറ കൈകളിലാണ് കര്യം, ഞാനാണ് രാപ്പകലുകളെ മാററിമറിക്കുന്നത്''.

### II: അല്ലാഹുവിൻെറ നാമങ്ങൾ എത്രയെന്ന് എണ്ണം ക്ലിപ്ത പ്പെടുത്താവുന്നതല്ല.

അല്ലാഹുവിൻെറ നാമങ്ങൾ നിശ്ചിത എണ്ണമാണെന്ന് നിജപ്പെ ടുത്താവുന്നതല്ല എന്നകാര്യം ഇനി പറയുന്ന പ്രസിദ്ധമായ പ്ര വാചക വചനത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

أَسْأَلُكَ اللهُمَّ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوْ عَلَّمْتَهُ أَحَدَا مِنْ خَلْقِكَ أَوْ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدك (أحمد، ابن حبان)

''അല്ലാഹുവേ നീ നിനക്കു പേരുനൽകിയിട്ടുള്ളതായ, അതല്ലെ ങ്കിൽ നീ നിൻെറ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ള, അതല്ലെങ്കിൽ നിൻെറ സൃഷ്ടികളിലാർക്കെങ്കിലും നീ പഠിപ്പിച്ചു കൊടുത്തി ട്ടുള്ള, അതുമല്ലെങ്കിൽ നീ നിൻെറ അദൃശ്യജ്ഞാനത്തിൽ നി നക്കു മാത്രമായി സൂക്ഷിച്ചുവെച്ചിട്ടുള്ള മുഴുവൻ പേരുകൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു'' (അഹ്മദ്, ഇബ്നു ഹിബ്ബാൻ). അല്ലാഹു തൻെറ അദൃശ്യജ്ഞാനത്തിൽ തനിക്കു മാത്രമായി രഹസ്യമാക്കി വെച്ചിട്ടുള്ളതിൻെറ കണക്ക് അറിയു വാനുംഅത് ക്ലിപ്തപ്പെടുത്തുവാനും ഒരാൾക്കും കഴിയുകയില്ല.

إِنَّ لِلَّهِ تِسْعَةً وَتِسْعِينَ اِسْماَ مَنْ أَحْصاَهاَ دَخَلَ الْجَنَّةَ

'' അല്ലാഹുവിനുള്ള തൊണ്ണൂററിഒമ്പത് പേരുകൾ ആരെങ്കി ലും ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കു ന്നതാണ്''.

മേൽ പറഞ്ഞതായ ഹദീസുകൾ ഒരിക്കലും വൈരുദ്ധ്യമില്ല അ വ ഇങ്ങിനെ യോജിപ്പിക്കാവുന്നതാണ്. ഇവിടെ രണ്ടാമതായി പറഞ്ഞ ഹദീസിൽ 'അല്ലാഹുവിൻെറ നാമങ്ങളിൽ തൊണ്ണൂററി ഒമ്പതെണ്ണം ആരെങ്കിലും ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ്ഗ ത്തിൽ പ്രവേശിക്കും എന്നുമാത്രമാണ് ' പറഞ്ഞിട്ടുള്ളത്. അത ല്ലാതെ അല്ലാഹുവിൻെറ നാമങ്ങൾ ഇപ്പറഞ്ഞ എണ്ണം മാത്രമാ ണ് എന്ന് ക്ലിപ്തപ്പെടുത്തുകയല്ല. ഏതുപോലെ എൻെറ പക്ക ൽ ധർമ്മം നൽകാൻ തീർച്ചപ്പെടുത്തിയ നൂറ് ദിർഹമുണ്ട് എ ന്ന് പറയുന്നതുപോലെ, ഇത്കൊണ്ട് ഒരിക്കലും ധർമ്മം ചെ യ്യാൻ ഉദ്ദേശിച്ചതല്ലാത്ത മററൊരു ദിർഹമും എൻെറ പക്കലില്ല എന്നു വരികയില്ല.

[മേൽപറഞ്ഞ ഹദീസിൽ നാമങ്ങൾ ഹൃദിസ്ഥമാക്കുക എന്നാ ൽ നാമങ്ങൾ മന:പ്പാഠമാക്കുകയും അവയുടെ ആശയങ്ങൾ മ നസ്സിലാക്കി അവ ആവശ്യപ്പെടുന്നതിനനുസൃതമായി അല്ലാഹു വിനെ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. അല്ലാതെ കേവലം പേരുകൾ കാണാതെ പഠിച്ചു വെച്ച് എങ്ങിനെ ജീവിച്ചാലും സ്വർഗ്ഗം ലഭിക്കും എന്ന തല്ല മേൽ ഹദീസിൻെറ വിവക്ഷ. വിവർത്തകൻ]

### III: അല്ലാഹുവിൻെറ നാമങ്ങൾ ബുദ്ധികൊണ്ട്മാത്രം സ്ഥിരപ്പെടുത്താവുന്നവയല്ല.

അല്ലാഹുവിൻെറ നാമങ്ങളത്രയും ശരീഅത്ത് (ദൈവീകനിയ മം) കൊണ്ട് മാത്രം സ്ഥിരപ്പെടുത്തപ്പെട്ടവയും ബുദ്ധിക്ക് പ്ര വേശനമില്ലാത്ത വിധം ഭദ്രമാക്കപ്പെട്ടവയുമാണ്. ശരീഅത്ത് എ പ്രകാരം വ്യക്തമാക്കുന്നുവോ അങ്ങിനെത്തന്നെ, കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ നാം സ്ഥിരപ്പെടുത്തേണ്ടതുമാണ്. അല്ലാഹുവിന് അവകാശപ്പെട്ട നാമങ്ങളെന്തൊക്കെ എന്നത് ബുദ്ധികൊണ്ട് തേടിപ്പിടിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെ അക്കാര്യത്തിൽ ശരീഅത്തിനെ അവലംബിക്കൽ അനി വാര്യമാണുതാനും. അല്ലാഹു, അവനു നൽകിയിട്ടില്ലാത്തതായ പേര് അവന് നൽകലും, അതല്ലെങ്കിൽ അവൻ തനിക്ക് നൽകി യ പേരുകളിൽ ഏതെങ്കിലും നിഷേധിക്കലും അവൻെറ അവ കാശത്തിൽ നടത്തുന്ന കുററമാണ്. അതുകൊണ്ടു തന്നെ ഇ ക്കാര്യത്തിൽ മാന്യമായ നിലക്ക് നീങ്ങലും നിർബന്ധമാണ്.

### IV: എല്ലാ നാമങ്ങളും വിശേഷണങ്ങളുൾക്കൊള്ളുന്നു.

അല്ലാഹുവിൻെറ എല്ലാ നാമങ്ങളും അല്ലാഹുവിൻെറ ദാത്തിൽ (അസ്തിത്വത്തിൽ) തന്നെയുള്ളതാണ് എന്നും അവയത്രയും അതിൽനിന്നുള്ള വിശേഷണങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്. അപ്രകാരംതന്നെ അത് സകർമ്മക ക്രിയയിൽ നിന്നുള്ളവയാ ണ് എങ്കിൽ അതനുസരിച്ചുള്ള പ്രവർത്തനങ്ങളും അവനിൽനി ന്നുണ്ടാകുന്നതാണ്. മേൽപറയപ്പെട്ടതായ എല്ലാകാര്യങ്ങളും വിശ്വസിക്കുമ്പോഴല്ലാതെ അവൻെറ ഈമാൻ പൂർണ്ണമായിത്തീ രുകയില്ല.

ഉദാഹരണമായിപ്പറഞ്ഞാൽ: സകർമ്മകമല്ലാത്ത അകർമ്മത്തി ൽപെട്ട العظيم [അളീം] (മഹാൻ) എന്ന അല്ലാഹുവിൻെറ നാമ ത്തെ സംബന്ധിച്ച് നാം ചിന്തിച്ചാൽ; അല്ലാഹു മഹാനാണ് എന്നത് അവൻെറ പേരുകളിൽ പെട്ടതാണ്, അതവൻെറ അസ് തിത്വത്തിൽ തന്നെഉൾപ്പെട്ടതാണ്, അതോടൊപ്പം മഹത്വം എന്ന സ്വിഫത്ത് (വിശേഷണം) അവനുണ്ട് എന്നീ കാര്യങ്ങളെ ല്ലാം വിശ്വസിക്കുകയും അവ അവൻെറ അവകാശത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ അവൻെറ ഈ മാൻ പരിപൂർണ്ണമാകുന്നുള്ളൂ.

ഇനി സകർമ്മകമായ നാമത്തെക്കുറിച്ച് ചിന്തിച്ചാൽ الرحمن [അർറഹ്മാൻ] (പരമകാരുണികൻ) എന്നതിൽ അത് അല്ലാഹു വിൻെറ അസ്തിത്വത്തിൽതന്നെ ബന്ധപ്പെട്ട അവൻെറ നാമങ്ങ ളിൽ പെട്ടതാണ്, കാരുണ്യം എന്നത് അവൻെറ വിശേഷണങ്ങ ളിൽ ഉൾപ്പെടുന്നു, അതോടൊപ്പം അതിനനുസൃതമായ കാര്യ വും ഉണ്ടായിത്തീരും അതായത് അവനുദ്ദേശിക്കുന്നവരോട് അവൻ കരുണകാണിക്കുകയും ചെയ്യും എന്നീ കാര്യങ്ങളെ ല്ലാം വിശ്വസിക്കുകയും അതവന് സ്തിരപ്പെടുത്തുകയും ചെ യ്യുമ്പോൾ മാത്രമേ അവൻെറ ഈമാൻ പൂർണ്ണമായിത്തീരുക യുള്ളൂ.

## നിയമം മൂന്ന്: അല്ലാഹുവിൻെറ വിശേഷണങ്ങൾ

ഇതും ഏതാനും ശാഖകൾ ഉൾപ്പെടുന്നവയാണ്.

### I: അല്ലാഹുവിൻെറ വിശേഷണങ്ങൾ ഉന്നതങ്ങളാണ്.

അല്ലാഹുവിൻെറ സ്വിഫത്തുകൾ (വിശേഷണങ്ങൾ) എല്ലാം ഉ ന്നതവും പരിപൂർണ്ണവും സ്തുത്യാർഹവുമാണ്. യാതൊരുവി ധത്തിലുള്ള ന്യൂനതയുമില്ലാത്തവയുമാണ്. ഹയാത്ത്

(ജീവി തം), ഇൽമ് (അറിവ്), ഖുദ്റ: (ശക്തി), സംഅ് (കേൾവി), ബ സ്വർ (കാഴ്ച), ഹിക്മ: (യുക്തി), റഹ്മ: (കാരുണ്യം), ഉൽവ് (ഔന്നത്യം) ഇവ അല്ലാഹുവിൻെറ വിശേഷണങ്ങളിൽ ചിലത് മാത്രമാണ്. കാരണം അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

وَلِلهِ الْمَثَلُ الأَعْلَى (سرة النحل ٦٠)

"അല്ലാഹുവിനാകുന്നു അത്യുന്നതമായ അവസ്ഥ" (നഹ്ൽ 60) അല്ലാഹു പരിപൂർണ്ണനാണ് അതിനാൽ അവൻെറ വിശേഷണ ങ്ങളും പരിപൂർണ്ണമായവ തന്നെയായിരിക്കണം.

എന്നാൽ ഏതെങ്കിലും വിശേഷണങ്ങൾ അവ അപൂർണ്ണതയും ന്യൂനതയും ഉള്ളവയാണ് എങ്കിൽ അതൊരിക്കലും അല്ലാഹു വിന് ഉണ്ടാകാൻ പാടില്ലാത്തതാണ്. മൗത്ത് (മരണം), ജഹ്ൽ (അജ്ഞത), അജ്സ് (അശക്തത), സ്വുമ്മ് (ബധിരത), ഉംയ് (അന്ധത) എന്നിവപോലുള്ള വിശേഷണങ്ങൾ ഒരിക്കലും പരി ശുദ്ധനായ അല്ലാഹുവിന് ഉണ്ടായിക്കൂടാത്തതാണ്. കാരണം അവ അപൂർണ്ണതകൊണ്ട് വിശേഷിപ്പിക്കാൻ ഇടവരുത്തും അ ല്ലാഹുവാകട്ടെ ന്യൂനതകൊണ്ട് വിശേഷിപ്പിക്കുന്നവരുടെ എല്ലാ വിധ ന്യൂനതകളിൽനിന്നും തന്നെ പരിശുദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കാരണം അല്ലാഹു, തൻെറ രക്ഷാകർതൃത്വ മെന്ന സ്ഥാനത്തിന് എതിരാകുന്നവിധം അപൂർണ്ണനാവുക എ ന്നത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

അപ്രകാരം തന്നെ ഒരുനിലക്ക് പരിപൂർണ്ണവും മററൊരു നില ക്ക് ന്യൂനവുമായ വിശേഷണങ്ങളും അല്ലാഹുവിന് സ്ഥിരപ്പെ ടുത്താൻ പാടില്ലാത്തതാണ്. എന്നാലവ ഒരുനിലയിലും അവനു ണ്ടായിക്കൂടാ എന്നുവരുന്നില്ല. പക്ഷേ അത്തരം സന്ദർഭങ്ങളി ൽ അവനെ സംബന്ധിച്ചേടത്തോളം പരിപൂർണ്ണമായിത്തീരുന്ന വിധം അവയെ മനസ്സിലാക്കേണ്ടതാണ്. അവന് ന്യൂനമായി ത്തീരുന്നവിധം ഉണ്ടാകാൻ പാടില്ലാത്ത വിശേഷണങ്ങളിൽ പെ ട്ടതാണ് മക്റ് (കുതന്ത്രം). കൈദ് (ചതി), ഖിദാഅ് (വഞ്ചന) എ ന്നിവ പോലുള്ളത്. എന്നാലിവയെ സംബന്ധിച്ച് നാം മനസ്സി ലാക്കേണ്ടത് അവക്കെതിരിലുള്ള വിശേഷണങ്ങൾ അല്ലാഹുവി ന് പരിപൂർണ്ണമായ നിലക്കുണ്ട് എന്നതാണ്. *(മേൽപറയപ്പെട്ട വിശേഷണങ്ങൾ പ്രയോഗിക്കപ്പെടുന്നത്)* അല്ലാഹുവിന് ത ൻെറ ശത്രുവിനെതിരിൽ അവർ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കൽ അസാധ്യമാകുന്നില്ല എന്ന് മനസ്സിലാക്കുവാനാ ണ്. അപ്പോൾ അത്തരം വിശേഷണങ്ങൾ തന്നെ മററവസരങ്ങ ളിൽ അവനെ സംബന്ധിച്ചേടത്തോളം ന്യൂനതതന്നെയായിരി ക്കും. അതുകൊണ്ട് രണ്ടാമതായി പറഞ്ഞിടത്തല്ലാതെ ആദ്യം പറഞ്ഞ അവസരത്തിൽമാത്രം *(മേൽപറഞ്ഞ പ്രകാരം മാത്രം)* അവന് അവ സ്ഥിരപ്പെടുത്തുകയും *(രണ്ടാമത് പറഞ്ഞിടങ്ങ ളിൽ അത്തരം ന്യൂനതകളിൽനിന്നും നാം അവനെ പരിശു ദ്ധനാക്കുകയും)* ചെയ്യുന്നു.

മേൽ പറഞ്ഞ വിധത്തിലുള്ള വിശേഷണങ്ങളുൾക്കൊള്ളുന്ന ഏതാനും വചനങ്ങൾ കാണുക, അല്ലാഹു പറയുന്നു:

وَيمكرون ويمكر الله .. .. الماكرين (سورة الأنفال ٣٠)

"അവർ കുതന്ത്രം പ്രയോഗിക്കുന്നു അല്ലാഹുവും കുതന്ത്രം പ്ര യോഗിക്കുന്നു, അല്ലാഹുവാണ് കുതന്ത്രം പ്രയോഗിക്കുന്നവരി ൽ മെച്ചപ്പെട്ടവൻ"(അൻഫാൽ 30).

إنهم يكيدون كيدا وأكيد كيدا ( سورة الطارق ١٥،١٦).

"തീർച്ചയായും അവർ വലിയ തന്ത്രം പ്രയോഗിച്ചുകൊണ്ടിരി ക്കും ഞാനും വലിയ തന്ത്രം പ്രയോഗിക്കും " (ത്വാരിഖ് 15,16).

إن المنافقين... وهو خادعهم (سورة النساء ١٤٢).

"തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വ ഞ്ചിക്കുന്നത്" (നിസാഅ് 142).

ഇതുപോലെ വേറെയും ആയത്തുകളിൽ കാണാവുന്നതാണ്.

എന്നാൽ, അല്ലാഹു കുതന്ത്രം പ്രയോഗിക്കുന്നവനാണ് എന്ന് വിശേഷിപ്പിക്കാൻ പററുമോ എന്നു ചോദിച്ചാൽ, അതിനുത്ത രം അതേ എന്നോ, അല്ല എന്നോ പറഞ്ഞുകൂടാത്തതാണ്. എ ന്നാൽ അവനർഹിക്കും വിധം തന്ത്രം പ്രയോഗിക്കുന്നവനാണ് കൂടുതൽ അല്ലാഹുവിനറിയാം എന്ന് പറഞ്ഞുകൊള്ളട്ടെ.

## II: അല്ലാഹുവിന് രണ്ടുതരം വിശേഷണങ്ങളുണ്ട്

അല്ലാഹുവിൻെറ വിശേഷണങ്ങളെ الثبوتية [ഥുബൂതിയ്യ:](സ്ഥാ പിതമായത്) سلبية [സൽബിയ്യ::] (നിഷേധാത്മകമായത്) എന്നി ങ്ങനെ രണ്ടായി തിരിക്കപ്പെടുന്നു.

ഥുബൂതിയ്യ: എന്നാൽ അല്ലാഹു തന്നെ തനിക്കുള്ളതായി സ്ഥി രപ്പെടുത്തിയിട്ടുള്ളതായ ഹയാത്ത്, ഇൽമ്, ഖുദ്റത്ത് എന്നിങ്ങ നെയുള്ളവയാണ്. അത് അവനനുയോജ്യമായ നിലക്ക് നാമും അവന് സ്ഥിരപ്പെടുത്തേണ്ടതാണ്. കാരണം അതല്ലാഹു അവ ന് സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നത്കൊണ്ടു തന്നെ. അവ നാണല്ലൊ അവൻെറ വിശേഷണങ്ങളെ സംബന്ധിച്ച് ഏററവും അറിയുന്നവൻ!.

സൽബിയ്യ: എന്നാൽ അത് അല്ലാഹുതന്നെ തനിക്കൊരിക്കലും ഉണ്ടാകാൻ പാടില്ലാത്തത് എന്ന് നിഷേധിച്ചിട്ടുള്ള ളുൽമ് (അ ക്രമം) എന്നതു പോലെയുള്ളതുമാണ്. അത്തരത്തിലുള്ളവയെ നാമും അതൊരിക്കലും അല്ലാഹുവിനുണ്ടാകാൻ പാടില്ലാത്ത വയാണ് എന്ന് മനസ്സിലാക്കി നിഷേധിക്കുകയും അതോടൊപ്പം അതിനെതിരിലുള്ള കാര്യം ഏററവും പൂർണ്ണമായ നിലക്ക് അ വനുണ്ട് എന്ന് സ്ഥിരീകരിച്ച് വിശ്വസിക്കലും നിർബന്ധമാണ്. നിഷേധം അതിൽ ഒരു സ്ഥിരീകരണമുണ്ടാകുമ്പോൾ മാത്രമേ പൂർണ്ണമായിത്തീരുകയുള്ളൂ.

ഉദാഹരണത്തിന് സൂറത്തുൽ കഹ്ഫിലെ താഴെ പറയുന്ന ആ യത്ത് ശ്രദ്ധിക്കുക:

ولا يظلم ربُّك أحدًا (سورة الكهف ٤٩)

“നിൻെറ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുക യില്ല” (കഹ്ഫ് 49)

ഇവിടെ ളുൽമ് (അക്രമം) നാം നിഷേധിക്കുന്നതോടൊപ്പം അ ദ്ല് (നീതി) ഏററവും പൂർണ്ണമായ രീതിയിൽ അവനുണ്ടെന്ന് നാം മനസ്സിലാക്കി അംഗീകരിക്കൽ നിർബന്ധമാണ്.

## III: ഥുബൂതിയായ വിശേഷണങ്ങൾ രണ്ടുവിധമുണ്ട്

അല്ലാഹുവിനുള്ളതായ ഥുബൂതിയായ വിശേഷണങ്ങൾ ذاتية [ദാതിയ്യ:] (അസ്തിത്വപരം) فعلية [ഫിഅ്ലിയ്യ:] (പ്രവർത്തനപരം) എന്നിങ്ങനെ രണ്ടായി തിരിക്കപ്പെടുന്നുണ്ട്.

**ദാതിയ്യ:** എന്നാൽ കേൾവി, കാഴ്ച പോലെയുള്ള സ്ഥിര മായി എപ്പോഴും അല്ലാഹുവോടൊപ്പം വിശേഷിപ്പിക്കപ്പെടുന്ന വയായിരിക്കും.

**ഫിഅ്ലിയ്യ:** എന്നത് അവൻെറ ഉദ്ദേശ്യമനുസരിച്ചുണ്ടാകുന്ന വയാണ്. സിംഹാസനസ്ഥനാവുക, വരുക എന്നിങ്ങനെ അവ നുദ്ദേശിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തി ക്കാതിരിക്കുകയോ ചെയ്യാവുന്നവയാണ് അത്തരം വിശേഷണ ങ്ങൾ.

എന്നാൽ കലാം (സംസാരം) പോലെയുള്ള ചില വിശേഷണ ങ്ങൾ ദാതിയ്യത്ത്, ഫിഅ്ലിയ്യത്ത് എന്നീ രണ്ട് പരിഗണനയും അർഹിക്കാന്നതാണ്. അടിസ്ഥാന വിശേഷണം എന്ന നിലക്ക് അത് ദാതിയ്യായി പരിഗണിക്കുന്നു അവൻ എല്ലായിപ്പോഴും സംസാരിക്കുന്നവൻ എന്ന വിശേഷണത്തോടുകൂടിത്തന്നെ യിരിക്കുന്നു. എന്നാൽ മററൊരു നിലക്കു പറഞ്ഞാൽ സംസാ രം എന്നത് അവനുദ്ദേശിക്കുമ്പോൾ ഉദ്ദേശിച്ചത്ര സംസാരിക്കു ന്നു എന്നത് പരിഗണിച്ച് അത് ഫിഅ്ലിയ്യയായും പരിഗണിക്കു ന്നതാണ്.

## IV: എല്ലാ സ്വിഫത്തുകളും മൂന്ന് ചോദ്യങ്ങളുമായി ബന്ധപ്പെടുത്തേണ്ടതാണ്.

ചോദ്യം 1 : അത് യഥാർത്ഥം തന്നെയാണോ ? എന്തുകൊണ്ട് ?

ചോദ്യം 2:അത് രൂപപ്പെടുത്തുവാനൊക്കുമോ? എന്തുകൊണ്ട് ?

ചോദ്യം 3: അത് സൃഷ്ടികളുടെ വിശേഷണങ്ങളോട് ഉപമിക്കാ നാവുമോ ? എന്തുകൊണ്ട് ?

മേൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും ക്രമമായി താഴെ കൊ ടുക്കുന്നു.

ഉത്തരം 1: അതെ സ്വിഫത്ത് യഥാർത്ഥം തന്നെയാണ്. സംസാ രത്തിൽനിന്നം അടിസ്ഥാനപരമായി അത് യഥാർത്ഥമാണെന്ന് സൂചിപ്പിക്കുന്നു. അതിനെ തടയുന്ന ശരിയായ തെളിവുകൊ ണ്ടല്ലാതെ അതിനെ തെററിക്കാൻ കഴിയില്ല.

ഉത്തരം 2: അതിനെ രൂപപ്പെടുത്തി പറയൽ അനുവദനീയമല്ല. അല്ലാഹു പറയുന്നു:

وَلَا يُحِيطُونَ بِهِ عِلْمًا (سورة طه ١١٠)

“അവർക്ക് അതിനെ സംബന്ധിച്ച് പരിപൂർണ്ണമായി അറിയാനാ വുകയില്ല” (ത്വാഹ 110). മനുഷ്യബുദ്ധി അല്ലാഹുവിൻെറ വിശേ ഷണങ്ങളുടെ രൂപം മനസ്സിലാക്കാൻ അപര്യാപ്തമാണ്.

ഉത്തരം 3: അല്ലാഹുവിൻെറ വിശേഷണങ്ങളെ ഒരിക്കലും സൃ ഷ്ടികളുടെ വിശേഷണങ്ങളോട് ഉപമിച്ചുകൂടാത്തതാണ്.

അല്ലാഹു പറയുന്നു: لَيْسَ كَمِثْلِهِ شَيْءٌ (سورة الشورى ١١)
"അവനെപ്പോലെ ഒന്നും തന്നെയില്ല" (ശൂറ: 11).

അല്ലാഹു, അവൻ അതിനുമുകളിൽ മറ്റൊന്നുമില്ലാത്തവിധം വിശേഷണങ്ങളുടെ പരിപൂർണ്ണത അർഹിക്കുന്നവനാണ്. അത് കൊണ്ടുതന്നെ അവനെ അവനേക്കാൾ താഴെയുള്ളവരോട് ഉ പമിച്ചു കൂടാത്തതാണ്.
ഉപമിക്കുക, രൂപപ്പെടുത്തുക എന്നിവയിലെ അന്തരം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.
ഉപമിക്കുക എന്നാൽ വിശേഷണത്തിൻെറ നിർണ്ണയിക്കപ്പെട്ട മ ററ് ഏതെങ്കിലും ഒന്നിനെപ്പോലെയാണ് എന്ന് പറയലാണ്.
ഉദാഹരണം: അല്ലാഹുവിൻെറ കൈ മനുഷ്യൻെറ കൈപോലെ യാണ് എന്നു പറയുന്ന രീതി.

രൂപപ്പെടുത്തുക എന്നാൽ നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും ഒന്നി നെപ്പോലെ എന്നു പറയാതെ അതിൻെറ രൂപം ഇന്നിന്ന പ്രകാ രമാണ് എന്നു പറയലാണ്.

ഉദാഹരണം: അല്ലാഹുവിൻെറ കൈ ഇന്ന രൂപത്തിലാണ് എന്ന് സൃഷ്ടികളിൽ ഏതെങ്കിലും ഒന്നിനെ എടുത്ത് പറയാതെ സ്വ ന്തം ഭാവനയിൽ എന്തെങ്കിലും രൂപം നൽകി പറയുന്ന രീതി യാണ്. അത്തരം ഭാവനയും പാടില്ലാത്തതാണ്, അനുവദനീയ വുമല്ല.

## നിയമം നാല്: നിരാകരിക്കുന്നവർക്കുള്ള ഖണ്ഡനം.

അല്ലാഹുവിൻെറ നാമ വിശേഷണങ്ങളിൽനിന്ന് വല്ലതിനേയും നിഷേധിക്കുകയോ, അവയുടെ ബാഹ്യാർത്ഥത്തിൽ നിന്ന് തെ റ്റിച്ചു പറയുകയോ-അവർക്കാണ് വ്യാഖ്യാനിക്കുന്നവർ എന്നു പറയുക- ചെയ്യുന്നവരാണ് നിരാകരിക്കുന്നവർ; അവർക്ക് മൊ ത്തത്തിലുള്ള മറുപടിയാണ് ഈ നിയമം. അത്തരക്കാരോട് ന മുക്ക് പറയാനുള്ളത് ഇപ്രകാരമാണ്: അവരുടെ വാക്കുകൾ ഖണ്ഡിതമായ തെളിവുകൾക്ക് എതിരാണ്. അവർ സഞ്ചരിക്കു ന്ന മാർഗ്ഗം സലഫികളുടെ (മുൻഗാമികളുടെ) മാർഗ്ഗത്തിന് എ തിരുമാണ്. അതോടൊപ്പം അവർ സ്ഥാപിക്കാൻ ശ്രമിക്കു ന്നതിന് അവരുടെ പക്കൽ ശരിയായ രേഖയുടെ പിൻബലവു മില്ല. ചില വിശേഷണങ്ങളുടെ കാര്യത്തിൽ ഇതല്ലാത്ത നാലും അതിലപ്പുറവും മാർഗ്ഗത്തിലൂടെയും നമുക്ക് ഖണ്ഡിക്കുവാൻ കഴിയുന്നതാണ്.

## ലംഅത്തുൽ ഇഅ്തിഖാദ്

ലംഅത്: എന്ന പദത്തിന് ഭാഷയിൽ പല അർത്ഥങ്ങളുണ്ട്. അതിലൊന്നാണ് ജീവിതംപ്രാപിക്കുക എന്നത്. ഈ അർത്ഥമാ ണ് ഇവിടെ പുസ്തക വിഷയവുമായി ഏററവും യോജിക്കു ന്നത്. അതുകൊണ്ട് ഇവിടെ ലംഅത്തുൽ ഇഅ്തിഖാദ് എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിൻെറ തൃപ്തി ലഭിച്ച സല ഫികളുടെ ശരിയായ മാർഗ്ഗത്തിനനുസൃതമായ വിശ്വാസം പ്രാ പിക്കുക എന്നതാണ്.

ഇഅ്തിഖാദ്: എന്നാൽ ബുദ്ധിയുടെ ഉറച്ച തീരുമാനം എന്നതാ ണതുകൊണ്ടുദ്ദേശിക്കുന്നത്. സംഭവവുമായി യോജിച്ചാൽ അ ത് സത്യവും ഇല്ലായെങ്കിൽ പിഴച്ചതുമായിരിക്കും.

## ഗ്രന്ഥത്തിലെ ഉള്ളടക്കം

ഗ്രന്ഥകാരൻ താഴെ പറയുന്ന വിധമാണ് വിഷയങ്ങൾ ഗ്രന്ഥ ത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1, **ബിസ്മികൊണ്ടുള്ള തുടക്കം:** അല്ലാഹുവിൻെറ ഗ്രന് ഥത്തെ പിൻപററിക്കൊണ്ടും പ്രവാചക(സ)യുടെ സുന്നത്ത് പിൻ തുടർന്നുകൊണ്ടും ആരംഭിച്ചിരിക്കുന്നു.

بسم الله الرحمن الرحيم എന്നതിൻെറ അർത്ഥം : വിശാലമായ കാരു ണ്യത്താൽ വിശേഷിപ്പിക്കപ്പെട്ടവനോട് (അല്ലാഹുവിനോട്) അ വൻെറ എല്ലാവിധ നാമങ്ങളെക്കൊണ്ടും പുണ്യവും സഹായ വും തേടിക്കൊണ്ട് ഞാനിക്കാര്യം പ്രവർത്തിക്കുന്നു.

الله എന്നാൽ ആരാധ്യൻ, അതായത് പ്രതീക്ഷയാലും ഭയത്താ ലും സ്നേഹത്താലും ഗാംഭീര്യത്താലും ആരാധിക്കപ്പെടുന്ന വൻ.

الرحمن: വിശാലമായ കാരുണ്യമുടയവൻ

الرحيم : താനുദ്ദേശിക്കുന്ന തൻെറ സൃഷ്ടികളിൽ പെട്ടവർക്ക് തൻെറ കാരുണ്യം (പ്രത്യേകം) എത്തിക്കുന്നവൻ.

റഹ്മാൻ റഹീം എന്നീ പദങ്ങൾ തമ്മിലുള്ള അന്തരം ഒന്നാമ ത്തേത്, റഹ്മാൻ എന്നതിൽ റഹ്മത്ത് (കാരുണ്യം) എന്ന വിശേഷണം അല്ലാഹുവിൽ (സ്ഥിരമായി) വിശേഷിപ്പിക്കപ്പെട്ട തായും, റഹീം എന്നതിൽ കാരുണ്യം എന്ന വിശേഷണം അവനുദ്ദേശിക്കുന്ന തൻെറ

സൃഷ്ടികൾക്ക് താനുദ്ദേശിക്കുന്ന സമയത്ത് എത്തിക്കുന്ന പ്രവർത്തനമായും മനസ്സിലാക്കാൻ ക ഴിയുന്നു എന്നതാണ്.

**2, അല്ലാഹുവിനെസ്തുതിച്ചുകൊണ്ട് അവനെ വാഴ് ത്തിയിരിക്കുന്നു**. അതായത് അവനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതോടൊപ്പം സ്തുതിക്കപ്പെടുന്നവ ൻെറ എല്ലാ വിശേഷണങ്ങളും പ്രകീർത്തിക്കുന്നു എന്നതാ ണ് അത്.

**3, അല്ലാഹു, അവൻ എല്ലാ ഭാഷകളാലും സ്തുതി ക്കപ്പെടുകയും എല്ലായിടങ്ങളിലും ആരാധിക്കപ്പെടു കയും ചെയ്യുന്നവനാണ്**. അതായത് എല്ലാ ഭാഷകളാലും സ്തുതിക്കപ്പെടാനും എല്ലായിടങ്ങളിലും ആരാധിക്കപ്പെടാനും അർഹനാണ് എന്നുസാരം.

**4, അല്ലാഹുവിൻെറ അറിവിലുളള വിശാലത**.

അല്ലാഹുവിൻെറ അറിവിൽപെടാതെ ഒരു സ്ഥലവും ഒഴിഞ്ഞു നിൽക്കുന്നില്ല എന്നും അവൻെറ അജയ്യമായ ശക്തിയും അറിവും ഒരുകാര്യ ത്തെതൊട്ടും അശ്രദ്ധമാകുന്നില്ല എന്നതു മാണതിലടങ്ങിയിട്ടുള്ളത്.

**5, അവൻെറ മഹത്വവും പ്രൗഢിയും ഉന്നതമായിരി ക്കുന്നു.** അതായത് അവൻ തൻെറ വിശേഷണങ്ങളിലെ പൂർ ണ്ണതയാൽതന്നോട് സാമ്യപ്പെടുത്താൻ ഒരു തുല്യനും സദൃശ്യ നുമില്ലാത്ത വിധം ഔന്നത്യമുള്ളവനാണ് എന്നുസാരം.

**6, അവൻെറ പരിശുദ്ധതയും പവിത്രതയും.**

അവൻ ഇണ, സന്താനം എന്നിങ്ങനെ ആശ്രയിക്കപ്പെടുന്ന എ ല്ലാററിൽനിന്നും പരിപൂർണ്ണമായും ധന്യനാണ്.

**7, അവൻെറ അധികാരത്തിൻേറയും സ്വാതന്ത്ര്യ ത്തിൻേയും പൂർണ്ണത.** അവൻ തൻെറ സൃഷ്ടികളിൽ ത ൻെറ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിൽ നിന്നും ഒരു രാജാവി ൻെറ ശക്തിയും സമ്പത്തിൻേറയോ എണ്ണത്തിലോ ഉള്ള പെ രുപ്പവും അവനെ തടുക്കാനില്ല.

**8, അല്ലാഹുവിൻെറ മഹത്വം ഭാവനാ സീമകൾക്ക് അപ്പുറമാണ്.** അവൻ, ബുദ്ധിക്ക് സങ്കൽപ്പിച്ച് തുല്ല്യനെ ക ണ്ടെത്തുവാനും ചിന്തകൾക്ക് ഊഹിച്ച് രൂപംനൽകുവാനും ക ഴിയാത്തവിധം ഉന്നതനാണ്. കാരണം അവനെപ്പോലെ ഒന്നു മില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.

**9, അല്ലാഹു തൻെറ വിശിഷ്ട നാമങ്ങളാലും ഉന്ന തമായ വിശേഷണങ്ങളാലും പ്രത്യേകമായവനാണ്**

**10, അല്ലാഹുവിൻെറ സിംഹാസനോപവിഷ്ടത.**

അവൻ അവ ന്നനുയോജ്യമാം വിധം ഔന്നത്യത്തിൽ സിംഹാ സനത്തിൽ ഉപവിഷ്ഠനാണ്.

**11, ആകാശ ഭൂമികൾക്ക് വ്യാപകമായ അവൻെറ അധികാരം**. അവൻെറ അധികാരം ആകാശങ്ങളിലും ഭൂമി യിലും ഭൂമിക്കടിയിലും വ്യാപകമായതാണ്.

**12, അവൻെറ വൈജ്ഞാനിക വിശാലത**.

സൃഷ്ടികൾക്കാർക്കും തങ്ങളുടെ കഴിവിൻെറ അപര്യാപ്തത മൂലം അല്ലാഹുവിനവകാശപ്പെട്ട പൂർണ്ണതയുടെ വിശേഷണ ങ്ങളും മഹത്വവും മനസ്സിലാക്കുവാനോ പ്രാപിക്കുവാനോ ക ഴിയാത്തവിധം ആധിപത്യ ശക്തിയും വൈജ്ഞാനിക വിശാ ലതയും യുക്തിയുമുള്ളവനാണ്.

## പ്രമാണങ്ങളുടെ വിഭജനവും ജനങ്ങളുടെ നിലപാടും

അല്ലാഹുവിൻെറ വിശേഷണങ്ങളുടെ വിഷയത്തിൽ അടിസ് ഥാന പ്രമാണങ്ങളായ ഖുർആനിലും ഹദീസിലും വന്ന ഖണ് ഡിതമായ തെളിവുകളെ واضــح جلــي [വാളിഹുൻ ജലിയ്യുൻ] (സു വ്യക്തമായവ) مشــكل خفــي [മുശക്കലുൻ ഖഫിയ്യുൻ] (അവ്യക്ത മായവ) എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

**സുവ്യക്തമായവ:** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പദങ്ങളും ആശയയും വ്യക്തമായത് എന്നതാണ്. അത്തരത്തിലുള്ളവയു ടെ പദത്തിലും ആശയം യാഥാർത്ഥ്യമായും യാതൊരുവിധ നി ഷേധവും വ്യാഖ്യാനവും ഉപമയും സാദൃശപ്പെടുത്തലും കൂടാ തെ അവന് സ്ഥിരപ്പെടുത്തി വിശ്വസിക്കൽ നിർബന്ധമാണ്. കാരണം ശറഇൽ എപ്രകാരമാണോ വന്നിട്ടുള്ളത് അതിൽ വി ശ്വസിച്ച് ഉൾക്കൊണ്ട് അതിനു കീഴ്പ്പെടൽ അനിവാര്യമായിട്ടു ള്ള കാര്യമാണ് എന്നതുതന്നെ.

**അവ്യക്തമായവ:** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തെളിവുക ളിൽ നിന്നും ആശയം പൂർണ്ണമായും വ്യക്തമാകാത്തതോ അ തല്ലെങ്കിൽ വായനക്കാരന് മനസ്സിലാകാൻ പ്രയാസമുള്ളതോ ആയിട്ടുള്ളത് എന്നതാണ്. അത്തരത്തിലുള്ളവയും പദം ശറഇ ൽ വന്നിട്ടുള്ളത് പ്രകാരംതന്നെ നാം സ്ഥിരപ്പെടുത്തേണ്ടത് നി ർബന്ധമാണ്. ആശയത്തിൻെറ കാര്യത്തിൽ സ്വന്തമായി അഭി പ്രായങ്ങൾ പറയാതെ മാററിവെക്കുകയും ചെയ്യേണ്ടതാണ്. അ വ അവ്യക്തമായതാണ് എന്ന കാരണത്താൽതന്നെ അവയുടെ മേൽ വിധി നടത്തിക്കൂടാത്തതുമാണ്. അവയെ സംബന്ധിച്ച് കൂടുതൽ വിവരം നാം അല്ലാഹുവിലേക്കും റസൂലിലേക്കുമാ യി മാററിവെക്കൽ മാത്രമേ നിർവ്വാഹമുള്ളൂ.

### *അവ്യക്തമായവയുടെ കാര്യത്തിൽ ജനങ്ങളുടെ സമീപനം രണ്ടുവിധത്തിലാണ്.*

**ഒന്ന്:** മുഹ്കമും മുതശാബിഹും (ഖണ്ഡിതമായതും അവ്യക് തമായതും) മായവയെ സംബന്ധിച്ച് വിശ്വസിക്കുന്ന അടിയുറ ച്ച ജ്ഞാനമുള്ള വരുടെ മാർഗ്ഗം. അവർ അവ്യക്തമായവയെപ്പ ററി അഭിപ്രായങ്ങൾ പ്രകടിപ്പിച്ച് തങ്ങൾക്ക് മനസ്സിലാക്കാനോ എത്തിപ്പിടിക്കാനോ കഴിയാത്ത ഒന്നിന് ഒരിക്കലും മുതിരാതെ അല്ലാഹുവിനുംറസൂലിനും നൽകേണ്ട മുഴുവൻ ആദരവുകളും നൽകിക്കൊണ്ട് ശരീഅത്തിനോട് കാണിക്കേണ്ട മുഴുവൻ മ ര്യാദയും പാലിച്ച് ഇങ്ങനെ പറയുന്നവരാണ്: 'എല്ലാം ഞങ്ങളു ടെ രക്ഷിതാവിൽ നിന്നുള്ളത്തന്നെ'. അത്തരത്തിലുള്ളവരെ യാണ് അല്ലാഹു തൻെറ ഗ്രന്ഥത്തിലൂടെ ഇപ്രകാരം പുകഴ്ത്തി പ്പറഞ്ഞിട്ടുള്ളത്:

وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِنْ عِنْدِ رَبِّنَا (سورة آل عمران ٧)

"അറിവിൽ അടിയുറച്ചവരാകട്ടെ, അവർ പറയും 'ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിൽ നി ന്നുള്ളതാകുന്നു.'എന്ന്." (ആലു ഇംറാൻ 7)

**രണ്ട്**: വക്രബുദ്ധിയുള്ളവരുടെ മാർഗ്ഗം. മനസ്സിൽ വക്രതയുമാ യി നടക്കുന്നയാളുകൾ ജനങ്ങളെ അവരുടെ മതത്തിൽനിന്നും തടയുവാനും സലഫുസ്വാലിഹുകളുടെ മാർഗ്ഗത്തിൽനിന്നും തെററിക്കാനും അങ്ങനെ കുഴപ്പമാഗ്രഹിച്ചുകൊണ്ട് അവ്യക്ത മായവയെ പിന്തുടരുകയാണ് അവർ ചെയ്യുക. അക്കാരണങ്ങ ളാൽതന്നെ മുതശാബിഹുകൾക്ക് (അവ്യക്തമായവക്ക്) അല്ലാ ഹുവും റസൂലും ഉദ്ദേശിക്കാത്ത ആശയങ്ങിലേക്ക് വ്യാഖ്യാന ങ്ങൾ നൽകുവാനാണ് അവർ ശ്രമിക്കാറുള്ളത്. അവർ ഖുർആ നിലേയും സുന്നത്തിലേയും ഖണ്ഡിത തെളിവുകളെ പരസ് പരം ഉദാഹരിക്കുകയാണ് ചെയ്യുന്നത്. അത്തരക്കാർ അവയു ടെ തെളിവുകളിൽ ആക്ഷേപങ്ങളും പോരായ്മകളും ഉന്നയിച്ച്മുസ്ലിംകളിൽ പ്രസ്തുത വിഷയങ്ങളിൽ സംശയങ്ങളുണ്ടാ ക്കിത്തീർത്ത് സത്യമാർഗ്ഗത്തിൽനിന്നും അവരെ അന്ധതയി ലാക്കിത്തീർക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരക്കാ രെയാണ് അല്ലാഹു തൻെറ വചനത്തിൽ ഇപ്രകാരം ആക്ഷേ പിച്ചിരിക്കുന്നത്:

فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ وَمَا يَعْلَمُ تَأْوِيلَهُ إِلاَّ اللهُ (سورة آل عمران ٧).

"എന്നാൽ മനസ്സുകളിൽ വക്രയുള്ളവർ കുഴപ്പമുണ്ടാക്കാനുദ്ദേ ശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതി ൻെറ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന്ന് മാത്രമേ അറിയു കയുള്ളൂ" (ആലു ഇംറാൻ 7).

## തെളിവുകളുടെ വിഷയത്തിലെ രത്നച്ചുരുക്കം

ശറഇലെ ഖണ്ഡിതമായ തെളിവുകളുടെ വ്യക്തതാവ്യക്തത യെ സംബന്ധിച്ച് പറഞ്ഞാൽ അത് ആപേക്ഷികം മാത്രമാണ്. ജനങ്ങളുടെ അറിവിൻേറയും ഗ്രാഹ്യതയുടേയും തോതനുസ രിച്ച് അത് വ്യത്യാസപ്പെട്ടിരിക്കും. ഒരാൾക്ക് അവ്യക്തമായത് മ റെറാരാളെ സംബന്ധിച്ച് വ്യക്തമായതായേക്കാം. അവ്യക്തമാ കുന്ന സമയത്ത് ആശയത്തിലെ അവ്യക്തതയെയും തടസ്സങ്ങ ളേയുമെല്ലാം ഉപേക്ഷിച്ച് മുൻകഴിഞ്ഞ് പോയവരുടെ മാർഗ്ഗം അവലംബിക്കലാണ്. എന്നാൽ ശറഇലെ ഖണ്ഡിത തെളിവുക ളിൽ അല്ലാഹുവിൻെറ അനുഗ്രഹത്താൽ മനുഷ്യരിൽ തങ്ങളു ടെമതഭൗതിക വിഷയങ്ങളിൽ ഒരാൾക്കും ആശയം അറിയാൻ കഴിയാത്ത വിധത്തിൽ അവ്യക്തതയുണ്ടാകുന്നതല്ല. കാരണം അല്ലാഹു ഖുർആനിനെ സുവ്യക്തപ്രകാശം, ജനങ്ങൾക്കുള്ള വിവരണം, സത്യാസത്യ വിവേചകം, എല്ലാററിനുമുള്ള വിവര ണം, സന്മാർഗ്ഗം കാരുണ്യം എന്നൊക്കെയാണ് വിശേഷിപ്പിച്ചി രിക്കുന്നത്. അക്കാരണത്താൽതന്നെ സമൂഹത്തിൽ ഒരാൾക്കും ആശയം മനസ്സിലാക്കാൻ കഴിയാത്തവിധം അതിലെ രേഖകൾ ആയിരിക്കാൻ പാടില്ല എന്നത് വ്യക്തമാണ്.

## നിഷേധം, വ്യാഖ്യാനം, ഉപമ, ഉദാഹരണം എന്നിവയുടെ അർത്ഥവും, വിധികളും

നിഷേധം: എന്നാൽ കളവാക്കുക, തള്ളിക്കളയുക എന്നൊക്കെ യാണതുകൊണ്ട് വിവക്ഷിക്കുന്നത്.

ഉദാഹരണമായി ഒരാൾ ഇപ്രകാരം പറഞ്ഞെന്നു കരുതുക: 'അ ല്ലാഹുവിന് യഥാർത്ഥത്തിലോ ആലങ്കാരികമായോ ഉള്ള കൈ കൾ ഇല്ല'. അത് കുഫ്റ് (നിഷേധം) ആണ്. അല്ലാഹുവിനേയും അവൻെറ റസൂലിനേയും കളവാക്കലാണ്.

വ്യാഖ്യാനം: എന്നാൽ വിശദീകരണമാണ്, ഇവിടെ അതുകൊ ണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിൻെറ വിശേഷണങ്ങളെ സംബന് ധിച്ചു വന്നിട്ടുള്ള തെളിവുകളെ അല്ലാഹുവോ റസൂലോ ഉദ്ദേ ശിച്ചിട്ടില്ലാത്ത അർത്ഥം നൽകി സച്ചരിതരായ സ്വഹാബികളോ താബിഉകളോ വിശദീകരിച്ചെതിന്ന് എതിരായി വിശദീകരിക്ക ലാണ്.

### വ്യാഖ്യാനത്തിനുള്ള വിധി മൂന്ന് തരത്തിലാണ്.

ഒന്ന്: ഒരാൾ തൻെറ ഗവേഷണത്തിനനുസരിച്ചും സദുദ്ദേശ്യ ത്തോടു കൂടിയും സത്യം ബോധ്യപ്പെട്ടാൽ തൻെറ വ്യാഖ്യാന ത്തിൽനിന്നും മടങ്ങുന്ന നിലക്കുമാണ് വ്യാഖ്യാനമുണ്ടായിട്ടു ള്ളതെങ്കിൽ അത് പൊറുക്കപ്പെടുന്നതാണ്. കാരണം അതയാ ളുടെ കഴിവിൻെറ കുറവാണ് കാണിക്കുന്നത്. അല്ലാഹു പറയു ന്നത് കാണുക:

لاَ يُكَلِّفُ اللهُ نَفْساً إلاَّ وُسْعَهَا (سورة البقرة ٢٨٦)

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെ യ്യാൻ നിർബന്ധിക്കുകയില്ല" (ബഖറ: 286).

രണ്ട്: ഒരാൾ തൻെറ താൻ ഉദ്ദേശിക്കുന്നതുമാത്രമാണ് ശരിയെ ന്ന കടുംപിടുത്തത്തോടെ തന്നിഷ്ടപ്രകാരം പറയുകയും, അ ത്തരം ഒരർത്ഥം ഭാഷയിൽ അതിനുണ്ടാകുകയും ചെയ്താൽ അത് നിഷേധം(കുഫ്ർ) ആകുന്നില്ല. അത് ഫിസ്ഖ് (അധർമ്മം) മാത്രമാകുന്നു. എന്നാൽ അതിൽ അല്ലാഹുവിൻെറ മഹത്വത്തി നു വല്ല വിധത്തിലും പോരായ്മയോ ന്യൂനതയോ വരുത്തിവെ ക്കുമെങ്കിൽ അത് കുഫ്റായിത്തീരുകയും ചെയ്യും.

മൂന്ന്: ഒരാൾ തൻെറ കക്ഷിത്വത്തോടുള്ള കടും പിടുത്തത്തി ൻെറ പേരിൽ തന്നിഷ്ടപ്രകാരം പറയുന്നു പക്ഷേ അങ്ങിനെ ഒരർത്ഥം ഭാഷയിൽപോലും അതിനില്ലായെങ്കിൽ അത് കുഫ്ർ ആണ്. അവൻ യഥാർത്ഥത്തിൽ കളവു പറഞ്ഞിരിക്കുകയാണ്, കാരണം അതിനു ന്യായീകരിക്കാൻ പോലും പഴുതില്ല എന്നതുതന്നെ.

**ഉപമ**: ഇത് അല്ലാഹുവിന്ന് അവൻെറമാത്രം സവിശേഷതകളി ൽപെട്ട അവകാശങ്ങളിലും വിശേഷണങ്ങളിലും അവനു സാ ദൃശ്യമുള്ളവനെ സ്ഥാപിക്കുന്നതിനു തുല്യമാണ്. അത് കുഫ്ർ ആണ്. തീർച്ചയായും അത് ശിർക്കും (അല്ലാഹുവിൽ പങ്ക് ചേ ർക്കൽ) കൂടിയാണ്. അതിൽ അല്ലാഹുവിൻെറ അവകാശ ങ്ങളെ അവനേക്കാൾ താഴെയുള്ള സൃഷ്ടികളുടേതിന്ന് സാ ദൃശ്യപ്പെടുത്തി അവനെ നിസ്സാരനാക്കലാണ് ഉൾക്കൊണ്ടിരി ക്കുന്നത്.

**ഉദാഹരിക്കൽ:** അല്ലാഹുവിന് മാത്രം സവിശേഷമായിട്ടുള്ള അവൻെറ അവകാശങ്ങളിലും വിശേഷണങ്ങളിലും തുല്യനെ സ്ഥാപിക്കലാണത്. അതും കുഫ്റാണ്. തീർച്ചയായും അത് ശിർക്കുമാണ്. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

لَيْسَ كَمِثْلِهِ شَيْءٌ (سورة الشورى ١١)

"അവനെപ്പോലെ യാതൊന്നുമില്ല" (ശൂറ 11).
അല്ലാഹുവിൻെറ അവകാശങ്ങളെ ന്യൂനതകളുള്ള സൃഷ്ടികളു ടേതിന് തുല്യമാക്കി അവൻെറ അന്യൂനതക്ക് കളങ്കം വരുത്ത ലാണതിലൂടെ ഉണ്ടായിത്തീരുന്നത്.

ഉപമിക്കലും ഉദാഹരിക്കലും തമ്മിലുള്ള വ്യത്യാസം, ഉദാഹരി ക്കുക എന്നാൽ എല്ലാ അർത്ഥത്തിലും തുല്യമായി കാണുക എ ന്നതും, ഉപമിക്കൽ എല്ലാ അർത്ഥത്തിലുമില്ലാതെ (ഏതെങ്കിലും വിഷയത്തിൽ) തുല്യത കാണുക എന്നതുമാണ്.

## 'അല്ലാഹു ഇറങ്ങിവരുന്നു' എന്നത്പോലുള്ള ഹദീസിനെ സംബന്ധിച്ച് ഇമാം അഹ്മദ് (റ) ൻെറ വാക്കുകൾ

ഗ്രന്ഥകാരൻ ഇമാം അഹ്മദ്(റ) വിൻേറതായി ഉദ്ദരിച്ച വാക്കു കൾ ഇപ്രകാരമാണ്:

1. അല്ലാഹുവിൻെറ റസൂലിൽനിന്നും അല്ലാഹുവിൻെറ വിശേ ഷണങ്ങളായി വന്നിട്ടുള്ള ഹദീസുകൾ യാതൊരുവിധ ഏററ ക്കുറച്ചിലും വരുത്താതെ, അതിർത്തിയോ അററമോ നിശ്ചയി ക്കാതെ അങ്ങിനെത്തന്നെ വിശ്വസിച്ച് സത്യപ്പെടുത്തൽ നിർബ ന്ധമാണ്.

2. അതിന് രൂപമോ പ്രത്യേക അർത്ഥമോ നൽകാവതല്ല. അതാ യത് ഇത്തരത്തലുള്ള വിശേഷണങ്ങൾക്ക് നാം നമ്മുടെ വക യായി മുമ്പ് അറിയപ്പെടാത്ത ഒരു രൂപം നിശ്ചയിക്കാൻ പാടി ല്ലാത്തതാണ്. എന്നാൽ അല്ലാഹുവിൻെറ വിശേഷണങ്ങൾക്ക് രൂപമില്ലാ എന്ന് അതിന് അർത്ഥമില്ല. അല്ലാഹുവിൻെറ വിശേ ഷണങ്ങളെല്ലാം യഥാർത്ഥമായിത്തന്നെ സ്ഥാപിതമായിട്ടുള്ള താണ്. അതുകൊണ്ട് തന്നെ അതിന് അതിൻേറതായ രൂപമു ണ്ടായിരിക്കലും നിർബന്ധമാണ്. പക്ഷേ അല്ലാഹുവിൻെറ വി ശേഷണങ്ങളുടെ രൂപം നമുക്കജ്ഞാതമാണ്.

അതിനു പ്രത്യേകഅർത്ഥമില്ല എന്ന അദ്ദേഹത്തിൻെറ പ്രയോ ഗം കൊണ്ടുള്ള ഉദ്ദേശ്യം, ഇന്നു വ്യാഖ്യാതാക്കൾ ചെയ്യു ന്നതുപോലെ അവയുടെ ബാഹ്യാർത്ഥത്തിന് വിരുദ്ധമായിഒരർ ത്ഥം അതിനു നാം നൽകുന്നില്ല എന്നതാണ്. അതല്ലാതെ അതി ന് സലഫുസ്സ്വാലിഹുകൾ അവയിൽനിന്നും പ്രത്യക്ഷത്തിൽ മനസ്സിലാക്കി വിശദീകരിച്ചതായ സ്വഹീഹായ അർത്ഥത്തെ അ ദ്ദേഹം നിഷേധിക്കുന്നു എന്നതല്ല. അത് അദ്ദേഹം അംഗീകരി ക്കുന്നുണ്ട് എന്നതിന് അദ്ദേഹത്തിൻെറ ഇനി പറയുന്ന വാക്കു കൾ തെളിവാണ്. "അതിൽനിന്നും നാമൊന്നും തന്നെ നിഷേ ധിക്കുന്നില്ല, അവൻ എങ്ങിനെയാണോ അവനെ വിശേഷിപ്പി ച്ചിരിക്കുന്നത് അങ്ങനെ നാമും അവനെ വിശേഷിപ്പിക്കുന്നു, ഏതെങ്കിലുമൊരു വിശേഷണം മോശമായതാണന്നു കരുതി നാം നീക്കിക്കളയുന്നുമില്ല. എന്നാൽ അവയുടെ രൂപം എങ്ങ നെയെന്ന് നമുക്കറിഞ്ഞുകൂടെന്നു മാത്രം" ഇവിടെ ഒന്നിനേ യും നിഷേധിക്കുന്നില്ല എന്നും അവയുടെ രൂപം നമുക്കറിഞ്ഞു കൂടാ എന്നും അദ്ദേഹം നിഷേധിച്ചു പറഞ്ഞത്, അവകൊണ്ടു ദ്ദേശിക്കപ്പെടുന്ന യഥാർത്ഥ അർത്ഥം അദ്ദേഹം അംഗീകരിച്ചു സ്ഥിരപ്പെടുത്തുന്നു എന്നതിനുള്ള തെളിവാണ്.

3. ഖുർആൻ മുഴുവനായും, അതിലെ ആശയം വ്യക്തമായിട്ടു ള്ള മുഹ്കമും (സുദൃഢമായതും) ആശയം അവ്യക്തമായ മു തശാബിഹും (സദൃശമായതും) എല്ലാം നാം വിശ്വസിക്കേണ്ട താണ്. മുതശാബിഹുകളുടെ ആശയം വ്യക്തമാകുന്നതിന് നാം മുഹ്കമുകളെ സമീപിക്കേണ്ടതാണ്. എന്നിട്ടും ആശയം വ്യക്തമാകുന്നില്ലെങ്കിൽ നാം അവയുടെ പദങ്ങളിൽ വിശ്വസിച്ച് ആശയത്തിൻെറ കാര്യം അല്ലാഹുവിനെ ഏൽപ്പിക്കേണ്ടതാണ്.

## മേൽപറഞ്ഞ വിഷയത്തിൽ ഇമാം ശാഫി(റ)യുടെ വാക്കുകൾ

മേൽ പറഞ്ഞ വിധത്തിലുള്ള ഹദീസുകളിലെ ആശയങ്ങളെ സംബന്ധിച്ച് ഇമാം ശാഫി(റ)യുടെ വാക്കുകൾ ഗ്രന്ഥകാരൻ ഇപ്രകാരം ഉദ്ധരിക്കുന്നു.

1. അല്ലാഹുവിനെ സംബന്ധിച്ച് അവൻെറ സുവ്യക്തമായ ഗ്ര ന്ഥത്തിൽ വന്നിട്ടുള്ളത്, അല്ലാഹു ഉദ്ദേശിച്ച വിധത്തിൽ കൂട്ടു കയോ കുറക്കുകയോ മാററം വരുത്തുകയോ ചെയ്യാതെ വിശ്വ സിക്കേണ്ടതാണ്.

2. അല്ലാഹുവിൻെറ പ്രവാചകൻ(സ)യുടെ സുന്നത്തിൽ വന്നി ട്ടുള്ള വിഷയങ്ങൾ പ്രവാചകൻ ഉദ്ദേശിച്ചതിൽ നിന്നും മാററം വരുത്തുകയോ കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ വിശ്വസി ക്കേണ്ടതാണ്.

ഈ വാക്കുകളിൽ വ്യാഖ്യാനക്കാർക്കും ഉദാഹരണക്കാർക്കു മുള്ള ഖൺഡനം കൂടി അടങ്ങിയിട്ടുണ്ട്. അവരാരും അല്ലാഹു വിൽനിന്നും റസൂലിൽനിന്നും വന്ന വിഷയങ്ങൾ അല്ലാഹുവും റസൂലും ഉദ്ദേശിച്ച വിധത്തിൽ വിശ്വസിച്ചിട്ടില്ല. വ്യാഖ്യാനക്കാർ കുറക്കുകയും ഉദാഹരണക്കാർ കൂട്ടുകയും ചെയ്തിരിക്കുന്നു.

## വിശേഷണങ്ങളുടെ കാര്യത്തിൽ സലഫികളുടെ പാത

അല്ലാഹുവിൻെറ വിശേഷണങ്ങളുടെ വിഷയത്തിൽ മുൻഗാ മികളായ സലഫുസ്വാലിഹുകൾ സഞ്ചരിച്ച മാർഗ്ഗം അല്ലാഹു വിൻെറ ഗ്രന്ഥത്തിലും പ്രവാചക(സ) ൻെറ സുന്നത്തിലും വ ന്നിട്ടുള്ള കാര്യങ്ങൾ അങ്ങനെത്തന്നെ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതിൽ അല്ലാ ഹുവിൻേറയും റസൂലിൻേറയും ഉദ്ദേശ്യത്തിന്ന് യോജിക്കാത്ത നിലക്ക് വ്യാഖ്യാനിക്കുന്നതിന് അവർ ലക്ഷ്യം വെക്കുകയില്ല.
മേൽ പറഞ്ഞ വിധത്തിൽ അവരെ പിൻതുടരൽ അനിവാര്യമാ ണ്. അല്ലാഹുവിൻെറ പ്രവാചകൻെറ വചനം ശ്രദ്ധിക്കുക:

عَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ مِنْ بَعْدِي عَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَ مُحْـدَثَاتِ الأمُـور فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلاَلَةٌ (رواه أبوداود)

"നിങ്ങൾ എൻെറ ചര്യ മുറുകെപ്പിടിക്കുക, എനിക്കുശേഷം വരുന്നമാർഗ്ഗദർശനം സിദ്ധിച്ച നല്ലവരായ ഖലീഫമാരുടെ ചര്യ യും. അവ നിങ്ങൾ അണപ്പല്ലുകൾകൊണ്ട് കടിച്ചുപിടിക്കുക. (മതത്തിൽ കടന്നുകൂടുന്ന പുത്തനാശയങ്ങളെ നിങ്ങൾ കരു തിയിരിക്കുക (അത്തരം) എല്ലാ പുതിയതും അനാചാരമാണ്, എല്ലാ അനാചാരവും വഴികേടുമാണ്" (അബൂദാവൂദ്).

മേൽ ഹദീസുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പ്രവാചക(സ)യും സ്വഹാബികളും ഉൾക്കൊണ്ടതായ വിശ്വാസവും കർമ്മവും ഉ ൾക്കൊള്ളുക എന്നുസാരം.

## സുന്നത്തും ബിദ്അത്തും

സുന്നത്ത്: എന്നാൽ ഭാഷയിൽ മാർഗ്ഗം എന്നാണ് അർത്ഥം.
സാങ്കേതികമായി പറഞ്ഞാൽ നബിയും സ്വഹാബികളും ഉൾ ക്കൊണ്ടതായ വിശ്വാസകർമ്മങ്ങൾ എന്നതാണ്.

സുന്നത്ത് പിൻപററൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു:

لَقَدْ كَانَ لَكُمْ فِي رَسُولِ اللهِ أُسْوَةٌ حَسَنَةٌ لِمَنْ كَانَ يَرْجُو اللهَ وَالْيَوْمَ الآخِرَ (سورة الأحزاب ٢١)

"നിശ്ചയമായും, നിങ്ങൾക്ക് അല്ലാഹുവിൻെറ റസൂലിൽ ഉ ത്തമമായ മാതൃകയുണ്ട്; (അതായത്) അല്ലാഹുവിനേയും അ ന്ത്യനാളിനേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്ക്" (സൂറ: അഹ്സാബ് 21)

അപ്രകാരം തന്നെയാണ് പ്രവാചക വചനവും പഠിപ്പിക്കുന്നത്:

عَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ مِنْ بَعْدِي عَضُّوا عَيْهَا بِالنَّوَاجِذِ (رواه أبو داود)

"നിങ്ങൾ എൻെറ ചര്യ മുറുകെ പിടിക്കുക. എനിക്കു ശേഷം വരുന്ന മാർഗ്ഗദർശനം സിദ്ധിച്ച എൻെറ ഖലീഫമാരുടെ ചര്യ യും. നിങ്ങൾ അവ നിങ്ങളുടെ അണപ്പല്ലുകൾകൊണ്ട് കടിച്ചു പിടിക്കുക." (അബൂദാവൂദ്).

ബിദ്അത്ത്: എന്നാൽ പുതിയത് എന്നാണ് ഭാഷാർത്ഥം.

സാങ്കേതികമായി പറഞ്ഞാൽ നബി(സ)യുടേയും സ്വഹാബിക ളുടേയും വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായി മതത്തിൽ പു തുതായി ഉണ്ടാക്കിയത് എന്നുമാണ്.
അതാകട്ടെ ഹറാം (നിഷിദ്ധം) ആണ്.
അല്ലാഹുവിൻെറ വചനം അതാണ് മനസ്സിലാക്കിത്തരുന്നത്.

وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُمُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَـوَلَّى وَنُصْـلِهِ جَهَـنَّمَ وَسَاءَتْ مَصِيرًا (سورة النساء ١١)

"തനിക്ക് സന്മാർഗ്ഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കി ലും പ്രവാചകനുമായി എതിർത്തുനിൽക്കുകയും, സത്യവിശ്വാ സികളുടേതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്താൽ അവൻ തിരിഞ്ഞ വഴിക്ക്തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നര കത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!"(നിസാഅ് 115).

അതുതന്നെയാണ് പ്രവാചക വചനം വ്യക്തമാക്കുന്നതും:

وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلاَلَةٌ (أبو داود)

"നിങ്ങൾ പുത്തനാശയങ്ങളെ കരുതിയിരിക്കുക. എല്ലാ പുതി യതും അനാചാരമാണ്, എല്ലാ അനാചാരവും വഴികേടുമാണ്" (അബൂദാവൂദ്).

## സുന്നത്തും ബിദ്അത്തും പണ്ഡിത വചനങ്ങളും

**സ്വഹാബികളിൽനിന്ന്:** ഹിജ്റ: 32 ൽ മരണപ്പെട്ട പ്രസിദ്ധ സ്വ ഹാബിയായ ഇബ്നു മസ്ഊദ്(റ) പറയുന്നു.

اتَّبِعُوا وَلاَ تَبْتَعِدُوا فَقَدْ كُفِيتُمْ

اتَّبِعُوا (നിങ്ങൾ പിന്തുടരുക) അതായത് പ്രവാചക ചര്യയെ നിങ്ങൾ കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ പിന്തുടരുക. وَلاَ تَبْتَعِدُوا (നിങ്ങൾ ബിദ്അത്തുകൾ ഉണ്ടാക്കാതിരിക്കുക). അതാ യത് മതത്തിൽ നിങ്ങൾ നിങ്ങളുടെ വകയായി ഒന്നും കൂ ട്ടിച്ചേർക്കാതിരിക്കുക. فَقَدْ كُفِيتُمْ (തീർച്ചയായും നിങ്ങൾക്ക് മതി).അതായത് അല്ലാഹു 'ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കത്തന്നിരിരിക്കുന്നു'. (മാഇദ: 3) എന്നു പറ ഞ്ഞുകൊണ്ട് നബി(സ)യിലൂടെ മതം പൂർത്തിയാക്കിയ അന്ന ത്തെ മുൻഗാമികൾ ഉൾക്കൊണ്ടത് തന്നെ നിങ്ങൾക്കും മതി യായതാണ്. ഇനി (നിങ്ങൾ വീണ്ടും) മതം പൂർത്തിയാക്കേണ്ട തായ ഒരാവശ്യവുമില്ല.

**താബിഉകളിൽ നിന്ന്:** ഹിജ്റ: 63 ൽ ജനിച്ച് 101 ൽ മരണമടഞ്ഞ അമീറുൽ മുഅ്മിനീൻ ഉമറു ബ്നുൽ അബ്ദിൽ അസീസ്(റ) ന്റെ വാക്കുകൾ കാണുക:

وُجُوبُ الْوُقُوفُ حَيْثُ وَقَفَ الْقَوْمُ

(ജനങ്ങൾ നിന്നേടത്ത് നിങ്ങളും നിൽക്കൽ നിർബന്ധമാണ്).
അതായത്, അവർ എന്നതുകൊണ്ടുദ്ദേശിക്കുന്നത് നബി(സ) യും സ്വഹാബികളും മതത്തിൽ എന്തൊക്കെ വിശ്വസിക്കുക യും അനുഷ്ഠിക്കുകയും ചെയ്തോ അവിടെ നിൽക്കുക എന്ന താകുന്നു. കാരണം അവർ വിജ്ഞാനത്തോടും ഉൾക്കാഴ്ച യോടും കൂടിയാണ് നിലകൊണ്ടിട്ടുള്ളത്. അവർക്കു ശേഷമു ള്ളവർ പുതുതായുണ്ടാക്കിയ പലകാര്യങ്ങളിലും നന്മ കാണു ന്നുവെങ്കിൽ, അവരായിരുന്നു ആ നന്മ കണ്ടെത്താൻ ഏററവും അർഹർ.

أنَّ ما أحْدَثَ بَعْدَهُمْ فَلَيْسَ فِيهِ إلاَّ مُخَالَفَةُ هَدْيِهِمْ

അവർക്കു ശേഷമുള്ളവർ പുതുതായുണ്ടാക്കിയ വിഷയങ്ങളി ൽ അവരുടെ (നബിയുടേയും സ്വഹാബികളുടേയും) ചര്യക ളോട് എതിരല്ലാതെ മറെറാന്നുമില്ല. അപ്രകാരം അവരുടെ നട പടിക്രമങ്ങളോട് വിരക്തിയുമല്ലാതെ അതിൽ മറെറാന്നുമില്ല. അങ്ങനെയല്ലായെങ്കിൽ അവർക്ക് ആവശ്യമാകുകയും അവരു ടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് അവർ (മുൻഗാമികൾ) വിവരിക്കുമായിരുന്നു.

إنَّ مِنَ النَّاسِ مَنْ قَصُرَ فِي اتِبَاعِهِمْ فَكَانَ جَافِياً

ജനങ്ങളിൽ ചിലർ അവരെ (മുൻഗാമികളെ) പിന്തുടരുന്നതിൽ കുറവ്വരുത്തി അതുകൊണ്ട്തന്നെ അവർ അവരോട് പിണങ്ങി യതിനു തുല്യമായി. ചിലരാകട്ടെ അവരേക്കാൾ മുൻകടന്നു പ്രവർത്തിച്ചു അവരാകട്ടെ അതിരുകവിഞ്ഞവരുമായി. സ്വിറാ ത്വുൽ മുസ്തഖീം (ശരിയായ മാർഗ്ഗം) ആകട്ടെ അതിരുകവിയ ലിനും കുറവ് വരുത്തുന്നതിനും മദ്ധ്യേയാണ്.

**താബിഉത്താബിഉകളിൽ നിന്ന്:**

ഹിജ്റ: 157 ൽ മരണപ്പെട്ട അബ്ദുർ റഹ്മാനു ബ്നുൽ അംറു ൽ ഔസാഇ:(റ) പറയുന്നു:

عَلَيْكَ بِآثَارِ مَنْ سَلَفِ (നീ മുൻഗാമികളുടെ കാൽപ്പാടുകളെ പിന്തുടരുക) അതായത് സ്വഹാബികളുടേയും അവരെ നന്മയി ൽ തുടർന്നുവന്ന താബിഉകളുടേയും മാർഗ്ഗത്തെ; തീർച്ചയാ യും അത് ഖുർആനിലും സുന്നത്തിലും വാർക്കപ്പെട്ടതാണ്.

وَإِنْ رَفَضَكَ النَّاسُ (ജനങ്ങൾ നിന്നെ തിരസ്കരിച്ചാലും ശരി) അതായത് ജനങ്ങൾ ആട്ടിയകററുകയും കയ്യൊഴിക്കുകയും ചെയ്തേക്കാം എന്നിരുന്നാലും ശരി.

وَإِيَّاكَ وَآرَاءَ الرِّجَالِ (ജനങ്ങളുടെ അഭിപ്രായങ്ങളെ നീ കരുതിയി രിക്കുക). ജനങ്ങളുടെ അഭിപ്രായങ്ങളിൽ പെട്ടുപോകുന്നതി നെ നീ കരുതിയിരിക്കണം. കാരണം അവക്ക് അല്ലാഹുവി ൻെറ ഗ്രന്ഥത്തിൻേറയോ അല്ലാഹുവിൻെറ പ്രവാചകൻെറ ച ര്യയുടേയോ പിൻബലമില്ല, അവ കേവലം അഭിപ്രായം മാത്ര മാണ്.

وَإِنْ زَخْرَفُوهُ (അതവർ എത്ര ഭംഗിയായി കാണിച്ചാലും). അവർ ഒരു പക്ഷേ പദങ്ങൾ മോടികൂട്ടി നന്നാക്കിപ്പറഞ്ഞു എന്നു വ ന്നേക്കും. പക്ഷേ വാക്കുകൾ മോടികൂട്ടലുകൊണ്ടോ നന്നാക്കു ന്നതുകൊണ്ടോ അസത്യം ഒരിക്കലും സത്യമാകുകയില്ല എന്നു നീ മനസ്സിലാക്കുക.

## ഖലീഫയുടെ സാന്നിദ്ധ്യത്തിൽ ശൈഖ് അദ്റമിയും ഒരു ബിദ്അത്തുകാരനും തമ്മിൽ നടന്ന തർക്കം

ഇവിടെ പറയാൻ പോകുന്ന സംഭവത്തിലെ അദ്റമിയെ സംബ ന്ധിച്ചോ അദ്ദേഹത്തിൻെറ പ്രതിയോഗിയെക്കുറിച്ചോ ഞാനി വിടെ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. അയാളിലുണ്ടായിരുന്ന ബിദ്അത്ത് എന്തായിരുന്നു എന്നും എനിക്കറിഞ്ഞുകൂട, എ ന്നാൽ ഇവിടെ മുഖ്യമായിട്ടുള്ളത് അദ്റമിയും തന്നോട് തർക്കി ച്ച വ്യക്തിയുടേയുമിടയിൽ നടന്ന തർക്കത്തിൽനിന്ന് അദ്ദേ ഹം ഇവിടെ മുന്നോട്ട് വെച്ച ഓരോ ചുവടും എപ്രകാരമായിരു ന്നു എന്നും അദ്ദേഹം കൈക്കൊണ്ട മാർഗ്ഗം എന്തായിരുന്നു എന്നും അറിയുക എന്നുള്ളതാണ്. അദ്ദേഹം വിവിധങ്ങളായ ചുവടുകളായി നടത്തിയ പ്രസ്തുത തർക്കത്തിൽ ഒന്നിനു ശേ ഷം മറെറാന്നിലേക്കു കടക്കുന്നതിനു മുമ്പായി തൻെറ പ്രതി യോഗിയെ താനുൾക്കൊണ്ട വാദത്തിൽനിന്നും മുട്ടുകുത്തിക്കു ന്ന വിധത്തിലായിരുന്നു എന്നതാണ് അതിൻെറ സവിശേഷത.!
ഒന്നാമത്തെ ചോദ്യം: നിങ്ങളീ പ്രവർത്തിക്കുന്ന ബിദ്അത്ത് ന ബി(സ)ക്കും നാല് ഖലീഫമാർക്കും അറിയുമായിരുന്നുവോ ?
ബിദ്അത്തുകാരൻ: അവർക്കറിഞ്ഞുകൂട
നബി(സ)ക്കും ഖലീഫമാർക്കും അറിഞ്ഞുകൂടാ എന്ന ഈ നിഷേധം അവരെ ഇകഴ്ത്തിക്കാണിക്കുന്നതിനു തുല്യമാണ്. കാരണം അവർ ദീനിൻെറ പ്രധാനപ്പെട്ട ഒരു കാര്യത്തിൽ അജ് ഞരായിരുന്നു എന്നാണല്ലോ വരുന്നത്. അതോടൊപ്പം ഇത് ബിദ്അത്തുകാരന്ന് എതിരുമാണ്. അവർക്കാർക്കും അറിഞ്ഞു കൂടാ എങ്കിൽ

രണ്ടാം ചോദ്യം: അവരാരും ഇക്കാര്യം അറിയില്ലായെങ്കിൽ നി ങ്ങൾക്കിതെവിടെനിന്നു കിട്ടി ? നബി(സ)ക്കും ഖലീഫമാർക്കും അല്ലാഹു മറച്ചുവെച്ച ഒരു ശരീഅത്ത് നിയമം നിങ്ങൾക്കല്ലാ ഹു തുറന്നുതന്നു എന്നാണോ നിങ്ങളുടെ വാദം ?
ബിദഇ: (അൽപ്പം ഉരുണ്ട് കളിച്ചുകൊണ്ട്) അവർക്കും അറിയാ മായിരുന്നു അത്.

അവർക്കും അറിയുമായിരുന്നു എന്നാണ് വാദമെങ്കിൽ
ചോദ്യം മൂന്ന്: അവർക്ക് അത് അറിയുകയും എന്നിട്ട് അതിനെ സംബന്ധിച്ച് സംസാരിക്കാതെ ജനങ്ങളെ അതിലേക്ക് ക്ഷ ണിക്കാതെ മൗനംപാലിക്കുവാനുമായിരുന്നു അവസരമേകിയ ത് എന്നാണോ നിങ്ങളുടെ വാദം അതോ അങ്ങനെ ഉണ്ടായിട്ടി ല്ലെന്നോ ? (അതായത് അല്ലാഹു, അക്കാര്യം പ്രബോധനം ചെയ്യാതെ മറച്ചുവെക്കാനായിരുന്നുവോ കൽപ്പിച്ചത് ?)
ബിദഇ: അതിനെക്കുറിച്ച് സംസാരിക്കാതെ മൗനം പാലിക്കാനാ യിരുന്നു അവർ (നിർദ്ദേശിക്കപ്പെട്ടത്).
അപ്പോൾ അദ്റമി പറഞ്ഞു: അപ്പോൾ അല്ലാഹു,പ്രവാചകനോ ടും ഖലീഫമാരോടും മൗനം പാലിക്കാൻ പറഞ്ഞ ഒരുവിഷയ ത്തിൽ നീ എന്തുകൊണ്ട് മൗനം പാലിക്കുന്നില്ല.?
പിന്നീട് അയാളൊന്നും പറയാതെ ഒഴിഞ്ഞുമാറി കാരണം അ വിടെ സംസാരത്തിൻെറ എല്ലാ വാതിലുകളും അതോടെ അട ക്കപ്പെട്ടു കഴിഞ്ഞിരുന്നു.
അങ്ങനെ ഖലീഫ അദ്റമിയുടെ വാദം ശരിവെക്കുകയും, ന ബി(സ)യും അവടുത്തെ ഖുലഫാക്കളും സംസാരിക്കാതെവിട്ട കാര്യങ്ങൾ അങ്ങനെത്തന്നെ കണിശമായി പാലിക്കുവാനും നി ർദ്ദേശിച്ചു.
ഇപ്രകാരം ബിദ്അത്തുകാരും അല്ലാത്തവരുമായ എല്ലാ കള്ള വാദികളുടേയും മടക്കം ഉത്തരംമുട്ടി മുട്ടുമടക്കൽ തന്നെയാ യിരിക്കും.

## അല്ലാഹുവിൻെറ വിശേഷണങ്ങൾ

ഗ്രന്ഥകാരൻ അല്ലാഹുവിൻെറ വിശേഷണങ്ങളായി പറഞ്ഞിട്ടു ള്ളവ ക്രമപ്രകാരം താഴെ ചേർക്കുന്നു.

## ഒന്ന്, അല്ലാഹുവിൻെറ മുഖം: (الوجه)

അല്ലാഹുവിന്ന് മുഖമുണ്ട് എന്നത് ഖുർആൻ കൊണ്ടും സുന്ന ത്ത് കൊണ്ടും സലഫുസ്വാലിഹുകളുടെ ഇജ്മാഅ് (അഭിപ്രായ ഐക്യം) കൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ്.

അല്ലാഹു പറയുന്നു:

وَيَبْقَى وَجْهُ رَبِّكَ ذُو الْجَلَالِ وَالإِكْرَامِ (سورة الرحمن ٢٧)

"മഹത്വവും ഉദാരതയുമുള്ളവനായ നിൻെറ രക്ഷിതാവിൻെറ മുഖം അവശേഷിക്കുന്നതാണ് " (റഹ്മാൻ: 27).

നബി(സ)യിൽനിന്ന് സഅദുബ്നു അബീവഖാസ്് (റ) ഇപ്ര കാരം പറഞ്ഞതായി കാണാം:

إِنَّكَ لَنْ تُنْفِقَ نَفَقَةً تَبْتَغِي بِهاَ وَجْهَ اللهِ إلاَّ أَجَرْتَ عَلَيْهاَ (متفق عليه)

"നീ അല്ലാഹുവിൻെറ മുഖമാഗ്രഹിച്ച് ഒന്നും തന്നെ ചെലവഴി ക്കുന്നില്ല നിനക്കതിന് പ്രതിഫലം ലഭിച്ചുകൊണ്ടല്ലാതെ." (മു തഫഖുൻ അലൈഹി).

അല്ലാഹുവിന് മുഖമുണ്ടെന്ന കാര്യത്തിൽ സലഫുകൾ എല്ലാം അഭിപ്രായ ഐക്യമുള്ളവരാണ്. അതുകൊണ്ട്തന്നെ, അത് യാതൊരുവിധ മാററത്തിരുത്തലോ, നിരാകരിക്കലോ, ഉദാഹരി ക്കലോ, ഉപമിക്കലോ കൂടാതെ അങ്ങിനെത്തന്നെ നാമും സ്ഥി രപ്പെടുത്തൽ നിർബന്ധമാണ്. അതാകട്ടെ അല്ലാഹുവിനു യോ ജ്യമായ നിലക്കുള്ള യഥാർത്ഥത്തിലുള്ള മുഖം തന്നെയാണ്.

എന്നാൽ നിരാകരിച്ചവരാകട്ടെ അത് പ്രതിഫലമാണ് മുഖംകൊ ണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യാഖ്യാനിച്ചതായിക്കാ ണാം; നാമതിന് ഇതിൻെറ ആദ്യത്തിൽ ചേർത്തിട്ടുള്ള നാലാം നിയമം കൊണ്ട് ഖണ്ഡിക്കുകയും ചെയ്യുകയാണ്.

## രണ്ട്, അല്ലാഹുവിൻെറ ഇരു കൈകൾ: (اليدان)

അല്ലാഹുവിന്ന് രണ്ട് കൈകളുണ്ടെന്നതും ഖുർആൻ, സുന്ന ത്ത്, സലഫുകളുടെ ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപ്പെടു ത്തപ്പെട്ടതാണ്.

അല്ലാഹു പറയുന്നു:

بَلْ يَدَاهُ مَبْسُوطَتَانِ (سورة المائدة ٦٤)

"അല്ല, അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു" (സൂറ: മാഇദ: 64).

നബി(സ) പറഞ്ഞു:

يَمِينُ اللهِ ملأى لاَ يغِيضُهاَ نَفَقةٌ سَحاء اللَيْلِ وَالنَّهاَرِ (إلى قوله) بِيَدِهِ الأُخْرَى الْقَبْضُ يَرْفَعُ وَيَخْفَضُ (مسلم والبخاري معناه)

"അല്ലാഹുവിൻെറ വലതു(കൈ) നിറഞ്ഞു നിൽക്കുന്നതാണ് രാത്രിയിലേയോ പകലിലേയോ ചിലവഴിക്കലുകൾ അതിനെ യൊട്ടുംതന്നെ കുറവുവരുത്തുകയില്ല... .. .. അവൻെറ മററെ (കൈ) കൊണ്ട് സ്വീകരിക്കുകയും ഉയർത്തുകയും താഴ്ത്തുക യും ചെയ്യുന്നു."( മുസ്ലിം, ബുഖാരിയിലും ഇതേ ആശയത്തി ലുള്ള ഹദീസ് കാണാവുന്നതാണ്).

പൂർവ്വികരായ സലഫുകളെല്ലാം അല്ലാഹുവിന് രണ്ട് കൈകളു ണ്ട് എന്നും അതുരണ്ടും യഥാർത്ഥത്തിലുള്ളതാണ് എന്നും യാതൊരുവിധ മാററത്തിരുത്തലോ നിരാകരിക്കലോ വിശേഷി പ്പിക്കലോ ഉദാഹരിക്കലോ കൂടാതെത്തന്നെ സ്ഥിരപ്പെടുത്തിയ വരായിരുന്നു.

എന്നാൽ ദുർവ്യാഖ്യാനക്കാർ അല്ലാഹുവിൻെറ അനുഗ്രഹം ശക്തി എന്നതൊക്കെയാണ് കൈകൾ എന്നതുകൊണ്ടുദ്ദേശി ക്കുന്നത് വിശദീകരിക്കാറുണ്ട്. നമുക്കവരോട് നാലാംനമ്പർ നി യമത്തിൽ നാം സൂചിപ്പിച്ചതുതന്നെയാണ് പറയാനുള്ളത് കൂടാ തെ നാലാമതൊരു മാർഗ്ഗത്തിലൂടെയും നമുക്കതിനെ ഖണ്ഡി ക്കുവാൻ കഴിയും; അതെന്തെന്നാൽ സൂറത്ത് സ്വാദിൽ വന്നി ട്ടുള്ള لِمـاَ خَلَقْــتُ بِيَــدَيَّ ) എൻെറ കൈകൊണ്ട് ഞാൻസൃഷ്ടിച്ചു ണ്ടാക്കിയതിനെ) എന്നതും, മേൽഹദീസിൽ പറയപ്പെട്ട وَبِيَــــدِهِ الأُخْــــرى (അവൻെറ മറേറ കൈകൊണ്ട്) എന്നിവയുടെ സന്ദർ ഭം മേൽപറയപ്പെട്ട രണ്ട് (ശക്തി, അനുഗ്രഹം) വ്യാഖ്യാന ത്തേയും തീർത്തും എതിർക്കുന്നവയാണ്; എന്നതുതന്നെ.

അല്ലാഹുവിന്ന് വിശേഷണമായി കൈ എന്നത് വിവിധ രൂപ ത്തിൽ വന്നത് എങ്ങനെ യോജിപ്പിക്കും എന്ന് നോക്കാം.
ഒന്ന്, ഏകവചനം:

تَبَارَكَ الَّذِي بِيَدِهِ الْمُلْكُ (سورة الملك ١)

"ആധിപത്യം ആരുടെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണ നായിരിക്കുന്നു." (മുൽക്1 ).

രണ്ട്, ദ്വിവചനം:

بَلْ يَدَاهُ مَبْسوطَتَانِ (سورة المائدة ٦٤).

"അല്ല, അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു" (മാഇദ: 64).

മൂന്ന്, ബഹുവചനം:

أولَمْ يَرَوْا أناَ خَلَقْنَا لَهُمْ مِماَ عَمِلَتْ أيْدِيناَ أنْعاماً (سورة يـــس ٧١)

"നമ്മുടെ കൈകൾ നിർമ്മിച്ചതിൽപെട്ട കാലികളെ അവർ ക്കുവേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവർ ക ണ്ടില്ലേ"(യാസീൻ 71).

അല്ലാഹുവിൻെറ സഹായത്താൽ നമുക്ക് മേൽകൊടുത്ത ആ യത്തുകളെ ഇനിപറയുംവിധം യോജിപ്പിക്കാവുന്നതാണ്.

ആദ്യംപറഞ്ഞ ഏകവചനം, അല്ലാഹുവിന് സ്ഥിരീകരിച്ച കൈ എന്ന അർത്ഥത്തിലാണ് അതൊരിക്കലും ദ്വിവചനത്തിന് എതിരാകുന്നില്ല. അതുപോലെ ബഹുവചനം പറഞ്ഞത് മൂന്നോ അതിലധികമോ വരുന്ന നിശ്ചിത എണ്ണം അർത്ഥത്തിലല്ല, മറി ച്ച് ബഹുമാന സൂചകമായി ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ അതും രണ്ട് കൈകൾ എന്ന ദ്വിവചനത്തോട് എതിരാകുന്നില്ല. أَقَلُّ الجَمْعِ اِثْنَانِ (ബഹുവചനത്തിൽ ഏററവുംകുറവ് രണ്ടാണ്) എ ന്നതത്വമനുസരിച്ച് അതും അടിസ്ഥാനപരമായി ദ്വിവചന ത്തോട് എതിരാവുന്നില്ല.

## മൂന്ന്, **അല്ലാഹുവിൻെറ മനസ്സ്:** (النفس)

അല്ലാഹുവിന് മനസ്സുണ്ട് എന്നതും ഖുർആനും ഹദീസും സല ഫുകളുടെ ഇജ്മാഉം സ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്.

അല്ലാഹു പറയുന്നു:

كَتَبَ عَلىَ نَفْسِهِ الرَّحْمَةَ (سورة الأنعام ١٢)

"അവൻ കാരുണ്യത്തെ സ്വന്തം പേരിൽ (ബാധ്യതയായി) രേഖപ്പെടുത്തിയിരിക്കുന്നു" (അൻആം 12).

ഈസാ നബി(അ) പറഞ്ഞതായി ഖുർആൻ പറയുന്നു:

تَعْلَمُ ماَ فِي نَفْسي وَلاَ أعْلَمُ ماَ فِي نَفْسِكَ (سورة المائدة)

"(അല്ലാഹുവേ) എൻെറ മനസ്സിലുള്ളത് നീ അറിയുന്നു, എന്നാ ൽ നിൻെറ മനസ്സിലുള്ളത് ഞാനറിയുകയില്ല." (മാഇദ: 116).

പ്രവാചകൻ (സ) പറയുന്നു:

سُبْحَانَ اللهِ وَبِحَمْدِهِ عَدَدَ خَلْقِهِ وَرِضاَ نَفْسِهِ وَزِنَةَ عَرْشِهِ وَمِدَادَ كَلِماَتِهِ (مسلم)

" അവൻെറ സൃഷ്ടികളുടെ എണ്ണത്തോളവും, അവൻെറ മന സ്സിൻെറ തൃപ്തിയോളവും അവൻെറ സിംഹാസനത്തിൻെറ ഭാരത്തോളവും അവൻെറ വചനങ്ങളുടെ മഷിയോളവും, അ ല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധി യെ ഞാൻ വാഴ്ത്തുന്നു." (മുസ്ലിം)

പൂർവ്വീകരെല്ലാം അല്ലാഹുവിന്ന് അനുയോജ്യമായ വിധത്തിൽ യാതൊരു മാററത്തിരുത്തലോ നിരാകരണമോ ഉപമിക്കലോ രൂപം നൽകലോ കൂടാതെ അല്ലാഹുവിൻെറ മനസ്സ് സ്ഥിരപ്പെ ടുത്തിയവരായിരുന്നു. അക്കാരണത്താൽ തന്നെ അല്ലാഹുവി ന്ന് അവന്നനുയോജ്യമായ മനസ്സുണ്ടെന്ന് സ്ഥിരപ്പെടുത്തൽ നിർബന്ധമാണ്.

***[ഇവിടെ പറഞ്ഞതായ മൂന്ന് വിശേഷണങ്ങളെ കൂടാ തെ വേറേയും ധാരാളം സ്വിഫത്തുകൾ ദാത്തിയായി തന്നെ (അസ്തിത്വപരമായവ) നമുക്ക് കാണാവുന്നതാ ണ്. ഈ വിഷയത്തിൽ മലയാളത്തിൽ മറെറാരു ഗ്രന്ഥം കാണാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ സാന്ദർഭി കമായി ഗ്രന്ഥകാരൻ തൻെറ ഈ കൃതിയിൽ വിവ രിച്ചിട്ടില്ലാത്തതും എന്നാൽ അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിൻെറ വിശ്വാസത്തിൽ പെട്ടതും ഖുർആ നും ഹദീസും***

***വ്യക്തമാക്കിയതും മാററത്തിരുത്തൽ കൂടാതെ സലഫു സ്വാലിഹുകൾ അംഗീകരിച്ച് സ്ഥിര പ്പെടുത്തിയതുമായ ഏതാനും വിശേഷണങ്ങൾകൂടി താഴെ വിവരിക്കാൻ ഉദ്ദേശിക്കുന്നു. വിവർത്തകൻ].***

## അല്ലാഹുവിൻെറ കണ്ണ് : (العين)

അല്ലാഹു പറയുന്നു:

وَاصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا (سورة الطور ٤٨)

“നിൻെറ രക്ഷിതാവിൻെറ തീരുമാനത്തിന് നീ ക്ഷമാപൂർവ്വം കാത്തിരിക്കുക, തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിലാകു ന്നു.” (തൂർ 48)

ദജ്ജാലിനെ സംബന്ധിച്ച് പ്രവാചകൻ(സ) പറയുന്നു:

إِنَّهَ هُوَ أَعْوَرُ وَإِنَّ رَبَّكُمْ لَيْسَ بِأَعْوَرُ (بخاري)

“തീർച്ചയായും അവൻ (ദജ്ജാൽ) കണ്ണ്പൊട്ടനായിരിക്കും എന്നാൽ നിങ്ങളുടെ റബ്ബ് കണ്ണ്പൊട്ടനല്ല.” (ബുഖാരി)

## അല്ലാഹുവിൻ കണങ്കാൽ : (الساق)

ഖുർആൻ പറയുന്നു:

وَيَوْمَ يُكْشَفُ عَنْ سَاقٍ وَيُدْعَوْنَ إِلَى السُّجُودِ (سورة القلم ٤٢)

“കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്ക പ്പെടും.” (ഖലം 42)

നബി(സ) പറഞ്ഞു:

يَكْشِفُ رَبُّنَا عَنْ سَاقِهِ فَيَسْجُدُ لَهُ كُلُّ مُؤْمِنٍ وَمُؤْمِنَةٍ وَيَبْقَى مَنْ كَانَ يَسْجُدُ فِي الدُّنْيَا رِيَاءً وَسَمْعَةً فَيَذْهَبُ لِيَسْجُدَ فَيَعُودُ ظَهْرُهُ طَبَقاً وَاحِداً (البخاري)

“(അന്നേരം) നമ്മുടെ റബ്ബ് കണങ്കാൽ വെളിവാക്കും അപ്പോൾ ദുനിയാവിൽ പ്രശസ്തിക്കും മററുള്ളവരെ കാണിക്കുവാനും വേണ്ടി (നമസ്കരിച്ച്) സുജൂദ് ചെയ്തവർ ഒഴിച്ച് മറെറല്ലാ വിശ്വാസികളും വിശ്വാസിനികളും അവന് സുജൂദ് ചെയ്യും, അവരും സുജൂദിനായിട്ടൊരുങ്ങും അപ്പോൾ അവരുടെ മുതുക് (വളയാത്തവിധം നട്ടെല്ല്) ഒററ കഷ്ണമായിമാറിയിരിക്കും.
(ബുഖാരി).

മേൽ പറഞ്ഞ ആയത്തിലും ഹദീസിലും വന്നിട്ടുള്ള കണങ്കാ ല് എന്ന വിശേഷണം അങ്ങനെത്തന്നെ അല്ലാഹുവിനുണ്ടെന്ന് സ്ഥിരീകരിക്കലാണ് സലഫുകളുടെ മാതൃക.

## അല്ലാഹുവിൻെറ കാല്, പാദം : (الرجل، القدم)

അല്ലാഹുവിന് അവനനുയോജ്യമായ നിലക്കുള്ള കാല് മററു ചില റിപ്പോർട്ട് പ്രകാരം പാദ മുണ്ട് എന്നത് സ്വഹീഹായ ഹദീ സുകളിൽ വന്നിട്ടുള്ളത് അങ്ങനെത്തന്നെ വിശ്വസിക്കുകയാണ് മുൻഗാമികളായ സലഫ് ചെയ്തിട്ടുള്ളത് അതേ പ്രകാരം നാ മും വിശ്വസിച്ച് മേൽ പറയപ്പെട്ട സ്വിഫതുകൾ അല്ലാഹുവിന്ന് സ്ഥിരീകരിക്കൽ നിർബന്ധമാണ്.

لاَتَزَالُ جَهَنَّمُ يُلْقَى فِيهَا وَهِيَ تَقُولُ هَلْ مِنْ مَزِيدٍ حَتَى يَضَعَ رَبُّ الْعِزَّةِ رِجْلَهُ –وَفِي رِوَايَةٍ– قَدَمَهُ فَيَنْزَوِي بَعْضُهَا إِلَى بَعْضٍ فَتَقُولُ قَطٍ قَطٍ (متفق عليه)

“നരകം അതിലേക്ക് (അതിൻെറ ആളുകളെ) ഇട്ടുകൊണ്ടിരി ക്കുമ്പോഴെല്ലാം ഇനിയുണ്ടോ എന്ന് പറഞ്ഞുകൊണ്ടേയിരി ക്കും. അപ്പോൾ അല്ലാഹു തൻെറ കാൽ അതിൽവെക്കും – ചി ല റിപ്പോർട്ടുകളിൽ - പാദം വെക്കും അപ്പോൾ അത് അതങ്ങ് ചുരുണ്ടുകൂടുകയും മതി.. മതി.. എന്ന് പറയുകയും ചെയ്യും”. (മുതഫഖുൻ അലൈഹി).

## അല്ലാഹുവിൻെറ വിരൽ: (الإصبع)

ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്ത ഒരുഹദീസിൽ നമുക്ക് ഇപ്ര കാരം കാണാം, നബി(സ) പറഞ്ഞു:

إِنَّ قُلُوبَ بَنِي آدَمَ كُلَّها بَيْنَ إِصْبَعَيْنِ مِنْ أَصَابِعِ الرَّحْمنِ كَقَلْبٍ وَاحِدٍ يُصْرِفُهُ حَيْثُ يَشَاءُ (مسلم)

"തീർച്ചയായും മനുഷ്യഹൃദയങ്ങളെല്ലാം അല്ലാഹുവിൻെറ ര ണ്ട് വിരലുകൾക്കിടയിൽ ഒരൊററ ഹൃദയം പോലെയാണ്. അ വനുദ്ദേശിക്കുംവിധം അവനത് കൈകാര്യം ചെയ്യുന്നതുമാണ്."
(മുസ്‌ലിം)

മേൽ പറയപ്പെട്ട തിരുവചനത്തിൽ അല്ലാഹുവിൻെറ വിരലുക ളെ സംബന്ധിച്ച് വന്നതിനാൽ അത് അങ്ങിനെത്തന്നെ സ്ഥിരീ കരിക്കുക എന്നതായിരുന്നു സലഫുസ്സ്വാലിഹുകളുടെ മാർഗ്ഗം.

## നാല്, അല്ലാഹുവിൻെറ വരവ്: (المجيء)

അന്ത്യനാളിൽ തൻെറ അടിമകൾക്കിടയിൽ തീർപ്പ് കൽപ്പിക്കാ നായി അല്ലാഹു വരികതന്നെ ചെയ്യും എന്നത് ഖുർആൻ, സു ന്നത്ത്, ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപ്പെട്ട കാര്യമാണ്.
അല്ലാഹു പറയുന്നു:

وَجَاء رَبُّكَ (سورة الفجر ٢٢)

"നിൻെറ നാഥൻ വരികയും ചെയ്താൽ" (ഫജ്ർ 22)

هَلْ يَنْظُرُونَ إلاَّ أنْ يَأتِيَهُمُ اللهُ (سورة البقرة ٢١٠ )

"അല്ലാഹു അവരുടെ അടുക്കൽ വരുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്"(ബഖറ: 210)

സുദീർഘമായ ഒരുഹദീസിൽ നബി(സ) ഇങ്ങനെ പറഞ്ഞു:

حَتَّى إذَا لَمْ يَبْقَ إلاَّ مَنْ يَعْبُدُ اللهَ أتَاهُمْ رَبُّ الْعَالَمِينَ (متفق عليه)

" ..അങ്ങനെ അല്ലാഹുവിനെ ആരാധിച്ചവർമാത്രം ബാക്കിയാ യാൽ ലോകനാഥനായ അല്ലാഹു അവരുടെയടുക്കൽ വരും" (മുതഫഖുൻ അലൈഹി)

മേൽ പറയപ്പെട്ട അല്ലാഹുവിൻെറ വരവ് സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സലഫികൾ ഏകാഭിപ്രായക്കാരാണ്. അക്കാരണ ത്താൽ തന്നെ അതിൽ യാതൊരുവിധ മാററമോ, നിരാകരണ മോ, ഉപമയോ, രൂപപ്പെടുത്തലോ നടത്താതെ നാമും സ്ഥിര പ്പെടുത്തൽ നിർബന്ധമാണ്.

എന്നാൽ ഇതിനെ നിരാകരിച്ച ഒരുകൂട്ടർ അതല്ലാഹുവിൻെറ കൽപ്പന വരലാണ് എന്ന് വിശദീകരിച്ചതായികാണാം. നമുക്ക് മുമ്പ് സൂചിപ്പിച്ച ഖണ്ഡനം തന്നെയാണ് അതിന് നൽകാനു ള്ളത്.

***[ ഗ്രന്ഥകാരൻ എല്ലാ വിശേഷണങ്ങളുടേയും തുട ക്കത്തിലും അവസാനത്തിലും ഒരേ വാചകങ്ങൾ മാ ററം കൂടാതെ ആവർ ത്തിച്ചിട്ടുള്ളത് വിവർത്തന ത്തിൽ നിന്നും ആവർത്തന വിരസത ഭയന്ന്, തു ടർന്ന് പറയുന്ന വിശേഷണങ്ങളിൽനിന്നും ഒഴിവാക്കി യിട്ടുണ്ട്. വിവർത്തകൻ ]***

## അഞ്ച്, അല്ലാഹുവിൻെറ തൃപ്തി: (الرضا)

അല്ലാഹു പറയുന്നു:

رَضِيَ اللهُ عَنْهُمْ وَرَضُوا عَنْهُ (سورة البينة ٨)

"അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു അവർ അല്ലാഹുവി നേയും തൃപ്തിപ്പെട്ടിരിക്കുന്നു" (ബയ്യിന: 8)

നബി(സ) പറഞ്ഞു:

إنَّ اللهَ لَيَرْضَى عَنِ الْعَبْدِ أنْ يَأكُلَ الأكْلَةَ فَيَحْمَدُهُ عَلَيْهَا أوْ يَشْرَبَ الشُّرْبَةَفَيَحْمَدُهُ عَلَيْهَا (مسلم)

"തീർച്ചയായും അല്ലാഹു, ഒരു ദാസൻ ഭക്ഷിക്കുന്നതോടൊപ്പം അല്ലാഹുവിനെ സ്തുതിക്കുന്നതിനേയും കുടിക്കുന്നതോടൊ പ്പം അല്ലാഹുവിനെ സ്തുതിക്കുന്നതിനേയും തൃപ്തിപ്പെടുകത ന്നെ ചെയ്യും" (മുസ്‌ലിം)

മുമ്പ് സൂചിപ്പിച്ചപോലെത്തന്നെ അത് അല്ലാഹുവിന് യോജി ക്കുന്നവിധം യഥാർത്ഥത്തിലുള്ള തൃപ്തിതന്നെയാണെന്ന് സ് ഥിരപ്പെടുത്തൽ നമുക്ക് നിർബന്ധമാണ്.

എന്നാലത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിൻെറ പ്രതിഫല മാണെന്ന് വിശദീകരിച്ചവരുണ്ട്. അവരോട് മുമ്പ് സൂചിപ്പിച്ച മ റുപടിതന്നെയാണ് നമുക്ക് പറയുവാനുള്ളത്.

## ആറ്, അല്ലാഹുവിൻെറ സ്നേഹം: (المحبة)

അല്ലാഹു പറയുന്നു:

فَسَوْفَ يَأْتِي اللهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ (سورة المائدة ٥٤)

“പിന്നീട് അല്ലാഹു ഇഷ്ടപ്പെടുകയും അല്ലാഹുവിനെ ഇഷ്ട പ്പെടുകയും ചെയ്യുന്ന ഒരു ജനതയെ അവൻ കൊണ്ടുവരുന്ന താണ്” (മാഇദ: 54).

പ്രവാചകൻ(സ) ഖൈബർ യുദ്ധദിവസം പറഞ്ഞു:

لأعْطِيَنَّ الرَّايَةَ غَدًا رَجُلاً يُحِبُّ اللهَ وَرَسُولَهُ وَيُحِبُّهُ اللهُ وَرَسُولُهُ (متفق عليه)

“നാളെ, ഞാനീ പതാക അല്ലാഹുവിനേയും അവൻെറ റസൂലി നേയും ഇഷ്ടപ്പെടുന്നതും അല്ലാഹുവും റസൂലും ഇഷ്ടപ്പെടു ന്നതുമായ ഒരാളെ ഏൽപ്പിക്കുകതന്നെ ചെയ്യും” (മുതഫഖുൻ അലൈഹി)

മേൽ പറഞ്ഞ വിശേഷണത്തേയും അല്ലാഹുവിൻെറ പ്രതിഫ ലമാണ് എന്നു പറഞ്ഞ് തള്ളിയവരുണ്ട്. മുമ്പ് പറഞ്ഞ ഖണ്ഡ നം തന്നെയാണ് അതിന് നൽകുവാനുള്ളത്.

## ഏഴ്, അല്ലാഹുവിൻെറ കോപം: (الغضب)

ബോധപൂർവ്വം ഒരു വിശ്വാസിയെ കൊലപ്പെടുത്തിയവരുടെ കാര്യത്തിൽ അല്ലാഹു പറയുന്നു:

وَغَضِبَ اللهُ عَلَيْهِ وَلَعَنَهُ (سورة النساء ٩٣)

“അവൻെറ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപി ക്കുകയും ചെയ്തിരിക്കുന്നു” (നിസാഅ് 93).

നബി(സ) പറഞ്ഞു:

إنَّ اللهَ كَتَبَ كِتَاباً عِنْدَهُ فَوْقَ الْعَرْشِ إنَّ رَحْمَتِي تَغْلِبُ غَضَبِي (متفق عليه)

“അല്ലാഹു സിംഹാസനത്തിൽ അവൻെറയടുക്കൽ, എൻെറ കാരുണ്യം കോപത്തെ അതിജയിച്ചിരിക്കുന്നു എന്ന് ഒരു രേഖ എഴുതിവെച്ചിരിക്കുന്നു. ” (മുതഫഖുൻ അലൈഹി)

മേൽ പറഞ്ഞ കോപത്തെ ശിക്ഷയാണ് എന്ന് പറഞ്ഞ് തള്ളിയ വരുണ്ട്. അവരോട് മുമ്പപറഞ്ഞ മറുപടിക്ക് പുറമെ താഴെ പറ യുന്ന മറ്റൊരു ഖണ്ഡനവും കൂടിയുണ്ട് നമുക്ക്: അല്ലാഹു കോപത്തേയും ശിക്ഷയേയും വേറെവേറെത്തന്നെ പറഞ്ഞിട്ടു ണ്ട് فَلَمَّا آسَفُونَا انْتَقَمْنَا مِنْهُمْ (سورة الزخرف ٥٥) “അവർ നമ്മെ കോ പിപ്പിച്ചപ്പോൾ നാം അവരെ ശിക്ഷിച്ചു” (സുഖ്റുഫ് 55)

ഇവിടെ ശിക്ഷ കോപത്തിൻെറ ഫലമായുണ്ടാകുന്നതാണ് എ ന്ന് വന്നതിൽനിന്ന് കോപം എന്നത് ശിക്ഷയാണ് എന്ന് പറ ഞ്ഞുകൂടാത്തതാണ്.

## എട്ട്, അല്ലാഹുവിൻെറ ദേഷ്യം: (السخط)

അല്ലാഹു പറയുന്നു:

ذَلِكَ بِأَنَّهُمُ اتَّبَعُوا مَا أَسْخَطَ اللهَ (سورة محمد ٢٨)

“അത്, അവർ അല്ലാഹുവിന് ദേഷ്യമുണ്ടാക്കുന്ന കാര്യങ്ങൾ പി ന്തുടർന്നതിനാലാണ് ” (മുഹമ്മദ് 28)

പ്രവാചകൻെറ പ്രാർത്ഥനയിൽ നമുക്ക് ഇങ്ങനെ കാണാം:

اللهُمَّ إنِّي أعُوذُ بِرِضَاكَ مِنْ سُخْطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ (مسلم)

“അല്ലാഹുവേ നിൻെറ തൃപ്തികൊണ്ട് നിൻെറ ദേഷ്യത്തിൽ നിന്നും, നിൻെറ മാപ്പ്കൊണ്ട് നിൻെറ ശിക്ഷയിൽനിന്നും ഞാ ൻ നിന്നോട് രക്ഷതേടുന്നു” (മുസ്ലിം)

ഇവിടേയും ശിക്ഷയാണുദ്ദേശ്യമെന്ന ് പറയുന്നവരുണ്ട് അവ രോടും നമുക്ക് പറയാനുള്ളത് മുമ്പ് പറഞ്ഞതുതന്നെയാണ്.

## ഒമ്പത്, അല്ലാഹുവിൻെറ വെറുപ്പ് : (الكَرَاهَة)

അല്ലാഹു പറയുന്നു:

وَلَكِنْ كَرِهَ اللهُ انْبِعَاثَهُمْ (سورة التوبة ٤٦).

"പക്ഷേ, അവരുടെ പുറപ്പാട് അല്ലാഹു വെറുത്തു" (തൗബ:46).

പ്രവാചകൻ(സ) പറഞ്ഞു:

إنَّ اللهَ كَرِهَ لَكُمْ قِيلَ وَقَالَ وَكَثْرَةَ السُّؤَالِ وَإِضَاعَةَ الْمَالِ (البخاري)

"തീർച്ചയായും അല്ലാഹു ഖാലയും ഖീലയും (അടിസ്ഥാനമി ല്ലാത്ത ആരെങ്കിലും പറഞ്ഞതും പറയപ്പെട്ടതും) അധികരിച്ച ചോദ്യങ്ങളും, ധനം നഷ്ടപ്പെടുത്തുന്നതും നിങ്ങളുടെ മേൽ വെറുത്തിരിക്കുന്നു". (ബുഖാരി)

ഇവിടെ വ്യക്തമാക്കപ്പെട്ട വെറുപ്പിനെ അകററുകയെന്ന് വ്യാ ഖ്യാനിച്ചവരുണ്ട്. അവരോടും മുമ്പ് പറഞ്ഞതായ ഖണ്ഡനം തന്നെയാണ് നമുക്ക് പറയാനുള്ളത്.

## *പത്ത്,* **അല്ലാഹുവിൻെറ ഇറങ്ങൽ**: (النُّزول)

അല്ലാഹുവിൻെറ ഒന്നാം ആകാശത്തിലേക്കുള്ള ഇറങ്ങിവരലും സുന്നത്ത്കൊണ്ടും ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ടതാണ്.
നബി(സ) പറഞ്ഞു:

يَنْزِلُ رَبُّنَا إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ فَيَقُولُ مَنْ يَدْعُونِي فَأَسْتَجِيبُ لَهُ .....(متفق عليه)

"രാത്രിയുടെ മൂന്നിലൊരുഭാഗം ബാക്കി നിൽക്കുന്ന സമയത്ത് നമ്മുടെ റബ്ബ് ഒന്നാനാകാശത്തേക്ക് ഇറങ്ങിവരികയും, ഇപ്രകാ രം പറയുകയും ചെയ്യും 'ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ അവന്ന് ഞാനുത്തരം നൽകുന്നതാണ്'എന്ന്..."( മുതഫഖുൻ അലൈഹി)

ഇതിനെ അല്ലാഹുവിൻെറ കൽപ്പന, കാരുണ്യം, മലക്ക് എന്നൊ ക്കെ വ്യാഖ്യാനിക്കുന്നവരുണ്ട്. അവക്കെല്ലാം മുമ്പ് പറഞ്ഞ മ റുപടിയോടൊപ്പം ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ അവർ ക്ക് ഞാനുത്തരം നൽകുമെന്ന വാക്ക് ഒരിക്കലും അവരുടെ വ്യാഖ്യാനപ്രകാരം ന്യായീകരിക്കാൻ കഴിയുന്നതല്ല. എന്ന മറു പടിയിലൂടേയും നമുക്ക് ഖണ്ഡിക്കുവാൻ സാധിക്കും:

## *പതിനൊന്ന്,*
## **അല്ലാഹുവിൻെറ അത്ഭുതം** : (العجب)

അല്ലാഹു പറയുന്നു:

بَلْ عَجِبْتُ وَيَسْخَرُونَ (سورة الصافات ١٢)

"പക്ഷേ ഞാനത്ഭുതപ്പെട്ടു അവരാകട്ടെ, പരിഹസിക്കുകയും ചെയ്യുന്നു."(സ്വാഫ്ഫാത്ത് 12). ഈ ആയത്ത് عَجِبْتُ (അജി ബ്തു) എന്ന പാരായണ നിയമപ്രകാരമാണ് മേൽ അർത്ഥം. عَجِبْتَ അജിബ്ത എന്നും പാരായണമുണ്ട്.

പ്രവാചക വചനത്തിൽ ഇപ്രകാരം കാണാം

يَعْجِبُ رَبُّكَ مِنَ الشَّابِّ لَيْسَتْ لَهُ صَبْوَةٌ (أحمد ٤/١٥١)

"യാതൊരുവിധ വിനോദങ്ങളിലും ഏർപ്പെടാത്ത യുവാവിനെ സംബന്ധിച്ച് അല്ലാഹു അത്ഭുതപ്പെടുന്നതാണ്" (അഹമദ്4/151).

അത്ഭുതപ്പെടുക എന്നത്കൊണ്ടുള്ള വിവക്ഷ പ്രതിഫലം നൽ കലാണ് എന്ന് വ്യാഖ്യാനിച്ചവരുണ്ട് ഇവിടെയും നേരത്തെ പറ ഞ്ഞത് തന്നെയാണ് ഖണ്ഡനമായി പറയാനുള്ളത്.

അത്ഭുതം രണ്ട് വിധത്തിലുണ്ട്:

ഒന്ന്, അത്ഭുതപ്പെടുന്നവനിൽ നിന്നും വിവിധകാരണങ്ങളാൽ ഒരുകാര്യം മറഞ്ഞുനിൽക്കുകയും പെട്ടന്ന് അത് കാണുക യും ചെയ്താൽ അവൻ പരിഭ്രമിക്കുയും അതൊരുവലിയ കാ ര്യമായി കാണുകയും അൽഭുതപ്പെടുകയും ചെയ്യും. ഇത് അ ല്ലാഹുവിന് ഉണ്ടാകാൻ പാടില്ലാത്തതാണ്. കാരണം അവന്ന് മറഞ്ഞതായി ഒന്നും തന്നെയില്ല.

മറെറാന്ന്, തുല്യതയുള്ളവയുടെ കൂട്ടത്തിൽനിന്നും ഒന്നിനെ പു റത്തെടുക്കുക എന്നുള്ളതാണ്. അതല്ലെങ്കിൽ അത്ഭുതപ്പെടുന്ന വൻെറ അക്കാര്യത്തിലുള്ള അനിവാര്യമായും ഉണ്ടായിരിക്കേ ണ്ട അറിവ്. ഇതാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നതും സ്ഥിരീക രിക്കുന്നതും.

## പന്ത്രണ്ട്, **അല്ലാഹുവിന്റെ ചിരി:** (الضحك)

നബിവചനത്തിൽ ഇപ്രകാരം കാണാം:

يَضْحَكُ اللهُ إِلَى رَجُلَيْنِ يَقْتُلُ أَحَدُهُمَا الآخَرَ يَدْخُلاَنِ الْجَنَّةَ يُقَاتِلُ هذاَ فِي سَبِيلِ اللهِ فَيُقْتَلُ ثُــمَّ يَتُــوبُ اللهُ عَلَــى الْقَاتِلِ فَيُسْتَشْهَدُ (متفق عليه)

“അല്ലാഹു രണ്ടാളുകളുടെ കാര്യത്തിൽ ചിരിക്കുന്നു.! ഒരാൾ മ റ്റൊരാളെ കൊലപ്പെടുത്തുന്നു, രണ്ടാളും സ്വർഗ്ഗത്തിൽ പ്രവേ ശിക്കുകയും ചെയ്യുന്നു!. അതായത് ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധംചെയ്യുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ശേഷം ഘാതകന് അല്ലാഹു പൊറുത്ത്കൊടുക്കുകയും അവ നും രക്തസാക്ഷിത്വം വരിക്കപ്പെടുന്നു. (അങ്ങനെ അവൻ സ്വ ർഗ്ഗത്തിലെത്തുകയും ചെയ്യുന്നു” (മുതഫഖുൻ അലൈ ഹി).

ഇവിടെയും പ്രതിഫലമാണത്കൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യാ ഖ്യാനിക്കുന്നവരുണ്ട്. നേരത്തെ പറഞ്ഞ മറുപടിതന്നെ നാം ആവർത്തിക്കുകയും ചെയ്യുന്നു.

## പതിമൂന്ന്,**അല്ലാഹുവിന്റെ സിംഹാസനോപവിഷ്ടനായിരിക്കൽ:** (الاستواء على العرش)

الرَّحْمنُ عَلَى الْعَرْشِ اسْتَوَى (سورة طــه ٥)

“അല്ലാഹു സംഹാസനത്തിന്മേൽ ഉപവിഷ്ടനായിരിക്കുന്നു” (ത്വാഹ 5). ഇത്പേലെ ഖുർആനിൽ ഏഴു സ്ഥലങ്ങളിൽ കാ ണാവുന്നതാണ്.

പ്രവാചകൻ(സ) പറഞ്ഞു:

إِنَّ اللهَ لَمَّا قَضَى الْخَلْقَ كَتَبَ عِنْدَهُ فَوْقَ الْعَرْشِ أَنَّ رَحْمَتِي سَبَقَتْ غَضَبِي (البخاري)

“അല്ലാഹു സൃഷ്ടിപ്പ് നിർവ്വഹിച്ച് കഴിഞ്ഞപ്പോൾ തന്റെയടു ക്കൽ സിംഹാസനത്തിന്മേൽ ഇപ്രകാരം എഴുതിവെക്കുകയു ണ്ടായി. ‘എന്റെ കാരുണ്യം കോപത്തെ മുൻകടന്നതാണ്’” (ബുഖാരി)

അബൂദാവൂദ്റിപ്പോർട്ട്ചെയ്തമറ്റൊരു ഹദീസുകൂടി കാണുക:

إِنَّ بُعْدَ ما بَيْنَ سَمَاءٍ إِلَى سَمَاءٍ إِمَّا وَاحِدَةٍ أَوْ اثْنَتَانِ أَوْ ثَلاثٍ وَسَبْعُونَ سَنَةً إِلَى أَنْ قَالَ فِي الْعَرْشِ بَيْنَ أَسْفَلِهِ وَأَعْلاَهُ مِثْلَ ما بَيْنَ سَمَاءٍ إِلَى سَمَاءٍ ثُمَّ اللهُ تَعَالَى فَوْقَ ذَلِكَ (أخرجه أيضا الترمذي وابن ماجه)

“രണ്ട് ആകാശങ്ങൾ തമ്മിലുള്ള ദൂരം, അത് ഒന്നോ രണ്ടോ മൂ ന്നോ ഏതായിരുന്നാലും എഴുപത് കൊല്ലമാണ്. പിന്നീട് അർ ശിനെക്കുറിച്ച് പറഞ്ഞു: അതിന്റെ അടിമുതൽ മുകൾവരെയു ള്ളതും രണ്ട് ആകാശങ്ങൾ തമ്മിലുള്ള അത്രയാണ്. പിന്നെ അ തിന്റെ മുകളിൽ അല്ലാഹുവും” (തുർമുദിയും ഇബ്നുമാജ യും ഈഹദീസ് ഉദ്ധരിക്കുന്നുണ്ട്). ഇതിൽ ന്യൂനത പറയപ്പെട്ടി ട്ടുണ്ടെങ്കിലും ശൈഖ് ഇബ്നുൽ ഖയ്യിം(റ) അബൂദാവിന് വിശ ദീകരണമെഴുതിയതിൽ അതുനു മറുപടിയും പറഞ്ഞിട്ടുണ്ട്. (തഹ്ദീബ് സുനനു അബീദാവൂദ് 7/ 92, 93)

അത്കൊണ്ട് അല്ലാഹുവിന് അനുയോജ്യമായ നിലയിൽ അവ ൻ യഥാർത്ഥമായിത്തന്നെ സിംഹാസനത്തിൽ ഉപവിഷ്ടനാണ് എന്ന് നാമും വിശ്വസിക്കൽ നിർബന്ധമാണ്.

ദുർവ്യാഖ്യാനക്കാർ ഇതിനെ ആധിപത്യനായിരിക്കുന്നു എന്ന് അർത്ഥം നൽകി തള്ളിക്കളഞ്ഞിട്ടുണ്ട്. എന്നാൽ പറഞ്ഞ പൊ തുവായ ഖണ്ഡനത്തിനു പുറമെ, നാലാമതായി അങ്ങനെ ഒര ർത്ഥം ഭാഷയിലില്ലായെന്നും, അഞ്ചാമതായി അങ്ങനെ വ്യാ ഖ്യാനിച്ചാൽ അതോടൊപ്പം സിംഹാസനം അല്ലാഹുവിന്റെ അധീനതയിൽ പെട്ടതല്ലാ എന്നും പിന്നീട് അവൻ അധികാരമേ റ്റെടുത്തു എന്നുമുള്ള ഒരുപാട് പൊള്ളത്തരങ്ങൾ പറയേണ്ടി വരും എന്നും നാം ഖണ്ഡിക്കുകയാണ്.

സിംഹാസനം: സിഹാസനം എന്നാൽ ഭാഷയിൽ രാജാക്കന്മാ രുടെ കട്ടിൽ എന്നാണ് അർത്ഥം.

എന്നാൽ ഇസ്ലാമിന്റെ സാങ്കേതികമായ അർത്ഥം അല്ലാഹു അവനനുയോജ്യമാംവിധം ഉപവിഷ്ടനായ ഉന്നതമായിട്ടുള്ള ഒന്ന് എന്നാണ്. അത് അവന്റെ സൃഷ്ടികൾക്കെല്ലാം

മീതെയും അവകളേക്കാളെല്ലാം വലുതുമാണ്. അല്ലാഹു അതിനെ ഉന്നത മായത് عظـــيم , മാന്യമായത് كريم, ശ്രേഷ്ഠമായത് مجيد എന്നൊ ക്കെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

الكرســي കുർസിയ്യ് എന്നാൽ അത് العـــرش സിംഹാസനമല്ല. അർശ് എന്നാൽ അതിന്മേലാണ് അല്ലാഹു ഉപവിഷ്ടനായിട്ടുള്ളത്. കു ർസിയ്യ് എന്നാൽ ഇബ്നുഅബ്ബാസ് (റ) ൽനിന്ന് ഇമാം ഹാകിം (റ) തൻെറ മുസ്തദറകിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഇപ്രകാ രമാണ്.

الكرسي مَوْضِعُ الْقَدَمَيْنِ ، وَالْعَرْشُ لاَيَقْدِرُ أَحَدُ قَدْرَهُ (المستدرك للحاكم).

"കുർസിയ്യ് എന്നാൽ രണ്ട് കാൽപാദങ്ങളുടെ സ്ഥാനമാണ് അ ർശ് അതെങ്ങനെയാണെന്ന് ഒരാൾക്കും കണക്കാക്കാൻ പററാ ത്തതുമാണ്." (ഹാകിം മുസ്തദ്റക് ) ഇത് ബുഖാരിയും മുസ് ലിമും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അവരുടെ നിബന്ധനക ൾക്ക് യോജിച്ചതാണ്.

## *പതിനാല്,*

## **അല്ലാഹുവിൻെറ ഔന്നത്യം : (العلوّ)**

അല്ലാഹു പറയുന്നു:

وَهُوَ الْعَلِيُّ الْعَظِيم (البقرة ٢٥٥)

"അവൻ ഉന്നതനും മഹാനുമാകുന്നു" (ബഖറ: 255).
നബി(സ) സുജൂദിലെ പ്രാർത്ഥനകളിൽ ഇങ്ങനെ പ്രാർത്ഥിക്കാ റുണ്ടായിരുന്നു:

سُبْحَانَ رَبِّيَ الأَعْلَى (مسلم)

"അത്യുന്നതനായ അല്ലാഹു പരിശുദ്ധനാകുന്നു" (മുസ്ലിം)

ഔന്നത്യമെന്ന വിശേഷണം രണ്ട് വിധമുണ്ട്:

ഒന്ന്, അല്ലാഹുവിൻെറ വിശേഷണങ്ങൾ എല്ലാവിധേനയും ഉന്നതമായവയാണ്, അവ യാതൊരുവിധ ന്യൂനതകളുമില്ലാത്ത വയുമാണ്. ഇതിനെ സംബന്ധിച്ച് തെളിവുകൾ സഹിതം മുമ്പ് വിവരിച്ചിട്ടുള്ളവയാണ്.

മററൊന്ന്, അല്ലാഹു ദാതിയായി (അവൻെറ അസ്തിത്വം) എല്ലാ എല്ലാ സൃഷ്ടികളേക്കാളും മീതെയാണ് എന്നുള്ളതാണ്; ഇ ക്കാര്യവും തെളിവുകൾ സഹിതം മുമ്പ് സൂചിപ്പിച്ചതാണെങ്കി ലും താഴെപറയുന്ന തെളിവുകൾ കൂടി ചേർത്തു മനസ്സിലാക്കു ന്നത് ഉചിതമായിരിക്കും.

അല്ലാഹു പറയുന്നു:

أَأَمِنْتُمْ مَنْ فِي السَّمَاءِ (سورة الملك ١٦)

"ആകാശത്തുള്ളവനെപ്പററി നിങ്ങൾ നിർഭയരായിരിക്കുകയാ ണോ ?" (മുൽക് 16)

പ്രവാചകൻ(സ) പറഞ്ഞു:

رَبُّنَا اللهُ الَّذِي فِي السَّمَاءِ تُقَدَّسُ اسْمُكَ (أبوداود)

"ആകാശത്തുള്ളവനായ അല്ലാഹുവാണ് ഞങ്ങളുടെ രക്ഷകൻ നിൻെറ നാമം വാഴ്ത്തപ്പെടുന്നു." (അബൂദാവൂദ്). ഈ ഹദീ സിൻെറ പരമ്പരയിലുള്ള സിയാദത്തുബ്നു മുഹമ്മദ് എന്ന വ്യ ക്തിയെപ്പററി ബുഖാരി, മുൻകറുൽ ഹദീസ് (വെറുക്കപ്പെട്ടവ ൻ) ആണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്തിട്ടുള്ള മുആവിയത്തുബ്നു ഹകമിനെ സംബന്ധിച്ചുള്ള ഹദീസിൽ നബി(സ) അദ്ദേഹത്തി ൻെറ കീഴിലുണ്ടായിരുന്ന അടിമപ്പെൺകുട്ടിയോട് ഇങ്ങനെ ചോദിച്ചതായികാണാം أَيْـــنَ اللهُ (അല്ലാഹു എവിടെയാണ്), അ വൾ പറഞ്ഞു: فِـــي السَّماءِ(ആകാശത്തിലാണ്) എന്ന്. അന്നേരം നബി(സ)പറഞ്ഞു: أَعْتِقْهَا فَإِنَّهَا مُؤْمِنَـــةٌ (നീയവളെ മോചിപ്പിച്ചേക്കു ക തീർച്ചയായും അവൾ വിശ്വാസിനിയാണ്). (മുസ്ലിം)

***[ഇവിടെ സൂചിപ്പിക്കട്ടെ സംഭവം: മുആവിയത്തുബ്നു ഹകം(റ)വിന് ഒരടിമസ്ത്രീയുണ്ടായിരുന്നു. അദ്ദേഹമൊ രിക്കൽ അവളോട് ദേഷ്യപ്പെടുകയും മുഖത്തടിക്കു കയും ചെയ്തെങ്കിലും പിന്നീടതിൽ ഖേദിക്കുകയും അ ക്കാര്യം നബി(സ)യോട് പറയുകയും ചെയ്തു, അന്നേ രം നബി(സ) അദ്ദേഹത്തോട് പറഞ്ഞു: നിനക്കവളെ യങ്ങ് മോചിപ്പിച്ച് സ്വതന്ത്രയാക്കിക്കൂടെ, അദ്ദേഹം അതിന് തയ്യാറായപ്പോൾ അവളെ തൻെറയടുത്ത് കൊണ്ട്വരാൻ പറയുകയും തുടർന്ന് അവളോട് ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു; അതിൽ പെട്ട***

***തായിരുന്നു ഹദീസിൽ പറയട്ടെ أَيْــنَ اللهُ (അല്ലാഹു എ വിടെയാണ്? അവൾ പറഞ്ഞു: فِي السَّماءِ (ആകാശത്തി ലാണ്). പിന്നീട് ചോദിച്ചു: مَنْ أنَا (ഞാൻ ആരാണ്) ? അവൾ പറഞ്ഞു: أَنْــتَ رَسُــولُ اللهِ (നിങ്ങൾ അല്ലാഹുവി ന്റെ റസൂലാണ് ) . അന്നേരംനബി(സ) അവളുടെ യജമാനനായ മുആവിയയോട് പറഞ്ഞു أَعْتِقْهَا فَإِنَّهــا مُؤْمِنَةٌ (അവളെ മോചിപ്പിച്ചേക്ക്അവൾ മുഅ്മിനത്താണ്. വിവർത്തകൻ]***

നബി(സ) ഇംറാനുബ്നു ഹുസൈനിന്റെ പിതാവ് ഹുസൈനു ബ്നു ഉബൈദുൽ ഖുസാഇയുടെ ഇസ്ലാംമതാശ്ലേഷണ സമ യം പറഞ്ഞു: ( أَتْرُكُ السِتَّةَ وَاعْبُــدِ الَّــذِي فِــي السَــماءِ) (ആറെണ്ണം ഒഴിവാ ക്കിയേക്കുക, ആകാശത്തിലുള്ള ഒരുവനെ ആരാധിക്കുകയും ചെയ്യുക). ഇവിടെ ഗ്രന്ഥകാരൻ സൂചിപ്പിച്ചതും, അദ്ദേഹത്തി ന്റെ ഇസ്ലാംമതാശ്ലേഷണ സമയം ഇതല്ലാതെ അദ്ദേഹം പറ ഞ്ഞതായി ഇബ്നുഖുസൈമയിൽനിന്ന് അൽ ഇസ്വാബ: എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ട മററുവാക്കുകളും ഒരുകാര്യം പ്രവാച കൻ(സ) അംഗീകരിച്ചതായി വ്യക്തമാക്കുന്നുണ്ട്. അത് അദ്ദേ ഹത്തോട് നബി(സ) ചോദിച്ചു, നീയിപ്പോൾ എന്തിനെയാണ് ആരാധിക്കുന്നത് അദ്ദേഹം പറഞ്ഞു:

(سِتَّةً فِي الأَرْضِ وَوَاحِدًا فِي السَمَاءِ )

(ആറെണ്ണം ഭൂമിയിലും ഒരെണ്ണം ആകാശത്തുള്ളതും). (ഈ വാചകത്തിലെ ഒരെണ്ണം ആകാശത്തുള്ളത് എന്നത് നബി(സ) അംഗീകരിച്ചു എന്നുസാരം.

അല്ലാഹുവിന്റെ ഔന്നത്യവും അവൻ ആകാശത്തിലാണെന്ന കാര്യവും മുൻകഴിഞ്ഞ സലഫുകളെല്ലാം അംഗീകരിക്കുകയും അല്ലാഹുവിന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ളതിനാൽ നാമും അതങ്ങനെത്തന്നെ അംഗീകരിക്കൽ നിർബന്ധമാണ്.

എന്നാൽ അല്ലാഹുവിന്റെ അസ്തിത്വം ആകാശത്താണ് എ ന്നതിനെ നിരാകരിച്ചവർ അല്ലാഹുവിന്റെ അധികാരവും ആദി പത്യവും ആകാശത്താണെന്ന് ദുർവ്യാഖ്യാനം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. അത്തരക്കാർക്കുള്ള ഖണ്ഡനമായി മുമ്പ് പൊതുവായി പറഞ്ഞതിന്നു പുറമെ അല്ലാഹുവിന്റെ ആദി പത്യം ആകാശത്തും ഭൂമിയിലുമുണ്ട് എന്ന് നാലാമതായും, അത് പരിപൂർണ്ണതയുടെ വിശേഷണമാണ് എന്നത് ബുദ്ധി അം ഗീകരിക്കുന്ന കാര്യമാണ് എന്ന് അഞ്ചാമതായും, അല്ലാഹു ആ കാശത്താണ് എന്നത് സൃഷ്ടികളിൽ പ്രകൃത്യാ ഊട്ടപ്പെട്ടിട്ടുള്ള താണ് എന്നത് ആറാമത്തെ ഖണ്ഡനമായും നാം നിരത്തു കയാണ്.

## അല്ലാഹു ആകാശത്തിലാണെന്നതിന്റെ അർത്ഥം

അല്ലാഹു ആകാശത്തിലാണ് എന്നതിന്റെ വിവക്ഷ, അവൻ ആകാശത്തിന്മേലാണ് എന്നാണ്. അപ്പോൾ ഇവിടെ പ്രയോഗി ക്കപ്പെട്ട فِــي (ഫീ) അഥവാ ഇൽ എന്നതിന്റെ ഉദ്ദേശ്യം عَلَــى (അ ലാ) എന്ന വ്യാപകമായ അർത്ഥത്തിലാണ്. അതല്ലാതെ അല്ലാ ഹുവിനെ പരിമിത സ്ഥലവുമായി ബന്ധിക്കാനുള്ളതല്ല. അത ല്ലെങ്കിൽ അവൻ ഉന്നതിയിലാണ് എന്നുമാവാം. അപ്പോൾ السماء സമാഅ് (ആകാശം) എന്നത് കൊണ്ടുള്ള വിവക്ഷ ഉന്ന തി എന്നാണ്. അല്ലാതെ നാം കാണുന്ന ആകാശമല്ല.

കുറിപ്പ്: ബഹുവന്ദ്യരായ ഗ്രന്ഥകാരൻ - അല്ലാഹു അദ്ദേഹത്തി ന് കരുണചൊരിയട്ടെ - പ്രാവാചകന്റേയും സ്വഹാബികളുടേ യും അടയാളം എന്നനിലക്ക്, അവർ അവരുടെ ആരാധ്യൻ ആ കാശത്താണ് എന്ന് വാദിക്കുന്നതോടൊപ്പം ഭൂമിയിൽ സുജൂദ് ചെയ്യുന്നവരാണ്. എന്ന് പൂർവ്വീകരുടെ ചില ഗ്രന്ഥങ്ങളെ ഉദ്ധ രിച്ച് പറയപ്പെട്ടിട്ടുണ്ട്; എന്നാൽ അത് ശരിയല്ല അതിന്ന് യാ തൊരു രേഖയുമില്ല. അല്ലാഹുവിന്റെ ഔന്നത്യത്തിലുള്ള വി ശ്വാസവും അവന് ചെയ്യുന്ന സുജൂദും ഈ സമുദായത്തിനു ള്ള സവിശേഷതയുമല്ല. അവർക്കുള്ള സവിശേഷതയായി പറ യാൻ പററാത്ത ഒരുകാര്യം അവരുടെ അടയാളമാക്കലും ശരി യല്ല. ഈ വിഷയത്തിൽ പറയപ്പെട്ട ഉദ്ധരണിയാകട്ടെ അതവ രെ പുകഴ്ത്തലുമാകുന്നില്ല. ഇത്തരത്തിലുള്ള വാദങ്ങളിലധിക വും സംശയങ്ങളുണ്ടാക്കിത്തീർക്കുന്നവയുമാണ്.

## ഇമാം മാലിക് ബ്നു അനസ് (റ) ന്റെ മറുപടി:

ഇദ്ദേഹത്തിന്റെ പിതാവല്ല സ്വഹാബിയായ അനസ്ബ്നു മാ ലിക് എന്നത് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ഇവിടെ പ റയപ്പെടുന്ന മാലിക് വേറെയാണ്. ഇദ്ദേഹത്തിന്റെ പിതാമഹ ൻ താബിഉകളിൽ പ്രമുഖനാണ്, അദ്ദേഹത്തിന്റെ പിതാവാക ട്ടെ

സ്വഹാബികളിൽ പെട്ട വ്യക്തിയുമാണ്. ഇദ്ദേഹം ഹിജ്റ: 93 ൽ മദീനയിൽ ജനിക്കുകയും 179 ൽ മദീനയിൽ തന്നെ മര ണപ്പെടുകയും ചെയ്തിട്ടുള്ള വ്യക്തിയാണ്. താബിഉത്താബി ഉകളുടെ കാലക്കാരനാണ് ഇദ്ദേഹം.

മാലിക് (റ)യോട് ചോദിക്കപ്പെട്ടു: അല്ലയോ അബൂ അബ്ദു റഹ്മാൻ, الرَحْمنُ عَلَى الْعَـرْش اسْـتَوَى (അല്ലാഹു സിംഹാസന ത്തിൽ ഉപവിഷ്ടനാണ്) എങ്ങനെയാണ് ഉപവിഷ്ടനായി രിക്കുന്നത്. അദ്ദേഹം പറഞ്ഞു: اَلِاسْـتِوَاءُ غَيْـرُ مَجْهُـولُ (ഉപവിഷ്ട നാണ് എന്നത് അറിയപ്പെടാത്തതല്ല) അതായത് ആശയം അറിയപ്പെട്ടതാണ്. അതായത് ഔന്നത്യവും സ്ഥായീഭാവവും. وَالْكَيْـفُ غَيْـرَ مَعْقُـولُ (അതിൻെറ രൂപം നമുക്കജ്ഞാതമാണ്) അതായത് എങ്ങനെയാണ് ഉപവിഷ്ടനായിരിക്കുന്നത് എന്നത് മനുഷ്യബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയാത്തതാണ്. അല്ലാ ഹു, അവൻെറ വിശേഷണങ്ങൾ ബുദ്ധിക്ക് കണ്ടെത്താവുന്ന തിലും എത്രയോ ഉന്നതവും മഹത്വമേറിയതുമാണ്. وَالإِيمَانُ بِهِ وَاجِـبُ (അതിൽ വിശ്വസിക്കൽ നിർബന്ധവുമാണ്). അതായത് ഉപവിഷ്ടനാണ് എന്ന് ഖുർആനിലും സുന്നത്തിലും വന്നിട്ടു ള്ളത്. وَالسـؤَالُ عَنْـهُ بِدْعَـةٌ (അതിനെക്കുറിച്ച് ചോദിക്കൽ ബിദ്അത്താണ്) അതായത് അതിൻെറ രൂപം എങ്ങനെയെന്ന് ചോദിക്കൽ നബിയുടേയോ സ്വഹാബികളുടേയോ കാലത്ത് ഇ ല്ലാത്തതാണ്. പിന്നെ ചോദിച്ച വ്യക്തിയെ ജനങ്ങളുടെ വിശ്വാ സത്തിൽ കുഴപ്പമുണ്ടാക്കുമെന്ന ഭയം കാരണത്താൽ പള്ളിയി ൽ നിന്നും പുറത്താക്കുവാൻ കൽപ്പിക്കപ്പെട്ടു. തനിക്കൊരു ശി ക്ഷയെന്ന നിലക്ക് വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുന്നത് വിലക്കുകയും ചെയ്തു.

*പതിനഞ്ച്,*

## അല്ലാഹുവിൻെറ സംസാരം: (الكلام)

അല്ലാഹു പറയുന്നു:

وَكَلَّمَ اللهُ مُوسَى تَكْلِيمًا (سورة النساء ١٦٤)

“അല്ലാഹു മൂസയോട് സംസാരിക്കുകയും ചെയ്തു” (നിസാ അ് 164).

مِنْهُمْ مَنْ كَلَّمَ اللهُ (سورة البقرة ٢٥٣)

“അല്ലാഹു (നേരിൽ) സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്” (ബ ഖറ: 253).
നബി(സ) പറഞ്ഞു:

إِذَا أَرَادَ اللهُ أَنْ يُوحِيَ بِأَمْرِهِ تَكَلَّمَ بِالْوَحْيِ (ابن خزيمة وان جرير وابن أبي حاتم)

“അല്ലാഹു തൻെറ കൽപ്പന ബോധനം നൽകാൻ ഉദ്ദേശിച്ചാൽ അവൻ വഹ്യുമായി സംസാരിക്കും” (ഇബ്നു ഖുസൈമ:, ഇ ബ്നു ജരീർ, ഇബ്നു അബീ ഹാതിം)

അല്ലാഹുവിൻെറ സംസാരം അത് അവന് അനുയോജ്യമായ വി ധത്തിലും യഥാർത്ഥത്തിലുള്ളതും തന്നെയാണ്. അവൻെറ ഉ ദ്ദേശ്യമനുസരിച്ച് അതിന്ന് അക്ഷരങ്ങളും കേൾക്കപ്പെടുന്ന ശ ബ്ദവുമുണ്ടായിരിക്കുന്നതാണ്.

അത് അവൻെറ ഉദ്ദേശ്യമനുസരിച്ചാണ് എന്നതിനുള്ള തെളിവാ ണ് താഴെ പറയുന്ന ആയത്ത്:

وَلَمَّا جَاءَ مُوسَى لِمِيقَاتِنَا وَكَلَّمَهُ رَبُّهُ (سورة الأعراف ١٤٣)

“നമ്മുടെ നിശ്ചിത സമയത്തിന് മൂസ വരികയും നമ്മുടെ രക്ഷി താവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ ” (അഅ്റാഫ് 143)

ഇവിടെ സംസാരമുണ്ടായിട്ടുള്ളത് മൂസയുടെ വരവിന്ന് ശേഷ മാണ് എന്നത് അല്ലാഹുവിൻെറ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടിട്ടു ള്ളതാണ്.

അപ്രകാരം തന്നെ ഇനിപറയുന്ന ആയത്ത് അക്ഷരങ്ങളാണ് അതോടൊപ്പം അത് അല്ലാഹുവിൻെറ കലാം സംസാരവുമാണ്

يَا مُوسَى إِنِّي أَنَا رَبُّكَ (سورة طـه ١١،١٢)

“ഓ, മൂസാ തീർച്ചയായും നാം താങ്കളുടെ രക്ഷിതാവാണ്” (ത്വാഹ: 11, 12).
അല്ലാഹുവിൻെറ സംസാരത്തിന് ശബ്ദമുണ്ടായിരിക്കും എന്ന തിന് അല്ലാഹുവിൻെറ വചനംതന്നെ തെളിവാണ്:

وَنَادَيْنَاهُ مِنْ جَانِبِ الطُّورِ الأَيْمَنِ وَقَرَّبْنَاهُ نَجِيًّا (سورة مريم ٥٢)

"പർവ്വതത്തിൻെറ വലതുഭാഗത്ത് നിന്ന് നാം അദ്ദേഹത്തെ വി ളിക്കുകയും, രഹസ്യസംഭാഷണത്തിനായി നാം അദ്ദേഹത്തിന് സാമീപ്യം നൽകുകയും ചെയ്തു" (മറിയം 52). വിളിക്കലും സംഭാഷണവും ശബ്ദം കൂടാതെ കഴിയുകയില്ല എന്നത് വാസ് തവവുമാണ്.

നബി(സ) പറഞ്ഞതായി അബ്ദുല്ലാഹുബ്നു ഉനൈസിൽ നി ന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

يَحْشُرُ اللهُ الْخَلَائِقَ فَيُنَادِيهِمْ بِصَوْتٍ يَسْمَعُهُ مِنْ بُعْدٍ كَمَا يَسْمَعُهُ مِنْ قُرْبٍ: أَنَا الْمَلِكُ أَنَا الدَّيَّانُ (البخاري تعليقا)

"അല്ലാഹു സൃഷ്ടികളെയെല്ലാം ഒരുമിച്ചുകൂട്ടിയ ശേഷം അക ലെ നിന്നു അടുത്തുനിന്നെന്ന പോലെ കേൾക്കാൻ കഴിയുന്ന ശബ്ദത്തിൽഅവൻ വിളിച്ചുപറയും 'ഞാനാണ് രാജാധികാ രി. ഞാനാണ് വിധികർത്താവ്' എന്ന്" (ബുഖാരി, പരമ്പര കൂടാ തെ ഉദ്ധരിച്ചത്). ഫത്ഹുൽബാരിയിൽ പ്രസ്തുത ഗ്രന്ഥകർ ത്താവ് പറയുന്നു, ഇത് (ബുഖാരി തൻെറ) അദബുൽ മുഫ്റ ദിൽ ഉദ്ധരിച്ചിട്ടുണ്ട്, അപ്രകാരംതന്നെ അഹ്മദും അബൂയഅ്ല യും (റ) അവരുടെ മുസ്നദുകളിലും ഇത് മററു രണ്ട് വഴികളി ലൂടെയായി ഉദ്ധരിക്കുന്നുണ്ട്.

അല്ലാഹുവിൻെറ സംസാരം പഴയതും പുതിയതുമുണ്ട്. പഴയ ത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു പണ്ട് മുതലേതന്നെ സം സാരമുള്ളവനാണ്. അത് മുമ്പ് ഇല്ലാതിരുന്നതും ശേഷം പിന്നീ ട് ഉണ്ടായതുമല്ല എന്നർത്ഥം. എന്നാൽ പുതിയതുമാണ് എന്ന തുകൊണ്ടുദ്ദേശിക്കുന്നത് അവൻെറ സംസാരം തൻെറ ഉദ്ദേശത്തിനനുസരിച്ച് ഉദ്ദേശിക്കുന്ന സമയവുമായി ബന്ധപ്പെട്ടും ഉ ണ്ടാകുന്നു എന്നതാണ്.

## അല്ലാഹുവിൻെറ സംസാര വിഷയത്തിൽ അഹ്ലുസ്സുന്നത്തുമായി വിയോജിക്കുന്നവർ

ഈ വിഷയത്തിൽ അഹ്ലുസ്സുന്നത്തുമായി വിയോജിക്കുന്നവർ നിരവധിയുണ്ട് അവയിൽനിന്നും രണ്ട് കക്ഷികളെ മാത്രം നാം ഇവിടെ എടുത്തു പറയുകയാണ്.

ഒന്ന്, ജഹ്മികൾ: ഇക്കൂട്ടരുടെ വാദം സംസാരം അതൊരിക്ക ലും അല്ലാഹുവിൻെറ വിശേഷണമാണെന്ന് പറഞ്ഞുകൂട. അത്അല്ലാഹുവിൻെറ മഖ്ലൂഖുകളിൽ (സൃഷ്ടികളിൽ) ഒന്നാണ്. അതല്ലാഹു വായുവിൽ (അന്തരീക്ഷത്തിൽ) സൃഷ്ടിക്കുന്നു.അ തല്ലങ്കിൽ എവിടെയാണോ കേൾക്കപ്പെടുന്നത് അവിടെ അവൻ സൃഷ്ടിക്കുന്നു. അതവൻെറ സൃഷ്ടി വൈഭവത്തിലാണ് ചേർ ക്കപ്പെടുന്നത്. അതല്ലെങ്കിൽ അല്ലാഹുവിൻെറ ഒട്ടകം, അല്ലാഹു വിൻെറ ഭവനം എന്നതുപോലെ അവൻെറ മഹത്വത്തിലേക്ക് ചേർക്കപ്പെടുന്നതിലാണതും ഉൾപ്പെടുക!

നാമതിനെ താഴെ പറയുംപ്രകാരം ഖണ്ഡിക്കുന്നു:

1, അത് പൂർവ്വീകർ ഐക്യകൺഠേന പറഞ്ഞതിന്ന് എതിരാണ്.
2, അതിനോട് ബുദ്ധിക്ക് യോജിക്കാൻ കഴിയുന്നില്ല. കാരണം സംസാരം സംസാരിക്കുന്നവൻെറ ഒരു വിശേഷണമാണ് അ ല്ലാതെ അതൊരിക്കലും സംസാരിക്കുന്നവനിൽനിന്നും വേർ പെട്ട് സൊന്തമായി നിലനിൽക്കുന്ന ഒന്നല്ല.

3, إِنَّنِي أَنَا اللهُ لَا إِلَهَ إِلَّا أَنَا فَاعْبُدْنِي "തീർച്ചയായും ഞാനാണ് അല്ലാഹു. ഞാനല്ലാതെ ഒരാരാധ്യനുമില്ല, അതുകൊണ്ട് നീ എന്നെയാരാധിക്കുക." (ത്വാഹ: 14) എന്ന് മൂസാനബി (അ) അല്ലാഹുവിൽ നിന്നും കേട്ടു.

ഇത് അല്ലാഹുവല്ലാതെ മററാരെങ്കിലും പറഞ്ഞതായിരിക്കൽ അസംഭവ്യമായ കാര്യമാണ്.

രണ്ട്, അശ്അരികൾ: ഇവർ പറയുന്നത് അല്ലാഹുവിൻെറ സം സാരം എന്നത് അല്ലാഹുവിൻെറ മനസ്സിൽ നിലനിൽക്കുന്ന ഒ രു ആശയം മാത്രമാണ്. അതിന്ന് അല്ലാഹുവിൻെറ ഉദ്ദേശവു മായി യാതൊരു ബന്ധവുമില്ല. എന്നാൽ കേൾക്കപ്പെടുന്ന ശ ബ്ദവും അക്ഷരങ്ങളും അല്ലാഹുവിൽനിന്നുള്ള ആശയത്തെ പ്രകടിപ്പിക്കാനുള്ള ഒരു മാധ്യമം മാത്രമാണ്.
താഴെപറയും വിധം നാമതിനെ ഖണ്ഡിക്കുന്നു:
1, മുൻഗാമികളുടെ ഏകകണ്ഠമായ അഭിപ്രായത്തിന്ന് എതിരാ യ വാദമാണത്.

2, അത് തെളിവുകൾക്ക് എതിരാണ്. കാരണം അല്ലാഹുവിൻെറ സംസാരമാണ് നാം കേൾക്കുന്നത്. അതിൻെറ ശബ്ദം മാത്രം അല്ലാതെ അവൻെറ മനസ്സിലുള്ള ആശയത്തെ നാം കേൾക്കു ന്നില്ല.

3, അത് നാം സ്വീകരിക്കുന്നതിന് എതിരാണ്. കാരണം സംസാ രിക്കുന്നവൻ ഉച്ചരിക്കുന്ന പദങ്ങളാണ് നാം സ്വീകരിക്കുന്നത് അല്ലാതെ സംസാരിക്കുന്നവൻ തൻെറ മനസ്സിൽ മറച്ചുവെക്കു ന്ന ആശയമല്ല.

## ഗ്രന്ഥകാരൻെറ സംസാരത്തെ സംബന്ധിച്ച സംസാരത്തിനൊരു അടിക്കുറിപ്പ്

അദ്ദേഹത്തിൻെറ : مُتَكَلِّمٌ بِكَلَامٍ قَدِيمٍ (അവൻ പണ്ടേയുള്ളത് സംസാരിക്കുന്നവനാണ്.). എന്ന വാക്ക്, അതായത് അവൻ അല്ലാഹു പണ്ടേയുള്ള സംസാരം പുതിയ സന്ദർഭവുമായി ബന്ധപ്പെട്ട് സംസാരിക്കുന്നവനാണ്. ഈ ഒരർത്ഥം മാത്രമാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ ആശയമായി പറയാ ൻ സാധ്യമാവുക. ബാഹ്യാർത്ഥത്തിൽ അദ്ദേഹത്തിൻെറ വാക്കു കളിൽ അല്ലാഹുവിൻെറ സംസാരം പഴയതും പുതിയതുമാണ് എന്ന് കാണുന്നുണ്ടെങ്കിലും അത്കൊണ്ടുള്ള ഉദ്ദേശ്യം മേൽ പറയപ്പെട്ടതാണ്.

മൂസ (അ) യാതൊരു മാധ്യമവും കൂടാതെ അല്ലാഹുവിൻെറ വാക്ക് കേട്ടു എന്ന് അദ്ദേഹം പറഞ്ഞത്: അല്ലാഹുവിൻെറ താ ഴെ പറയുന്ന വചനത്തെ ഉദ്ദേശിച്ചാണ്.

وَأَنَا اخْتَرْتُكَ فَاسْتَمِعْ لِمَا يُوحَى (سورة طـه ١٣)

"താങ്കളെ നാം തിരഞ്ഞെടുത്തിരിക്കുന്നു. അത്കൊണ്ട് ബോ ധനം നൽകപ്പെടുന്നത് ശ്രദ്ധിച്ചുകേൾക്കുക." (ത്വാഹ 13)

ജിബ്‌രീൽ കേട്ടു എന്ന അദ്ദേഹത്തിൻെറ വാക്ക് കൊണ്ടുള്ള ഉ ദ്ദേശ്യം ഇപ്രകാരമാണ്:

قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَبِّكَ (سورة النحل ١٠٢)

"പറയുക പരിശുദ്ധാത്മാവ് നിൻെറ രക്ഷിതാവിൽനിന്ന് അത് ഇറക്കിയിരിക്കുന്നു" (നഹ്ൽ 102)

അപ്രകാരംതന്നെ തൻെറ ദൂതന്മാരിൽനിന്നും മലക്കുകളിൽനി ന്നും ചിലർക്കവൻ അനുവാദം നൽകിയിരിക്കുന്നു എന്നതിൽ മലക്കുകൾ എന്നത് കൊണ്ടുള്ള ഉദ്ദേശ്യം നബി(സ) പറഞ്ഞു:

وَلَكِنَّ رَبَّنَا إِذَا قَضَى أَمْرًا سَبَّحَ حَمَلَةُ الْعَرْشِ ثُمَّ يُسَبِّحُ أَهْلُ السَّمَاءِ الَّذِينَ يَلُونَهُمْ حَتَّى يَبْلُغَ التَّسْبِيحُ أَهْلَ السَّمَاءِ الدُّنْيَا فَيَقُولُ الَّذِينَ يَلُونَ حَمَلَةَ الْعَرْشِ لِحَمَلَةِ الْعَرْشِ .. مَاذَا قَالَ رَبُّكُمْ.. (سورة سبأ ٢٣) فَيُخْبِرُونَهُمْ .(رواه مسلم)

" എന്നാൽ നമ്മുടെ രക്ഷിതാവ് ഒരുകാര്യം തീരുമാനിച്ചു കഴി ഞ്ഞാൽ സിംഹാസന വാഹകർ (മലക്കുകൾ) തസ്ബീഹ് (കീ ർത്തനങ്ങൾ) ചൊല്ലും, പിന്നീട് അവർക്കടുത്തുള്ള ആകാശ ത്തുള്ളവരും തസ്ബീഹ്ചൊല്ലും, അങ്ങനെ ഒന്നാം ആകാശ ത്തുള്ളവർ വരെ അതെത്തും. അപ്പോൾ സിംഹാസന വാഹക ർക്കടുത്തുള്ളവർ സിംഹാസന വാഹകരോട് ചോദിക്കും 'എ ന്താണ് നിങ്ങളുടെ രക്ഷിതാവ് പറഞ്ഞത്'(സബഅ് 23) എന്ന്, അപ്പോളവർ അവർക്ക് അത് പറഞ്ഞുകൊടുക്കുന്നതാണ്" (മു സ്‌ലിം).

എന്നാൽ ദൂതന്മാർ എന്നതിൽ, അല്ലാഹു മുഹമ്മദ്നബി(സ) യോട് ആകാശാരോഹണ രാത്രിയിൽ സംസാരിച്ചകാര്യം സ്ഥി രപ്പെട്ടിട്ടുള്ളതുമാണ്.

അല്ലാഹു വിശ്വാസികളോടും വിശ്വാസിനികളോടും സംസാരി ക്കുന്നതാണ്. അബൂസഈദിൽ ഖുദ്‌രിയ്യ്(റ) ൽനിന്ന്, നബി(സ) പറഞ്ഞു:

يَقُولُ اللهُ لأَهْلِ الْجَنَّةِ يَا أَهْلَ الْجَنَّةِ فَيَقُولُونَ لَبَّيْكَ رَبَّنَا وَسَعْدَيْكَ (متفق عليه)

"അല്ലാഹു സ്വർഗ്ഗക്കാരോട്, അല്ലയോ സ്വർഗ്ഗവാസികളേ എന്ന് വിളിക്കും, അന്നേരംഅവർ നാഥാ ഞങ്ങളിതാ വിളികേട്ടിരിക്കു ന്നു; ഞങ്ങൾ സന്നദ്ധരായിരിക്കുന്നു എന്ന് പറയും" (മുതഫ ഖുൻ അലൈഹി)

അവൻ അവർക്കനുവാദം കൊടുക്കുകയും അവരപ്പോൾ അവ നെ സന്ദർശിക്കുന്നതുമായിരിക്കും. അബൂഹുറൈറ(റ) ൽനിന്ന്, നബി(സ) പറഞ്ഞു:

إِنَّ أَهْلَ الْجَنَّةِ إِذَا دَخَلُوا فِيهَا نَزَلُوا بِفَضْلِ أَعْمَالِهِمْ ثُمَّ يُؤْذَنُ لَهُمْ فِي مِقْدَارِ يَوْمِ الْجُمُعَةِ مِنْ أَيَّامِ الدُّنْيَا فَيَزُورُونَ رَبَّهُمْ ... (ابن ماجة ، والترمذي وقال غريب وضعّفه الألباني)

"സ്വർഗ്ഗക്കാർ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവരുടെ പ്രവർത്തനങ്ങളുടെ ശ്രേഷ്ഠതയനുസരിച്ച് അവർ സ്വീകരിക്ക പ്പെടുന്നതാണ്. പിന്നീടവർക്ക് ദുനിയാവിലെ വെള്ളിയാഴ്ചയു ടെ കണക്കിൽ അനുവാദം നൽകപ്പെടുന്നതായിരിക്കും, അ പ്പോളവർ

തങ്ങളുടെ നാഥനെ സന്ദർശിക്കുന്നതായിരിക്കും" (ഇബ്നുമാജ:, തുർമുദി അദ്ദേഹമിത് ഗരീബ് (ന്യൂനതയുള്ളത്) ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അൽബാനി(റ) ഇതിനെ ദുർബ്ബല ഹദീസായിട്ടണ് കണ്ടിട്ടുള്ളത്)

അപ്രകാരം, അല്ലാഹു വഹ്യായി സംസാരിച്ചാൽ അതിൻെറ ശബ്ദം വാനലോകത്തുള്ളവർ കേൾക്കുമെന്ന ഇബ്നു മസ് ഊദ് നബി(സ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നതായി പറഞ്ഞത്: അവർ മാത്രമാണ്, മേൽപറയപ്പെട്ട പദം എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇബ്നുഖുസൈമ: തൻെറ കിതാബുത്തൗ ഹീദിൽ പരമ്പരയോടുകൂടി പറഞ്ഞിട്ടുള്ളത് 'വാനലോകക്കാർ ആകാശത്തിന് മുഴക്കം കേൾക്കും' എന്നാണ്. എന്നാൽ മുകളി ൽ പറഞ്ഞതായ പദത്തോടുകൂടിയുള്ളത് നവാസുബ്നു സം ആനിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഹദീസാണ്. അതിങ്ങനെ യാണ്.

إِذَا أَرَادَ اللهُ أَنْ يُوحِيَ بِأَمْرِهِ تَكَلَّمَ بِالْوَحْيِ، فَإِذَا تَكَلَّمَ أَخَذَتِ السَّمَوَاتُ مِنْهُ رَجْفَةً، أَوْ قَالَ رَعْدَةً شَدِيدَةً مِنْ خَوْفِ اللهِ ، فَإِذَا سَمِعَ ذَلِكَ أَهْلُ السَمَوَاتِ صَعِقُوا.. ..(رواه ابن خزيمة وابن أبي حاتم)

"അല്ലാഹു ഒരുകാര്യം വഹ്യായി അറിയിക്കാൻ ഉദ്ദേശിച്ചാൽ അവൻ അത് വഹ്യായി സംസാരിക്കും, അവൻ സംസാരിച്ചാ ൽ ആകാശം കിടിലംകൊള്ളുന്നതായിരിക്കും അതല്ലെങ്കിൽ അല്ലാഹുവിനെ പേടിച്ച് വിറകൊള്ളുന്നതായിരിക്കും എന്നാണ് പറഞ്ഞത്. വാനലോകത്തുള്ളവർ അത് കേൾക്കുമ്പോൾ ബോ ധരഹിതരാവുകയും ചെയ്യും" (ഇബ്നുഖുസൈമ, ഇബ്നു അ ബീ ഹാതിം).

***(മേൽ പറഞ്ഞതായ, ഗ്രന്ഥകാരൻെറ സംസാരത്തി നൊരു അടിക്കുറിപ്പ് എന്ന അധ്യായത്തിൽ സൂചന യായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗ്രന്ഥകാരൻ പറ ഞ്ഞതായി ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടില്ല. എ ന്തോ അവ്യക്തതയുള്ളതായിട്ടാണ് മനസ്സിലാകുന്നത്. വിവർത്തനത്തിൽ വന്നിട്ടുള്ള അവ്യക്തതയല്ല എന്ന കാര്യം വായനക്കാർ പ്രത്യേകം മനസ്സിലാക്കേണ്ടതാണ്; വിവർത്തകൻ).***

## ഖുർആനിനെ സംബന്ധിച്ച സംസാരം

ഖുർആൻ അല്ലാഹുവിൻെറ കലാം (സംസാര) മാണ്. അത് അ വൻെറ സൃഷ്ടിയല്ല, അത് അവനിൽനിന്നും ഇറക്കപ്പെട്ടതാണ്, അവനിൽനിന്നു തുടങ്ങി അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യും. അതിൻെറ പദങ്ങളും ആശയവും അല്ലാഹുവിൽനി ന്നുള്ളത് തന്നെയാണ്. അത് അല്ലാഹുവിൻെറ സംസാരമാണ് എന്നതിൻെറ തെളിവാണ് താഴെ പറയുന്ന വചനം:

وَإِنْ أَحَدٌ مِّنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلاَمَ اللهِ (سورة التوبة ٦)

"ബഹുദൈവവിശ്വാസികളിൽ വല്ലവനും നിൻെറയടുക്കൽ അ ഭയം തേടിവന്നാൽ അല്ലാഹുവിൻെറ വചനം അവൻ കേട്ടു ഗ്ര ഹിക്കാൻവേണ്ടി അവന്ന് അഭയം നൽകുക". (തൗബ: 6). അ തായത് ഖുർആൻ.

അത് ഇറക്കപ്പെട്ടതാണെന്നതിനുള്ള തെളിവാണ്:

تَبَارَكَ الذي نزّل الفرقان على عبده (سورة الفرقان ١)

"തൻെറ ദാസന് സത്യാസത്യ വിവേചനപ്രമാണം (ഖുർആൻ) ഇറക്കിയവൻ അനുഗ്രഹ പൂർണ്ണനാകുന്നു." (ഫുർഖാൻ 1) .
അത് സൃഷ്ടിയല്ല എന്നതിൻെറ തെളിവാണ്:

ألا له الخلق ولأمر (سورة لأعراف ٥٤)

"സൃഷ്ടിപ്പുംകൽപ്പനയും അവനുതന്നെയാണ്"(അഅ്റാഫ് 54)
ഇവിടെ കൽപ്പന സൃഷ്ടിയല്ല എന്നാണ് വ്യക്തമാക്കിയിട്ടു ള്ളത്. എന്നാൽ ഖുർആൻ അംറ് കൽപ്പനയാണ്താനും അല്ലാ ഹു പറയുന്നു:

وكذلك أوحينا إليك روحا من أمر ربنا (سورة الشورى ٥٢)

"അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപ്പനയാൽ ജീവ സ്സുററ ഒരു സന്ദേശം ബോധനം നൽകിയിരിക്കുന്നു" (ശൂറ: 52).

ذلك أمر الله أنزل إليكم (سورة الطلاق ٥)

“അതല്ലാഹുവിൻെറ കൽപ്പനയാകുന്നു; അവനത് നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു.” (ത്വലാഖ്: 5)

അതിനാൽ അല്ലാഹുവിൻെറ കലാം അതവൻെറ സ്വിഫതുകളി ൽ നിന്നുള്ളൊരു സ്വിഫത്ത് (വിശേഷണം) ആണ്. അവൻെറ സ്വിഫതുകളൊന്നുംതന്നെ സൃഷ്ടികളല്ലതാനും.

അത് അവനിൽ നിന്നു തുടങ്ങിയതാണ് എന്നതിൻെറ തെളിവാ ണ് അത് അവനിലേക്ക് ചേർത്തുപറയുന്നു എന്നുള്ളത്. ഒരു സംസാരം ആദ്യമായി ആരാണോ പറഞ്ഞത് അവനിലേക്കല്ലാ തെ അത് ചേർത്തു പറയുകയില്ല.

അത് അവനിലേക്ക്തന്നെ മടങ്ങുമെന്നതിന്നുള്ള തെളിവാണ്; അവസാനകാലത്ത് ഖുർആൻ മുസ്ഹഫുകളിൽനിന്നും മനു ഷ്യ മനസ്സുകളിൽനിന്നും ഉയർത്തപ്പെടുമെന്ന് ചില അഥറുക ളിൽ (സ്വഹാബിവചനങ്ങളിൽ) വന്നിട്ടുള്ളത്.

## ഖുർആൻ അക്ഷരങ്ങളും വാക്കുകളുമാണ്

വിശുദ്ധ ഖുർആൻ അക്ഷരങ്ങളും വാക്കുകളുമാണ് എന്നതിന് ഗ്രന്ധകാരൻ -അല്ലാഹു അദ്ദേഹത്തിന് കരുണചെയ്യട്ടെ- താഴെ പറയുന്ന എട്ട് തെളിവുകൾ നിരത്തുന്നു.

1, കാഫിറുകൾ അതിനെ (ഖുർആനിനെ) കവിത എന്ന് പറ ഞ്ഞു തള്ളിക്കളഞ്ഞു: വാക്കുകളും അക്ഷരങ്ങളുമുള്ള ഒന്നി നെയല്ലാതെ ഇങ്ങനെ വിശേഷിപ്പിക്കാനാവുകയില്ല.

2, അല്ലാഹുവിൻെറ വെല്ലുവിളി: ഖുർആനിനെ നിഷേധിച്ചവരെ അതുപോലുള്ള ഒന്ന് കൊണ്ടുവരാൻ അല്ലാഹു വെല്ലുവിളിച്ചു. ഖുർആൻ അക്ഷരങ്ങളും വാക്കുകളുമുൾക്കൊണ്ടതല്ലായിരു ന്നുവെങ്കിൽ മേൽപറഞ്ഞ വെല്ലുവിളി സ്വീകരിക്കാൻ കഴിയാ ത്തതായിരിക്കും. എന്താണ് എന്ന് കൃത്യമായി അറിയുന്ന ഒരു കാര്യത്തിലല്ലാതെ വെല്ലുവിളി ഉണ്ടായിരിക്കുകയില്ല.

3, ഖുർആൻ അവർക്ക് ഓതിടക്കാടുക്കപ്പെടുന്നതാണെന്ന അ ല്ലാഹുവിൻെറ പ്രഖ്യാപനം:

وإذا تتلى عليهم آياتنا بينات قال الذين لا يرجون لقاءنا ائت بقرآن غير هذا أو بدله (سورة يونس ١٥)

“നമ്മുടെ സ്പഷ്ടമായ തെളിവുകൾ അവർക്ക് വായിച്ചു കേൾ പ്പിക്കപ്പെടുമ്പോൾ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്ത വർ പറയും ‘നീ ഇതല്ലാത്ത ഒരു ഖുർആൻ കൊണ്ടുവരിക യോ, ഇതിൽ ഭേദഗതി വരുത്തുകയോ ചെയ്യുക’ എന്ന്.” (യൂ നുസ് 15). അക്ഷരങ്ങളും വാക്കുകളുമുള്ള ഒന്നല്ലാതെ വാ യിക്കപ്പെടാനാകില്ല.

4, അത് പണ്ഡിതന്മാരുടെ മനസ്സിൽ ഹൃദിസ്ഥമാക്കിയും ലൗ ഹുൽ മഹ്ഫൂളിൽ (സുരക്ഷിത ഫലകത്തിൽ) എഴുതപ്പെട്ടും സൂക്ഷിക്കപ്പെടുന്നു, എന്ന അല്ലാഹുവിൻെറ വാക്ക്:

بل هو آيات بينات في صدور الذين أوتوا العلم (سورة العنكبوت ٤٩)

“എന്നാൽ ജ്ഞാനം നർകപ്പെട്ടവരുടെ ഹൃദയങ്ങളിലത് വ്യക്ത മായ ദൃഷ്ടാന്തമാകുന്നു.” (അൻകബൂത് 49).

إنه لقرآن كريم في كتاب مكنون لا يمسه إلاّ المــطهــرون (سورة الواقعة ٧٧،٧٨)

“തീർച്ചയായും ഇത് ആദരണീയമായ ഖുർആൻ തന്നെയാകു ന്നു ഭദ്രമായി സൂക്ഷിക്കട്ടെ ഒരുരേഖയിലെത്രെ അത്. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല” (സൂറത്ത്: വാഖിഅ: 77,78). അക്ഷരങ്ങളും വാക്കുകളുമല്ലാതെ സൂക്ഷി ക്കുവാനും എഴുതുവാനും സാധിക്കുകയില്ല.

5, നബി(സ)യുടെ വാക്ക്:

مَنْ قَرَأَ الْقُرْآنَ فَأَعْرَبَهُ فَلَهُ بِكُلِّ حَرْفٍ عَشْرُ حَسَنَاتٍ، وَمَنْ قَرَأَهُ وَلَحَنَ فِيهِ فَلَهُ بِكُلِّ حَرْفٍ حَسَنَةٌ

“വല്ലവനും നിയമങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ഖുർആൻ പാരായ ണം ചെയ്താൽ അവന്ന് ഓരോ അക്ഷരങ്ങൾക്കും പത്ത് പ്രതി ഫലം ഉണ്ടായിരിക്കുന്നതാണ്, ആരെങ്കിലും അത് (ഖുർആൻ) പാരായണം ചെയ്യുകയും അതിൽ തെററ് സംഭവിച്ചാൽ പോ ലും ഓരോ അക്ഷരത്തിനും അവന്ന് ഓരോ നന്മയുണ്ടായിരി ക്കുന്നതാണ്.” ഇത് സ്വഹീഹാണ് എന്ന്

ഗ്രന്ഥകാരൻ അഭിപ്രാ യപ്പെട്ടിട്ടുണ്ടെങ്കിലും ഇങ്ങനെ ഒന്ന് റിപ്പോർട്ട്ചെയ്ത ആരേ യും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.

6, അബൂബക്കർ, ഉമർ (റ) എന്നിവരുടെ വാക്കുകൾ:

ഖുർആനിലെ ഏതാനും അക്ഷരങ്ങൾ മനപ്പാഠമാക്കുന്നതി നേക്കാൾ ഞങ്ങൾക്ക് താൽപ്പര്യം അത് തെററുകൂടാതെ അർ ത്ഥസഹിതം ശ്രദ്ധിക്കുന്നതാണ്.

7, അലി(റ)വിൻെറ വാക്ക്: വല്ലവനും ഖുർആനിലെ ഒരക്ഷരം നിഷേധിച്ചാൽ അവൻ ഖുർആനിനെ മുഴുവൻ നിഷേധിച്ചു.

8, മുസ്ലിംകളുടെ ഏകകൺഠമായ അഭിപ്രായം: ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നത് പോലെ, വല്ലവനും ഖുർആനിൽനിന്നുള്ള ഒര ദ്ധ്യായമോ, വചനമോ, പദമോ അക്ഷരമോ നിഷേധിച്ചാൽ അ വൻ കാഫിർ (നിഷേധി) ആണെന്ന കാര്യത്തിൽ ഏകാഭിപ്രായ മാണുള്ളത്.

ഖുർആനിലെ അദ്ധ്യായങ്ങളുടെ എണ്ണം 114 ആണ്. അവയിൽ 29 അദ്ധ്യായങ്ങൾ കേവല അക്ഷരങ്ങൾകൊണ്ട് ആരംഭിക്ക പ്പെട്ടവയുമാണ്.

## ഖുർആനിൻെറ വിശേഷണങ്ങൾ

അല്ലാഹു വിശുദ്ധ ഖുർആനിന്ന് മഹത്തായ അനേകം വിശേഷ ണങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ ചിലത് ഗ്രന്ഥകാരൻ എടു ത്തുദ്ധരിച്ചിട്ടുണ്ട്, അവ താഴെ ചേർക്കുന്നു.

1. كتاب الله المبين അല്ലാഹുവിൻെറ സുവ്യക്തമായ ഗ്രന്ഥം:

അതായത് അതിലടങ്ങിയിട്ടുള്ളതായ വിധികളും വാർത്തക ളുമെല്ലാം സുവ്യക്തമാണ്.

2. حبل الله المتين അല്ലാഹുവിൻെറ ബലിഷ്ഠമായ പാശം:

അതായത് അല്ലാഹുവിലേക്കെത്തിച്ചേരുന്നതിനുള്ള കാരണ മായും അവൻെറ ഔദാര്യം മുഖേന വിജയം കരസ്ഥമാക്കു വാനും അവൻ നിശ്ചയിച്ചിട്ടുള്ള അതിശക്തമായ കരാർ.

3. سور محكمات ഖണ്ഡിതമായ അദ്ധ്യായങ്ങൾ:

വ്യക്തമായും വേർതിരിക്കപ്പെട്ടിട്ടുള്ള അദ്ധ്യായങ്ങളാണ് അതി ലടങ്ങിയിട്ടുള്ളത്. അവ ഓരോന്നും മററുള്ളവകളിൽനിന്ന് വേ റിട്ടു നിൽക്കുന്നതും ഖണ്ഡിതമായതും പരസ്പര വൈരുദ്ധ്യ ങ്ങിൽനിന്നും കൂടിക്കലരലുകളിൽനിന്നും കൃത്യമായും സംര ക്ഷിക്കപ്പെട്ടവയുമാണ്.

4. آيات بينات വ്യക്തമായ ദൃഷ്ടാന്തങ്ങൾ:

അതായത് അത് അല്ലാഹുവിൻെറ ഏകത്വത്തേയും, അവൻെറ വിശേഷണങ്ങളേയും, അവൻെറ നിയമങ്ങളുടെ മേന്മയേയും സൂചിപ്പിക്കുന്ന പ്രകടമായ അടയാളങ്ങളാകുന്നു.

5. فيه محكم ومتشابه സുദൃഢമായതും സദൃശമായതും:

സുദൃഢമായത് എന്നാൽ ആശയം വ്യക്തമായവയും, സദൃശ മായവ എന്നാൽ ആശയം അവ്യക്തമായവുമാണ്. എന്നാൽ ഇത് മൂന്നാംനമ്പറായി കൊടുത്തതിനോട് ഒരിക്കലും എതിരല്ല എന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്; അവിടെ ഖണ്ഡിതമാ യവ എന്നും വൈരുദ്ധ്യങ്ങളിൽനിന്നും കൂടിക്കലരലുകളിൽ നിന്നും മുക്തമായവയെന്നും ഇവിടെ ആശയ വ്യക്തതയുമാ ണ് ഉദ്ദേശ്യം. മുതശാബിഹുകളെയും നാം മുഹ്കമുകളിലേ ക്ക് മടക്കിയാൽ അവയെല്ലാം തന്നെ മുഹ്കമ് ആയിത്തീരുന്ന താണ്.

6. حق لا يمكن أن يأتيه الباطل അസത്യം കടന്നുകൂടാത്ത വിധം സത്യസന്ധമാണ്: അതായത് ഒരു വിധേനയും അസ ത്യം കടന്നുകൂടാത്ത വിധം സംരക്ഷിക്കപ്പെട്ടതാണത്.

അല്ലാഹു പറയുന്നു:

لايأتيه الباطل من بين يديه ولا من خلفه تنزيل من حكيم حميد (سورة فصلت ٤٢)

“അതിൻെറ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസ ത്യം വന്നെത്തുകയില്ല.യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ള വൻെറ പക്കൽനിന്നും അവതരിപ്പിക്കപ്പെട്ടതത്രെ അത്” (സൂറ: ഫുസ്വിലത്ത് 42).

7. أنه بريء مما وصفه به المكذبون കള്ളവാദികളുടെ വിശേഷണ ജൽപ്പനങ്ങളിൽ നിന്നുമത് സുരക്ഷിതമാണ്.

കള്ളവാദികളുടെ ‘കവിതയാണത്’ എന്നുതുടങ്ങിയ ജൽപ്പന ങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടതാണത്. അല്ലാഹു പറയുന്നു:

وما علّمناه الشعر وما ينبغي له إن هو إلا ذكر وقرآن مبين (سرة يس ٦٩)

“അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അതദ്ദേ ഹത്തിന് അനുയോജ്യമാവുകയുമില്ല. തീർച്ചയായും അത്, ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ഖുർആനും മാ ത്രമാകുന്നു.” (യാസീൻ 69)

മററുചിലരാകട്ടെ, അവർ പറഞ്ഞത് അത് സിഹ്ർ (മാരണം)ആ ണ് എന്നായിരുന്നു.

إن هذا إلاّ سحر يؤثر إن هذا إلا قول البشر (سورة المدثر ٢٤)

“ഇത് ആരിൽനിന്നോ ഉദ്ധരിക്കപ്പെട്ട മാരണമല്ലാതെയല്ല. ഇത് മനുഷ്യൻെറ വാക്കല്ലാതെ മററൊന്നുമല്ല” (മുദ്ദഥിർ 24,25). അത്തരക്കാരുടെ ജൽപ്പനങ്ങൾക്കുള്ള താക്കീതായി അല്ലാഹു പറയുന്നതിപ്രകാരമാണ്:

سأصليه سقر (سورة المدثر ٢٦)

“അവനെ പിന്നീട് സഖറിലിട്ട് (നരകത്തിലിട്ട്) കരിക്കുന്നതാ ണ്” (മുദ്ദഥ്ഥിർ 26).

8. أنه معجـــزة അത് മുഅ്ജിസത്ത് ആണ്. അതുപോലെ ഒരു ഗ്രന്ഥം കൊണ്ട് വരാൻ ഒരാൾക്കും സാധ്യമല്ല, മററാരെല്ലാം സഹായികളായി ചേർന്നാലുംശരി. ഇക്കാ ര്യം ഖുർആൻ ഇങ്ങിനെ വ്യക്തമാക്കുന്നത് കാണാം.

قل لئن اجتمعت الإنس والجن على أن يأتوا بمثل هذا القرآن لا يأتون بمثله ولو كان بعضهم لبعض ظهيرا (سورة الإسراء ٨٨)

“(നബിയേ), പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവ രുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചു ചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നവരായാൽ പോ ലും ” (ഇസ്റാഅ് 88)

## അല്ലാഹുവിനെ ദർശിക്കൽ

ഐഹിക ജീവിതത്തിൽ വെച്ച് അല്ലാഹുവിനെ ദർശിക്കുക അസംഭവ്യമായ കാര്യമാണ്. ഇക്കാര്യം അല്ലാഹുവിനെ ഒന്ന് കാണാൻ കഴിഞ്ഞെങ്കിലെന്ന മൂസാ(അ) യുടെ അപേക്ഷക്ക് അല്ലാഹു നൽകിയ മറുപടിയിൽ ഇപ്രകാരം വ്യക്തമാക്കിയിട്ടു ള്ളതാണ്. لـن تراني (ســورة الأعــراف ١٤٣)“നിനക്കൊരിക്കലും എന്നെ കാണാൻ കഴിയുന്നതല്ല” (അഅ്റാഫ് 143).

എന്നാൽ പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണാൻ കഴി യുമെന്നത് ഖുർആൻ, സുന്നത്ത്, പൂർവ്വികരുടെ ഇജ്മാഅ് എ ന്നിവയിലൂടെ സ്ഥിരപ്പെട്ടിട്ടുള്ള കാര്യമാണ്.

അല്ലാഹു പറയുന്നു:

وجوه يومئذ ناضرة إلى ربها ناظرة (سورة القيامة ٢٢،٢٣)

“ചില മുഖങ്ങൾ പ്രസന്നമായതും തങ്ങളുടെ രക്ഷിതാവിൻെറ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും” (ഖിയാമ: 22, 23)

كلا إنهم عن ربهم يومئذ لمحجوبون (سورة المطففين ١٥)

“അല്ല, തീർച്ചയായും അവർ (കാഫിറുകൾ) അന്നേ ദിവസം അവരുടെ രക്ഷിതാവിൽനിന്ന് മറക്കപ്പെടുന്നവരാകുന്നു ”
(മുതഫ്ഫിഫീൻ 15)

ഇവിടെ തെമ്മാടികൾ അല്ലാഹുവിനെ കാണുന്നതിൽനിന്ന് മറ യിടപ്പെടും എന്നു വന്നാൽ, പുണ്യവാന്മാർക്ക് അല്ലാഹുവിനെ കാണാൻ കഴിയും എന്നുതന്നെയാണ് വരിക; ഇല്ലാ എങ്കിൽ അവർക്കിടയിൽ യാതൊരു വ്യത്യാസവുമുണ്ടാകുകയില്ല.

ഇക്കാര്യം നബി(സ)യും വ്യക്തമാക്കുന്നത് കാണുക:

إنكم سترون ربكم كما ترون القمر لا تضامون في رؤيته (متفق عليه)

“തീർച്ചയായും അന്ന് നിങ്ങൾ, യാതൊരു അവ്യക്തതയുമില്ലാ ത്ത വിധം ചന്ദ്രനെ കാണുന്നത് പോലെ നിങ്ങളുടെ റബ്ബിനെ കാണുന്നതായിരിക്കും” (മുതഫഖുൻ അലൈഹി)

എന്നാൽ ഇവിടെ പറയപ്പെട്ട ഉപമ കാഴചയെന്നുള്ളതിൽ മാ ത്രമാണ്; അല്ലാതെ കാണപ്പെടുന്ന വസ്തു എന്നുള്ളതിലല്ല എ ന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാരണം അല്ലാഹു, അവന് തു ല്യനോ സദൃശ്യനോ ഇല്ല; അവനെപ്പോലെ ആരും തന്നെയില്ല.

അവർ വിശ്വാസികൾ ഖിയാമത്ത് നാളിൽ സ്വർഗ്ഗ പ്രവേശന ത്തിനു ശേഷം അല്ലാഹു ഉദ്ദേശിക്കുംവിധം അവനെ കാണുക തന്നെ ചെയ്യും. അത് അല്ലാഹുവിന് അനുയോജ്യമായ തരത്തി ൽ യഥാർത്ഥത്തിലുള്ള കാഴ്ച തന്നെ യായിരിക്കും.
നിരാകരണ വാദികളുടെ വ്യാഖ്യാനം : ഇവിടെ കാണുക എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം എന്നതാണ്. അതല്ലെങ്കിൽ ദൃഢമായി അറിയുക, ബോധ്യപ്പെടുക എന്നെല്ലാമാണ്. എന്നാൽ ഒന്നാമത്തെ ദുർ വ്യാഖ്യാനത്തെ മുൻ സൂചിപ്പിച്ചതായ നാലാം നമ്പർ നിയമ പ്ര കാരം നമുക്ക് ഖൺഢിക്കാൻ കഴിയും. രണ്ടാം ദുർവ്യാഖാന ത്തെ (ബോധ്യപ്പെടുക, ദൃഢമായി അറിയുക എന്നത്) മുകളി ൽ പറയപ്പെട്ടതിനു പുറമെ നാലാമതായി മറെറാരു മാർഗ്ഗത്തി ലൂടെയും നാം ഖൺഡിക്കുന്നു; അതെന്തെന്നാൽ ദൃഢമായി അറിയുക ബോധ്യപ്പെടുക എന്നത് പുണ്യവാന്മാർക്ക് ഇഹ ലോകത്ത് വെച്ചുതന്നെ ലഭിക്കുന്നതാണ്, അതുപോലെ തെമ്മാ ടികൾക്കത് പരലോകത്ത് വെച്ചും ലഭിക്കുന്നതുമാണ്.

## വിധി വിശ്വാസം

അല്ലാഹുവിൻെറ വിശേഷണങ്ങളിൽ പെട്ടതാണ് അവൻ താനു ദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നവനാണ് എന്നുള്ളത്.

അല്ലാഹു പറയുന്നത് കാണുക:

إنّ ربّك فعال لما يريد (سورة هود ١٠٧)

"തീർച്ചയായും നിൻെറ റബ്ബ് (രക്ഷിതാവ്) അവൻ ഉദ്ദേശിക്കു ന്നത് പ്രവർത്തിക്കുന്നവനാണ് " (ഹൂദ് 107)

അവൻെറ ഉദ്ദേശത്തിൽ നിന്നും അധികാരത്തിൽ നിന്നും യാ തൊന്നും പുറത്ത് പോകുന്നില്ല. അവൻെറ തീരുമാനവും നിയ ന്ത്രണവുമില്ലാതെ യാതൊന്നും തന്നെ ഉണ്ടാകുന്നതുമല്ല. അവ ൻെറ കൈകളിലാണ് ആകാശ ഭൂമികളുടെ അധികാരം. അവ ൻെറ കാരുണ്യത്താൽ അവനുദ്ദേശിക്കുന്നവന് അവൻ മാർഗ്ഗ ദർശനം നൽകുന്നു. അവൻെറ യുക്തിക്കനുസരിച്ച് അവനു ദ്ദേശിക്കുന്നവരെ അവൻ വഴികേടിലാക്കുകയും ചെയ്യുന്നു. ത ൻെറ പരിപൂർണ്ണമായ ഹിക്മത്തും അധികാരവും അനുസരി ച്ച് അവൻ പ്രവർത്തിക്കുന്നതിനെ ഒരു നിലക്കും ചോദ്യം ചെ യ്യപ്പെടുന്നതല്ല. എന്നാൽ മറെറല്ലാവരും ചോദിക്കപ്പെടുന്നവർ ആണ്. അവർ സംരക്ഷിക്കപ്പെടുന്നവരും ഭരിക്കപ്പെടുന്നവരും ആണ്.
വിധിയിൽ വിശ്വസിക്കൽ നിർബന്ധമാണ്; അതാകട്ടെ പ്രവാ ചകൻ(സ) പഠിപ്പിച്ച താഴെ പറയുന്ന ആറ് ഈമാൻ കാര്യങ്ങ ളിൽ പെട്ടതുമാണ്.

الإيمانُ أنْ تُؤْمِنَ بِاللهِ ، وَمَلَئِكَتِهِ، وَكُتُبِهِ، وَرُسُلِهِ، وَالْيَوْمِ الآخِرِ ، وَالْقَدْرِ خَيْرِهِ وَشَرِّهِ (مسلم وغيره)

"ഈമാൻ (വിശ്വാസം) എന്നാൽ അല്ലാഹുവിലും, മലക്കുകളി ലും, ഗ്രന്ഥങ്ങളിലും, പ്രവാചകന്മാരിലും, അന്ത്യ ദിനത്തിലും, നന്മയും തിന്മയുമാകുന്ന വിധിയിലുമുള്ള വിശ്വാസമാണ്" (മു സ്ലിം. മററു ഹദീസു ഗ്രന്ഥങ്ങളിലും കാണാം)

മറെറാരിക്കൽ നബി(സ) പറഞ്ഞു: "ഞാൻ വിധിയിൽ വിശ്വ സിച്ചിരിക്കുന്നു; അതിലെ മധുരവും കയ്പ്പും, നന്മയും തിന്മയു മാകുന്ന എല്ലാ എല്ലാററിലും." നന്മയും തിന്മയും അതിലെ അ ന്തിമ പര്യവസാനം പരിഗണിച്ചും, മധുരവും കയ്പ്പും അതനു ഭവിക്കുന്ന സമയത്തെ പരിഗണിച്ചു മായിരിക്കും. വിധിയിലെ നന്മകൾ നമുക്ക് ഉപകാരമുള്ളതായിരിക്കും; എന്നാൽ തിന്മ ഒ രിക്കലും അടിസ്ഥാന പരമായി ഉപദ്രവമോ പ്രയാസമോ ഉണ്ടാ ക്കുന്നവയായിരിക്കുകയില്ല.

നന്മയും തിന്മയും വിധിക്കപ്പെട്ടവനേയും അതിൻെറ പര്യവസാ നത്തേയും പരിഗണിച്ചായിരിക്കും. അതിൽ ഐശ്വര്യം, ആരോ ഗ്യം, അനുസരണങ്ങൾ എന്നിങ്ങനെ നന്മയായിട്ടുള്ളതും; ധി ക്കാരം, രോഗം, ദാരിദ്ര്യം എന്നിങ്ങനെ തിന്മയായിട്ടുള്ളതു മു ണ്ടായിരിക്കും. എന്നാൽ അല്ലാഹുവിൻെറ പ്രവർത്തനം എന്ന നിലയിൽ പരിഗണിക്കുമ്പോൾ അതൊരിക്കലും തിന്മയെന്ന് പ റഞ്ഞു കൂടാത്തതാണ്. കാരണം നബി(സ) ഹസനു ബ്നു അ ലി(റ) ന് പഠിപ്പിച്ചു കൊടുത്തതായ പ്രാർത്ഥനയിൽ ഇപ്രകാ രം കാണാവുന്നതാണ്: وَقِنِي شَرَّ مَا قَضَيْتَ "നീ വിധിച്ചതിലുള്ള തിന്മയിൽ നിന്നും നീ എന്നെ

കാക്കേണമേ". ഇവിടെ തിന്മയെ അവൻ വിധിച്ചതിൽ ഉണ്ടായിത്തീരുന്ന തിന്മ എന്നാണ് ചേർ ത്തു പറഞ്ഞത് അല്ലാതെ അവൻ വിധിച്ച തിന്മ എന്നല്ല പറഞ്ഞി ട്ടുള്ളത്.

## വിധി, നാല് കാര്യങ്ങൾ കൊണ്ടല്ലാതെ പൂർണ്ണമാവുകയില്ല

### ഒന്ന്, അല്ലാഹുവിൻെറ അറിവ്:

അല്ലാഹു എല്ലാ കാര്യങ്ങളും മൊത്തമായും സൂക്ഷ്മമായും മുൻകൂട്ടി തന്നെ അറിയുന്നവനാണ്. അല്ലാഹു പറയുന്നു:

ألم تعلم أنّ الله يعلم ما في السموات والأرض إنّ ذلك في كتاب إنّ ذلك على الله يسير (سورة الحج ٧٠)

"ആകാശങ്ങളിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നു ണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അവന് എളുപ്പമുള്ള കാര്യ വുമത്രെ" (ഹജ്ജ് 70)

### രണ്ട്, തീരുമാനങ്ങൾ രേഖപ്പെടുത്തൽ :

അല്ലാഹുവിൻെറ തീരുമാനങ്ങളെല്ലാം ലൗഹുൽ മഹ്ഫൂളിൽ (നിർണ്ണിത രേഖയിൽ) രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അല്ലാഹു വിൻെറ വചനം അതിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക:

ما أصاب من مصيبة في الأرض ولا في أنفسكم إلاّ في كتاب من قبل أن نبرأها (سورة الحديد ٢٢)

"ഭൂയിലോ നിങ്ങളുടെ ശരീരങ്ങളിൽ തന്നെയോ യാതൊരാപ ത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതി നു മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെടുത്തിയിട്ടല്ലാതെ" (ഹ ദീദ് 22) അതായത് അവ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ്.. ഇക്കാ ര്യം പ്രവാചക വചനത്തിലൂടെയും നമുക്ക് കാണാം:

إنّ الله قدر مقادير الخلق قبل أن يخلق السموات والأرض بخمسيـــن ألف سنة (مسلم)

തീർച്ചയായും അല്ലാഹു സൃഷ്ടികളുടെ എല്ലാ തീരുമാനങ്ങ ളും ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിൻെറ അമ്പതിനായിരം കൊല്ലം മുമ്പ് തന്നെ രേഖപ്പെടുത്തിയിരിക്കുന്നു " (മുസ്‌ലിം)

### മൂന്ന്, അല്ലാഹുവിൻെറ ഉദ്ദേശ്യം:

ആകാശഭൂമികളിലെ യാതൊരു കാര്യവും അല്ലാഹുവിൻെറ കാരുണ്യവും യുക്തിയും നിറഞ്ഞ, ഉദ്ദേശ്യ പൂർവ്വമല്ലാതെ ഉ ണ്ടാകുന്നില്ല. അവൻെറ കാരുണ്യത്താൽ അവൻ മാർഗ്ഗ ദർശനം നൽകുന്നു, അത് ലഭ്യമല്ലാതിരിക്കുന്നതിൽ അവൻെറ യുക്തി യും അടങ്ങിയിരിക്കുന്നു. അവൻെറ അധികാരവും യുക്തി യും പരിപൂർണ്ണമാണ് അത്കൊണ്ട് തന്നെ അവനെ ചോദ്യം ചെയ്യുവാൻ ആരുമില്ല. മറെറല്ലാവരും ചോദ്യം ചെയ്യപ്പെടുന്ന വരാണ്. അക്കാരണത്താൽ തന്നെ ഉണ്ടാകുന്ന എല്ലാ കാര്യങ്ങ ളും അവൻെറ നേരത്തെയുള്ള അറിവും ലൗഹുൽമഹ്ഫൂളിൽ അവൻ രേഖപ്പെടുത്തിയതുമനുസരിച്ചായിരിക്കും.

അല്ലാഹു പറയുന്നു: (سـورة القمـر ٤٩) إنّا كـلّ شـيء خلقنـاه بقـدر "തീർച്ചയായും എല്ലാ വസ്തുക്കളേയും നാം സൃഷ്ടിച്ചിരിക്കു ന്നത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു" (അൽ ഖമർ 48)

فمن يرد الله أن يهديه يشرح صدره للإسلام ومن يرد أن يضله يجعل صدره ضيّقا حرجا (سورة الأنعام ١٢٥)

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേ ശിക്കുന്നുവോ അവൻെറ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നു കൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാ ക്കാൻ അവൻ ഉദ്ദേശിക്കുന്നുവോ അവൻെറ ഹൃദയത്തെ ഇടു ങ്ങിയതും ഞെരുങ്ങിയതുമാക്കി തീർക്കുന്നതാണ്" (അൻആം 125)

ഇതിൽ നിന്നും സന്മാർഗ്ഗവും ദുർമാർഗ്ഗവും അവൻെറ ഉദ്ദേശ്യ മനുസരിച്ചു തന്നെയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

### നാല്, എല്ലാം അല്ലാഹുവിൻെറ സൃഷ്ടിപ്പ്:

ആകാശ ഭൂമികളിലുള്ള എല്ലാ വസ്തുക്കളും അല്ലാഹുവിൻെറ സൃഷ്ടി ജാലങ്ങളാണ്. അവനല്ലാതെ അവക്ക് ഒരു സ്രഷ്ടാ വോ സംരക്ഷകനോ ഇല്ല.

അല്ലാവുവിൻെറ വചനം ഇക്കാര്യം വ്യക്തമാക്കുന്നു:

وخلق كل شيء فقدّره تقديرا (سورة الفرقان ٢)
"അവൻ എല്ലാ വസ്തുക്കളേയും സൃഷ്ടിക്കുകയും അതിനെ ശരിയാം വണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ഫുർഖാൻ 2)

ഇബ്റാഹീം നബിയുടെ വചനമായി ഇങ്ങനെ എടുത്തു പറയു ന്നത് കാണുക: والله خلقكم وما تعملون (سورة الصافات ٩٦) "അല്ലാഹുവാണല്ലൊ നിങ്ങളേയും നിങ്ങൾ നിർമ്മിക്കുന്നവയേ യും സൃഷ്ടിച്ചത്" (സ്വാഫ്ഫാത്ത് 96).

## വിധിയും കുററകൃത്യങ്ങളും

മുകളിൽ പറഞ്ഞ തെളിവനുസരിച്ച് അടിമകളുടെ പ്രവർത്തന ങ്ങൾ അത് അനുസരണമാകട്ടെ ധിക്കാരമാകട്ടെ എല്ലാം അല്ലാ ഹുവിൻെറ സൃഷ്ടിയാണ്. എന്നാൽ അതൊരിക്കലും കുററ വാളികൾക്ക് തങ്ങളുടെ കുററങ്ങളെ ന്യായീകരിക്കാനുള്ള തെ ളിവല്ല. ഇക്കാര്യം ധാരാളം തെളിവുകളിലൂടെ മനസ്സിലാക്കാം.

1, അല്ലാഹു അടിമകളുടെ അദ്ധ്വാനം എന്ന് പറയുന്നു:

അല്ലാഹു അടിമകളുടെ പ്രവർത്തനങ്ങളെ അവരിലേക്ക് ത ന്നെ ചേർത്തി അവരുടെ അദ്ധ്വാനം എന്ന് പറയുന്നു.

اليوم تجزى كل نفس بما كسبت (سورة الغافر ١٧)

" ഈ ദിവസം എല്ലാ ഓരോരുത്തർക്കും താൻ സമ്പാദിച്ചതിനു ള്ള പ്രതിഫലം നൽകപ്പെടുന്നത്" (ഗാഫിർ 17)

മനുഷ്യന് പ്രവർത്തനങ്ങൾക്ക് സ്വന്തമായി സ്വാതന്ത്ര്യവും കഴി വും ഇല്ലായിരുന്നുവെങ്കിൽ പ്രവർത്തനങ്ങളെ ഒരിക്കലും അവ നിലേക്ക് ചേർത്ത് പറയുകയില്ല.

2, അല്ലാഹു അടിമകളോട് നന്മ കൽപ്പിക്കുകയും തിന്മ വിരോ ധിക്കുകയും ചെയ്യുന്നു:

മനുഷ്യന് കഴിവുള്ള ഒരു വിഷയമല്ലാതെ അല്ലാഹു കൽപ്പിക്കു കയില്ല എന്നത് ഉറപ്പാണ്. അല്ലാഹു പറയുന്നു:

لا يكلف الله إلا نفسا وسعها (سورة البقرة ٢٨٦)
"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ നി ർബന്ധിക്കുകയില്ല." (ബഖറ: 286)

فاتقوا الله ما استطعتم (سورة التغابن ١٦)

"ആകയാൽ നിങ്ങൾക്ക് സാധ്യമാകുന്നത്ര അല്ലാഹുവെ സൂ ക്ഷിക്കുക " (തഗാബുൻ 16)

മനുഷ്യൻ പ്രവർത്തനങ്ങളിൽ സ്വാതന്ത്ര്യമില്ലാത്ത വിധം നിർ ബന്ധിക്കപ്പെട്ടവൻ ആയിരുന്നുവെങ്കിൽ (കാര്യങ്ങൾ) ചെയ്യാ നോ അല്ലെങ്കിൽ ചെയ്യാതിരിക്കാനോ അവൻ കഴിവുള്ളവനാ കുകയില്ല. കാരണം മജ്ബൂർ (സ്വാതന്ത്ര്യമില്ലാത്ത വിധം നിർ ബന്ധിക്കപ്പെട്ടവൻ) ന് അതിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴി യുകയില്ല.

3, പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യമുള്ളതും ഇല്ലാത്തതും തമ്മി ലുള്ള വ്യത്യാസം എല്ലാവർക്കും അറിയാവുന്നതാണ്. ഒന്നാമ ത്തേതിൽ മാത്രമേ അവന് ഒഴിഞ്ഞുമാറാൻ കഴിയുകയുള്ളൂ.

4, കുററവാളികൾ അറിയുന്നില്ല:

തെററുകൾ ചെയ്യുന്ന മനുഷ്യന് താൻ തെററു ചെയ്യുന്നതിന് മു മ്പ് ഒരിക്കലും തന്നെ തനിക്ക് എന്താണ് അല്ലാഹു കണക്കാക്കി യിട്ടുള്ളത് എന്ന് അറിയുകയില്ല. അത്കൊണ്ട് തന്നെ അവനത് ചെയ്യാനും ഉപേക്ഷിക്കാനും കഴിയും; അങ്ങിനെയാണെങ്കിൽ എങ്ങിനെ അവൻ തെററായ മാർഗ്ഗത്തിൽ മാത്രം പ്രവേശിച്ച്, ശേഷം തനിക്ക് അറിയുക പോലും ചെയ്യാത്ത വിധിയിൽ തെ ളിവ് (തെററിന് ന്യായീകരണം) കണ്ടെത്തുകയും ചെയ്യുക?! അവന് നേരായ മാർഗ്ഗത്തിൽ പ്രവേശിക്കാനും എന്നിട്ട് ശരി പ്രവർത്തിക്കാനും ശേഷം ഇതും അല്ലാഹുവിൻെറ വിധിയാണ് എന്ന് പറയാനുംകൂടി അവന് അവകാശമില്ലേ !?

5, അല്ലാഹു പ്രവാചകരെ നിയോഗിച്ചത് എന്തിന് ? :

അല്ലാഹു പറയുന്നു, അവൻ പ്രവാചകന്മാരെ പറഞ്ഞയച്ചത് ന്യായീകരണത്തിന് പഴുതില്ലാതിരിക്കാനാണ്. അല്ലാഹുവിൻെറ വചനം ശ്രദ്ധിക്കുക:

لئلا يكون للناس على الله حجة بعد الرسل (سورة النساء ١٦٥)

"ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണ്" (നിസാഅ് 165)
ഖദ്ർ (വിധി) കുററവാളികൾക്ക് ന്യായീകരണത്തിനുള്ള ഒരു തെളിവ് (പഴുത്) ആയിരുന്നുവെങ്കിൽ പ്രവാചകരെ അയച്ചതി ൽ ഫലമുണ്ടാകുമായിരുന്നില്ല.

## അല്ലാഹുവിൻെറ സൃഷ്ടിയും അടിമകളുടെ അദ്ധ്വാനവുമാണ്

മേൽ കൊടുത്ത വിവരണങ്ങളിൽ നിന്നും അടിമകളുടെ പ്രവർ ത്തനങ്ങളെല്ലാം അല്ലാഹുവിൻെറ സൃഷ്ടിയാണെന്ന് എന്നും അതോടൊപ്പം തന്നെ അവ അടിമകളുടെ അദ്ധ്വാനമാണ് എ ന്നും; അവ നന്മയായാൽ അല്ലാഹു നല്ലതായ പ്രതിഫലവും, ചീത്തയായാൽ അതിനനുസൃതമായതും നൽകുന്നതാണ് എ ന്നും നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. എന്നാൽ അതെങ്ങിനെ സാധ്യമാകും എന്നതായിരിക്കും ഇനിയുള്ള സംശയം ?

അടിമകളുടെ പ്രവർത്തനം അല്ലാഹുവിൻെറ സൃഷ്ടിയാണെ ന്ന് നമുക്ക് രണ്ട് നിലക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.
ഒന്ന്: അടിമയുടെ പ്രവർത്തനം അവൻെറ വിശേഷണങ്ങളിൽ പെട്ടതാണ്. അടിമയും അവൻെറ വിശേഷണങ്ങളും അല്ലാഹു വിൻെറ സൃഷ്ടിയാണ്.

രണ്ട്: അടിമയുടെ അവൻെറ മാനസികമായ ഉദ്ദേശ്യവും ശാരീ രികമായ കഴിവും അനുസരിച്ചാണ് ഉണ്ടാകുന്നത്. അത് രണ്ടും ഇല്ലെങ്കിൽ പ്രവർത്തനം ഉണ്ടാകുന്നതല്ല; എന്നാൽ ഉദ്ദേശ്യവും കഴിവും സൃഷ്ടിച്ചവനാകട്ടെ അത് അല്ലാഹുവാണ്. അപ്പോൾ കാരണത്തെ സൃഷ്ടിച്ചവൻ അത്മൂലം ഉണ്ടായിത്തീരുന്നതി ൻേറയും സ്രഷ്ടാവ് തന്നെയാണ്. അപ്പോൾ അടിമയുടെ പ്രവ ർത്തനം അല്ലാഹുവിലേക്ക് ചേർത്തു പറയൽ കാര്യത്തെ അത് ഉണ്ടാകുവാനുള്ള കാരണത്തിലേക്ക് ചേർത്തു പറയലാണ് അ തല്ലാതെ നേരിട്ടുള്ള ബന്ധമല്ല. യഥാർത്ഥത്തിൽ നേരിട്ട് ബന് ധപ്പെടുന്നത് അടിമയാണ്. അത്കൊണ്ട്തന്നെയാണ് പ്രവർത്ത നത്തെ അവനിലേക്കുള്ള അദ്ധ്വാനവും പരിശ്രമവുമായി ചേർ ത്ത് പറഞ്ഞത്. അതോടൊപ്പം അത് അല്ലാഹുവിൻെറ സൃഷ്ടി യും നിയന്ത്രണവുമായി ചേർത്ത് പറഞ്ഞതും. രണ്ട് നിലക്ക് പ റഞ്ഞതായ ഓരോന്നിനും അതിൻേറതായ പരിഗണന വെച്ചാ ണെന്ന് മാത്രം; കൂടുതൽ അല്ലാഹുവിന് അറിയാം.

## القضاء والقدر ഖളാഅ് ഖദ്ർ (വിധി വ്യവസ്ഥകൾ) നിഷേധിക്കുന്നവരും അവർക്കുളള ഖണ്ഡനവും

ഖദ്ർന് വ്യവസ്ഥ നിശ്ചയിക്കൽ എന്നും കളാഅ് ന് അവ നടപ്പിൽ വരുത്തൽ എന്നും ഏകദേശം നമുക്ക് അർത്ഥം നൽ കാവുന്നതാണ് (വിവർത്തകൻ)

ഒന്നാം വിഭാഗം, ജബരിയാക്കൾ: അടിമ തൻെറ പ്രവർത്തന ങ്ങൾക്ക് സ്വാതന്ത്ര്യമില്ലാത്ത വിധം നിർബന്ധിക്കപ്പെട്ടവരാണ് എന്നതാണ് ജബരിയാക്കളുടെ വാദം.

ഇതിനെ രണ്ട് വിധത്തിൽ നാം ഖണ്ഡിക്കുന്നു:

I അല്ലാഹു മനുഷ്യ പ്രവർത്തനങ്ങളെ അവനിലേക്ക് ചേർ ത്തി അവൻെറ അദ്ധ്വാനമെന്ന് പറഞ്ഞ്; അതിൻെറ ഇനമനുസ രിച്ച് പ്രതിഫലമോ ശിക്ഷയോ നൽകുമെന്ന് വ്യക്തമാക്കിയിരി ക്കുന്നു. താൻ പ്രവർത്തനങ്ങളിൽ സ്വാതന്ത്ര്യമില്ലാത്ത നിലക്ക് നിർബന്ധിക്കപ്പെട്ടവനാണ് എങ്കിൽ അതൊരിക്കലും അവനി ലേക്ക് ചേർത്ത് പറഞ്ഞു കൂടാത്തതാണ്, അതോടൊപ്പം അവ നെ ശിക്ഷിക്കൽ അക്രമവുമായിരിക്കും.

II എല്ലാ വ്യക്തികളും പ്രവർത്തനത്തിൽ സ്വാതന്ത്ര്യമുള്ള തും നിർബന്ധിതനായി ചെയ്യേണ്ടി വരുന്നതും തമ്മിലുള്ള വ്യത്യാസം സ്വാഭാവികമായും തത്വപരമായും അറിയുന്ന കാര്യ മാണ്. ഒരാൾ മറെറാരാളെ അക്രമിക്കുകയും എന്നിട്ടത് അല്ലാ ഹുവിൻെറ ഖളാഉം ഖദ്റുമാണ് എന്ന് വാദിക്കുകയും ചെയ് താൽ അത് വിഡ്ഢിത്തമാണ്, അത് നിർബന്ധമായും അവൻ മനസ്സിലാക്കേണ്ടതായ കാര്യങ്ങൾക്ക് വിരുദ്ധവുമാണ്.

രണ്ടാം വിഭാഗം: ഖദ്രിയാക്കൾ, അടിമ പ്രവർത്തന രംഗത്ത് പരിപൂർണ്ണ സ്വതന്ത്രരാണ്. അല്ലാഹുവിൻെറ യാതൊരു വിധ ഉദ്ദേശ്യമോ, ശക്തിയോ, സൃഷ്ടിപ്പോ ഒരു നിലക്കും അവനിൽ സ്വാധീനിക്കുന്നില്ല.
രണ്ട് നിലക്ക് നാം ഈ വാദത്തെ ഖണ്ഡിക്കുന്നു:

I, മേൽ പറയപ്പെട്ട വാദം അല്ലാഹുവിൻെറ വചനത്തിന് എതി രാണ്. الله خالق كل شيء (سورة الزمر ٦٢) "അല്ലാഹുവാണ് എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവ് " (സുമർ 62)

والله خلقكم وما تعملون (سورة الصافات ٩٦)

അല്ലാഹുവാണ് നിങ്ങളേയും നിങ്ങൾ നിർമ്മിക്കുന്നവയേയും സൃഷ്ടിക്കുന്നത് . (സ്വാഫ്ഫാത്ത് 96)

**II,** നിശ്ചയം അല്ലാഹു ആകാശ ഭൂമികളുടെ ഉടമസ്ഥനാണ്; അപ്പോൾ പിന്നെ എങ്ങിനെയാണ് അവൻെറ ഉടമസ്ഥതയിൽ അവൻെറ ഉദ്ദേശ്യത്തിനും സൃഷ്ടിപ്പിനും ബന്ധമില്ലാത്ത ഒന്ന് ഉണ്ടാവുക ?!

അല്ലാഹുവിൻെറ ഉദ്ദേശ്യത്തെ കൗനിയ്യത്ത് (പ്രാപഞ്ചികം)
ശറഇയ്യത്ത് (നിയമപരം) എന്നിങ്ങനെ രണ്ട് വിഭാഗമായി തിരിക്കുന്നു.

കൗനിയ്യത്ത്: (പ്രാപഞ്ചികം) ഇതിന് മശീഅത്ത് (തീരുമാനം) എന്ന അർത്ഥമാണ് . അല്ലാഹു പറയുന്നത് കാണുക:

فمن يرد الله أن يهديه يشرح صدره للإسلام ومن يرد أن يضله يجعل صدره ضيّقا حرجا (سورة الأنعام ١٢٥)

ഏതൊരാളെ നേർവഴിയിലേക്കു നയിക്കുവാൻ അല്ലാഹു ഉ ദ്ദേശിക്കുന്നുവോ അവൻെറ ഹൃദയത്തെ ഇസ്ലാമിലേക്ക് അ വൻ തുറന്നു കൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴ വിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവൻെറ ഹൃദയത്തെ ഇടു ങ്ങിയതും ഞെരുങ്ങിയതുമാക്കി തീർക്കുന്നതാണ്. (സൂറ: അൻആം 125).

ശറഇയ്യത്ത് (നിയമപരം): ഇത്കൊണ്ട് ഉദ്ദേശിക്കുന്നത് മഹ ബ്ബത്ത് (ഇഷ്ടം/ ആഗ്രഹം) എന്നതാണ്. അല്ലാഹു പറയുന്നു:

والله يريد أن يتوب عليكم (سرة النساء ٢٧)

അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാനുദ്ദേശിക്കു ന്നു" (നിസാഅ് 27).
മേൽ പറഞ്ഞതായ രണ്ട് കാര്യങ്ങൾ തമ്മിലുള്ള വ്യത്യാസം, കൗനിയ്യത്ത് (പ്രാപഞ്ചികം) എന്നത് ഉണ്ടാകൽ നിർബന്ധമാ ണ് പക്ഷേ അത് അല്ലാഹുവിന് ഇഷ്ടപ്പെട്ട നിലയിൽ ആയി ക്കൊള്ളണമെന്നില്ല. എന്നാൽ ശറഇയ്യത്ത് (നിയമപരം) എന്ന ത് അല്ലാഹുവിന് ഇഷ്ടപ്പെട്ട നിലയിലല്ലാതെ ഉണ്ടാകുകയില്ല. പക്ഷേ അത് അതുണ്ടാവുക എന്നത് നിർബന്ധമുള്ളതല്ല.

## الإيمان വിശ്വാസം

ഈമാൻ എന്നാൽ ഭാഷയിൽ തസ്ദീഖ് (സത്യപ്പെടുത്തുക) എന്നാണ് അതിനർത്ഥം.
സാങ്കേതികമായി പറഞ്ഞാൽ قَوْلٌ بِاللسَانِ وَعَمَلٌ بِالأَرْكَانِ وعَقْدٌ بِالْجِنَانِ (കൗലുൻ ബില്ലിസാൻ വ അമലുൻ ബിൽ അർകാൻ വ അഖ്ദുൻ ബിൽ ജിനാൻ) നാവ്കൊണ്ട് വ്യക്തമാക്കുക, അ വയവങ്ങളെ കൊണ്ട് പ്രവർത്തിക്കുക, ഹൃദയം കൊണ്ട് ദൃഢ മാക്കുക. എന്നതാണ്.

വാക്കിനുള്ള ഉദാഹരണമാണ്: ലാ ഇലാഹ ഇല്ലല്ലയുടെ പ്രഖ്യാ പനം.

പ്രവർത്തനത്തിനുള്ള ഉദാഹരണമാണ്: റുകൂഅ്

മനസ്സിലെ ദൃഢീകരണത്തിനുള്ള ഉദാഹരണമാണ്: വിശ്വസി ക്കൽ നിർബന്ധമായ അല്ലാഹുവിലും മലക്കുകളിലുമെല്ലാമു ള്ള വിശ്വാസം.

മേൽ പറഞ്ഞതെല്ലാം വിശ്വാസത്തിൽ പെട്ടതാണ് എന്നതിനു ള്ള തെളിവാണ് താഴെ പറയുന്ന ഖുർആൻ വചനം.

وَمَا أُمِرُوا إِلاَّ لِيَعْبُدُوا الله مُخْلِصِين لَهُ الدِّين حُنَفَاءَ وَيُقِيمُوا الصَّلاَةَ وَيُؤْتُوا الزَّكَاةَ وَذَلِكَ دِينُ القَيِّمَةَ (سورة البينة ٥)

''കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമന സ്കരായ നിലയിൽ അവനെ ആരാധിക്കാനും നമസ്കാരം നിലനിർത്താനും സകാത്ത് നൽകുവാനുമല്ലാതെ അവരോട് ക ൽപ്പിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം''(ബയ്യിന: 5)
ഇവിടെ ഇഖ്ലാസ്വും സ്വലാത്തും സകാത്തുമെല്ലാം മതമായി ട്ടാണ് പറഞ്ഞിരിക്കുന്നത്.
അത്പോലെ താഴെ പറയുന്ന നബിവചനങ്ങളും ഇക്കാര്യം വ്യ ക്തമാക്കുന്നു:

الإيمانُ بِضْعُ وسَبْعُون شُعبةً أعْلاهَا شَهَادَةُ أنْ لاَإلهَ إلاَّ اللهُ وَأَدْنَاهَا إمَاطَةُ الأذَى عَنِ الطَّرِيق (مسلم)

''വിശ്വാസം എഴുപതിൽ പരം ശാഖകളുള്ളതാണ്. അതിൽ ഏററവും ഉന്നതമായത് ലാ ഇലാഹ ഇല്ലല്ലാഹു എന്ന വചനവും ഏററവും താഴ്ന്ന പടിയിലുള്ളത് വഴിയിലുള്ള ഉപദ്രവങ്ങൾ എ ടുത്തു മാററലുമാണ്'' (മുസ്ലിം)

സ്വഹീഹുകളിൽ തന്നെയുള്ള മറെറാരു റിപ്പോർട്ടിലുള്ളത്:
وَأَفْضَلُهَا قَوْلُ لاَ إلهَ إلاَّ اللهُ (അതിൽ ഏററവും ശ്രേഷ്ഠമായത് ലാ ഇലാഹ ഇല്ലല്ലാഹു എന്നാണുള്ളത്).

വിശ്വാസം അല്ലാഹുവിനുള്ള കീഴ്‌വണക്കം മുഖേന വർദ്ധിക്കു കയും, അവനെ ധിക്കരിക്കുന്നതിനനുസരിച്ച് കുറയുകയും ചെ യ്യുന്നതാണ്.

അല്ലാഹു പറയുന്നു: فَزَادهُمْ إيماناً (سورة آل عمران ١٧٣)
''അപ്പോൾ അവരുടെ വിശ്വാസം വർദ്ധിക്കുകയാണുണ്ടായത്''
(ആലു ഇംറാൻ 173)

لِيَزْدَادُوا إيماناً مَعَ إيمانِهِمْ (سورة الفتح ٤)

''അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടാ യിത്തീരേണ്ടതിനു വേണ്ടി'' (ഫത്ഹ് 4)

നബി(സ) പറഞ്ഞു:

يُخْرُجُ مِنَ النَارِ مَنْ قَالَ لاَ إلهَ إلاَّ اللهُ وَفِي قَلْبِهِ مِثْقَالَ بُرَّةٍ ، أوْ خَرْدَلَةٍ، أوْ ذَرَّةٍ مِنَ الإيمانِ (البخاري)

''ഹൃദയത്തിൽ ഗോതമ്പു മണിയോളം, അതല്ലങ്കിൽ കടുക് മ ണിയോളം, അതുമല്ലെങ്കിൽ അണുമണിയോളം വിശ്വാസമുള്ള തോടൊപ്പം ആര് ലാ ഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞുവോ അവർ നരകത്തിൽ നിന്നും പുറത്ത് കൊണ്ടുവരപ്പെടുന്നതാ ണ്'' (ബുഖാരി)

ഇവിടെ പ്രവാചകൻ (വിശ്വാസത്തിൽ) ഏററവ്യതാസം പറഞ്ഞ തിൽ നിന്ന്, വർദ്ധനവ് ഉണ്ടാകുമെങ്കിൽ കുറവും ഉണ്ടാകുമെ ന്ന് മനസ്സിലാക്കാവുന്നതാണ്. ഒരുത്തന് അനിവാര്യമായും വർ ദ്ധനവ് ഉണ്ടാകാമെങ്കിൽ വർദ്ധനവിന് അനുസൃതമായി കുറ വും ഉണ്ടാകാവുന്നതാണ്.

# ഭാഗം 2
# فصل في السمعيات
# സംഇയ്യാത്ത്

ശരീഅത്തിൻെറ തെളിവുകളിലൂടെ കേട്ടറിഞ്ഞ് മാത്രം സ്ഥിര പ്പെട്ടിട്ടുള്ളകാര്യങ്ങൾക്കാണ് സംഇയ്യാത്തുകൾ എന്ന് പറഞ്ഞു വരുന്നത്. അവയിൽ ബുദ്ധിക്ക് യാതൊരു പ്രവേശനവുമുണ്ടാ യിരിക്കുന്നതല്ല. നബി(സ) യിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടു ള്ള എല്ലാ വാർത്തകളും സത്യപ്പെടുത്തുകയും വിശ്വസിക്കുക യും ചെയ്യൽ നമുക്ക് നിർബന്ധമാണ്. അവ നമ്മുടെ പഞ്ചേ ന്ദ്രിയങ്ങൾ കൊണ്ട് കണ്ടെത്താൻ കഴിഞ്ഞാലും ഇല്ലെങ്കിലും ശരി. അവ നമ്മുടെ ബുദ്ധികൊണ്ട് എത്തിപ്പിടിക്കാൻ കഴിഞ്ഞാ ലും ഇല്ലെങ്കിലും ശരി.

അല്ലാഹു പറയുന്നു:

''തീർച്ചയായും നിന്നെ നാം സന്തോഷ വാർത്ത അറിയിക്കുന്ന വനും താക്കീത് നൽകുന്നവനുമായിക്കൊണ്ട് സത്യവുമായി അയച്ചിരിക്കുകയാണ്. നരകാവകാശികളെപ്പററി നീ ചോദ്യം ചെയ്യപ്പെടുന്നതല്ല'' (ബഖറ: 119). ഗ്രന്ഥകാരൻ ഇത്തരത്തിലു ള്ള ധാരാളം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

## 1. ഇസ്റാഉം മിഅ്റാജും

ഇസ്റാഅ്: എന്നതിന് ഭാഷയിൽ ഒരു വ്യക്തിയെ രാത്രി സ ഞ്ചരിപ്പിക്കുക എന്നാണ്. രാത്രി സഞ്ചരിക്കുക എന്നതിനും അ ത് പറയപ്പെടാറുണ്ട്.

മതപരമായി അതുകൊണ്ടുള്ള വിവക്ഷ, ജിബ്രീൽ എന്ന മലക്ക് നബി(സ)യേയും കൊണ്ട് മക്കയിൽ നിന്നും ബൈതുൽ മുഖദ്ദസിലേക്ക് നടത്തിയ രാപ്രയാണമാണ്. ഇക്കാര്യം അല്ലാ ഹു ഇങ്ങിനെ വ്യക്തമാക്കിയിരിക്കുന്നു:

سُبْحانَ الَّذِي أَسْرَى بِعَبْدِهِ لَيْلاً مِن الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى (الإسراء ١)

''തൻെറ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹ റാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ'' (ഇസ്റാഅ് 1)

**മിഅ്റാജ്** : എന്നതിന് ഭാഷാപരമായുള്ള അർത്ഥം കയിപ്പോ കാൻ ഉപയോഗിക്കുന്ന ഉപകരണം എന്നാണ്; അതായത് ലിഫ് ററ് എന്ന് പറയാം.

ശറഇയായി അത്കൊണ്ടുള്ള വിവക്ഷ, നബി(സ) ഭൂമിയിൽ നി ന്നും വാനലോകത്തേക്ക് കയറിപ്പോയ കോണി എന്ന് പറയാം. അല്ലാഹു അക്കാര്യം ഇങ്ങിനെ വ്യക്തമാക്കുന്നത് കാണുക:

وَالنَّجْمِ إِذَا هَوَى ما ضَلَّ صاحِبُكُمْ وَما غَوَى (سورة النجم ١،٢) إلى قوله لَقَدْ رَأَى مِنْ آيَاتِ رَبِّهِ الْكُبْرَى (النجم ١٨)

''നക്ഷത്രം അസ്തമിക്കുമ്പോൾ അതിനെ തന്നെയാണെ സത്യം നിങ്ങളുടെ കൂട്ടുകാരൻ വഴിതെററിയിട്ടില്ല. ദുർമാർഗ്ഗിയായിട്ടു മില്ല.'' (നജ്മ് 1,2) എന്നതുമുതൽ 18 ാമത്തെ വചനമായ ''തീർ ച്ചയായും തൻെറ രക്ഷിതാവിൻെറ അതിമഹത്തായ ദൃഷ്ടാന്ത ങ്ങളിൽ ചിലത് അദ്ദേഹം കാണുകയുണ്ടായി '' (നജ്മ് 18). എന്നത് വരെ അക്കാര്യമാണ് വിവരിക്കുന്നത്.

മേൽ പറയപ്പെട്ട രണ്ട് സംഭവങ്ങളും ഒരു രാത്രിയിൽ തന്നെയാ യിരുന്നു നടന്നത് എന്നതാണ് ഭൂരിപക്ഷം പൺഡിതന്മാരുടേ യും അഭിപ്രായം. എന്നാൽ എന്നാണത് സംഭവിച്ചത് എന്ന കാ ര്യത്തിൽ പൺഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമില്ല.

ഇബ്നു അബ്ബാസ്, ജാബിർ(റ) എന്നിവരിൽനിന്നും മുൻഖതി അ് ആയ (കണ്ണിയററ) പരമ്പരയോടുകൂടി ഇബ്നു അബീ ശൈ ബ ഒരു റബീഉൽ അവ്വൽ പന്ത്രണ്ടിന് തിങ്കളാഴ്ച രാവിലായിരു ന്നു അത് എന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നാൽ അവരിൽ നി ഏത് കൊല്ലമായിരുന്നു എന്ന് വ്യക്തമാക്കുന്നില്ല.'

സുഹ്‌രി, ഉർവ: എന്നിവരിൽ നിന്നും, ഹിജ്റക്ക് ഒരു വർഷം മുമ്പ് റബീഉൽ അവ്വലിൽ ആയിരുന്നു പ്രസ്തുത സംഭവങ്ങൾ നടന്നത് എന്ന് ബൈഹഖി(റ) റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നാൽ അവിടേയും ഏത് രാത്രിയായിരുന്നു എന്നകാര്യം വ്യക്തമാ ക്കുന്നില്ല. ഇത് തന്നെയാണ ഇബ്നു സഅദും മററും അഭിപ്രാ യപ്പെടുന്നത്; നവവി(റ) യും ഇക്കാര്യമാണ് തറപ്പിച്ചു പറഞ്ഞി രിക്കുന്നത്.

സുദ്ദിയിൽ നിന്നും, ഹിജ്റയുടെ പതിനാറ് മാസം മുമ്പായിരു ന്നു അതെന്ന് ഹാകിം റിപ്പോർട്ട് ചെയ്യുന്നുണ്ട്. അപ്പോഴത് ദുൽ ഖഅദ് മാസത്തിലാണ് വരിക.

അത്പോലെ ഹിജ്റയുടെ മൂന്ന് കൊല്ലം മുമ്പായിരുന്നു എ ന്നും, അഞ്ച്കൊല്ലം മുമ്പായിരുന്നു എന്നും ആറ് കൊല്ലം മു മ്പായിരുന്നു എന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്.

എന്നാലത് ഉണർച്ചയിൽ തന്നെയായിരുന്നു. സ്വപ്നമായിരുന്നി ല്ല. കാരണം ഖുറൈശികൾ പ്രസ്തുത സംഭവത്തെ വലുതായി കാണുകയും നിഷേധിക്കുകയും ചെയ്യുകയുമുണ്ടായി. സ്വപ്ന മായിരുന്നുവെങ്കിൽ അവർ അതിനെ നിഷേധിക്കുമായിരുന്നില്ല.
സംഭവ സംഗ്രഹം: അല്ലാഹു ജിബ്രീൽ (അ) യോട് നബി (സ) യേയും കൊണ്ട് ബുറാഖിന്മേൽ *(കോവർ കഴുതയോട് സാ ദൃശ്യമുള്ള ഒരു മൃഗം ആയിരുന്നു അത് എന്ന് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട് വിവർത്തകൻ)* ബൈതുൽ മുഖദ്ദസിലേ ക്ക് രാപ്രയാണം ചെയ്യാനും അതിനു ശേഷം ആകാശ ലോക ങ്ങളിലെ ഓരോ ആകാശത്തേക്കും കയറിപ്പോകുവാനും കൽ പ്പിക്കുകയുണ്ടായി. അങ്ങിനെ (അല്ലാഹു തൻെറ തീരുമാനങ്ങ ൾ രേഖപ്പെടുത്തുന്ന) പേനയുടെ പ്രതിധ്വനി കേൾക്കുന്നിടം വരെ എത്തുകയുണ്ടായി. അവിടെ വെച്ച് അഞ്ച് സമയങ്ങളി ലെ നമസ്കാരം അല്ലാഹു നിർബന്ധമാക്കുകയും ചെയ്തു. സ്വർഗ്ഗവും നരകവും അദ്ദേഹത്തിന് കാണിച്ചു കൊടുത്തു. പ്ര വാചക ന്മാരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയും അ വർക്ക് ഇമാമായി നമസ്കരിക്കുകയും ചെയ്തു. ശേഷം അദ്ദേ ഹം മക്കയിലേക്ക് തിരിച്ചെത്തി ജനങ്ങളോട് താൻ കണ്ട കാഴ് ചകളെ സംബന്ധിച്ച് വിവരിച്ചു; അന്നേരം അവിശ്വാസികൾ അത് കളവാക്കുകയും വിശ്വാസികൾ സത്യപ്പെടുത്തുകയും ചെയ്തു. മറെറാരു വിഭാഗം അതിൽ സംശയിച്ചു നിൽക്കുക യും ചെയ്തു.

## 2 മൂസാ നബിയും മലകുൽ മൗത്തും

മൂസാ നബി(അ)യുടെ അടുക്കൽ മലകുൽ മൗത്ത് അദ്ദേഹ ത്തിൻെറ ആത്മാവിനെ പിടിക്കുവാൻ വേണ്ടി വരികയും അ ന്നേരം മൂസാ(അ) അദ്ദേഹത്തെ അടിക്കുകയും അക്കാരണ ത്താൽ അദ്ദേഹത്തിൻെറ രണ്ട് കണ്ണുകളും പൊട്ടിപ്പോകുക യും ചെയ്തു. അന്നേരം മലക്ക് അല്ലാഹുവിൻെറ അടുക്കലേ ക്ക് മടങ്ങിച്ചെന്ന് ഇപ്രകാരം പറഞ്ഞു أَرْسَلْتَنِي إِلَى عَبْدٍ لاَيُرِيدُ الْمَوْتَ'മരിക്കാൻ ഉദ്ദേശമില്ലാത്ത ഒരു ദാസൻെറ അടുത്തേക്കാണ ല്ലൊ നീ എന്നെ അയച്ചത്'' അപ്പോൾ അല്ലാഹു അദ്ദേഹത്തി ൻെറ ഇരു കണ്ണുകളും മടക്കിക്കൊടുത്ത ശേഷം ഇപ്രകാരം പ റഞ്ഞു ارْجِعْ إِلَيْهِ وَقُلْ لَهُ يَضَعُ يَدَيْهِ عَلَى مَتْنِ ثَوْرٍ فَلَهُ بِماَ غَطَى يَدَهُ بِكُلِّ شَعْرٍ سَنَةٍ
''നീ അദ്ദേഹത്തിൻെറ അടുത്തേക്ക് മടങ്ങിപ്പോവുക, എന്നിട്ട് അദ്ദേഹത്തോട് പറയുക: അദ്ദേഹം ഒരു കാളയുടെ ശരീരത്തി ൽ കൈ വെക്കുകയും പ്രസ്തുത കൈ മറച്ചുവെച്ചതായ രോമ ങ്ങൾ കണക്കെ അത്രയും വർഷം അദ്ദേഹത്തിനുണ്ട് എന്ന്'' അന്നേരം മൂസ(അ) ചോദിച്ചു: അതിനു ശേഷം എന്താണ് ? മ ലക്ക് പറഞ്ഞു: ശേഷം മരണം. അദ്ദേഹം പറഞ്ഞു: എന്നാൽ അത് ഇപ്പോൾ തന്നെ ആയിക്കൊള്ളട്ടെ. അന്നേരം

അദ്ദേഹം അല്ലാഹുവോട് തന്നെ ഒരു കല്ലെടുത്ത് എറിഞ്ഞാൽ എത്തുന്ന അത്രയും അടുത്തദൂരം പരിശുദ്ധ ഭൂമിയോട് അടുപ്പിക്കണമെ ന്ന് ആവശ്യപ്പെട്ടു. നബി(സ) പറയുന്നു:

فَلَوْ كُنْـتُ ثَمَّ لأَرَيْتُكُمْ قَبْرَهُ إِلَى جـانِبِ الطَّرِيق عِنْـدَ الْكَثِيـبِ الأَحْمَـرِ

''ഞാൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ കഥീബുൽ അഹ്മറി ന് അടുത്ത് വഴിയോരത്ത് അദ്ദേഹത്തിൻെറ ഖബർ ഞാൻ നിങ്ങൾക്ക് കാണിച്ചു തരുമായിരുന്നു'' ബുഖാരിയിലും മുസ് ലിമിലുമെല്ലാം സ്ഥിരപ്പെട്ടതാണ് ഈ ഹദീസ്. പുത്തൻ വാദി കളായ പലരും മൂസാനബി (അ) മലക്കിനെ അടിക്കുക എന്ന ത് സംഭവിക്കാൻ പാടില്ലാത്തതാണ് എന്ന് പറഞ്ഞ് നിഷേധി ക്കുന്ന കാരണത്താലാണ് ഗ്രന്ഥകാരൻ ഈ കാര്യം വിശ്വാസ കാര്യത്തിൽ പ്രത്യേകം ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ പറഞ്ഞ നവീനവാദികളുടെ വാദത്തെ നമുക്ക് താഴെ പറ യും വിധം ഖണ്ഡിക്കാൻ കഴിയും:
മൂസാ(അ) യുടെ അടുക്കൽ മനുഷ്യ രൂപത്തിൽ വന്നാണ് മലക്ക് അദ്ദേഹത്തിൻെറ ആത്മാവിനെ ആവശ്യപ്പെട്ടത് അത് കൊണ്ട് തന്നെ അദ്ദേഹത്തിന് ആരാണ് തൻെറ മുന്നിൽ എന്ന് അറിയുമായിരുന്നില്ല. മനുഷ്യപ്രകൃതിയനുസരിച്ച് അത്തരം ഒരു ഘട്ടത്തിൽ പ്രതിരോധിക്കുക എന്നത് സ്വാഭാവികമായും ഉണ്ടായേക്കാവുന്ന ഒരു കാര്യം മാത്രമാണ്. വന്നിരിക്കുന്നത് മലക്കാണ് എന്ന് അദ്ദേഹത്തിന് അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേ ഹം ഒരിക്കലും അടിക്കുമായിരുന്നില്ല. അത്കൊണ്ടാണല്ലൊ ര ണ്ടാം തവണ അദ്ദേഹം അല്ലാഹുവിങ്കൽ നിന്നും വന്നതാണെ ന്നും തൻെറ കൈവെച്ച സ്ഥാനത്തുള്ള രോമങ്ങൾ കണക്കി നുള്ള വർഷങ്ങൾ ജീവിക്കാൻ സാവകാശം നൽകിയിരിക്കു ന്നു എന്നും അദ്ദേഹത്തിന് ബോധ്യമായപ്പോൾ അദ്ദേഹം മല ക്കിന് കീഴ്പ്പെട്ടതും .

## 3 അന്ത്യ ദിനത്തിൻെറ അടയാളങ്ങൾ

( أشراط الساعة )

الأشراط അശ്റാത്ത് എന്നത് ശർത് എന്നതിൻെറ ബഹുവചന മാണ്. ഭാഷയിൽ അതിനുള്ള അർത്ഥം അടയാളം എന്നാണ്.

الساعة സാഅത്ത് എന്നാൽ സമയം എന്നോ സമയത്തിൽ നി ന്നും ആസന്നമായത് എന്നോ ആണ് ഭാഷാപരമായുള്ള അർ ത്ഥം. ഇവിടെ അത്കൊണ്ടുള്ള ഉദ്ദേശ്യം ഖിയാമത്ത് നാൾ (അന്ത്യദിനം) എന്നാണ്.
അശ്റാത്വുസ്സാഅത്ത് എന്നതിന് ശറഇയായുള്ള വിവക്ഷ അ ന്ത്യനാൾ ആസന്നമാകുമ്പോൾ പ്രത്യക്ഷപ്പെടുന്ന അടയാളങ്ങൾ എന്നാണ് .

അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

فهل ينظرون إلاّ الساعة أن تأتيهم بغتة فقد جاء أشراطها (سورة محمد ١٨)

''ഇനി ആ (അന്ത്യ) സമയം പെട്ടന്ന് അവർക്ക് വന്നെത്തുന്നത ല്ലാതെ മററു വല്ലതും അവർക്ക് കാത്തിരിക്കാനുണ്ടോ ? എന്നാ ൽ അതിൻെറ അടയാളങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു.'' (സൂറ: മുഹമ്മദ് 18).
ഖിയാമത്തിൻെറ അടയാളങ്ങളിൽ നിന്നും താളെ പറയുന്നവ വിവരിക്കുന്നു:

### ഒന്ന്, ദജ്ജാലിൻെറ പുറപ്പാട് خروج الدجّال

ദജ്ജാൽ എന്നത് ഭാഷയിൽ കളവ് ചതി എന്നിങ്ങനെ അർത്ഥ മുള്ള ദജല എന്ന പദത്തിൻെറ അതിശയോക്തിക്ക് വേണ്ടി ഉ പയോഗിക്കുന്ന രൂപമാണ്.
മതപരമായി അതുകൊണ്ടുള്ള വിവക്ഷ അവസാന കാലത്ത് താൻ റബ്ബാണ് എന്ന് വാദിച്ചുകൊണ്ട് ജനങ്ങളെ വഴിതെററിക്കു വാനായി പുറപ്പെടുന്ന മനുഷ്യൻ എന്നതാണ്. അവൻെറ പുറ പ്പാട് സുന്നത്ത് കൊണ്ടും ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ട കാ ര്യമാണ്.

താഴെ പറയുന്ന നബിവചനത്തിൽ നബി(സ) പറയാൻ പറഞ്ഞതായി നമുക്ക് ഇങ്ങനെ മനസ്സിലാക്കാം:

قولوا اللهمّ إنّي أعوذ بك من عذاب جهنّم وأعوذ بك من عذاب القبر وأعوذبك من فتنـــة المسـيح الـدجّال وأعوذ بك من فتنة المحيا والممات (مسلم)

''നിങ്ങൾ ഇപ്രകാരം പറയുക: അല്ലാഹുവേ, നരക ശിക്ഷയിൽ നിന്നും, ഖബറിലെ ശിക്ഷയിൽനിന്നും, മസീഹു ദജ്ജാലിൻെറ കുഴപ്പത്തിൽനിന്നും ജീവിതത്തിലേയും മരണത്തിലേയും പരീ ക്ഷണത്തിൽനിന്നുംഞാൻനിന്നോട്അഭയംതേടുന്നു'' (മുസ്ലിം)

നബി(സ) നമസ്കാരത്തിൽ ഇപ്രകാരം ശരണം തേടിയിരുന്നു.

ദജ്ജാലിൻെറ പുറപ്പാട് മുസ്ലിംകളുടെ ഇജ്മാഅ് (അഭിപ്രായ ഐക്യം) കൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ള കാര്യമാണ്.

അവൻ ശാമിൻേറയും ഇറാഖിൻേയും ഇടക്കുള്ള ഒരു വഴിയി ലായിരിക്കും പുറപ്പെടുക. അന്നേരം അവൻ ജനങ്ങളെ തന്നെ ആരാധിക്കാനായി ക്ഷണിക്കു. അങ്ങിനെ അവനെ പിന്തുടരുന്ന തിൽ അധികപേരും ജൂതന്മാരും സ്ത്രീകളും ഗ്രാമീണരുമായി രിക്കും. ഇസ്ഫഹാനിൽ നിന്നുമുള്ള എഴുപതിനായിരം ജൂത ന്മാർ അവനെ പിന്തുതുടരുന്നതായിരിക്കും. അങ്ങനെ അവൻ കാററിനു ശേഷമുള്ള മഴ പോലെ ഭൂമിയിൽ മുഴുവൻ സഞ്ച രിക്കുന്നതായിരിക്കും എന്നാൽ മക്കയിലും മദീനയിലും അവ ൻ തടയപ്പെടുന്നതായിരിക്കും അവിടേക്ക് അവൻ പ്രവേശി ക്കുന്നതല്ല. അവൻെറ കാലം നാൽപ്പത് ദിവസമായിരിക്കും. അ തിൽ ഒരു ദിവസം ഒരു വർഷത്തിൻെറ ദൈർഘ്യവും മററൊ രു ദിവസം ഒരു മാസത്തിൻെറ ദൈർഘ്യവും ഒരു ദിവസം ഒ രു ജുമുഅയുടെ (ആഴ്ചയുടെ) ദൈർഘ്യവും ആയിരിക്കും. ബാക്കി ദിവസങ്ങൾ സാധാരണ ദിവസങ്ങളെ പോലെയുമാ യിരിക്കും. അവൻ കോങ്കണ്ണനായിരിക്കും; രണ്ട് കണ്ണുകൾക്ക് ഇടയിലായി കുഫ്ർ (കാഫിർ) എന്ന് എഴുതപ്പെട്ടിരിക്കും വി ശ്വാസികൾ മാത്രം അത് വായിക്കുന്നതായിരിക്കും. അവൻെറ നാശം ഭയങ്കരമായിരിക്കും; അതിൽ പെട്ടതാണ് അവൻ ആകാ ശത്തോട് മഴ പെയ്യാൻ കൽപ്പിക്കും; അപ്പോഴത് മഴ വർഷിപ്പി ക്കുകയും, ഭൂമി സസ്യങ്ങളെ മുളപ്പിക്കുകയും ചെയ്യുക എന്ന ത്. അവൻെറ കൂടെ സ്വർഗ്ഗവും നരകവുമുണ്ടായിരിക്കും. എ ന്നാൽ അവൻെറ സ്വർഗ്ഗം നരകവും നരകം സ്വർഗ്ഗവുമായിരി ക്കും. പ്രവാചകൻ(സ) പോലും അവനെ ഭയപ്പെട്ടിരുന്നു. അ ദ്ദേഹം ഇപ്രകാരം പറഞ്ഞു: ''ആരെങ്കിലും അവനെക്കുറിച്ച് കേട്ടാൽ അവൻ അവനിൽ നിന്നും അകന്ന് പോകട്ടെ. വല്ലവ നും അവനെ കണ്ടെത്തിയാൽ അവൻ അവന് സൂറത്തുൽ ക ഹ്ഫിൻെറ ആദ്യഭാഗം അതല്ലെങ്കിൽ സൂറത്തുൽ കഹ്ഫ് ആ ദ്യഭാഗം പാരായണം ചെയ്തു കൊടുക്കട്ടെ.''

## രണ്ട്, ഈസാ നബിയുടെ വരവ്

( نزول عيسى بن مريم )

ഈസ ബ്നു മറിയം ഇറങ്ങുമെന്നുള്ളത് ഖുർആൻ സുന്നത്ത് മുസ്ലിംകളുടെ ഏകാഭിപ്രായം എന്നിവയാൽ സ്ഥിരപ്പെട്ടിട്ടു ള്ള കാര്യമാണ്.

അല്ലാഹു പറയുന്നു:

وإنَّ من أهل الكتاب إلاّ ليؤمنن به قبل موته (سورة النساء ١٥٩)

''വേദക്കാരിൽ ആരും തന്നെ അദ്ദേഹത്തിൻെറ (ഈസാ നബി യുടെ) മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവ രായി ഉണ്ടാകുകയില്ല'' (നിസാഅ് 159)

അതായത് ഈസാ(അ) വരികയും അതിനു ശേഷമുള്ള അദ്ദേ ഹത്തിൻെറ മരണത്തേയുമാണ് മേൽ പറയപ്പെട്ട ആയത്തിൽ ഉദ്ദേശിക്കുന്നത് എന്നാണ് അബൂ ഹുറൈറ(റ) വിശദീകരിക്കു ന്നത്.
നബി(സ) പറയുന്നത് കാണുക:

والله لينزلنّ عيسى بن مريم حكما وعدلا (متفق عليه)

''അല്ലാഹുവാണെ സത്യം തീർച്ചയായും മറിയമിൻെറ മകൻ ഈസ നീതിമാനും വിധികർത്താവുമായി നിങ്ങളിൽ ഇറങ്ങുക തന്നെ ചെയ്യും'' (മുതഫഖുൻ അലൈഹി).

ഇക്കാര്യത്തിലെ മുസ്ലിം സമൂഹത്തിൻെറ ഏകാഭിപ്രായം ഇ പ്രകാരമാണ്. അദ്ദേഹം ഡമാസ്കസിൻെറ കിഴക്ക് ഭാഗത്ത് മനാറത്തുൽ ബൈദ്വാഇന്നടുത്ത് രണ്ട് മലക്കുകളുടെ ചിറ കുകളിൽ കൈവെച്ച നിലയിലായിരിക്കും ഇറങ്ങുക. അദ്ദേഹ ത്തിൻെറ ശ്വാസം ഏൽക്കുന്ന കാഫിറുകളെല്ലാം നശിക്കുക തന്നെ ചെയ്യുന്നതാണ്. അദ്ദേഹത്തിൻെറ ശ്വാസമാകട്ടെ നോട്ട മെത്താവുന്ന ദൂരംവരെ എത്തുന്നതുമായിരിക്കും. അങ്ങിനെ ബാബു ലുദ്ദിന് അടുത്ത് വെച്ച് അദ്ദേഹത്തെ ദജ്ജാൽ കണ്ട് മുട്ടുന്നതും അവിടെ വെച്ച് അദ്ദേഹം ദജ്ജാലിനെ കൊല്ലുന്ന തുമായിരിക്കും. അതുപോലെ കുരിശ് നശിപ്പിക്കുകയും നികു തി നിർത്തലാക്കുകയും ചെയ്യും. അദ്ദേഹം അല്ലാഹുവിന് വേ ണ്ടി നമസ്കരിക്കും ഹജ്ജും ഉംറയുമെല്ലാം നിർവഹിക്കും എന്നീ കാര്യങ്ങളെല്ലാം മുസ്ലിം റിപ്പോർട്ട് ചെയ്ത ഹദീ സുകളിൽ കാണാവുന്നതാണ് ചിലത് മുസ്ലിമിലും ബുഖാരി യിലും കാണാവുന്നതാണ്. ഇമാം അഹ്മദും അബൂദാവൂദും റിപ്പോർട്ട് ചെയ്ത ഹദീസിൽ അദ്ദേഹം ദജ്ജാലിനെ വധി ച്ചതിന് ശേഷം നാൽപ്പത് വർഷമായിരിക്കും ശേഷിക്കുക എ ന്നും പിന്നീട് അദ്ദേഹം മരണപ്പെടുകയും മുസ്ലിംകൾ അദ്ദേ ഹത്തിൻെറ മയ്യിത്ത് നമസ്കരിക്കുകയും ചെയ്യുന്നതാണ് എ ന്നെല്ലാം കാണാവുന്ന താണ്. ഇമാം ബുഖാരി അദ്ദേഹത്തി ൻെറ താരീഖിൽ അദ്ദേഹത്തെ നബി(സ)യുടെ ഖബറിനോട ടുത്ത് സംസ്കരിക്കപ്പെടുകയും ചെയ്യും എന്നും പറയുന്നു ണ്ട്. (കൂടുതൽ അല്ലാഹുവിന്ന് അറിയാം).

## മൂന്ന്, യഅ്ജൂജ് മഅ്ജൂജ്
## (يأجوج ومأجوج)

യഅ്ജൂജ് മഅ്ജൂജ് ഏന്നത് രണ്ട് അനറബി നാമങ്ങളാണ് എന്നും അതല്ല അസ്വസ്ഥമാവുക എന്ന് അർത്ഥം വരുന്ന മഅ്ജ് എന്ന ധാതുവിൽ നിന്നുള്ള അറബി പദം തന്നെയാണ് എന്നും അതല്ലങ്കിൽ തീജ്വാല എന്ന് അർത്ഥം ലഭിക്കുന്ന അജീജ് എന്ന പദത്തിൽ നിന്നുള്ളതാണ് എന്നിങ്ങനെ വ്യത്യ സ്ഥമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്.

എന്നാലത് മനുഷ്യരിൽ നിന്നുതന്നെ നിലവിലുള്ള രണ്ട് സമൂ ഹങ്ങളാണ് എന്നതാണ് ഖുർആൻ കൊണ്ടും ഹദീസ്കൊണ്ടും തെളിയുന്നത്.

ദുൽഖർനൈനിയുടെ ചരിത്രം പറയുന്നിടത്ത് അല്ലാഹു ഇപ്ര കാരം പറയുന്നത് ശ്രദ്ധിക്കുക:

حتى إذا بلغ بين السدين وجد من دونهما قوما لا يكادون يفقهون قولاً قالوا يا ذا القرنين إنّ يأجوج ومأجوج مفسدون في الأرض فهل نجعل لك خرجاً على أن تجعل بيننا وبينهم سدًّ (سورة الكهف ٩٣،٩٤)

''അങ്ങിനെ അദ്ദേഹം രണ്ട് പർവ്വത നിരകൾക്കിടയിലെത്തിയ പ്പോൾ അവയുടെ ഇപ്പുറത്തുണ്ടായിരുന്ന ഒരു ജനതയെ അദ്ദേ ഹം കാണുകയുണ്ടായി; പറയുന്നതൊന്നും മിക്കവാറും അവർ ക്ക് മനസ്സിലാക്കാനായിരുന്നില്ല. അവർ പറഞ്ഞു: ഹേ; ദുൽഖർ നൈൻ തീർച്ചയായും യഅ്ജൂജ് - മഅ്ജൂജ് വിഭാഗങ്ങൾ ഭൂമി യിൽ കുഴപ്പമുണ്ടാക്കുന്നവരാകുന്നു. ഞങ്ങൾക്കും അവർക്കു മിടയിൽ താങ്കൾ ഒരു മതിൽകെട്ട് ഉണ്ടാക്കിത്തരണമെന്ന വ്യവ സ്ഥയിൽ ഞങ്ങൾ താങ്കൾക്ക് ഒരു കരം നിശ്ചയിച്ചു തരട്ടെ യോ'' (അൽ കഹ്ഫ് 93, 94)

നബി(സ) പറയുന്നു:

يقول الله يوم القيامة يا آدم قم فابعث بعث النار من ذرّيتك ... ...أبشروا فإنّ منكم واحـدا ومـن يـأجوج ومأجوج ألفا (أخرجاه في الصحيحين)

''അല്ലാഹു അന്ത്യനളിൽ പറയും: ആദം എഴുന്നേൽക്കൂ, നി ൻെറ സന്തതികളിൽ നിന്നും നരകത്തിനായുള്ളവരെ പുറത്ത് കൊണ്ട്വരൂ . . . .നിങ്ങൾ സന്തോഷിക്കുക, നിങ്ങളിൽ നിന്നും ഒരാൾ ഉള്ളപ്പോൾ യഅ്ജൂജ് മഅ്ജൂജിൽ നിന്നും ആ യിരം പേരുണ്ടായിരിക്കും'' (ബുഖാരി, മുസ്ലിം)

അവരുടെ പുറപ്പാട് ഇത്വരേക്കും ആസന്നമായിട്ടില്ലാത്ത അ ന്ത്യദിനത്തിൻെറ അടയാളങ്ങളിൽ ഒന്നാണ്. എന്നാൽ അതി ൻെറ അടയാളങ്ങൾ നബി(സ)യുടെ കാലത്ത് തന്നെ ഉണ്ടായി ട്ടുണ്ട്. ഇമാം ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തതായ ഒരു ഹദീസിൽ നമുക്ക് നബി(സ) ഇങ്ങനെ പറഞ്ഞത് കാണാം:

فتح اليوم من ردم يأجوج ومأجوج مثل هذه وحلق بإصبعه الإبهام والتي تليها (أخرج في الصحيحين)

''ഇന്ന് യഅ്ജൂജ് മഅ്ജൂജിൻെറ കെട്ട് ഇത്രത്തോളം തുറക്ക പ്പെട്ടിരിക്കുന്നു (ശേഷം) അദ്ദേഹം തൻെറ തള്ളവിരലും അ തിനടുത്ത വിരലും ചേർത്ത് വളയരൂപത്തിൽ കാണിക്കുകയു ണ്ടായി'' (ബുഖാരി മുസ്ലിം)

യഅ്ജൂജ് മഅ്ജൂജിൻെറ രംഗപ്രവേശം ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ള കാര്യവുമാണ്.

അല്ലാഹു പറയുന്നു:

حتى إذا فتحت يأجوج ومأجوج وهم من كلّ حدب ينسلون واقترب الوعد الحق ( سورة الأنبياء ٩٦,٩٧)

''അങ്ങനെ യഅ്ജൂജ് മഅ്ജൂജ് ജനവിഭാഗങ്ങൾ തുറന്ന് വിട പ്പെടുകയും, അവർ എല്ലാ കുന്നുകളിൽ നിന്നും കുതിച്ചിറങ്ങി വരികയും, ആ സത്യവാഗ്ദാനം ആസന്നമാകുകയും ചെയ് താൽ'' (സൂറ: അൻബിയാഅ് 96,97).

നബി(സ) പറയുന്നത് ശ്രദ്ധിക്കുക:

إنها لن تقوم الساعة حتى تروا قبلها عشر آيات : الدخان ، والدجال، والدابة، وطلوع الشمس من مغربهـا، ونزول عيسى بن مريم، ويأجوج ومأجوج، وثلاثة خسوف: خسف بالمشرق، وخسف بـالمغرب، وخسـف بجزيـرة العرب، وآخر ذلك نار تخرج من اليمن تطرد النـاس إلى محشرهم (مسلم)

''നിശ്ചയമായും അത്, ഖിയാമത്ത് നാൾ സംഭവിക്കുകയില്ല, അതിനുമുമ്പായി പത്ത് അടയാളങ്ങൾ കാണുന്നത് വരെ. അവ: പുക, ദജ്ജാൽ, മൃഗം, സൂര്യൻ പടിഞ്ഞാറ് നിന്നും ഉദിക്കൽ, ഈസ ബ്നു മറിയം ഇറങ്ങിവരൽ, യഅ്ജൂജ് മഅ്ജൂജ്, മൂന്ന് ഗ്രഹണങ്ങൾ; ഒന്ന് പശ്ചിമ ഭാഗത്ത്, മറെറാന്ന് പൂർവ്വ ഭാഗ ത്ത് പിന്നീട് ഒരെണ്ണം അറേബ്യൻ ഉപദ്വീപിൽ,

അവസാനത്തെ അടയാളം ജനങ്ങളെ മഹ്ശറിലേക്ക് ആട്ടിത്തെളിക്കുന്ന വിധം യമനിൽ നിന്നും പുറപ്പെടുന്ന തീയുമായിരിക്കും'' (മുസ്ലിം)
ഇക്കൂട്ടരെ സംബന്ധിച്ച് നവാസുബ്നു സംആനിൽ നിന്നും ഇ മാം മുസ്ലിം റിപ്പോർട്ട് ചെയ്യുന്ന സുദീർഘമായ ഒരു ഹദീസി ൽ നമുക്ക് ഇപ്രകാരം കാണാം; ഈസ (അ) ദജ്ജാലിനെ കൊലപ്പെടുത്തിയ ശേഷമുള്ള ഭാഗം ശ്രദ്ധിക്കുക:

**فبينما هو كذالك إذ أوحى الله إلى عيسى أني قد أخرجت عبادا لي لا يدان لأحد بقتالهم فحرز عبادي إلى الطور. ويبعث الله يأجوج ومأجوج وهم من كل حدب ينسلون فيمرّ أوائلهم على بحيرة طبرية فيشربون ما فيها، ويمرّ آخرهم ويقول لقد كان بهذه مرة ماء، ثم يسيرون حتى ينتهوا إلى جبل الخمر، وهو جبل بيت المقدس فيقولون لقد قتلنا من في الأرض هلم فلنقتل من في السماء فيرمون بنشابهم إلى السماء، فيرد الله عليهم نشابهم مخضوبة دما . ويحصر نبي الله وأصحابه حتى يكون رأس الثور لأحدهم خيـرا من مائة دينارلأحدكم اليوم ، فيرغب نبي الله عيسى وأصحابه إلى الله فيرسل عليهم النغف في رقـابهم فيصحبون فرسى كموت نفس واحدة، ثم يهبط نبي الله عيسى وأصحابه إلى الأرض فلا يجدون موضـع شبر إلا ملأه زهمهم ونتنهم فيرغب نبي الله عيسى وأصحابه إلى الله فيرسل عليهم طيرا كأعناق البخت فتحملهم فتطرهم حيث شاء الله (رواه مسلم)**

''അതിന്നിടയിൽ അല്ലാഹു ഈസാ(അ)ക്ക് ബോധനം നൽകും 'നാം, ആർക്കും യുദ്ധംചെയ്ത് തോൽപ്പിക്കാൻ കഴിയാത്ത ഒ രു വിഭാഗം അടിമകളെ പുറത്ത് കൊണ്ടുവന്നിരിക്കുന്നു. അതി നാൽ മററു ദാസന്മാരെല്ലാം തൂർപർവ്വതത്തിൽ അഭയം തേടു ന്നതായിരിക്കും' അപ്പോഴായിരിക്കും അല്ലാഹു യഅ്ജൂജ് മഅ് ജൂജ് വിഭാഗത്തെ നിയോഗിക്കുക; അവർ എല്ലാ കുന്നുകളിലൂ ടെയും കുതിച്ചിറങ്ങി വരുന്നതായിരിക്കും. അവരിലെ മുൻനിര യിലുള്ളവർ ത്വബരിയ തടാകത്തിനടുത്തുകൂടി പോകുകയും അതിലെ വെള്ളം മുഴുവനും കൂടിച്ചു വററിക്കുന്നതുമായിതി ക്കും, ശേഷം വരുന്നവർ 'ഇതിലൊരുകാലത്ത് വെള്ളമുണ്ടാ യിരുന്നുവല്ലൊ' എന്ന് പറയുകയും ചെയ്യും. അങ്ങിനെ അവർ ബൈതുൽ മുഖദ്ദസ് പർവ്വതമായ ജബൽ ഖംറ് വരെ ചെന്നെ ത്തുന്നതാണ്. അന്നേരം അവർ പറയും ഭൂമിയിലുള്ളവരെയെ ല്ലാം നമ്മൾ കൊന്നു, വരൂ ഇനി നമുക്ക് ആകാശത്തുള്ളവരെ കൂടി കൊലപ്പെടുത്താം എന്ന് പറഞ്ഞ് അവർ ആകാശത്തേക്ക് അമ്പുകൾ എയ്തുവിടും. അല്ലാഹുവാകട്ടെ, രക്തവർണ്ണത്തോ ടെ അവ തിരിച്ചുവിടുകയും ചെയ്യും. അങ്ങിനെ ഈസാനബി യും അനുയായികളും കൂടി അവരെ വളയുകയും ചെയ്യുന്ന താണ് . അപ്പോൾ നിങ്ങൾക്ക് ഇന്ന് നൂറ് ദീനാറ് ലഭിക്കുന്നതി നേക്കാൾ ഉത്തമമായിരിക്കും അവരിലൊരാൾക്ക് ഒരു കാളത്ത ല ലഭിക്കുന്നത്. പിന്നീട് ഈസാനബിയും അനുയായികളും അല്ലാഹുവോട് ആവശ്യപ്പെടുന്നതനുസരിച്ച് അല്ലാഹു അവരു ടെ പിരടികളിൽ ഒരുതരം പുഴുക്കളെ നിയോഗിക്കുകയും അത് കാരണത്താൽ അവരെല്ലാം തന്നെ വേട്ടയാടപ്പെട്ട ഒ രൊററയാളുടെ എന്ന രൂപത്തിൽ ഒററയടിക്ക് മരണപ്പെടുന്ന തുമാണ്. ശേഷം ഈസാനബിയും അനുയായികളും ഭൂമിയി ലേക്ക് ഇറങ്ങുമെങ്കിലും ഒരുചാൺ പോലും സ്ഥലം ഭൂമിയിൽ ഒഴിവില്ലാത്ത വിധം അവിടെയെല്ലാം അവരുടെ അസ്ഥികളും ദുർഗന്ധവും മാത്രമായിരിക്കും. അന്നേരം വീണ്ടും ഇസാ (അ)യും അനുയായികളുംഅല്ലാഹുവിലേക്ക് പ്രതീക്ഷയോ ടെ തിരിയും അപ്പോൾ അല്ലാഹു ഒട്ടകത്തിൻെറ കഴുത്ത് പോ ലുള്ള കഴുത്തുകളോട് കൂടിയ ഒരുതരം പക്ഷികളെ അയക്കു കയും അവരെയെല്ലാം അല്ലാഹു ഉദ്ദേശിച്ചേടത്ത് ആ പക്ഷി കൾ വഹിച്ചുകൊണ്ട്പോയി തള്ളുകയും ചെയ്യും'' (മുസ്ലിം).

## അൽഭുത ജന്തു പുറപ്പെടൽ
## (خروج الدابة)

الدابـة (ദാബ്ബത്ത്) എന്നാൽ ഭൂമുഖത്ത് ഇഴഞ്ഞു നടക്കുന്നത് എന്നാണ് ഭാഷാപരമായ അർത്ഥം. എന്നാൽ അന്ത്യദിനത്തോട ടുത്ത് പുറപ്പെടാനിരിക്കുന്ന അൽഭുതജന്തുവാണ് അത്കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ഇക്കാര്യമാകട്ടെ ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതുമാണ്.
അല്ലാഹു പറയുന്നു:

**وإذا وقع القول عليهم أخرجنا لهم دابة من الأرض تكلمهم أن الناس كانوا بآياتنا لا يوقنون (سورة النمل ٨٢)**

''ആ വാക്ക് അവരുടെ മേൽ വന്നു ഭവിച്ചാൽ ഭൂമിയിൽനിന്ന് ഒരു ജന്തുവെ നാം അവരുടെ നേരെ പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢവിശ്വാസം കൊള്ളാ തിരിക്കുന്നു എന്ന വിഷയം അത് അവരോട് സംസാരിക്കുന്ന താണ്'' (നംല് 82).

നബി(സ) പറഞ്ഞു: ''അന്ത്യദിനം ആസന്നമാകുകയില്ല, അതി നു മുമ്പായി പത്ത് അടയാളങ്ങൾ കണ്ട് കഴിഞ്ഞ ശേഷമല്ലാ തെ'' (മുസ്ലിം). മേൽ പറയപ്പെട്ട ഹദീസിൽ സൂചിപ്പിച്ച പത്ത് അടയാങ്ങളിലൊന്ന് അൽഭുത മൃഗം പുറപ്പെടുക എന്നതാണ്.
എന്നാൽ ഖുർആനിലോ സ്വഹീഹായ ഹദീസിലോ പ്രസ്തുത മൃഗത്തിൻെറ വിശേഷണമോ പുറപ്പെടുന്ന സ്ഥലമോ പറയ പ്പെട്ടിട്ടില്ല. അത്തരം കാര്യങ്ങൾ പറയപ്പെട്ടതായി വന്നിട്ടുള്ള ഹദീസുകളാകട്ടെ അവയുടെ സ്വീകാര്യതയിൽ അഭിപ്രായ വ്യത്യാ സങ്ങളുണ്ട് താനും. അന്ത്യനാളിനോടനുബന്ധിച്ച് ഒരു അൽഭുത ജന്തു പുറപ്പെടുമെന്നും മനുഷ്യരുടെ നാശത്തെ ക്കുറിച്ചും ശിക്ഷയെക്കുറിച്ചും അത് അവരോട് സംസാരിക്കും എന്ന് മാത്രമാണ് ഖുർആൻകൊണ്ട് മനസ്സിലാകുന്നത്. കൂടു തൽ അല്ലാഹുവിന് അറിയാം.

## സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കൽ
## (طلوع الشمس من المغرب)

അന്ത്യനാളിൻെറ അടയാളങ്ങളിലൊന്നായി സൂര്യൻ പടിഞ്ഞാ റ് നിന്നും ഉദിക്കുന്നതാണ്, എന്നത് ഖുർആനിലൂടെയും ഹദീ സിലൂടെയും സ്ഥിരീകരിക്കപ്പെട്ടതാണ്.
അല്ലാഹു പറയുന്നു:

**يوم تأتي بعض آيات ربك لا ينفع نفسا إيمانها لم تكن آمنت من قبل أو كسبت في إيمانها خيرا (سـورة آل عمران ١٥٨)**

''നിൻെറ രക്ഷിതാവിൻെറ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരു ന്ന ദിവസം, മുമ്പ് തന്നെ വിശ്വാസിക്കുകയോ വിശ്വാസത്തോ ട് കൂടി വല്ല നന്മയും മുൻകൂട്ടി ചെയ്തുവെക്കുകയോ ചെയ് തിട്ടില്ലാത്ത യാതൊരാൾക്കും തൻെറ വിശ്വാസം പ്രയോജന പ്പെടുന്നതല്ല'' (അൻആം 158) ഇവിടെ ആയത്തിൽ പറയപ്പെട്ടി ട്ടുള്ളത് പടിഞ്ഞാറ് നിന്നുണ്ടാകുന്ന സൂര്യോദയമാണ്.

ഇക്കാര്യം നബിവചനത്തിൽ ഇങ്ങിനെ കാണാവുന്നതാണ്:

**لا تقوم الساعة حتى تطلع الشمس من مغربها فإذا طلعت ورآها الناس آمنوا أجمعون، وذلـك حـين لا ينفع نفسا إيمانها لم تكن آمنت من قبل أو كسبت في إيمانها خيرا (متفق عليه)**

''സൂര്യൻ പടിഞ്ഞാറ് നിന്നും ഉദിക്കുന്നത് വരെ അന്ത്യനാൾ ഉണ്ടാകുന്നതല്ല. അങ്ങിനെ അത് (പടിഞ്ഞാറ് നിന്ന്) ഉദിക്കുക യും ജനങ്ങളത് കാണുകയും ചെയ്താൽ അവരൊന്നടങ്കം വിശ്വസിക്കുന്നതായിരിക്കും. അതാകട്ടെ ഒരാൾക്കും തൻെറ വിശ്വാസം ഫലം ചെയ്യാത്ത സമയമായിരിക്കും. അതിനു മുമ്പ് തന്നെ വിശ്വസിക്കുകയോ വിശ്വാസത്തോട്കൂടി വല്ല നന്മയും മുൻകൂട്ടി ചെയ്തുവെക്കുകയോ ചെയ്തിട്ടില്ലാത്തവർക്ക് ഒഴി കെ'' (മുതഫഖുൻ അലൈഹി).

## ഖബറിലെ ഫിത്നകൾ ( فتنة القبر )

الفتنـة (ഫിത്ന:) എന്നാൽ പരീക്ഷ എന്നാണ് ഭാഷയിൽ അതി നുള്ള അർത്ഥം. ഇവിടെ ഉദ്ദേശിക്കപ്പെടുന്നത് ഖബറിൽ വെച്ച് മയ്യത്തിനോട് തൻെറ റബ്ബ്, മതം, പ്രവാചകൻ എന്നിവയെ സം ബന്ധിച്ചുള്ള ചോദ്യങ്ങളാണ്.
മേൽ പറയപ്പെട്ടവയെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുമെ ന്നത് ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടതാ ണ്.
അല്ലാഹു പറയുന്നു:

**يثبت الله الذين آمنوا بالقول الثابت في الحياة الدنيا وفي الآخرة (سورة إبراهيم ٢٧)**
''ഐഹിക ജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചുനിർ ത്തുന്നതാണ് '' (ഇബ്റാഹീം 27).

ഇക്കാര്യം ഹദീസിലും നമുക്ക് കാണാവുന്നതാണ്:

**المسلم إذا سئل في القبر شهد أن لاإله إلا الله وأن محمدا رسول الله فذلك قول الله تعالى يثبـت الله الـذين آمنوا بالقول الثابت في الحياة الدنيا وفي الآخرة (إبراهيم ٢٧) (متفق عليه)**

''ഒരു മുസ്ലിം ഖബറിൽ വെച്ച് ചോദ്യം ചെയ്യപ്പെട്ടാൽ അല്ലാ ഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് (നബി) അല്ലാഹു വിൻെറ റസൂലാണ് എന്നും സാക്ഷ്യംവഹിക്കുന്നതാണ്. അതി നെ സംബന്ധിച്ചാണ് സൂറ: ഇബ്റാഹീമിലെ 27ാം വചനമായ ''ഐഹിക ജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട്

അല്ലാഹു സത്യവിശ്വാസികളെ ഉറപ്പിച്ചുനിർ ത്തുന്നതാണ്'' എന്നത് കൊണ്ടുദ്ദേശിക്കുന്നത്''(മുതഫഖുൻ അ ലൈഹി)

രണ്ട് മലക്കുകളായിരിക്കും ചോദ്യം ചോദിക്കുക എന്നും ഹ ദീസുകളിൽ സ്ഥിരപ്പെട്ടതാണ്. നബി(സ) പറയുന്നു:

إن العبد إذا وضع في قبره وتولى عنه أصحابه إنه ليسمع قرع نعالهم قال يأتيه ملكان فيقعدانه (رواه مسلم)

''ഒരു ദാസൻ മരിച്ച് ഖബറിൽ വെക്കപ്പെടുകയും കൂട്ടുകാർ ചെരുപ്പടിശബ്ദം കേൾക്കത്തക്കദൂരം പിരിഞ്ഞ് പോകുകയും ചെയ്താൽ രണ്ട് മലക്കുകൾ അവൻെറയടുക്കലെത്തുകയും അവനെ എഴുന്നേൽപ്പിച്ച് ഇരുത്തുകയും ചെയ്യുന്നതാണ്'' (മുസ്ലിം).

അബൂഹുറൈറ(റ)യിൽ നിന്നും ഇമാം തുർമുദി റിപ്പോൾട്ട് ചെ യ്ത ഒരു ഹദീസിൽ പ്രസ്തുത മലക്കുകളുടെ പേര് മുൻകർ, നകീർ എന്നിങ്ങനെയാണെന്ന് വന്നിട്ടുണ്ട്. എന്നാൽ മേൽ സൂ ചിപ്പിച്ച ഹദീസിൻെറ സ്വീകാര്യതയിൽ ന്യൂനതകൾ പറയപ്പെ ടുന്നുവെങ്കിലും നാസിറുദ്ദീൻ അൽബാനി(റ) അത് മുസ്ലിമി ൻെറ നിബന്ധനകളോട് യോജിച്ചതാണ്, അതിനാൽ ഹസൻ (നല്ലത്) ആണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.
ഖബറിലെ ചോദ്യം വിശ്വാസികൾ അവിശ്വാസികൾ എന്ന വ്യ ത്യാസമില്ലാതെ മുഴുവൻ മുകല്ലഫ്കളോടും (ഇസ്ലാമിക ശരീ അത്ത് ചുമത്തപ്പെട്ടവർ) ഉണ്ടായിരിക്കും അതിൽ മുഹമ്മദ് ന ബിയുടെ സമൂഹമെന്നോ അല്ലാത്തവരെന്നോ വ്യത്യാസവും ഉ ണ്ടായിരിക്കുന്നതല്ല എന്നതാണ് ശരിയായ അഭിപ്രായം. മുകല്ല ഫ് അല്ലാത്തവരുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇബ്നുൽ ഖയ്യിം(റ) തൻെറ 'റൂഹ്' എന്ന ഗ്രന്ഥത്തിൽ എല്ലാ വരോടും ചോദ്യമുണ്ടാകും എന്ന അഭിപ്രായത്തിനാണ് പ്രാമു ഖ്യം നൽകിയിട്ടുള്ളത്. എന്നാൽ ഇമാം നസാഇ റിപ്പോർട്ട് ചെ യ്ത ഹദീസ് അനുസരിച്ച് രക്തസാക്ഷികളേയും, മുസ്ലിമി ൻെറ ഹദീസ് അനുസരിച്ച് അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ബന് ധപ്പെട്ട നിലയിൽ മരണപ്പെടുന്നവരേയും ചോദ്യത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.

## ഖബറിലെ രക്ഷാശിക്ഷകൾ

## عذاب القبر ونعيمه

മനുഷ്യന് ഖബറിൽവെച്ച് രക്ഷാശിക്ഷകൾ ഉണ്ടായിരിക്കും എ ന്നത് ഖുർആൻ സുന്നത്ത് അഹ്ലുസ്സുന്നത്തിൻെറ ഇജ്മാഅ് എന്നിവയാൽ അംഗീകരിക്കപ്പെട്ടതാണ്.
അല്ലാഹു പറയുന്നു:

فلولا إذا بلغت الحلقوم وأنتم حينئذ تنظرون (سورة الواقعة ٨٣، ٨٤)

''എന്നാൽ അത് (ജീവൻ) തൊണ്ടക്കുഴിയിലെത്തുമ്പോൾ എ ന്തുകൊണ്ടാണ് (നിങ്ങൾക്കത് പിടിച്ചു നിർത്താനാകാത്തത്) നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കുന്നതാണ്'' (വാഖി അ: 83, 84) വാഖിഅ 83 മുതൽ 89 വരെ ഇത് സംബന്ധമായ വിഷയങ്ങൾ തന്നെയാണ്.

فأما إن كان من المقربين فروح وريحان وجنة نعيم (سورة الواقعة ٨٩)

''അപ്പോൾ (മരിച്ചവൻ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാ ണ് എങ്കിൽ (അവന്) ആശ്വാസവും വിശിഷ്ടമായ ഉപജീവന വും സുഖാനുഭൂതിയുടെ സ്വർഗ്ഗത്തോപ്പും ഉണ്ടായിരിക്കും'' (വാഖിഅ: 89)
നബി(സ) ഖബറിലെ ശിക്ഷയിൽനിന്നും അല്ലാഹുവോട് രക്ഷ തേടുകയും, തൻെറ സമുദായത്തോട് അതിന് കൽപ്പിക്കുക യും ചെയ്തത് ഹദീസുകളിൽ വ്യക്തമാണ്.

ഇക്കാര്യം ബർറാഅ് ബ്നു ആസിബിൽ നിന്ന് ഉദ്ധരിക്കുന്ന പ്ര സിദ്ധ ഹദീസിൽ വിശദമായി പ്രതിപാതിക്കപ്പെട്ടതായി കാണാ വുന്നതാണ്. പ്രസ്തുത ഹദീസിലെ ഖബറിലെ ചോദ്യവുമായി ബന്ധപ്പെട്ട ഭാഗം ശ്രദ്ധിക്കുക:

മുഅ്മിനുകളുമായി ബന്ധപ്പെട്ട ഭാഗത്ത് ചോദ്യങ്ങൾക്ക് കൃ ത്യമായി അവർ ഉത്തരം പറഞ്ഞുകഴിഞ്ഞാൽ:

فينادي مناد من السماء أن صدق عبدي فأفرشوه من الجنة وافتحوا له بابا إلى الجنة، فيأتيه مـن ريحهـا وطيبها ويفصح له في قبره مد بصره.

'' ആകാശത്ത് നിന്നൊരാൾ വിളിച്ചുപറയുന്നതായി കേൾ ക്കും 'എൻെറ ദാസൻ സത്യം പറഞ്ഞിരിക്കുന്നു. അവന് വേ ണ്ടി സ്വർഗ്ഗീയ വിരിപ്പുകൾ വിരിച്ചുകൊടുക്കുക, സ്വർഗ്ഗീയ വസ്ത്രങ്ങൾ അവനെ അണിയിക്കുക, സ്വർഗ്ഗത്തിലേക്ക് ഒരു കവാടം അവനായി തുറന്ന് വെക്കുക' അന്നേരം സ്വർഗ്ഗ ത്തിൻെറ പരിമളവും സുഗന്ധവും അവന് എത്തിക്കൊണ്ടി രിക്കും. കണ്ണെത്താവുന്ന ദൂരം ഖബർ അവന് വിശാലമായി ത്തീരുകയും ചെയ്യും.

وقال في الكافر فينادي مناد من السماء أن كذب عبدي فأفرشوه من النار وافتحوا له بابا من النار فيأتيه من حرها وسمومها ويضيق عليه قبره حتى تختلف أضلاعه (أحمد، أبوداود)

അവിശ്വാസികളുടെ കാര്യത്തിലാകട്ടെ: '' ആകാശത്ത് നിന്ന് ഇങ്ങനെ വിളിച്ചുപറയുന്നതായി കേൾക്കും 'കളവു പറഞ്ഞ എൻെറ ദാസനുവേണ്ടി നരകത്തിൻെറ വിരിപ്പ് ഒരുക്കിക്കൊ ടുക്കൂ, അവനായി നരകത്തിൽ നിന്നൊരു വാതിൽ തുറന്ന് വെക്കൂ' അന്നേരം നരകത്തിൻെറ ചൂടും ജ്വാലയും അവനി ലേക്ക് എത്തുകയും തൻെറ വാരിയെല്ലുകൾ കോർത്തു വലി ക്കുന്ന വിധം ഖബർ അവന് ഇടുങ്ങിയതായിത്തീരുകയും ചെയ്യും'' (അഹ്മദ്, അബൂദാവൂദ്).

ഖബറിലെ രക്ഷാശിക്ഷകൾ യാഥാർത്ഥ്യമാണ് എന്ന കാര്യ ത്തിൽ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിലും മററ് സല ഫുസ്സ്വാലിഹുകൾക്കിടയിലും ഏകാഭിപ്രായമാണുള്ളത് എന്ന് ഇബ്നുൽ ഖയ്യിം(റ) തൻെറ 'റൂഹ്' എന്ന ഗ്രന്ഥത്തിൽ രേ ഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്.

എന്നാൽ ഖബറുകൾ തുറന്ന് നോക്കിയാൽ യാതൊന്നും കാ ണാൻ കഴിയില്ലെന്ന് കാരണം പറഞ്ഞ് ചില ദൈവ നിഷേധിക ൾ ഖബർ ശിക്ഷയെ നിഷേധിച്ചുതുടങ്ങിയിട്ടുണ്ടെന്ന് കേൾ ക്കാനിടയായി, അത്തരക്കാരോട് താഴെ പറയുന്ന രണ്ട് കാര്യ ങ്ങളാണ് നമുക്ക് പറയാനുള്ളത്:

1, ഖുർആനും സുന്നത്തും മുൻഗാമികളുടെ ഇജ്മാഉും സ്ഥിര പ്പെടുത്തിയ ഒരുകാര്യമാണത്.

2, പരലോകത്ത് നടക്കുന്ന കാര്യങ്ങളെ ഒരിക്കലും ദുൻയാവി ലുള്ള കാര്യങ്ങളുമായി തുലനം ചെയ്തുകൂടാത്തതാണ്. അത് കൊണ്ട് തന്നെ ഖബറിലെ രക്ഷാശിക്ഷകൾ ദുനിയാവിൽവെച്ച് അനുഭവപ്പെടുന്നതല്ല.

## രക്ഷാശിക്ഷകൾ ആത്മീയമോ ശാരീരികമോ ?

ഇക്കാര്യത്തിൽ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റ)യു ടെ വാക്കുകൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കുകയാണ്: ഖ ബറിലെ രക്ഷാശിക്ഷകൾ ആത്മീയവും ശാരീരികവും കൂടി യാണ്; മരണശേഷം ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടു കഴിഞ്ഞാൽ അത് രക്ഷയോ ശിക്ഷയോ അനുഭവിച്ചു കൊ ണ്ടേയിരിക്കും എന്നാൽ ചിലപ്പോൾ ആത്മാക്കൾ ശരീരവുമാ യി ബന്ധപ്പെടുന്നതാണ് അന്നേരം രക്ഷാശിക്ഷകൾ ശരീര ത്തിനും അനുഭവപ്പെടുന്നതാണ്. ഇതാണ് ഈ വിഷയത്തിലെ സലഫുസ്സാലിഹുകളുടെ വിശ്വാസം.

## കാഹളമൂതൽ النفخ في الصور

النفخ (നഫ്ഹ്) ഊതുക എന്നത് അറയപ്പെട്ട കാര്യമാണ്;

الصور (സ്വൂർ) എന്നതിന് ഭാഷയിൽ കാഹളം, കൊമ്പ് എ ന്നൊക്കെയാണ് അർത്ഥം.

എന്നാൽ സാങ്കേതികമായി ശരീഅത്തിൻെറ ഭാഷയിൽ പറ ഞ്ഞാൽ സിംഹാസനം വഹിച്ചുകൊണ്ടിരിക്കുന്ന മലക്കുകളി ൽപെട്ട ഇസ്റാഫീൽ അല്ലാഹുവിൻെറ അനുമതി കാത്ത് ഊ തുവാനായി തയ്യാറെടുത്ത് വഹിച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു കാഹളം എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. രണ്ട് ഊത്തുകൾ ഉണ്ടായിരിക്കും:

ഒന്ന്: എല്ലാ മനുഷ്യരേയും മരിപ്പിക്കുവാനുള്ളത്; അതോടു കൂടി എല്ലാവരം ഭയവിഹ്വലരായിത്തീരുകയും അല്ലാഹു ഉദ്ദേ ശിക്കുന്നവരൊഴിച്ച് മറെറല്ലാവരും ചലനമററവരായിത്തീരുന്ന താണ് .

രണ്ട്: ഉയർത്തെഴുന്നേൽപ്പിനായുള്ള ഊത്ത്; അത് സംഭവി ക്കു ന്നതോടെ എല്ലാവരും ഖബറുകളിൽ നിന്നും പുനർജനിച്ച് എഴുന്നേൽക്കുന്നതായിരിക്കും.

ഇക്കാര്യം ഖുർആനും സുന്നത്തും സമൂഹത്തിൻെറ ഇജ്മാ ഉം അംഗീകരിച്ചിട്ടുള്ള കാര്യമാണ്.

അല്ലാഹു പറയുന്നു:

ونفخ في الصور فصعق من في السموات ومن في الأرض إلا من شاء الله ثم نفخ فيه أخرى فإذاهم قيام ينظرون (سورة الزمر ٦٨)

''കാഹളത്തിൽ ഊതപ്പെടും അപ്പോൾ ആകാശങ്ങളിലുള്ളവ രും ഭൂമിയിലുള്ളവരും ചലനമററവരായിത്തീരും; അല്ലാഹു ഉ ദ്ദേശിച്ചവരൊഴികെ, പിന്നീട് അതിൽ (കാഹളത്തിൽ) മറെറാരി ക്കൽ ഊതപ്പെടും; അപ്പോഴതാ അവർ എഴുന്നേററ് നോക്കു ന്നു'' (സുമർ 68)

ونفخ في الصور فإذاهم من الأجداس إلى ربهم ينسلون (سورة يس ٥١)

''കാഹളത്തിൽ ഊതപ്പെടും അപ്പോൾ അവർഖബറുകളിൽ നിന്ന് അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ച് ചെല്ലും'' (സൂറ: യാസീൻ 51)
അബ്ദുല്ലാഹി ബ്നു അംറിൽ നിന്നും ഇമാം മുസ്ലിം ഉദ്ധരി ക്കുന്ന സുദീർഘമായ ഒരു ഹദീസിൽ ഇങ്ങനെ കാണാം:

ثم ينفخ في الصور فلا يسمعه أحد إلا أصغى ليتا ورفع ليتا ثم لا يبقى أحد إلا صعق ثم ينزل الله مكرا كأنه الطل أو الظل (شك الراوي) فتنبت منه أجساد الناس ثم ينفخ فيه أخرى فإذاهم قيام ينظرون (مسلم)

''പിന്നീട് കാഹളത്തിൽ ഊതപ്പെടും അന്നേരം തന്നോട് അടു ത്തും ഉച്ചത്തിലുമായ നിലക്കല്ലാതെ ഒരാളും അത് കേൾക്കുക യില്ല അതോടെ ഒരാളും ചലനമററതായ നിലയിലല്ലാതെ അവ ശേഷിക്കുകയുമില്ല. ശേഷം നിഴൽപോലെ അല്ലെങ്കിൽ ചാററ ൽമഴ പോലെ (റിപ്പോർട്ടറുടെ സംശയമാണത്) അല്ലാഹു മഴ വർഷിപ്പിക്കുകയും അതോടെ മനുഷ്യശരീരങ്ങളെല്ലാം കിളി ർത്തുവരികയും ശേഷം വീണ്ടും കാഹളത്തിൽ ഊതുന്ന തോടെ അവരെല്ലാം എഴുന്നേററ് നോക്കുന്നതുമായിരി ക്കും''(മുസ്ലിം).
ഇപ്പറഞ്ഞ കാര്യത്തിൽ മുസ്ലിം സമുദായം ഏകാഭിപ്രായത്തി ലുമാണ്.

# ഉയിർത്തെഴുന്നേൽപ്പും ഒരുമിച്ചുകൂട്ടലും

## ( البعث والحشر)

البعث (ബഅ്ഥ്) എന്നാൽ അയക്കുക വിതറുക എന്നൊക്കെ യാണ് ഭാഷാർത്ഥമെങ്കിലും; ശരീഅത്ത് അതുകൊണ്ട് ഉദ്ദേശി ക്കുന്നത് അന്ത്യനാളിൽ മരിച്ചവരെയെല്ലാം പുനർജീവിപ്പി ക്കുക എന്നതാണ്.

الحشر (ഹശർ) എന്നതിന് ഭാഷയിലെ അർത്ഥം ഒരുമിച്ചു കൂട്ടു ക എന്നും, ശരീഅത്ത് ഉദ്ദേശിക്കുന്ന അർത്ഥം സൃഷ്ടികളെ യെല്ലാം വിചാരണക്കും അതനുസരിച്ച് വിധി നടപ്പാക്കാനും വേണ്ടി അന്ത്യനാളിൽ ഒരുമിച്ച് ചേർക്കുക എന്നതാണ്.

ഇക്കാര്യം ഖുർആനിലൂടെയും ഹദീസിലൂടെയും മുസ്ലിം സ മുദായത്തിൻെറ ഇജ്മാഇലൂടെയും സ്ഥിരീകരിക്കപ്പെട്ടതാണ്.
അല്ലാഹു പറയുന്നു:

قل بلى وربي لتبعثنّ (سورة التغابن ٧)

''പറയുക, എൻെറ രക്ഷിതാവിനെ തന്നെയാണെ നിങ്ങൾ ഉയി ർത്തെഴുന്നേൽപ്പിക്കപ്പെടും'' (തഗാബുൻ 7)

إن الأولين والآخرين لمجموعون إلى ميقات يوم معلوم (الواقعة ٤٩،٥٠)

''നീ പറയുക, തീർച്ചയായും പൂർവ്വികരും പിൽക്കാലക്കാരും എല്ലാം ഒരു നിശ്ചിത ദിവസത്തെ കൃത്യമായ ഒരു അവധിക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നവർ തന്നെയാണ്.'' (വാഖിഅ: 49, 50)
ഈ വിഷയത്തിലുള്ള ഒരു നബിവചനം ശ്രദ്ധിക്കുക:

يحشر الناس يوم القيامة على أرض بيضاء عفراء كقرصة النقي ليس فيها علم لأحد (متفق عليه)

''മനുഷ്യർ അന്ത്യനാളിൽ ശുദ്ധമായതും തിളങ്ങുന്നതുമായ ഒരു തളികപോലെ വെളുത്ത ഒരു ഭൂമിയിൽ ഒരുമിച്ചുകൂട്ടപ്പെ ടുന്നതാണ്, യാതൊരാൾക്കും അന്ന് പ്രത്യേക അടയാളങ്ങ ളൊന്നും ഉണ്ടായിരിക്കുന്നതുമല്ല'' (മുതഫഖുൻ അലൈഹി)

അന്ത്യനാളിൽ മഹ്ശറയിൽ ഒരുമിച്ചുകൂട്ടപ്പെടും എന്ന കാര്യ വും മുസ്ലികളിൽ അഭിപ്രായഐക്യമുള്ള വിഷയമാണ്.

അന്ന് ജനങ്ങൾ ചെരുപ്പുകളില്ലാതെ നഗ്നപാദരായും വസ്ത്ര ങ്ങളില്ലാതെ നഗ്നരായും ചേലാകർമ്മം ചെയ്യപ്പെടാത്ത നില യിലുമായിരിക്കും ഒരുമിച്ചുകൂട്ടപ്പെടുക.

അല്ലാഹു പറയുന്നു:

كما بدأنا أول خلق نعيده (سورة الأنبياء ١٠٤)

''ആദ്യമായി സൃഷ്ടി ആരംഭിച്ചത്പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതാണ്'' (അൻബിയാഅ് 104)

നബി(സ) പറഞ്ഞു:

إنكم تحشرون حفاة عراة غرلا ثم قرأ كما بدأنا أول خلق نعيده وعدا علينا إنا كنا فاعلين (سورة الأنبياء ١٠٤) وأول من يكسى إبراهيم (متفق عليه)

''നിശ്ചയം നിങ്ങൾ ചേലാകർമ്മം ചെയ്യപ്പെടാത്തവരും, നഗ് നരും, ചെരുപ്പ് ധരിക്കാത്തവരുമായ നിലക്കായിരിക്കും ഒരുമി ച്ചു കൂട്ടപ്പെടുക' എന്നിട്ട് അദ്ദേഹം സൂറത്ത് അൻബിയാഇലെ 104ാം വചനം ഓതുകയുണ്ടായി 'ആദ്യമായി സൃഷ്ടി ആരംഭി ച്ചതുപോലെത്തന്നെ നാം അത് ആവർത്തിക്കുന്നതാണ്. നാം ബാധ്യതയേററ ഒരു വാഗ്ദാനമത്രെ അത്, നാം (അത്) നടപ്പി ലാക്കുക തന്നെ ചെയ്യും' ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടു ക ഇബ്റാഹീം (നബി) ആയിരിക്കും'' (മുതഫഖുൻ അലൈഹി)

അബ്ദുല്ലാഹി ബ്നു ഉനൈസിൽ നിന്നും ഇമാം അഹ്മദ് റി പ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ താഴെ പറയും വിധവും കാ ണാവുന്നതാണ്:

يحشر الناس يوم القيامة عراة غرلا بهما قلنا وما بهما قال ليس معهم شيء (أحمد )

''അന്ത്യനാളിൽ ജനങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത് നഗ്നരും ചേലാകർമ്മം ചെയ്യപ്പെടാത്തവരും بهم (ബഹ്മു) കളും ആയി ട്ടായിരിക്കും അന്നേരം ഞങ്ങൾ ചോദിച്ചു എന്താണ് ബഹ്മ് ? അപ്പോൾ നബി(സ) പറഞ്ഞു ഒന്നും കൂടെയില്ലാത്ത നിലയിൽ എന്ന്'' (അഹ്മദ്)

## ശഫാഅത്ത് الشفاعة

الشفاعة(ശഫാഅത്ത്) എന്നതിന് ഒററയെ ഇരട്ടയാക്കുക എ ന്നാണ് ഭാഷയിലുള്ള അർത്ഥം.

മതത്തിൻെറ ഭാഷയിൽ അതുകൊണ്ടുദ്ദേശിക്കുന്നത് മറെറാരാ ൾക്ക് ഉപകാരം നേടിയെടുക്കുവാനോ അതല്ലെങ്കിൽ ഉപദ്രവ ത്തെ തടുക്കുവാനോ വേണ്ടി മദ്ധ്യസ്ഥത വഹിക്കുക, എന്ന താണ്.
പരലോകത്ത് നടക്കാനിരിക്കുന്ന ശഫാഅത്ത് രണ്ട് വിധത്തി ലാണ്. ഒന്ന് നബി(സ)ക്ക് മാത്രം പ്രത്യേകമായിട്ടുള്ളത്. മറെറാ ന്ന് നബിക്കും മററുള്ളവർക്കും പൊതുവായിട്ടുള്ളത്.

### നബി(സ)ക്ക് മാത്രമായുള്ളത് فالخاصة به ﷺ

### *ശഫാഅത്തുൽ ഉള്മ:* الشفاعة العظمى

മഹ്ശറയിൽ മനുഷ്യസമൂഹം ഒന്നടങ്കം ഒരുമിച്ചുകൂടുകയും താങ്ങാൻ കഴിയാത്ത വിധം പ്രയാസത്തിലും ഇടങ്ങേറിലുമാ യി കഴിയുന്ന അവസരത്തിൽ ജനങ്ങളെ ഒന്ന് വിചാരണക്ക് എടുക്കുന്നതിന്വേണ്ടി ആവശ്യപ്പെടുന്ന ശുപാർശയാണിത്.
മനുഷ്യർ തങ്ങൾക്ക് വേണ്ടി (അല്ലാഹുവിങ്കൽ ശുപാർശ നട ത്താൻ ആവശ്യപ്പെട്ട്) ആദം, നൂഹ്, ഇബ്റാഹീം, മൂസാ, ഈ സാ (അ) എന്നീ പ്രവാചകരുടെ അടുക്കൽ ചെല്ലുകയും അവ രെല്ലാം അതിൽനിന്നും പ്രതിബന്ധങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറുകയും അങ്ങിനെ ജനങ്ങൾ മുഹമ്മദ് നബി(സ) യുടെ അ ടുക്കൽ ചെല്ലുകയും അന്നേരം അദ്ദേഹം അല്ലാഹുവിങ്കൽ ശു പാർശ നടത്തുന്നതനുസരിച്ച് അല്ലാഹു വിചാരണക്കായി വ രികയും ചെയ്യുന്നതാണ്.

ഇതാണ് ശഫാഅത്തുൽ ഉള്മ: (മഹത്തായ ശുപാർശ) ശഫാ അത്തുൽ കുബ്റാ (ഏററവും വലിയ ശുപാർശ) എന്നീ പേരു കളിലെല്ലാം അറിയപ്പെടുന്ന ശുപാർശ.

ഇതിൻെറ വിശദ രൂപം കാഹളമൂത്തിനെ സംബന്ധിച്ച് വ ന്നിട്ടുള്ള പ്രസിദ്ധമായഹദീസിൽ പറയപ്പെട്ടിട്ടുണ്ടെങ്കിലും അ തിൻെറ പരമ്പരയെ സംബന്ധിച്ച് പണ്ഢിതന്മാരിൽ ചിലർക്ക് അഭിപ്രായ വ്യതാസമുള്ളതിനാലും, ഇക്കാര്യത്തിൽ വന്നതായ മററ് സ്വഹീഹായ ഹദീസുകൾ ഉദ്ധരിക്കുകയാണെങ്കിൽ ഉ ണ്ടാകുന്ന വിസ്താര ഭയത്താലും ഞാൻ അവ ഇവിടെ ഉദ്ധരി ച്ച് ദീർഘിപ്പിക്കുന്നില്ല. വൻ പാപങ്ങൾ ചെയ്തയാളുകൾക്ക് ശുപാർശ ഫലപ്പെടുമോ എന്ന കാര്യത്തിലുള്ള ചർച്ചയിൽ മാത്രം മതിയാ ക്കി ഈ വിഷയം ഇവിടെ ചുരുക്കുകയാണ്.

ഇബ്നുകഥീറും അഖീദത്തു ത്വഹാവിയ്യക്ക് ശറഹ് എഴുതിയ ഇമാം ക്വാദീ അലിയ്യു ബ്നു അലിയ്യു ബ്നു മുഹമ്മദ് ബ്നു അബുൽ ഇസ്സു ദ്ദിമശ്ഖി (മരണം ഹിജ്റ: 792) യും പറയുന്നു: ശഫാഅത്ത് വൻപാപികൾക്ക് മാത്രമായി ചുരുക്കി സലഫിക ൾ പറഞ്ഞിട്ടുള്ളത് ഖവാരിജുകൾക്കും അവരെ തുടരുന്ന മുഅ് തസിലികൾക്കുമുള്ള മറുപടിയായിക്കൊണ്ട് മാത്രമാണ്. എന്നാൽ മുകളിൽ പറഞ്ഞതായ ശഫാഅത്ത് മുഅ്തസ്ലിക ളോ ഖവാരിജുകളോ ആരും നിഷേധിക്കുന്നില്ല. അതിനും അ ല്ലാഹുവിൻെറ അനുമതി നിബന്ധനയായി നിശ്ചയിക്കുന്നു ണ്ട് എന്ന് മാത്രം; അല്ലാഹു പറയുന്നു: من ذا الذي يشفع عنده إلا بإذنه (البقرة)
''അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശു പാർശ നടത്താനാരുണ്ട്'' (ബഖറ: 255).

{ശഫാഅത്തുൽ ഉദ്മ: കൂടാതെയും നബി(സ)ക്ക് മാത്രമായി വേറേയും ശുപാർശകളുണ്ട് എന്നാണ് മനസ്സിലാകുന്നത്. അവ യിൽ പ്രധാനപ്പെട്ടത് താഴെ ചേർക്കുന്നു:

1, കർമ്മങ്ങൾ മുഖേനെ സ്വർഗ്ഗത്തിലേക്കായി തീരുമാനിക്ക പ്പെട്ടവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ
2, സൽക്കർമ്മവും ദുഷ്ക്കർമ്മവും തുല്യമായി വന്നിട്ടുള്ളവ രെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ
3, നരകത്തിലേക്കായി കൽപ്പിക്കപ്പെട്ട ചിലരെ നരകത്തിൽ പ്ര വേശിപ്പിക്കാതിരിക്കാൻ
4, കർമ്മങ്ങൾ മൂലം സ്വർഗ്ഗത്തിലെത്തിയ ചിലർക്ക് അവരുടെ കർമ്മങ്ങൾക്ക് അനുസൃതമായിട്ടുള്ളതിനേക്കാൾ പദവി വർ ദ്ധിപ്പിക്കാൻ
5, വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശി പ്പിക്കപ്പെടുന്ന എഴുപതിനായിരത്തിൽ ഒരാളായി ഉക്കാശത്തു ബ്നു മുഹ്സിൻ(റ) നെ ഉൾപ്പെടുത്തിയ ശുപാർശ
6, താൻ കാരണമായി പിതൃവ്യൻ അബൂത്വാലിബിന് നരകത്തി ൽ ലഭിക്കുന്ന ഇളവ്.
ഈ വിഷയത്തിൽ കൂടുതൽ അറിയാൻ താൽപ്പര്യമുള്ളവർ 'ശറഹ് അഖീദത്തു ത്വഹാവിയ്യ' 1/349 –355 കാണുക; എന്നാ ലിവിടെ പറയപ്പെട്ട എല്ലാം ഹദീസുകളാൽ സ്ഥിരപ്പെട്ടത് ത ന്നെയാണോ എന്ന് പരിശോധിക്കേണ്ടതാണ്. വിവർത്തകൻ}

## ശുപാർശകൾ വേറേയും

മുഹമ്മദ് നബി(സ)ക്കും അല്ലാത്തവർക്കും പൊതുവായുള്ള ശുപാർശകൾ വേറെയുമുണ്ട്. ഇത് വിശ്വാസികളിൽ നിന്നും വൻപാപങ്ങൾ ചെയ്ത കാരണം നരകത്തിൽ പ്രവേശിച്ച് കരി ഞ്ഞ് കരിക്കട്ടപോലെ ആയിക്കഴിഞ്ഞവരെ അതിൽനിന്നും മോചിപ്പിക്കാനുള്ള ശുപാർശയാണ്. ഇത് അബൂസഈദ് (റ) ൽനിന്ന് ഉദ്ധരിക്കുന്ന താഴെ പറയുന്ന ഹദീസിലൂടെ മനസ്സിലാ ക്കാവുന്നതാണ്:

أما أهل النار الذين هم أهلها فلا يموتون فيها ولا يحيون ،لكن أناس أو كما قال تصيبهم النـــار بـــذنوبهم أو قال بخطاياهم فيميتهم إماتة حتى إذا صاروا فحما أذن في الشفاعة (رواه أحمد)

''നരകത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന അതിൻെറ ആളുകൾ അവർ ഒരിക്കലും അതിൽ ജീവിക്കുന്നുമില്ല, മരിക്കുന്നുമില്ല. എന്നാൽ കുറച്ചാളുകൾ കുററങ്ങൾ കാരണം നരകത്തിൽ എ ത്തിപ്പെട്ടവർ, അതല്ലെങ്കിൽ പാപങ്ങൾ കാരണം നരകത്തിൽ എത്തിപ്പെട്ടവർ, അവർ നരകത്തിൽ വെന്തെരിഞ്ഞ് കരിക്കട്ട യാ യിക്കഴിഞ്ഞാൽ ശഫാഅത്തിനായി അനുമതി നൽകപ്പെടു ന്നതാണ്'' (അഹ്മദ്)

ഈ ഹദീസിൻെറ പരമ്പര കുററമററതും ബുഖാരിയുടേയും മുസ്ലിമിൻേറയും നിബന്ധനകൾക്ക് യോജിച്ചതുമാണ് എ ന്നും ഇബ്നു കഥീർ തൻെറ 'അൽബിദായ വന്നിഹായ' 2/204 ൽ രേ ഖ പ്പെടുത്തിയിട്ടുണ്ട്.

ഇതാകട്ടെ മുഹമ്മദ്നബി(സ), മററ് അൻബിയാക്കൾ മലക്കുക ൾ, സത്യവിശ്വാസികൾ എന്നിവർക്കെല്ലാം ഉണ്ടായിരിക്കും എ ന്നാണ് അബൂസഈദ് (റ)വിൽ നിന്നുമുള്ള ഹദീസിൽനിന്ന് മ നസ്സിലാകുന്നത്:

فيقول الله تعالى شفعت الملئكة وشفع النبيون وشفع المؤمنون ولم يبق إلا أرحم الراحمين فيقبض قبضة من النار فيخرج منها قوما لم يعملوا خيرا قط قد عادوا حمما (متفق عليه)

''അന്നേരം അല്ലാഹു പറയും: മലക്കുകളും പ്രവാചകന്മാരും മുഅ്മിനുകളും എല്ലാവരും ശുപാർശ ചെയ്തുകഴിഞ്ഞു, ഇനി അർഹമുർറാഹിമീൻ അല്ലാതെ ബാക്കിയില്ല. എന്നിട്ട് അവൻ നരകത്തിൽ കിടന്ന് കരിക്കട്ടയായിക്കഴിഞ്ഞ ഒരുപിടി ആളുക ളെ അതിൽനിന്നും പുറത്ത്കൊണ്ട്വരും അവരാകട്ടെ യാതൊ രു നന്മയും ചെയ്തിട്ടില്ലാത്തവരും ആയിരിക്കും'' (മുത്തഫ ഖുൻ അലൈഹി)

വൻപാപങ്ങൾ ചെയ്തവർ ശാശ്വതമായും നരകത്തിലായിരി ക്കും എന്ന തങ്ങളുടെ വാദം എടുത്ത് കാണിച്ചുകൊണ്ട് മുഅ് തസിലികളും ഖവാരിജുകളും ഈ ശഫാഅത്തിനെ എതിർക്കു ന്നവരാണ്. എന്നാൽ താഴെ പറയുന്ന കാര്യങ്ങളാണ് നമുക്ക് അവരോട് പറയാനുള്ളത്:

1, മേൽ പറയപ്പെട്ട വാദം നബിയിൽനിന്നു വന്ന ഹദീസുകളി ലൂടെ മുതവാതിറായി വന്ന ആശയത്തിനെതിരാണ്.

2, സലഫുസ്സാലിഹുകളുടെ ഇജ്മാഇനെയാണ് അത്തരം ആളു കൾ നിഷേധിക്കുന്നത്.

## ശഫാഅത്ത് സ്വീകരിക്കപ്പെടാനുള്ള ശർത്വുകൾ

### *ഒന്ന്: അല്ലാഹുവിൻെറ അനുമതി:*

അല്ലാഹു പറയുന്നു: من ذا الذي يشفع عنده إلا بإذنه (البقرہ ٢٥٥)

''അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശു പാർശ നടത്താനാരാണുള്ളത്'' (ബഖറ: 255)

## രണ്ട്: അല്ലാഹു തൃപ്തിപ്പെട്ടവർക്ക് മാത്രം

ശുപാർശ നടത്തുന്നവരും നടത്തപ്പെടുന്നവരും അല്ലാഹു തൃപ് തിപ്പെട്ടവരായിരിക്കണം: അല്ലാഹു പറയുന്നത് കാണുക,

ما من شفيع إلا من بعد إذنه (يونس ٣)

''അവൻെറ (അല്ലാഹുവിൻെറ) അനുവാദത്തിനു ശേഷമല്ലാ തെ യാതൊരു ശുപാർക്കാരനും ശുപാർശ നടത്തുന്നതല്ല'' (യൂനുസ് 3)

ولا يشفعون إلا لمن ارتضى (سورة الأنبياء ٢٨)

''അവൻ തൃപ്തപ്പെട്ടവർക്ക് വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല'' (അൻബിയാഅ് 28)

അതുകൊണ്ട് തന്നെ കാഫിറുകൾക്ക് ശുപാർശ പ്രയോജന പ്പെടുകയില്ല. ഇക്കാര്യവും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്:

فما تنفعهم شفاعة الشافعين (سورة المدثر ٤٨)

''ഇനിയവർക്ക് ശുപാർക്കാരുടെ ശുപാർശയൊന്നും പ്രയോജ നപ്പെടുകയില്ല'' (മുദ്ദഥ്ഥിർ 48)
ആരെങ്കിലും അവർക്ക് ശുപാർശചെയ്താൽ തന്നെ അതവർ ക്ക് ഉപകരിക്കുകയില്ല.

എന്നാൽ നബി(സ)ടെ, തൻെറ പിതൃവ്യൻ അബൂത്വാലിബിന് വേണ്ടിയുള്ള ശുപാർശ 'അവൻ നരകത്തിലെ ചതുപ്പ്പ്രദേശം പോലെയുള്ള ഭാഗത്ത് അവന് രണ്ട്ചെരുപ്പുകൾ ധരിക്കാൻ കൊടുക്കും (എന്നാൽപോലും) അതിലൂടെ അവൻെറ തല ച്ചോറ് തിളച്ചുമറിയുന്നുണ്ടാകും. അതായിരിക്കും നരകത്തിലെ ഏററവും ലഘുവായ ശിക്ഷ'.
നബി(സ) ഇങ്ങിനെ പറയുക യും ചെയ്തു: ولولا أنا لكان في الدرك الأسفل من النـــار (مســـلم)
''ഞാൻ ഇല്ലായിരുന്നുവെങ്കിൽ അവൻ നരകത്തിലെ ഏററവും അടിയി ലെ തട്ടിലാകുമായിരുന്നു'' (മുസ്ലിം)

ഇത് നബി(സ)ക്ക് പ്രത്യേകമായി തൻെറ പിതൃവ്യന് മാത്രമാ യുള്ളതായിട്ടാണ് മനസ്സിലാകുന്നത്.
അത് താൻ നബി(സ) നേർക്ക് ശത്രുക്കൾ തൊടുത്തുവിട്ടിരു ന്ന മർദ്ദനങ്ങളെ പ്രതിരോധിച്ച് അദ്ദേഹത്തെ ശത്രുക്കളിൽ നിന്നും സംരക്ഷിച്ചിരുന്ന കാരണത്താലാകാം. (കൂടുതൽ അ ല്ലാഹുവിന് അറിയും).

## വിചാരണ الحساب

الحساب (ഹിസാബ്) എന്നാൽ ഭാഷയിൽ എണ്ണം എന്നാണ് അർത്ഥം.
ശറഇയായി അത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹു അ ടിമകളുടെ കർമ്മങ്ങൾ പരിശോധിക്കുക എന്നതാണ്.

ഇത് സംഭവിക്കുകതന്നെ ചെയ്യുമെന്ന കാര്യം ഖുർആൻ ഹദീ സ് മുസ്ലിം സമൂഹത്തിൻെറ ഇജ്മാഅ് എന്നിവയാൽ സ്ഥിര പ്പെട്ടകാര്യമാണ്.

അല്ലാഹു പറയുന്നു:

إن إلينا إيابهم ثم إن علينا حسابهم (سورة الغاشية ٢٥،٢٦)

''തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം, പിന്നീട് തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വി ചാരണ'' (ഗാശിയ: 25,26)
നബി(സ) തൻെറ ചിലനമസ്കാരങ്ങളിൽ പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥനകളിൽ ഇങ്ങിനെ കാണാം:

اللهم حاسبني حسابا يسيرا

''അല്ലാഹുവേ എന്നെ നീ ലഘുവായ നിലക്ക് വിചാരണ നട ത്തേണമേ'' അന്നേരം ആയിഷ(റ) ചോദിച്ചു: എന്താണ് ലഘു വായ വിചാരണ ? അപ്പോൾ അവിടുന്ന് പറഞ്ഞത് :

أن ينظر في كتابه فيتجاوز عنه (أحمد)

''അത് ഒരാളുടെ രേഖകൾ ഒന്ന് നോക്കുക മാത്രം ചെയ്ത് ഒ ഴിവാക്കുക എന്നതാണ്'' (അഹ്മദ്) ഇതിൻെറ പരമ്പര സ്വീ കാര്യമാണ് എന്ന് നാസ്വിറുദ്ദീൻ അൽബാനി(റ) രേഖപ്പെടുത്തി യിട്ടുണ്ട് .

ഈ വിഷയത്തിൽ മുസ്‌ലിം സമൂഹം ഏകാഭിപ്രായത്തിലാണ്.

***വിശ്വാസികളുടെ വിചാരണ രീതി*** : അല്ലാഹു ഒരാ ളെ വിചാരണ ചെയ്ത് അയാളുടെ കുററങ്ങളെല്ലാം സമ്മതിപ്പി ക്കുകയും അങ്ങിനെ താൻ നശിച്ചത് തന്നെ എന്ന് അയാൾക്ക് തോന്നുകയും ചെയ്താൽ അല്ലാഹു അവനോട് പറയും: ''ഇ തെല്ലാം ദുനിയാവിൽ ജനങ്ങളിൽനിന്നും നിനക്ക്‌വേണ്ടി ഞാ ൻ മറച്ചുവെച്ചു, ഇന്ന് ഞാൻ അവയെല്ലാം നിനക്കായി പൊറു ത്ത് തരികയും ചെയ്തിരിക്കുന്നു'' ശേഷം അവൻെറ കർമ്മ രേഖകൾ അവൻെറ വലതു കയ്യിൽ നൽകുകയും ചെയ്യും.

***അവിശ്വാസികളുടേയും കപടവിശ്വാസികളുടേ യും വിചാരണ:*** അവരെ, അല്ലാഹുവിനെ കളവാക്കിയ അ വരുടെ കള്ളന്മാരായിരുന്ന നേതാക്കളുടെ പേർ ചേർത്ത് ''അ ക്ര മകാരികൾക്ക് അല്ലാഹുവിൻെറ ശാപമുണ്ടാകട്ടെ'' എന്ന് പറഞ്ഞായിരിക്കും വിളിക്കുക. ഇക്കാര്യം ഇബ്നു ഉമർ(റ)ൽ നിന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉക്കാശ(റ) ഉൾപ്പടെ വിചാരണയോ ശിക്ഷയോ കൂടാതെ സ്വ ർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നബി(സ) പറഞ്ഞതായ എഴുപ തിനായിരം പേർ ഒഴിച്ച് ബാക്കി എല്ലാ മനുഷ്യർക്കും വിചാര ണയുണ്ടായിരിക്കുന്നതാണ്. അതാകട്ടെ ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിൽ സ്ഥിരപ്പെട്ടിട്ടുള്ള തുമാണ്.

എന്നാൽ ഥൗബാൻ (റ) ൽ നിന്നും ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് പ്രകാരം മേൽ പറയപ്പെട്ട ഓരോരുത്ത രോടൊപ്പവും എഴുപതിനായിരം പേർ വീതം ഉണ്ടായിരിക്കും എന്നും കാണുന്നുണ്ട്; പ്രസ്തുത ഹദീസ് സ്വീകാര്യയോഗ്യമാ ണ് എന്ന് മാത്രമല്ല അതേ ആശയത്തിൽ വേറേയും ഹദീസുക ൾ കാണാവുന്നതാണ് എന്നും ഇബ്നുകഥീർ രേഖപ്പെടുത്തി യിട്ടുമുണ്ട്.

ഒന്നാമതായി വിചാരണ ചെയ്യപ്പെടുന്ന വിഭാഗം മുഹമ്മദ് ന ബിയുടെ സമുദായമായിരിക്കും എന്ന് പ്രവാചകൻ(സ) ത ൻെറ വചനത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**نحن الآخرون السابقون يوم القيامة المقضي بينهم قبل الخلائق (متفق عليه)**

''നാം അവസാന സമൂഹമാണ് എന്നാൽ അന്ത്യനാളിൽ മററ് സൃഷ്ടികളേക്കാൾ വിചാരണയിൽ മുൻകടക്കുന്നവരുമാണ്'' (മുതഫഖുൻ അലൈഹി).

ഇതേ ആശയത്തിൽ മറെറാരു ഹദീസ് ഇബ്നുമാജ ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നുണ്ട്:

**نحن آخر الأمم وأول من يحاسب (ابن ماجة مرفوعا)**

''നാം സമുദായങ്ങളിൽ അവസാനത്തെവരും വിചാരണയിൽ ഒന്നാമത്തെവരുമാണ്'' (ഇബ്നുമാജ:)

അല്ലാഹുവിൻെറ അവകാശങ്ങളിൽ നിന്നും മനുഷ്യരോട് ഒ ന്നാമതായി വിചാരണ ചെയ്യപ്പെടുക നമസ്കാരമായിരിക്കും ന്ന കാര്യവും നബി(സ) വ്യക്തമാക്കിയിട്ടുണ്ട്:

**أول ما يحاسب به العبد يوم القيامة الصلاة فإن صلحت صلح سائر عمله وإن فسدت فسد سئر عمله (رواه الطبراني في الأوسط)**

''ഒന്നാമതായി ഒരു ദാസനോട് വിചാരണചെയ്യപ്പെടുക നമസ് കാരമായിരിക്കും അതിലവൻ രക്ഷപ്പെട്ടാൽ മറെറല്ലാ കാര്യ ത്തിലും അവൻ രക്ഷപ്പെടുന്നതായിരിക്കും, അതിലവൻ പരാ ജയ പ്പെട്ടാൽ മറെറല്ലാ കാര്യത്തിലും അവൻ പരാജയപ്പെടു ന്നതു മായിരിക്കും'' (ത്വബ്റാനിയുടെ ഔസത് കാണുക)
ഇതിൻെറ പരമ്പര തരക്കേടില്ലാത്തതാണ്.

ഇമാം മുൻദിരി തൻെറ തർഗീബ് വത്തർഹീബ് എന്ന ഗ്രന്ഥ ത്തിൻെറ 1/246 ലും ഇക്കാര്യം പറയുന്നുണ്ട്.

ജനങ്ങൾ തമ്മിലുള്ള വിഷയത്തിൽ ആദ്യമായി വിചാരണചെ യ്യപ്പെടുക രക്തത്തിൻെറ (കൊലക്കുററ) വിഷയവുമായിരി ക്കും.

**أول ما يقضى بين الناس يوم القيامة في الدماء (متفق عليه)**

''അന്ത്യനാളിൽ മനുഷ്യർക്കിടയിൽ ഒന്നാമതായി തീർപ്പ്കൽ പ്പിക്കപ്പെടുന്നത് കൊലക്കുററമായിരിക്കും'' (മുതഫഖുൻ അ ലൈഹി).

## തുലാസ്സുകൾ الموازين

المــــوازين (മവാസീൻ) എന്നത് മീസാൻ എന്നതിൻെറ ബഹുവ ചന രൂപമാണ്. വസ്തുക്കളുടെ ഭാരത്തിലെ ഏററക്കുറവുകൾ കണക്കാക്കുന്നത് എന്നാണ് അതിൻെറ ഭാഷാർത്ഥം.
എന്നാൽ മനുഷ്യരുടെ കർമ്മങ്ങൾ തൂക്കിനോക്കാൻ ഉണ്ടാക്കി വെച്ചിട്ടുള്ളത് എന്നതാണ് ഇവിടെ അതുകൊണ്ട് വിവക്ഷിക്ക പ്പെടുന്നത്.

ഇക്കാര്യത്തിലേക്ക് ഖുർആനും ഹദീസും മുസ്‌ലിം സമൂഹ ത്തിൻെറ ഇജ്മാഉം വെളിച്ചം നൽകുന്നുണ്ട്.

അല്ലാഹു പറയുന്നു:

فمن ثقلت موازينه فأولئك هم المفلحون ومن خفت موازينه فألئك الذين خسروا أنفسهم (ســورة الأعــراف ٨،٩)

''അപ്പോൾ ആരുടെ തുലാസ്സുകൾ ഘനം തൂങ്ങിയോ അവരാ ണ് വിജയികൾ, ആരുടെ തുലാസ്സുകൾ ഘനം കുറഞ്ഞുവോ അവരാണ് ആത്മനഷ്ടം നേരിട്ടവർ'' (അഅ്റാഫ് 8,9)

ونضع الموازين القسط ليوم القيامة فلا تظلم نفس شيئا وإن كان مثقال حبة من خردل أتينا بها وكفـــى بنـــا حاسبين (سورة الأنبياء ٤٧)

''ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ നീതിപൂർണ്ണമായ തുലാ സ്സുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒ ട്ടും അനീതി കാണിക്കപ്പെടുകയില്ല അത് (കർമ്മം) ഒരു കടുക് മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ടുവരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി'' (അൻബിയാഅ് 47)
ഇക്കാര്യം വ്യക്തമാകുന്ന നബിവചനങ്ങളിൽ ചിലത് കാ ണുക:

كلمتان حبيبتان إلى الرحمن، خفيفتان على اللسان، ثقيلتان في الميزان ســبحان الله وبحمـــده ســبحان الله العظيم (متفق عليه)

''രണ്ട് വചനങ്ങൾ; അത് അല്ലാഹുവിന് ഇഷ്ടപ്പെട്ടതും, നാവു കൾക്ക് പറയാൻ ലഘുവായതും, മീസാനിൽ ഘനം തൂങ്ങുന്ന തുമാണ്. അവ സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാന ല്ലാഹിൽ അളീം (അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അ വൻെറപരിശുദ്ധതയെ ഞാൻവാഴ്ത്തുന്നു, ഉന്നതനായ അ ല്ലാഹു പരിശുദ്ധനാകുന്നു) എന്നതാകുന്നു''(മുതഫഖുൻ അ ലൈഹി).

മീസാൻ ഉണ്ട് എന്ന കാര്യത്തിൽ മുസ്‌ലിം സമുദായത്തിൻെറ ഇജ്മാഉം സ്ഥിരപ്പെട്ടിട്ടുള്ളതാണ്.

അത് യഥാർത്ഥത്തിലുള്ള തുലാസ്സ് തന്നെയായിരിക്കും അതി ന് രണ്ട് തട്ടുകൾ ഉണ്ടായിരിക്കും എന്നത് അംറുബ്നുൽ ആ സ്(റ) വിൽനിന്ന് ഇബ്നുമാജയും തുർമുദിയും ഉദ്ധരിക്കുന്ന ഹദീസിൽ നിന്നും വ്യക്തമാകുന്നതാണ്.

فتوضع السجلات في كفة والبطاقة في كفة (الترمذي وان ماجة)

''അന്നേരം രേഖകൾ (കർമ്മരേഖകൾ) ഒരു തട്ടിലും കാർഡ് മറേറ തട്ടിലും വെക്കുന്നതാണ്'' (തുർമുദി, ഇബ്നുമാജ)

എന്നാൽ തുലാസ്സ് ഒന്ന് മാത്രമായിരിക്കുമോ അതോ ഒന്നിൽ കൂടുതൽ ഉണ്ടായിരിക്കുമോ എന്നകാര്യത്തിൽ പൺഢിത ന്മാർ വ്യത്യസ്ത അഭിപ്രായക്കാരാണ്.
ചിലരുടെ അഭിപ്രായം വ്യക്തികളുടെ അതല്ലെങ്കിൽ സമുദായ ങ്ങളുടെ അതുമല്ലെങ്കിൽ കർമ്മങ്ങളുടെ എണ്ണത്തിന നുസരിച്ച് തുലാസ്സുകളും ഉണ്ടായിരിക്കും എന്നതാണ്. കാരണം ഖുർആ നിൽ പ്രസ്തുത പദം ബഹുവചന രൂപത്തിൽ മാത്രമാണ് വന്നി ട്ടുള്ളത്; എന്നാൽ ഹദീസുകളിൽ ഏകവചന രൂപത്തിൽ വന്നി ട്ടുള്ളത് തുലാസ്സ് എന്ന ആ ഇനത്തെ ഉദ്ദേശിച്ച് മാത്രമാണ്.

മററു ചില പൺഢിതന്മാരുടെ അഭിപ്രായം ഹദീസുകളിൽ ഏ ക വചന രൂപത്തിൽ മാത്രം വന്നതിനാൽ അത് ഒരെണ്ണം മാത്ര മായിരിക്കും എന്നാണ്. എന്നാൽ ഖുർആൻ ബഹുവചന രൂപ ത്തിൽ ഉപയോഗിച്ചതിനെ സംബന്ധിച്ച് അവർ പറയുന്നത്, തൂക്കപ്പെടുന്നവയെ ഉദ്ദേശിച്ചാണ് എന്നുമാണ്. ഇവ രണ്ടും നിഗമനങ്ങൾ മാത്രമാണ് യഥാർത്ഥം അല്ലാഹുവിന്നറിയാം എ ന്നാണ് ഇക്കാര്യത്തിൽ നമുക്ക് പറയുവാനുള്ളത്.

എന്തായിരിക്കും തൂക്കപ്പെടുക എന്നതിലും വ്യത്യസ്ത അഭി പ്രായങ്ങളാണുള്ളത്.

നേരത്തെ വ്യക്തമാക്കിയ ആയത്തുകളുടേയും ഹദീസുകളു ടേയും വെളിച്ചത്തിൽ കർമ്മങ്ങൾ തന്നെയാണ് എന്നാണ് ഒരു അഭിപ്രായം.

മുകളിൽ പറഞ്ഞ 'കാർഡിനെ' പ്പററി പറഞ്ഞ ഹദീസിൻെറ അടിസ്ഥാനത്തിൽ ഏടുകളായിരിക്കും തൂക്കപ്പെടുക എന്നതാ ണ് മറെറാരു അഭിപ്രായം.

മുകളിൽ പറഞ്ഞ രണ്ടുമല്ല, കർമ്മങ്ങൾ പ്രവർത്തിച്ച മനുഷ്യ രെ തന്നെയായിരിക്കും എന്നതാണ് മററൊരഭിപ്രായം അവരു ടെ തെളിവ് താഴെ പറയുന്ന നബിവചനവുമാണ്.

അബൂഹുറൈറ(റ) പറയുന്നു:

إنه ليأتي الرجل العظيم السمين يوم القيامة لا يزن عند الله جناح بعوضة وقال اقرأوا فلا نقيم له يوم القيامة وزنا (الكهف ١٠٥) متفق عليه

''തടിച്ച വലിയ ഒരു മനുഷ്യനെ അന്ത്യനാളിൽ കൊണ്ടുവരപ്പെ ടും, അല്ലാഹുവിങ്കൽ അയാൾക്ക് ഒരു കൊതുകിൻെറ ചിറകി നോളം തൂക്കമുണ്ടായിരിക്കുന്നതല്ല. ശേഷം ''അവർക്ക് ഉയർ ത്തെഴുന്നേൽപ്പ് നാളിൽ യാതൊരു തൂക്കവും നാം നിലനിർ ത്തുകയില്ല'' എന്ന അൽകഹ്ഫിലെ 105ാം ആയത്ത് ഓതാൻ പറയുകയും ചെയ്തു'' (മുതഫഖുൻ അലൈഹി).

പൺഢിതന്മാരിൽ മേൽപറയപ്പെട്ടതായ എല്ലാ അഭിപ്രായങ്ങ ളേയും യോജിപ്പിച്ച് പറഞ്ഞതായും കാണാവുന്നതാണ്. അതാ യത് എല്ലാംതൂക്കും എന്ന് പറഞ്ഞാലും ശരിയാണ്; അത ല്ലെങ്കിൽ ഏടുകളായിരിക്കും തൂക്കുക. അപ്പോൾ അതിൽ രേ ഖപ്പെടുത്തപ്പെട്ട അമലുകളുടെ തോതനുസരിച്ച് അതിന് ഭാര ക്കൂടുതലോ കുറവോ കാണിക്കും, അതിനാൽ തൂക്കം അമലു കൾക്കായി. ഇനി കർമ്മങ്ങൾ പ്രവർത്തിച്ച ആളുകളെ തൂക്കു മെന്നത് കർമ്മങ്ങൾക്കനുസരിച്ച് അയാൾക്ക് ലഭിക്കുന്ന സ്ഥാ നവും ബഹുമതിയുമാണത്കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതൊരു നല്ല ക്രോഡീകരണമായി കാണുന്നു. പക്ഷേ യാഥാർത്ഥ്യം അല്ലാഹുവിന് അറിയാം.

## ഗ്രന്ഥങ്ങൾ നൽകപ്പെടൽ نشر الدواوين

النشـــــــر (നശ്റ്) എന്നാൽ പുസ്തകം തുറക്കുന്നതിനും ഒരു വസ് തു വിതറുന്നതിനുമെല്ലാമാണ് ഭാഷയിൽ ഉപയോഗിക്കുന്നത്.
ശരീഅത്ത് അതിനെ പഠിപ്പിക്കുന്നത് അന്ത്യനാളിൽ അടിമകളു ടെ കർമ്മരേഖകൾ പുറത്ത്കൊണ്ട്വന്ന് അത് ഓരോരുത്തർ ക്കും വിതരണം ചെയ്യുക എന്നതാണ്.

الـــــــدواوين (ദവാവീൻ) എന്നത് ദീവാൻ എന്നതിൻെറ ബഹുവചന രൂപമാണ്. സൈനികരെപ്പോലുള്ളവർ അവരുടെ കാര്യങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകങ്ങൾക്കാണ് ഭാഷയി ൽ അത് ഉപയോഗിക്കാറുള്ളത്.

മതം പ്രസ്തുത പദം ഉപയോഗിക്കുന്നത് മനുഷ്യരുടെ പ്രവർ ത്തനങ്ങൾ മലക്കുകൾ എഴുതിവെച്ചതായ ഏടുകളെയാണ്.

മനുഷ്യരുടെ കർമ്മരേഖകൾ കാണിക്കലും തന്മതിന്മകൾക്ക നുസരിച്ച് വലത് ഭാഗത്തിലൂടെയോ ഇടത് ഭാഗത്തിലൂടെയോ ആയി നൽകപ്പെടും എന്നതും ഖുർആനും ഹദീസും സമുദാ യത്തിൻെറ ഇജ്മാഉം വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്.

അല്ലാഹു പറയുന്നു:
فأما من أوتي كتابه بيمينه فسوف يحاسب حسابا يسيرا وينقلب إلى أهله مسرورا وأما من أوتي كتابه وراء ظهره فسوف يدعوا ثبورا ويصلى سعيرا (سورة الانشقاق ٧-١٢)

''എന്നാൽ (പരലോകത്ത്) ഏതൊരുവന്ന് തൻെറ രേഖ വല തു കയ്യിൽ നൽകപ്പെട്ടുവോ അവൻ ലഘുവായ വിചാരണക്ക് മാത്രം വിധേയനാകുന്നതാണ്. അവൻ തൻെറ സ്വന്തക്കാരുടെ അടുത്തേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചുപോകുകയും ചെയ്യും. എന്നാൽ ഏതൊരുവന്ന് തൻെറ രേഖ അവൻെറ മു തുകിൻെറ പുറകിലൂടെ കൊടുക്കപ്പെട്ടുവോ അവൻ 'നാശമേ' എന്ന് നിലവിളിക്കുകയും ആളിക്കത്തുന്ന നരകാഗ്നിയിൽ കടന്ന് എരിയുകയും ചെയ്യും'''' (ഇൻശിഖാഖ് 7 - 12)

ഈ വിഷയത്തിൽ ആയിഷ(റ) നബി(സ)യോട് ചോദിച്ച ചോദ്യവും അതിനദ്ദേഹം പറഞ്ഞ മറുപടിയും ശ്രദ്ധിക്കുക:

هل تذكرون أهليكم ؟ قال أما في ثلاثة مواطن فلا يذكر أحد أحدا عند الميزان حتى يعلم أيخــف ميزانـــه أم يثقل. وعند تطاير الصحف حتى يعلم أين يقع كتابه في يمينه أم في شماله أم وراء ظهره. وعند الصراط إذا وضع بين ظهراني جهنم حتى يجوّز (أبودود، حاكم )

''(പരലോകത്ത്) നിങ്ങൾ നിങ്ങളുടെ കുടുംബത്തെക്കുറിച്ച് ഓർക്കുമോ ? അദ്ദേഹം പറഞ്ഞു: മൂന്ന് അവസരത്തിൽ ഒരാ ളും മററൊരാളെക്കുറിച്ചും ഓർക്കുന്നതല്ല. കർമ്മങ്ങൾ തൂക്ക പ്പെടുമ്പോൾ അത് ഘനം തൂങ്ങുകയാണോ, അതല്ല ഘനം കു റയുകയാണോ ചെയ്യുക എന്ന് അറിയുന്നത് വരെ. ഏടുകൾ നിവർത്തപ്പെടുന്ന സമയം അത് വലത് കയ്യിലോ ഇടത് കയ്യി ലോ അതല്ല പിന്നാമ്പുറത്ത് കൂടിയാണോ നൽകപ്പെടുക എന്ന്

അറിയുന്നത് വരെ. സ്വിറാത്തിന്നടുത്ത് നരകത്തിന് മുകളിൽ അത് സ്ഥാപിക്കപ്പെട്ടാൽ അതിലൂടെ കടന്ന് രക്ഷപ്പെടുന്നത് വരെ'' (അബൂദാവൂദ്, ഹാകിം)

ഇക്കാര്യങ്ങൾ ഉണ്ടായിരിക്കുക തന്നെ ചെയ്യുമെന്ന കാര്യത്തി ൽ മുസ്ലിം സമൂഹത്തിൽ ഏകാഭിപ്രായമാണുള്ളത്.

## ഗ്രന്ഥം സ്വീകരിക്കുന്ന രീതി صفةأخذ الكتاب

സത്യവിശ്വാസി തൻെറ വലത് കയ്യിലൂടെ സന്തുഷ്ടരും ആ ഹ്ലാദചിത്തരുമായിട്ടായിരിക്കും അത് ഏററുവാങ്ങുക. അന്നേ രം അവർ ഇങ്ങനെ പറയുകയും ചെയ്യും:

هاؤم اقرأوا كتابيه (سورة الحاقة ١٩)

''ഇതാ എൻെറ ഈ ഗ്രന്ഥമൊന്ന് വായിച്ചുനോക്കൂ'' (സൂറ: ഹാഖ്വ: 19)

അവിശ്വാസിയാകട്ടെ തൻെറ ഇടത് കയ്യിലൂടെയോ അതല്ലെങ്കി ൽ പിന്നാമ്പുറത്ത് കൂടിയോ എൻെറ ശാപമേ, നാശമേ എന്ന് അട്ടഹസിച്ചുകൊണ്ട് ആയിരിക്കും അത് ഏററുവാങ്ങുക. അ ന്നേരം അവർ പറയുന്ന വാക്ക് ഖുർആൻ പറയുന്നത് കാണുക:

يا ليتني لم أوت كتابيه ولم أدر ما حسابيه (سورة الحاقة ٢٥،٢٦)

''ഹാ ! എൻെറ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ, എൻെറ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെ ങ്കിൽ (എത്ര നന്നായിരുന്നു)'' (ഹാഖ്വ: 25,26)

## ഹൗളുൽ കൗഥർ الحوض

الحــوض (ഹൗള്) എന്നതിന് ഒരുമിച്ച് കൂടുക എന്നാണ് ഭാഷയി ൽ പറയപ്പെടുന്നത്. ഇത് സാധാരണയായി വെള്ളം ഒരുമിച്ച് ചേരുന്നതിനായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു.

ശരീഅത്തിൽ അതുകൊണ്ടുള്ള വിവക്ഷ, അന്ത്യനാളിൽ നബി (സ) ക്കായി മഹ്ശറമുററത്ത് ഒരുക്കപ്പെടുന്ന വെള്ളത്തടാകം എന്നതാണ്. ഇതാകട്ടെ ഹദീസ് കൊണ്ടും അഹ്ലുസ്സുന്നത്തി ൻെറ ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ട കാര്യവുമാണ്.

നബി(സ) പറഞ്ഞു: إني فرطكم على الحوض (متفق عليه) ''ഞാൻ നിങ്ങൾക്കായി ഹൗളിൻെറ അടുക്കൽ തിരക്കിട്ടുകൊണ്ടിരി ക്കും'' (മുതഫഖുൻ അലൈഹി)
ഇക്കാര്യത്തിൽ അഹ്ലുസ്സുന്നത്തിന്നിടയിൽ അഭിപ്രായ വ്യ ത്യാസമേയില്ല. എന്നാൽ മുഅ്തസിലീ വിഭാഗം ഇക്കാര്യത്തെ നിഷേധിക്കുന്നവരാണ്. അവരോട് നമുക്ക് പറയാനുള്ളത്; ന ബി (സ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്ന ഹദീസുകളിലൂടെയും അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ ഇജ്മാഇലൂടെയും സ്ഥിരപ്പെട്ട ഒരുകാര്യമാണ് അത് എന്നുമാത്രമാണ്.

## ഹൗളിൻെറ സവിശേഷതൾ صفات الحوض

അതിൻെറ നീളവും വീതിയും ഓരോ മാസത്തെ വഴിദൂരമായി രിക്കും, അതിൻെറ മൂലകളെല്ലാം തുല്യമായിരിക്കും, അതിലെ പാനപാത്രങ്ങൾ നക്ഷത്രങ്ങൾക്ക് സമാനമായിരിക്കും, അതി ലെ പാനീയം പാലിനേക്കാൾ വെളുത്തതും, തേനിനേക്കാൾ മ ധുരമുള്ളതും, കസ്തൂരിയേക്കാൾ സുഗന്ധമുള്ളതുമായിരി ക്കും, സ്വർഗ്ഗത്തിൽ നിന്നും അതിലേക്ക് രണ്ട് പാത്തികൾ ഉ ണ്ടായിരിക്കും അതിലൊന്ന് സ്വർണ്ണത്തിൻേറതും മറെറാന്ന് വെള്ളിയുടേതുമായിരിക്കും. മുഹമ്മദ് നബിയുടെ സമുദായ ത്തിലെ സത്യവിശ്വാസികൾ അതിൽനിന്നും വന്ന് കുടിക്കു ന്നതാണ്. അതി ൽനിന്നും ഒരു കോരൽ കുടിച്ചാൽ അവന് പി ന്നീടൊരിക്കലും ദാഹിക്കുകയില്ല. മേൽ പറയപ്പെട്ട കാര്യങ്ങ ളെല്ലാം ബുഖാരിയിലോ മുസ്ലിമിലോ അതല്ലെങ്കിൽ രണ്ടിലും കൂടിയോ സ്ഥിരപ്പെട്ട് വന്നിട്ടുള്ളതാണ്.

അത് ഇപ്പോൾ തന്നെ നിലവിലുണ്ട് എന്നാണ് നബിവചനത്തി ലൂടെ മനസ്സിലാകുന്നത്:
وإني والله لأنظر إلى حوضي الآن (رواه البخاري)

''അല്ലാഹുവാണെ, ഞാനിപ്പോൾ എൻെറ ഹൗള് കണ്ടുകൊ ണ്ടേയിരിക്കുന്നു'' (ബുഖാരി)

അത് സ്വർഗ്ഗത്തിലെ ഹൗളുൽ കൗഥറിൽ നിന്നും ഉൽഭവിച്ചിട്ടു ള്ളതാണ്. നബി(സ) പറയുന്നു:

وأعطاني الكوثر وهو نهر في الجنة يسيل في حوض (رواه أحمد)

''എനിക്ക് ഹൗളുൽ കൗഥർ നൽകിയിരിക്കുന്നു, അത് ഒരു ഹൗളിലേക്ക് (തടാകത്തിലേക്ക്) ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർ ഗ്ഗത്തിലെ ഒരു അരുവിയാണ്'' (അഹ്മദ്)
ഇതിൻെറ പരമ്പരയും ഉള്ളടക്കവുമെല്ലാം സ്വീകാര്യയോഗ്യമാ ണ് എന്ന് ഇബ്നു കഥീർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

എല്ലാ നബിമാർക്കും ഹൗളുകൾ ഉണ്ടാകുമെന്നും അവയിൽ മുഹമ്മദ് നബിയുടെ ഹൗളായിരിക്കും ഏററവും വലുതും മ ഹത്വമേറിയതും കുടിക്കുന്നവരുടെ എണ്ണത്തിൽ കൂടുതലായ തും എന്ന കാര്യവും ഹദീസുകളിൽ സ്ഥിരപ്പെട്ടതാണ്:

إن لكل نبي حوضا، وإنهم ليتباهون أيهم أكثر واردة، وإني لأرجو أن أكون أكثرهم واردة (رواه الترمذي)

''എല്ലാ നബിമാർക്കും ഹൗളുകളുണ്ടായിരിക്കും, അവർ ഓ രോരുത്തരും അതിൽ നിന്നും കുടിക്കുന്നവരുടെ എണ്ണത്തിൽ അഭിമാനം കൊള്ളുന്നവരായിരിക്കും; എന്നാൽ ഞാൻ പ്രതീ ക്ഷിക്കുന്നത് തീർച്ചയായും ഞാനായിരിക്കും കുടിക്കുന്നവരു ടെ എണ്ണത്താൽ ആധിക്യമുള്ളവൻ എന്ന്'' (തുർമുദി)

ഈ ഹദീസ് അബൂസഈദിൽ നിന്നും ഇബ്നുമാജയും ഇബ് നു അബിദ്ദുൻയയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ് തുത ഹദീസുകൾ ദുർബ്ബലമാണെന്ന അഭിപ്രായമുണ്ടെങ്കിലും വ്യത്യസ്ത നിവേദക പരമ്പരകളാൽ വന്നിട്ടുള്ളതിനാൽ അതി ന് സ്വഹീഹിൻെറ സ്ഥാനമുണ്ടെന്ന് അവരിൽ പലരുംഅഭിപ്രാ യപ്പെട്ടിട്ടുണ്ട്.

## സ്വിറാത് (പാലം) الصراط

الصراط (സ്വിറാത്വ്) എന്നതിന് വഴി എന്നാണ് ഭാഷയിൽ അർത്ഥം ശരീഅത്തിൽ പറയപ്പെടുന്നത് മനുഷ്യന് സ്വർഗ്ഗത്തി ലേക്ക് കടന്നു പോകാൻ നരകത്തിനു മുകളിൽ സ്ഥാപിക്ക പ്പെടുന്ന പാ ലം എന്നതാണ്.

ഇത് ഖുർആൻ ഹദീസ് പൂർവ്വീകരുടെ വാക്കുകൾ എന്നിവയാ ൽ സ്ഥാപിതമായിട്ടുള്ളതാണ്.
അല്ലാഹു പറയുന്നു:

وإن منكم إلا واردها (سورة مريم ٧١)

''അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല'' (മറിയം 71)

ഈ ആയത്തിന് അബ്ദുല്ലാഹി ബ്നു മസ്ഊദ്, ഖതാദ:, സൈ ദ് ബ്നു അസ്ലം എന്നിവർ നൽകുന്ന വ്യാഖ്യാനം അത് സ്വി റാത്തിലൂടെ നടന്ന് പോകുക എന്നതാണ്.

ഇബ്നു അബ്ബാസ് അടക്കം മററൊരു കൂട്ടരുടെ അഭിപ്രായം അത് നരകത്തിൽ പ്രവേശിക്കലാണ്; എന്നാൽ അതിൽ നി ന്നും രക്ഷപ്പെടുകയും ചെയ്യും.

നബി(സ) പറയുന്നു:

ثم يضرب الجسر على جهنم وتحل الشفاعة ويقولون اللهم سلم سلم (متفق عليه)

''പിന്നീട് നരകത്തിന് മുകളിൽ ഒരു പാലം കൊണ്ട്വരപ്പെടും, ശഫാഅത്ത് സ്ഥാപിക്കപ്പെടും, അല്ലാഹുവേ രക്ഷിക്കണേ ര ക്ഷിക്കണേ എന്നായിരിക്കും അന്നത്തെ സംസാരമെല്ലാം'' (മു ത്തഫഖുൻ അലൈഹി).

## സ്വിറാതിൻെറ രൂപം صفة الصراط

പ്രവാചകൻ(സ) യോട് സ്വിറാതിനെ സംബന്ധിച്ച് ചോദിച്ചതി ന് അദ്ദേഹം പറഞ്ഞതായ മറുപടി താഴെ ചേർക്കുന്നു:

مدحضة مزلة، عليها خطاطيف وكلاليب، وحسكة مفلطة لها شوكة عقيفاء، تكون بنجد، يقال لها السعدان (رواه البخاري)

''അത് വഴുവഴുപ്പുള്ളതും തെന്നിവീഴുന്നതുമായിരിക്കും, അ തിന്മേൽ കൊക്കകളും കൊളുത്തുകളുമുണ്ടായിരിക്കും, നജ്ദി ൽ കാണപ്പെടുന്ന സഅ്ദാൻ എന്നറിയപ്പെടുന്ന കുററിച്ചെടിക ളിലേത് പോലെ കൂർത്ത മുള്ളുകളുമുണ്ടായിരിക്കും'' (ബുഖാ രി)
അബൂഹുറൈറ(റ)വിൽ നിന്ന് ബുഖാരിയിലെ തന്നെയുള്ള മ റൊരു റിപ്പോർട്ടിൽ وبـه كلاليب مثل شوك السعدان (البخاري) ''അതിന് സഅ്ദാൻ മുള്ളുകളെ പോലുള്ള കൊളുത്തുക ളുണ്ടായിരിക്കും'' (ബുഖാരി)
അതിൻെറ കൃത്യമായ വലുപ്പവും രീതിയും അല്ലാഹുവിനല്ലാ തെ അറിയുകയില്ല. മനുഷ്യരുടെ അമലുകളുടെ തോതനുസരി ച്ചായിരിക്കും അത് അവരെ പിടിച്ചുവലിക്കുക.

അബൂസഈദ് (റ) വിൽ നിന്ന് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെ യ്യുന്ന ഒരു ഹദീസിൽ അത് أنـه أدق مـن الشـعر وأحـد مـن السـيف ''തീർച്ചയായും അത് മുടിയേക്കാൾ നേർത്തതും വാളിനേക്കാ ൾ മൂർച്ചയേറിയതുമായിരിക്കും'' എന്നും കാണാവുന്നതാണ്. ഇതേ ആശയത്തിൽ ആയിഷ(റ) യിൽ നിന്ന് ഇമാം അഹ്മദും ഉദ്ധരിക്കുന്നുണ്ട്.

സ്വിറാത്തിലൂടെ കടക്കുന്ന രീതി العبور على الصراط وكيفيته

വിശ്വാസികളല്ലാതെ അതിലൂടെ കടന്നുപോകുകയില്ല എന്നും അത് തന്നെ സൽക്കർമ്മങ്ങളുടെ തോതനുസരിച്ചുമായിരിക്കും എന്നും അബൂസഈദ് (റ) വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹ ദീസ് വ്യക്തമാക്കുന്നുണ്ട്:

**فيمر المؤمنون كطرف العين، وكالبرق، وكالريح، وكأجاويد الخيل والركاب، فناج مسلم، ومخدوش مرسـل ومكدوس في جهنم (متفق عليه)**

''വിശ്വാസികൾ അതിലൂടെ നടക്കുക കണ്ണ് ഇമ വെട്ടുക, മി ന്നൽ, കാററ്, പക്ഷിയുടെ വേഗത, യാത്രക്കാരനുള്ള സവാരി ക്കുതിര, എന്നിങ്ങനെയുള്ള വേഗതയിലായിരിക്കും. അതിൽ ര ക്ഷപ്പെട്ടവൻ വിജയിക്കും. കൊളുത്തുകളിൽ കുടുങ്ങുകയും പിടിച്ചുവെക്കപ്പെടുകയും ചെയ്തവർ നരകത്തിലേക്ക് തള്ള പ്പെടുകയും ചെയ്യും'' (മുതഫഖുൻ അലൈഹി)

മുസ്‌ലിമിലുള്ള മറെറാരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം:

**تجري بهم أعمالهم ، ونبيكم قائم على الصراط يقول يا رب سلم سلم حتى تعجز أعمال العباد حتـى يجـيء الرجل فلا يستطيع السير إلا زحفا (مسلم)**

''അവരുടെ കർമ്മങ്ങളായിരിക്കും അവരെ അതിലൂടെ നടത്തു ക, നിങ്ങളുടെ പ്രവാചകൻ അന്നേരം പാലത്തിനു മുളിൽ അ ല്ലാഹുവേ രക്ഷപ്പെടുത്തണേ, രക്ഷപ്പെടുത്തണേ എന്ന് പറ ഞ്ഞുകൊണ്ട് നിൽക്കുന്നുമുണ്ടായിരിക്കും. ചില ദാസന്മാരുടെ കർമ്മങ്ങൾ അവരെ വല്ലാതെ അശക്തമാക്കുന്നുണ്ടാകും, ഏ ത്വരെയെന്ന്വെച്ചാൽ ഒരാൾവരും അയാൾക്ക് ഇഴഞ്ഞു ക്കൊണ്ടല്ലാതെ അതിലൂടെ കടക്കാൻ സാധിക്കുകയില്ല'' (ഹദീ സ് മുസ്‌ലിം)

ബുഖാരിയിലെ ഒരു റിപ്പോർട്ടിൽ

**حتى يمر آخرهم يسحب سحبا (رواه البخاري)**

''അങ്ങിനെ, അവസാനത്തെ ആൾ ഇഴഞ്ഞുകൊണ്ടായിരിക്കും കടക്കുക'' (ബുഖാരി) എന്നും കാണാവുന്നതാണ്.
പ്രവാചകന്മാരിൽ ആദ്യമായി കടക്കുക മുഹമ്മദ് നബി(സ) യും സമുദായങ്ങളിൽ ആദ്യമായി മുഹമ്മദ് നബിയുടെ സമു ദായവുമായിരിക്കും പാലത്തിലൂടെ കടന്ന്പോകുക. ഇക്കാര്യം താഴെ പറയുന്ന നബിവചനം വ്യക്തമാക്കി തരുന്നു:

**فأكون أنا وأمتي أول من يجيزها ولا يتكلم يومئذ إلا الرسل ودعاء الرسل يومئذ اللهـم سـلم سـلم (رواه البخاري)**

''ഞാനും എൻെറ സമുദായവുമായിരിക്കും ആദ്യമായി (പാല ത്തിലൂടെ) കടന്ന് രക്ഷപ്പെടുക, പ്രവാകൻമാർല്ലാതെ അന്നേ ദിവസം സംസാരിക്കുകയില്ല; അവരുടെ തന്നെ പ്രാർത്ഥനയാ കട്ടെ 'അല്ലാഹുവേ രക്ഷപ്പെടുത്തണേ, രക്ഷപ്പെടുത്തണേ' എ ന്നു മായിരിക്കും'' (ബുഖാരി).

## സ്വർഗ്ഗവും നരകവും الجنة والنار

الجنة (ജന്നത്ത്) എന്നാൽ വൃക്ഷങ്ങൾ ഇടതൂർന്ന തോട്ടം എന്നാണ് ഭാഷയിൽ അർത്ഥം.

ശരീഅത്ത് അതുകൊണ്ട് ഉദ്ദേശിക്കുന്നത് മുത്തഖീൻങ്ങൾക്ക് വേണ്ടി പരലോകത്ത് തയ്യാർചെയ്യപ്പെട്ട ഭവനം എന്നാണ്.

النار (നാർ) എന്നാൽ അഗ്നി എന്നതാണ് എന്നകാര്യം അറിയ പ്പെട്ടതാണ്.

മതത്തിൻെറ ഭാഷയിൽ പറഞ്ഞാൽ സത്യനിഷേധികൾക്ക് വേ ണ്ടി പരലോകത്ത് തയ്യാർചെയ്യപ്പെട്ട സങ്കേതം എന്നുമാണ്.
അവ രണ്ടും, സ്വർഗ്ഗവും നരകവും ഇപ്പോൾ തന്നെ സൃഷ്ടി ക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട് എന്നാണ് അല്ലാഹു വ്യക്തമാക്കു ന്നത്:

**أعدت للمتقين (سورة آل عمران ١٣٣)**

''ധർമ്മനിഷ്ഠം പാലിക്കുന്നവർക്ക് വേണ്ടി ഒരുക്കിവെക്കപ്പെട്ടത ത്രെ അത് (സ്വർഗ്ഗം).'' (ആലു ഇംറാൻ 133)

أعدت للكافرين (سورة البقرة ٢٤)

''സത്യനിഷേധികൾക്ക് വേണ്ടി ഒരുക്കവെക്കപ്പെട്ടതാകുന്നു അ ത് (നരകം)'' (ബഖറ: 24)

അവ ഒരുക്കി തയ്യാർചെയ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട് എന്നത് നബി (സ) ഒരിക്കൽ ഗ്രഹണ നമസ്കാരം നിർവ്വഹിക്കെ ഉണ്ടായതാ യി വിവരിക്കപ്പെട്ട സംഭവത്തിൽ നിന്നും മനസ്സിലാക്കാനാവും:

إني رأيت الجنة فتناولت منها عنقودا ولو أخذته لأكلتم منه ما بقيت الدنيا، ورأيت النار فلم أر كاليوم منظرا قط أفظع (متفق عليه)

''ഞാൻ കാണുകയുണ്ടായി, അന്നേരം അതിൽ നിന്നും ഒരു (പഴ) ക്കുല ഭക്ഷിക്കുകയും ചെയ്തു. ഞാൻ അത് എടുത്തിരു ന്നുവെങ്കിൽ ദുനിയാവിൽ ഒരാളും ബാക്കിയില്ലാത്ത വിധം നി ങ്ങൾക്കും അത് ഭക്ഷിക്കാമായിരുന്നു, ഞാൻ നരകവും കാ ണുകയുണ്ടായി എന്നാൽ ഇന്നത്തേത് പോലെ ഭീകരമായൊരു കാഴ്ച ഞാൻ കണ്ടിട്ടേയില്ല'' (മുതഫഖുൻ അലൈഹി).

സ്വർഗ്ഗ നരകങ്ങളാകട്ടെ അതൊരിക്കലും നശിച്ചുപോകുന്ന തുമല്ല അല്ലാഹു പറയുന്നു:

جزاؤهم عند ربهم جنات عدن تجري من تحتها الأنهار خالدين فيها أبدا (سورة البينة ٨)

''അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാ ഗത്ത് കൂടി അരുവികളൊഴുകുന്ന സ്ഥിരവാസത്തിനുള്ള സ്വർ ഗ്ഗത്തോപ്പുകളാകുന്നു; അവരതിൽ നിത്യവാസികളായിരിക്കും എന്നെന്നേക്കുമായിട്ട്'' (ബയ്യിന: 8)

സ്വർഗ്ഗം ശാശ്വതമാണ് എന്ന് വ്യക്തമാക്കുന്ന ആയത്തുകൾ അനേകം കാണാൻ കഴിയും; എന്നാൽ നരകത്തെ സംബന്ധി ച്ച് അപ്രകാരം പറയുന്ന ആയത്തുകൾ മൂന്നെണ്ണം മാത്രമാണ്. അവ മൂന്നും താഴെ ചേർക്കുന്നു:

إن الذين كفروا وظلموا لم يكن الله ليغفر لهم ولا ليهديهم طريقا إلا طريق جهنم خالدين فيها أبـدا (سـورة النساء ١٦٨، ١٦٩)

''അവിശ്വസിക്കുകയും അന്യായം പ്രവർത്തിക്കുകയും ചെയ് തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്ത് കൊടു ക്കുന്നതല്ല. നരകത്തിൻെറ മാർഗ്ഗത്തിലേക്കല്ലാതെ മറെറാരു മാർഗ്ഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. എന്നെ ന്നേക്കുമായി അവരതിൽ സ്ഥിരവാസികളായിരിക്കും'' (ഖുർ ആൻ നിസാഅ് 169)

ومن يعص الله ورسوله فإن له نار جهنم خالدين فيها أبدا (سورة الجن ٢٣)

''വല്ലവനും അല്ലാഹുവേയും അവൻെറ ദൂതനേയും ധിക്കരി ക്കുന്ന പക്ഷം തീർച്ചയായും അവന്നുള്ളതാണ് നരകാഗ്നി. അ ത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും'' (ജിന്ന് 23)

അല്ലാഹുവിൻെറ മറെറാരു വചനവും കൂടി ശ്രദ്ധിക്കുക:

إن المجرمين في عذاب جهنم خالدون لا يفتر عنهم وهم فيه مبلسون (سورة الزخرف ٧٤، ٧٥)

''തീർച്ചയായും കുററവാളികൾ നരകശിക്ഷയിൽ നിത്യവാസി കളായിരിക്കും. അവർക്കത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല അവർ അതിൽ ആശയററവരായിരിക്കും.'' (സുഖ്റുഫ് 74,75).

## സ്വർഗ്ഗ നരക സ്ഥാനങ്ങൾ مكان الجنة والنار

സ്വർഗ്ഗം 'ഇല്ലിയ്യൂൻ'ൻെറ ഏററവും ഉന്നത ഭാഗത്ത് ആയിരിക്കും

كلا إن كتاب الأبرار لفي علّيّين (سورة المطففين ١٨)

''നിശ്ചയം പുണ്യവാന്മാരുടെ രേഖ ഇല്ലിയ്യൂനിൽ തന്നെയായി രിക്കും'' (മുത്വഫ്ഫിഫീൻ 18)

ഇക്കാര്യം ബർറാഅ് ബിൻ ആസിബിൽ നിന്നുള്ള പ്രസിദ്ധമാ യ നബിവചനത്തിൽ ഖബറിലെ ചോദ്യവുമായി ബന്ധപ്പെട്ട ഭാ ഗത്ത് നമുക്ക് ഇങ്ങിനെ കാണാം:

فيقول الله عز وجل اكتبوا كتاب عبدي في عليين وأعيدوه إلى الأرض (أحمد ، أبوداود)

''അപ്പോൾ അല്ലാഹു പറയും:'എൻെറ അടിമയുടെ രേഖകൾ ഇല്ലിയ്യൂനിൽ രേഖപ്പെടുത്തി അദ്ദേഹത്തെ ഭൂമിയിലേക്ക് മട ക്കുക' എന്ന്'' (അഹ്മദ്, അബൂദാവൂദ്)

നരകമാകട്ടെ (ഭൂമിയുടെ) ഏററവും അടിയിലുമായിരിക്കും. അല്ലാഹു പറയുന്നു:

كلا إن كتاب الفجار لفي سجين (سورة المطففين ٧)

''നിസ്സംശയം; ദുർമാർഗികളുടെ രേഖ 'സിജ്ജീൻ'ൽ തന്നെയാ യിരിക്കും'' (മുത്വഫ്ഫിഫീൻ 7)

മുകളിൽ സൂചിപ്പിച്ച ബർറാഅ് ബിൻ ആസിബിൽ നിന്നുള്ള ഹദീസിൽ നിന്നുതന്നെ നമുക്ക് ഇക്കാര്യവും മനസ്സിലാക്കാം:

فيقول الله تعالى اكتبوا كتاب عبدي في سجين في الأرض السفلى (أحمد أبوداود)

''അന്നേരം അല്ലാഹു പറയും 'എൻെറ ദാസൻെറ രേഖ സിജ് ജീനിൽ രേഖപ്പെടുത്തി അവനെ ഭൂമിയുടെ ഏററവും അടിയി ലേക്ക് മടക്കുക' എന്ന്'' (അഹ്മദ്, അബൂദാവൂദ്).

## സ്വർഗ്ഗവാസികളും നരകവാസികളും

## أهل الجنة وأهل النار

സ്വർഗ്ഗത്തിന് അർഹരാകുന്നവർ വിശ്വാസികളും ധർമ്മനിഷ്ഠ രുമായ അല്ലാഹുവിൻെറ വലിയ്യുകൾ ആയിത്തീരുന്ന ആളുക ൾ ആയിരിക്കും. സ്വർഗ്ഗത്തെക്കുറിച്ച് അല്ലാഹു പറയുന്ന വച നങ്ങളിൽ നിന്നും നമുക്കത് മനസ്സിലാക്കാം:

أعدت للمتقين (سورة آل عمران ١٣٣)

''അത് ധർമ്മനിഷ്ഠരായ ആളുകൾക്ക് ഒരുക്കിവെച്ചിരിക്കുന്നു'' (ആലു ഇംറാൻ 133)

أعدت للذين آمنوا بالله ورسوله (سورة الحديد ٢١)

''അല്ലാഹുവിലും അവൻെറ ദൂതരിലും വിശ്വസിച്ചവർക്ക് വേ ണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു'' (ഹദീദ് 21).

നരകത്തിന് അർഹരാകുന്നവരാകട്ടെ അത് എല്ലാ നിഷേധിക ളും ദൗർഭാഗ്യവാന്മാരുമായ ആളുകളുമായിരിക്കും.

ഇക്കാര്യവും അല്ലാഹുവിൻെറ വചനങ്ങൾ വ്യക്തമാക്കുന്നു:

أعدت للكافرين (سورة البقرة ٢٤)

''സത്യ നിഷേധികൾക്ക് വേണ്ടി ഒരുക്കപ്പെട്ടതാകുന്നു അത്'' (ബഖറ: 24)

وأما الذين شقوا ففي النار (سورة هود ١٠٦)

''എന്നാൽ നിർഭാഗ്യമടഞ്ഞവരാകട്ടെ അവർ നരകത്തിലായിരി ക്കും'' (ഹൂദ് 106)

## മരണത്തെ അറുകൊല നടത്തൽ

## ذبح الموت

മരണമെന്നാൽ ജീവൻ നീങ്ങലാണ് എന്നത് വാസ്തവമാണ്. എല്ലാ ആത്മാക്കളും മരണമാസ്വദിക്കുക തന്നെ ചെയ്യും. എ ന്നാൽ അതെല്ലാം കേവലം ആശയപരം മാത്രമാണ്. നേത്രഗോ ജരമല്ല. എന്നാൽ അല്ലാഹു മരണത്തെ കാണാവുന്ന ശരീരമു ള്ള ഒരു വസ്തുവാക്കി അതിനെ സ്വർഗ്ഗ നരകങ്ങൾക്ക് മദ്ധ്യ ത്തിൽ വെച്ച് അറുകൊല നടത്തുമെന്ന് അബൂസഈദിൽ ഖുദ് രിയ്യ് (റ) വിൽ നിന്ന് ബുഖാരി റിപ്പോർട്ട് ചെയ്യുന്നത് കാണുക:

يؤتى بالموت كهيئة كبش أملح، فينادي مناد يا أهل الجنة فيشرئبون وينظرون ، فيقول: هل تعرفون هـذا ؟ فيقولون نعم هذا الموت وكلهم قد رآه. ثم ينادي ياأهل النار فيشرئبون وينظرون فيقول هل تعرفون هـذا ؟ فيقولون نعم هذا الموت وكلهم قد رآه. فيذبح. ثم يقول ياأهل الجنة خلود فلا موت، ويا أهل النار خلود فـلا موت ثم قرأ وأنذرهم يوم الحسرة إذ قضي الأمر وهم في غفلة وهم لا يؤمنون (سورة مـريم ٣٩) أخرجـه البخاري .

''മരണത്തെ ഒരു കരുത്തനായ കൂററനാടിൻെറ രൂപത്തിൽ കൊണ്ടുവരപ്പെടും, അന്നേരം ഒരാൾ അല്ലയോ സ്വർഗ്ഗക്കാരേ, ഇതെന്താണെന്ന് അറിയുമോ ? എന്ന് വിളിച്ചുചോദിക്കും അ പ്പോൾ സ്വർഗ്ഗക്കാർ പുറത്തേക്ക് എത്തിനോക്കുകയും അതെ, അത് മരണമാണല്ലൊ എന്ന് പറയുകയും ചെയ്യും; അവ രെ ല്ലാവരും അത് കാണുന്നതാണ്. പിന്നീട് നരകക്കാരേ എന്ന് വിളിച്ചുകൊണ്ട് അവരോടും ഇതെന്താണെന്ന് ചോദിക്കും അ വരും, പുറത്തേക്ക് എത്തിനോക്കി അതെ, അത് മരണമാണെ ന്ന് പറയും; അവരും എല്ലാവരും അത് കാണും. അപ്പോൾ അ തിനെ അവിടെവെച്ച് അറുക്കപ്പെടും. ശേഷം പറയും സ്വർഗ്ഗ ക്കാരേ ഇനി മരണമില്ല നിങ്ങളിവിടെ ശാശ്വതരാണ്. (അപ്രകാ രം നരകവാസികളോടും പറയും) നരകക്കാരേ നിങ്ങൾക്കിനി മരണമില്ല നിങ്ങൾ ശാശ്വതരാണ് എന്ന്. പിന്നീട് പ്രവാചകൻ സൂറത്ത് മറിയമിലെ 39ാം വചനം ഓതുകയുണ്ടായി ''നഷ്ട ബോധത്തിൻെറ

ദിവസത്തെപ്പററി അഥവാ കാര്യം (അന്തിമമാ യി) തീരുമാനിക്കപ്പെടുന്ന സന്ദർഭത്തെപ്പററി നീ അവർക്ക് താ ക്കീത് നൽകുക. അവർ അശ്രദ്ധയിലകപ്പെട്ടിരിക്കുകയാകു ന്നു. അവർ വിശ്വസിക്കുന്നില്ല'' (ബുഖാരി, കിതാബുത്തഫ്‌സീർ, സൂറത്ത് മറിയം 39)

ഇത്പോലെ സ്വർഗ്ഗനരകങ്ങളെ സംബന്ധിച്ച് ഇബ്നു ഉമർ(റ) ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസിലും കാണാവുന്നതാണ്.

# في حقوق النبي ﷺ وأصحابه
# പ്രവാചകൻ ﷺ യും സ്വഹാബികളും

അല്ലാഹുവിൻെറയടുക്കൽ സൃഷ്ടികളിൽ ഏററവും ശേഷ്ഠർ റസൂലുകളും പിന്നെ നബിമാർ, സ്വിദ്ദീഖുമാർ (സത്യസന്ധർ), ശുഹദാക്കൾ (രക്തസാക്ഷികൾ), സ്വാലിഹുകൾ (സദ്വൃത്ത ർ) എന്നിവരുമാണ്. മേൽ പറയപ്പെട്ടവർ അതേ ക്രമത്തിൽ ഖു ർആനിൽ പറയപ്പെട്ടതായും നമുക്ക് കാണാം

ومن يطع الله والرسول فأولئك مع الذين أنعم الله عليهم من النبيين والصديقين والشهداء والصالحين وحسن أولئك رفيقا (سورة النساء ٦٩)

''ആർ അല്ലാഹുവേയും അവൻെറ ദൂതനേയും അനുസരിക്കു ന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോ ടൊപ്പമായിരിക്കും. അവർ എത്രനല്ല കൂട്ടുകാർ''(നിസാഅ് 68)
മുർസലുകളിൽ ശ്രേഷ്ഠർ ഉലുൽഅസ്മ് (ദൃഢചിത്തർ) എന്ന പേരിൽ അറിയപ്പെടുന്ന അഞ്ച് പേർ ആണ്. അവർ നൂഹ്, ഇബ് റാഹീം, മൂസാ, ഈസാ, മുഹമ്മദ് (അ) എന്നിവരാണ്. ഇവരെ സംബന്ധിച്ച് സൂറത്ത് അഹ്സാബ്, ശൂറാ എന്നീ അദ്ധ്യായങ്ങ ളിലായി രണ്ട് തവണ അല്ലാഹു വിവരിച്ചിട്ടുണ്ട്:

وإذ أخذنا من النبيين ميثاقهم ومنك ومن نوح وإبراهيم وموسى وعيسى ابن مريم ( سورة الأحزاب ٧)

''പ്രവാചകന്മാരിൽ നിന്ന് തങ്ങളുടെ കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിൻെറ പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നിവരിൽ നിന്നും (നാം കരാറുവാങ്ങിയ സ ന്ദർഭം)'' (അഹ്സാബ് 7)

شرع لكم من الدين ما وصينا به نوحا والذي أوحينا إليك وما وصينا به إبراهيم وموسى وعيسى (سورة الشورى ١٣)

''നൂഹിനോട് കൽപ്പിച്ചതും നിനക്ക് നാം ബോധനം നൽകിയ തും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപ്പിച്ച തുമായ കാര്യം '' (ശൂറാ 13)
മേൽ പറയപ്പെട്ടവരിൽ ഏററവും ശ്രേഷ്ഠവാൻ മുഹമ്മദ് (സ) ആണ് എന്ന കാര്യം അദ്ദേഹത്തിൻെറ വചനം തന്നെ നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്:

أنا سيد النا س يوم القيامة (متفق عليه)

'ഞാൻ അന്ത്യനാളിൽ ജനങ്ങളുടെയെല്ലാം നേതാവായിരി ക്കും' (ബുഖാരി). കൂടാതെ മററു നബിമാരെല്ലാം മിഅ്റാജ് വേളയിൽ അദ്ദേഹത്തിൻെറ പിന്നിൽ അണിനിരന്ന് നമസ്കാ രം നിർവ്വഹിച്ചതും അതല്ലാത്ത പല കാര്യങ്ങളും അദ്ദേഹത്തി ൻെറ ശ്രേഷ്ഠതയെ വ്യക്തമാക്കുന്നതാണ്.

മുഹമ്മദ് നബിയെ കഴിച്ചാൽ പിന്നീട് ശ്രേഷഠത ഇബ്റാഹീം നബി(അ)ക്കാണ്. കാരണം അദ്ദേഹം പ്രവാചകരുടെയെല്ലാം പിതാവും അദ്ദേഹത്തിൻെറ മില്ലത്ത് (മതം) എല്ലാ മതങ്ങളുടേ യും അടിസ്ഥാനവുമാണ്. പിന്നീട് സ്ഥാനം മൂസാനബി (അ) ക്കാണ്. കാരണം അദ്ദേഹമാണ് ഇസ്റാഈൽ സമൂഹത്തിലേ ക്ക് നിയുക്തരായവരിൽ ഏററവും ശ്രേഷ്ഠൻ, അദ്ദേഹത്തി ൻെറ ശരീഅത്ത് ഇസ്റാഈല്യരുടെ ശരീഅത്തിൻെറ അടിസ് ഥാനവുമാണ്.

പിന്നെ നൂഹ്, ഈസാ (അ) എന്നിവരാണ് ഇവരിൽ രണ്ട് പേർ ക്കും പല ശ്രേഷ്ഠതകളുമുണ്ടെങ്കിലും ഏതെങ്കിലും ഒരാൾക്ക് മുൻതൂക്കം നൽകാനുള്ളതായൊന്നും കാണുന്നില്ല.

## പ്രവാചകൻെറ ശ്രേഷ്ഠതകൾ
## خصائص النبي ﷺ

നബി(സ) മററ് സൃഷ്ടികളിൽ നിന്നും ധാരാളം ശ്രേഷ്ഠത കളാൽ പ്രത്യേകത നൽകപ്പെട്ട വ്യക്തിയാണ് എന്നുള്ളത് പ്ര ത്യേകം എടുത്ത് പറയേണ്ട കാര്യമില്ല; എന്നാൽ ഗ്രന്ഥകാരൻ എടുത്ത് പറഞ്ഞതായ ഏതാനും കാര്യങ്ങൾ മാത്രം നാം ഇവിടെ വിവരിക്കുകയാണ്.

***1, അദ്ദേഹം അന്തിമപ്രവാചകനാണ്.***
അല്ലാഹു പറയുന്നു:

ما كان محمد أبا أحد من رجالكم ولكن رسول الله وخاتم النبيين (سورة الأحزاب ٤٠)

''മുഹമ്മദ് നിങ്ങളുടെ പരുഷന്മാരുടെ ഒരാളുടേയും പിതാവാ യിട്ടില്ല. പക്ഷേ അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചക ന്മാരിൽ അവസാനത്തെ ആളുമാകുന്നു'' (അഹ്സാബ് 40)

***2, അദ്ദേഹം മുർസലുകളുടെ നേതാവാണ്***. തെളിവ് നേരത്തെ പറഞ്ഞത് തന്നെയാണ്.

***3, അദ്ദേഹത്തിൽ വിശ്വസിക്കാതെ ഈമാൻ പൂർണ്ണമാകില്ല.*** അല്ലാഹു പറയുന്നത് കാണുക:

فلا وربك لا يؤمنون حتى يحكموك فيما شجر بينهم (سورة النساء ٦٥)

''ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം; അവർ ക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ നിന്നെ അവർ വിധി കർത്താവാക്കുന്നത് വരെ അവർ വിശ്വാസികളാവുകയില്ല'' (സൂ റ: നിസാഅ് 65)
മററു പ്രവാചകരെല്ലാം അവർ നിയുക്തരായിരുന്ന ജനതയി ലേക്ക് മാത്രം നിയോഗിക്കപ്പെട്ടവരുമായിരുന്നു.

***4, അദ്ദേഹത്തിൻെറ ശുപാർശയാൽ വിചാര ണക്കെടുക്കുന്നു.***
(ശഫാഅത്ത് എന്ന അദ്ധ്യായം നോക്കുക).

***5, അദ്ദേഹത്തിൻെറ സമുദായം സ്വർഗ്ഗ പ്രവേ ശനത്തിൽ മുൻ കടക്കുന്നവരാണ്***.

ഇക്കാര്യം പ്രവാചക വചനം വ്യക്തമാക്കുന്നത് ഇപ്രകാര മാണ്:

نحن الآخرون السابقون يوم القيامة ( نتفق عليه)

'' നാം അവസാനത്തെവർ ആണെങ്കിലും പരലോകത്ത് (എല്ലാ വരേക്കാളും) മുൻകടക്കുന്നവർ ആയിരിക്കും'' (മുതഫഖുൻ അലൈഹി)

***6, ലിവാഉൽ ഹംദ് വാഹകനായിരിക്കും:***
അബൂസഈദിൽ ഖുദ്രിയ്യ് (റ) ൽ നിന്നും റിപ്പോർട്ട് ചെയ്യു ന്ന ഹദീസ് അനുസരിച്ച് ലിവാഉൽ ഹംദ് വഹിക്കുന്ന വ്യക്തി അദ്ദേഹമായിരിക്കുമെന്നും മററ് സ്തുതിക്കപ്പെടുന്നവരെല്ലാം അദ്ദേഹത്തിൻെറ കീഴിലായിരിക്കുമെന്നും മനസ്സിലാകുന്നതാണ്: പ്രവാചകൻ (സ) പറയുന്നു:

أنا سيد ولد آدم يوم القيامة لا فخر، وبيدي لواء الحمد لا فخر، وما من نبي آدم فمن سواه إلا تحت لوائي ، وأنا أول من تنشق عنه الأرض ولا فخر (رواه الترمذي)

''അന്ത്യനാളിൽ ഞാനായിരിക്കും ആദം സന്തതികളുടെയെ ല്ലാം നേതാവ് ഇതൊരു ദുരഭിമാനം പറച്ചിലല്ല. എൻെറ കയ്യി ലായിരിക്കും ലിവാഉൽ ഹംദ് ദുരഭിമാനമല്ല., ആദമും മററ് ന ബിമാരുമെല്ലാം അന്ന് എൻെറ കൊടിക്കീഴിലായിരിക്കും ഇ തൊന്നും അഭിമാനം പറയുകയല്ല. ഞാനായിരിക്കും ഭൂമി പി ളർന്ന് ഒന്നാമതായി പുറത്ത്വരുന്ന വ്യക്തിയും ഇതൊന്നും അഭിമാനം പറച്ചിലല്ല'' (തിർമിദി)

ഈ ഹദീസിൻെറ ആദ്യഭാഗവും അവസാന ഭാഗവും മുസ്ലി മിൻെറ റിപ്പോർട്ടിലും കാണാവുന്നതാണ്.

***7, മഖാമ് മഹ്മൂദിൻെറ ഉടമയായിരിക്കും.***

സൃഷ്ടികളും സ്രഷ്ടാവുമെല്ലാം സ്തുതിക്കുന്ന മഹത്തായ സ്ഥാനത്തിൻെറ ഉടമയായിരിക്കും അദ്ദേഹം. അല്ലാഹു പറയു ന്നത് കാണുക:

عسى أن يبعثك ربك مقاما محمودا (سولرة الإسراء ٧٩)

''നിൻെറ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാന ത്തേക്ക് നിയോഗിച്ചേക്കാം'' (ഇസ്റാഅ് 79)

നബിയുടെ സവിശേഷതകളിൽ പെട്ട ശഫാഅത്തിനുള്ള അധി കാരമടക്കമുള്ള പലതുമാകാം മേൽ പറയപ്പെട്ടതായ മഖാമുൻ മഹ്മൂദ്.

***8, ഹൗളിൻെറ ഉടമസ്ഥൻ :***

ഇവിടെ ഉദ്ദേശിക്കുന്നത് ഏററവും വലുതും കൂടുതൽ ആ ളുകൾ കുടിക്കാനെത്തുന്നതുമായ ഹൗള് എന്നതാണ്. എന്നാ ൽ ഹൗളുകൾ എല്ലാ നബിമാർക്കും ഉണ്ടായിരിക്കുമെന്ന കാ ര്യം നേരത്തെ സൂചിപ്പിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ.

***9,10,11 ഇമാമുന്നബിയ്യീൻ (പ്രവാചക നേതാവ്.***

അദ്ദേഹം എല്ലാ നബിമാരുടേയും നേതാവും അവരിലെ പ്ര സംഗകനും, ശഫാഅത്തിൻെറ ഉടമയുമായിരിക്കും ഉബയ്യുബ് നു കഅബിൽ നിന്നും ഉദ്ധരിക്കുന്ന നബിവചനം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്:

إذا كان يوم القيامة كنت إمام النبيين وخطيبهم ، وصاحب شفاعتهم غير فخر (رواه الترمذي)

''അന്ത്യനാൾ ആസന്നമായാൽ ഞാനായിരിക്കും പ്രവാചകന്മാ രുടെ ഇമാമും അവരിലെ പ്രാസംഗികനും. ഞാൻ തന്നെയാ കും അവരിലെ ശുപാർശകനും ഇതൊന്നും അഭിമാനം പറച്ചി ലല്ല '' (തിർമിദി).

### 12, അദ്ദേഹത്തിൻെറ സമുദായം ഏററവും ഉ ത്തമ സമുദായം:

അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

كنتم خيرأمة أخرجت للناس (سورة آل عمران ١١٠)

''മനുഷ്യ വംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ **സമുദായമാകുന്നു നിങ്ങൾ''** (ആലു ഇംറാൻ 110)

എന്നാൽ ഇസ്റാഈൽ സമുദായത്തെ സംബന്ധിച്ച് പറയുന്ന താഴെ പറയുന്ന ഖുർആൻ വചനം ആ കാലക്കാരെ സംബ ന്ധിച്ച് മാത്രമുള്ളതാണെന്ന് മനസ്സിലാക്കേണ്ടതാണ്.

يا بني إسرائيل اذكلروا نعمتي التي أنعمت عليكم وأني فضلتكم على العالمين ( سورة البقرة ٤٧)

''ഇസ്രായീൽ സന്തതികളേ, ഞാൻ നിങ്ങൾക്ക് ചെയ്തുതന്നി ട്ടുള്ള അനുഗ്രഹവും മററു ജനവിഭാഗങ്ങളേക്കാൾ നിങ്ങൾക്ക് ഞാൻ ശ്രേഷ്ഠതനൽകിയതും നിങ്ങളോർക്കുക.'' (ബഖറ: 47).

## സ്വഹാബികളുടെ ശ്രേഷ്ഠതകൾ
## فضائل الصحابة

വിശ്വാസിയായിക്കൊണ്ട് നബിയോടൊപ്പം സഹവസിച്ച് അ തേ നിലയിൽ തന്നെ മരണപ്പെടുകയും ചെയ്തിട്ടുള്ള വ്യക്തി കൾക്കാണ് സ്വഹാബികൾ എന്ന് പറയുക.

മുഹമ്മദ് നബി(സ)യുടെ സ്വഹാബികൾ മററ് മുഴുവൻ അൻ ബിയാക്കളുടെ സ്വഹാബികളേക്കാളും ഉത്തമരാണ്. ഇക്കാര്യം പ്രവാചക വചനം തന്നെ വ്യക്തമാക്കുന്നുണ്ട്.

خير الناس قرني (رواه البخاري وغيره)

''ജനങ്ങളിൽ ഉത്തമർ എൻെറ സമുദായമാണ്'' (ബുഖാരിയും മററ് പലരും ഇത് റിപ്പോർട്ട് ചെയ്യുന്നുണ്ട്).

സ്വഹാബികളിൽ ശ്രേഷ്ഠർ മുഹാജിറുകളുമാണ്, കാരണം പ്ര വാചകനേയും മതത്തേയും സഹായിക്കുകയും ഹിജ്റ പോ കുകയും ചെയ്തവരാണ് എന്നതു തന്നെ. പിന്നെ അൻസ്വാ റുകളുമാണ്.

മുഹാജിറുകളിൽ ശ്രേഷ്ഠർ ഖുലഫാഉർ റാഷിദൂൻ എന്ന് അ റിയപ്പെടുന്ന അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി (റ) എന്നീ നാലുപേരുമണ്.

**അബൂബക്കർ(റ)** : അദ്ദേഹത്തിൻെറ യഥാർത്ഥപേര്, അ ബ്ദുല്ലാഹിബ്നു ഉഥ്മാനു ബ്നു ആമിർ എന്നാണ്. തൈമ് ബ് നു മുർറത്ത് ബ്നു കഅബ് ഗോത്രക്കാരനായ അദ്ദേഹമാണ് പ്രവാചകരിൽ വിശ്വസിച്ച ഒന്നാമത്തെ പുരുഷൻ. കൂടാതെ പ്ര വാചകനോടൊന്നിച്ച് ഹിജ്റ പോയ വ്യക്തി, നമസ്കാരത്തി ലും ഹജ്ജിലുമെല്ലാം പ്രവാചകനെ പ്രതിനിധീകരിച്ച വ്യക്തി, പ്രവാചകൻെറ സമൂഹത്തിലെ ഒന്നാമത്തെ ഖലീഫ: എന്നീ ബഹുമതികൾക്കെല്ലാം അർഹനായ വ്യക്തികൂടിയാണ് അദ്ദേ ഹം. അദ്ദേഹത്തിൻെറ കൈകളാലാണ് സ്വർഗ്ഗംകൊണ്ട് സ ന്തോഷ മറിയിക്കപ്പെട്ട ഉഥ്മാൻ, സുബൈർ, ത്വൽഹ:, അബ് ദുർറഹ്മാനു ബ്നു ഔഫ്, സഅദ്ബ്നു അബീവഖാസ്(റ) എന്നീ അഞ്ച് പേർ മുസ്ലിമായിട്ടുള്ളത്. ഹിജ്റ: 13ാം കൊല്ലം ജമാദുൽ ആഖിറിൽ തൻെറ 63-ാ മത്തെ വയസ്സിൽ അദ്ദേഹം ഈ ലോകത്ത് നിന്ന് വിടപറഞ്ഞു. മേൽ പറയപ്പെട്ട അഞ്ച് പേർ, അബൂബക്കർ, അലി, സൈദ്ബ്നു ഹാരിഥ്(റ) എന്നീ എട്ട് പേരാണ് പ്രവാചകരിൽ വിശ്വസിച്ച ആദ്യ പുരുഷന്മാർ എന്ന് പ്രസിദ്ധ ചരിത്രകാരനായ ഇബ്നു ഇസ്ഹാഖ് രേഖപ്പെ ടുത്തിയിട്ടുണ്ട്.

അദ്ദേഹത്തിൻെറ ഭരണ കാലം ഹിജ്റ: 11 റബീഉൽ അവ്വൽ 13 മുതൽ ഹിജ്റ: 13 ജമാദുൽ ആഖിർ 22 വരെ നീണ്ടുനിന്ന രണ്ട് വർഷവും മൂന്ന് മാസവും ഒമ്പത് ദിവസവുമായിരുന്നു.

**ഉമറുബ്നുൽ ഖത്താബ് (റ):** അദ്ദേഹത്തിൻെറ മുഴു വൻ പേര്, അബൂ ഹഫ്സ: അൽഫാറൂഖ് ഉമറു ബ്നുൽ ഖ ത്താബ് എന്നാണ്. ബനൂ അദിയ്യ് കഅബ് ബ്നു ലുഅയ്യ് ആണ് അദ്ദേഹത്തിൻെറ ഗോത്രം. പ്രവാചകൻെറ നുബുവ്വത്ത് ആറാം കൊല്ലമാണ് അദ്ദേഹം ഇസ്ലാമിലേക്ക് വന്നത്. നാൽപ്പത് പുരുഷന്മാരും പതിനൊന്ന് സ്ത്രീകളുമായിരുന്നു അന്ന് പ്രവാചകനിൽ വിശ്വസിച്ചിരുന്നവരുടെ ഏകദേശ അംഗസംഖ്യ. അന്ന് മുസ്ലിംകൾ അത്യധികം സന്തോഷിക്കു കയും, അന്ന് മുതൽ ഇസ്ലാമിക പ്രബോധനം മക്കയിൽ പരസ്യമാക്കുകയും ചെയ്തു.

അദ്ദേഹത്തെയാണ് അബൂബക്കർ (റ) തൻെറ പിൻഗാമിയായി മുസ്ലിം ഉമ്മത്തിൻെറ ഖലീഫയായി നിശ്ചയിച്ചത്. പ്രസ്തുത സ്ഥാനത്ത് അദ്ദേഹം സ്തുത്യർഹമാം വിധം തൻെറ അന്ത്യം വരെ തുടർന്നു. ഹിജ്റ: 23 ദുൽഹജ്ജ് മാസം തൻെറ 63ാം വ യസ്സിൽ താൻ രക്തസാക്ഷിത്വം വരിക്കുന്നത് വരെ അദ്ദേഹം പ്രസ്തുത സ്ഥാനത്ത് തുടരുകയുണ്ടായി .

ഹിജ്റ: 13 ജമാദുൽ ആഖിർ 23 മുതൽ ഹിജ്റ: 23 ദുൽഹജ്ജ് 26 വരെ നീണ്ടു നിന്ന കാലഘട്ടത്തിലായി പത്ത് വർഷവും ആറ് മാസവും മൂന്ന് ദിവസവുമായിരുന്നു അദ്ദേഹത്തിൻെറ ഭരണ കാലം.

**ഉഥ്മാനു ബ്നു അഫ്ഫാൻ (റ)**: അബൂ അബ്ദുല്ല ദുന്നൂ റൈൻ ഉഥ്മാനുബ്നു അഫ്ഫാൻ എന്നതാണ് അദ്ദേഹത്തി ൻെറ പൂർണ്ണ നാമം. ബനൂഉമയ്യ അബ്ദുശ്ശംസ് ബ്നു അബ്ദു മനാഫ് ആണ് അദ്ദേഹത്തിൻെറ ഗോത്രം. പ്രവാചകൻ(സ) ദാ റുൽ അർഖമിൽ വെച്ച് രഹസ്യപ്രബോധനം ആരംഭിക്കുന്നതി നു മുമ്പ്തന്നെ അദ്ദേഹം ഇസ്ലാം വിശ്വസിച്ചു കഴിഞ്ഞിരു ന്നു. അദ്ദേഹം ധനികനും ധർമ്മിഷ്ടനുമായ വ്യക്തിയായിരു ന്നു. ഉമർ (റ) വിൻെറ വധത്തിനു ശേഷം, മരണത്തിനു മുമ്പ് അദ്ദേഹം ചുമതലപ്പെടുത്തിയിരുന്ന കൂടിയാലോചനാ സമിതി യുടെ ഐക്യകണ്ഠേനയുള്ള തീരുമാന പ്രകാരം അദ്ദേഹം മുസ്ലിംകളുടെ മൂന്നാം ഖലീഫയായി സ്ഥാനമേററു. ഹിജ്റ: 35 ദുൽഹജ്ജ് മാസം തൻെറ തൊണ്ണൂറാം വയസ്സിൽ താൻ രക്തസാക്ഷിയാകുന്നത് വരെ തൽസ്ഥാനത്ത് അദ്ദേഹം തു ടർന്നു.

**അലിയ്യു ബ്നു അബീത്വാലിബ് (റ):** അബുൽ ഹസൻ അലിയ്യു ബ്നു അബീത്വാലിബ് എന്നാണ് അദ്ദേഹത്തിൻെറ മു ഴുവൻ പേര്. അബൂത്വാലിബിൻെറ പേരാകട്ടെ അബ്ദുമനാഫ് ബ്നു അബ്ദുൽ മുത്വലിബ് എന്നുമാണ്. അദ്ദേഹമാണ് കുട്ടിക ളിൽ നിന്നും ആദ്യമായി ഇസ്ലാം വിശ്വസിച്ച വ്യക്തി. നബി (സ) അദ്ദേഹത്തെയായിരുന്നു ഖൈബർ യുദ്ധ ദിവസം യുദ്ധ പതാക ഏൽപ്പിച്ചത്; അദ്ദേഹത്തിൻെറ കൈകളാൽ ആ യുദ്ധ ത്തോടെ മുസ്ലിംകൾ ഖൈബർ ജയിച്ചടക്കുകയും ചെയ്തു.
ഉഥ്മാൻ(റ) വിൻെറ രക്തസാക്ഷിത്വത്തിനു ശേഷം അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു ഹിജ്റ: 40ൽ തൻെറ 63ാം വയസ്സിൽ അദ്ദേഹവും രക്തസാക്ഷിയായി ഈ ലോകത്ത് നി ന്നും യാത്രയായി.

അദ്ദേഹത്തിൻെറ ഭരണകാലം ഹിജ്റ: 35 ദുൽഹജ്ജ് 19 മുതൽ 40 റമദാൻ 19 വരെയുള്ള നാല് വർഷവും ഒമ്പത് മാസവു മാണ്.

മേൽ പറയപ്പെട്ട നാലുപേരിൽ ശ്രേഷ്ഠർ മുകളിൽ സൂചിപ്പിച്ച തായ ക്രമം തന്നെയാണ്. ഇക്കാര്യം ഇബ്നു ഉമർ(റ) വിൽ നി ന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസിലൂടെയും മനസ്സിലാക്കാം.

**كنا نخير بين الناس في زمن النبي صلى الله عليه وسلم، فنخير أبا بكر ثم عمر بن الخطاب ثم عثمان بن عفان** (رواه البخاري)

''ഞങ്ങൾ നബിയുടെ കാലത്ത് ജനങ്ങൾക്കിടയിൽ ചിലരെ ശ്രേഷ്ഠരായി കണ്ടിരുന്നു; അത് അബൂബക്കർ, ഉമർ, ഉഥ്മാൻ (റ) എന്നീ ക്രമത്തിലായിരുന്നു'' (ബുഖാരി)

അബൂദാവൂദിൻെറ റിപ്പോർട്ടിൽ ''നബി(സ) ജീവിച്ചിരിക്കെ, ന ബി(സ)യുടെ സമുദായത്തിലെ ശ്രേഷ്ഠർ നബിക്ക് ശേഷം അ ബൂബക്കർ പിന്നെ ഉമർ, പിന്നെ ഉഥ്മാൻ(റ) എന്നിവരാണ് എ ന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നു'' (അബൂദാവൂദ്)

ത്വബ്റാനിയുടെ റിപ്പോർട്ടിൽ ''അത് നബി(സ) കേൾക്കാറുണ്ടാ യിരുന്നു, എന്നാൽ അദ്ദേഹമത് നിഷേധിക്കാറില്ല'' എന്നുകൂടി കൂടുതലുണ്ട്. എന്നാൽ ഇതേ റിപ്പോർട്ടിൽ അലി(റ)വിൻെറ പേ രു കൂടിയുള്ളതായി ഗ്രന്ഥകാരൻ പറയുന്നുണ്ട്; പക്ഷേ അങ്ങ നെയൊരു റിപ്പോർട്ട് എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.
നബിക്ക് ശേഷം മുകളിൽ പറഞ്ഞവരുടെ കൂട്ടത്തിൽ ഖിലാഫ ത്തിന് ഏററവും അർഹൻ അബൂബക്കർ(റ) തന്നെയാണ്. കാ രണം അദ്ദേഹം അവരിൽ ഏററവും ശ്രേഷ്ഠനും ഇസ്ലാമിലേ ക്ക് അവരേക്കാളെല്ലാം മുന്നിൽ കടന്നുവന്ന വ്യക്തിയുമാണ്. അദ്ദേഹത്തെ തന്നെയായിരുന്നു പ്രവാചകൻ(സ) നമസ്കാര ത്തിന് ഇമാമായി നിശ്ചയിക്കുകയും

ചെയ്തിരുന്നത്. ഇക്കാര ണങ്ങളെല്ലാമായിരുന്നു സ്വഹാബികൾ ഒന്നടങ്കം അദ്ദേഹത്തെ ഖലീഫയായി കണ്ട് ബൈഅത്ത് ചെയ്തത്. അല്ലാഹു അവരെ യെല്ലാവരേയും കൂടി ഒരിക്കലും പിഴവിൽ ഒരുമിച്ചുകൂട്ടുകയി ല്ലെന്നത് ഉറപ്പാണ്.

പിന്നീട് അർഹത ഉമർ(റ) വിനുമാണ്; കാരണം അബൂബക്കർ (റ) വിനു ശേഷം ശ്രേഷ്ഠനായ വ്യക്തി എന്നതും അബൂ ബക്കർ(റ) തൻെറ മരണത്തിനു മുമ്പ് അദ്ദേഹത്തെ അത് ഏ ൽപ്പിക്കുകയും ചെയ്തു എന്നതും അതിനുള്ള യോഗ്യതയാ യി നാം കാണുന്നു. പിന്നീട് ഉഥ്മാൻ(റ)വുമാണ്. അദ്ദേഹത്തി ൻെറ ശ്രേഷ്ഠതയും ഉമർ(റ) തൻെറ മരണം ഉറപ്പായപ്പോൾ അടുത്ത ഖലീഫയെ തിരഞ്ഞെടുക്കാനായി നിശ്ചയിച്ച സമി തിയുടെ ഒന്നിച്ചുള്ള തീരുമാനമനുസരിച്ചും അദ്ദേഹം തിര ഞ്ഞെടുക്കപ്പെടുകയുണ്ടായി.

സമിതിയംഗങ്ങൾ അലി, ഉഥ്മാൻ, സഅദ്, ത്വൽഹ:, അബ്ദുറ ഹ്മാനു ബ്നു ഔഫ്, സുബൈർ (റ) എന്നിവരായിരുന്നു. (അ വർ ആറ് പേർ മൂന്ന് വീതം രണ്ട് ചേരിയായാൽ അന്നേരം മാ ത്രം തൻെറ അഭിപ്രായം രേഖപ്പെടുത്തി തീരമാനത്തിലെത്തു ന്നതിന് തൻെറ മകൻ അബ്ദുല്ലാഹിബ്നു ഉമർ(റ) വിനെ കൂടി നിശ്ചയിച്ചിരുന്നു അതിൻെറ ആവശ്യം വരികയും ചെയ്തില്ല. വിവർത്തകൻ)

ശേഷം യോഗ്യനായത് അലി(റ)വും ആണ്. അദ്ദേഹത്തിൻെറ ശ്രേഷ്ഠത കണക്കിലെടുത്ത് ആ കാലഘട്ടത്തിലെ ജനങ്ങൾ അതിന് അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഇവരെ സംബന്ധിച്ചാണ് നബി(സ) ഖുലഫാഉർറാഷിദൂൻ (സ ച്ചരിതരായ ഭരണകർത്താക്കൾ) എന്ന് പറഞ്ഞിട്ടുള്ളതും:

عليكم بسنتي وسنة الخلفاء الراشدين من بعدي عضوا عليها بالنواجذ (أبوداود)

''നിങ്ങൾ എൻെറ ചര്യയും എൻെറ ശേഷമുള്ള ഖുലഫാഉർ റാഷിദുകളുടെ മാതൃകയും അവലംബമാക്കുക, അവ നിങ്ങളു ടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കുകയും ചെയ്യുക'' (അബൂദാവൂദ്)

മറ്റൊരു ഹദീസിൽ ഇങ്ങിനേയും കാണാം:

الخلافة بعدي ثلاثون سنة (أحمد، أبوداود ، الترمذي)

''ഭരണം എനിക്ക് ശേഷം മുപ്പത് വർഷമായിരിക്കും'' (അഹ്മദ് അബൂദാവൂദ്, തുർമുദി) ഈ ഹദീസിനെ സംബന്ധിച്ച് നാസ്വി റുദ്ദീൻ അൽബാനി(റ) ഹസൻ (നല്ലത്) ആണ് എന്ന് രേഖ പ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാലഘട്ടത്തിലെ അവസാനം അലി(റ)വിൻെറ ഭരണകാലമാണ് എന്നാണ് ഗ്രന്ഥകാരൻ രേഖ പ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഹസൻ (റ) വിൻെറ ഭരണത്തെ പിതാവിൻെറ ഭരണ തുടർച്ചയായി കണ്ടതിനാലാകാം അങ്ങി നെ അഭിപ്രായപ്പെട്ടത്. അതല്ലെങ്കിൽ തനിക്ക് കിട്ടിയ സ്ഥാനം (മുആവിയ(റ)ക്ക് ഏൽപ്പിച്ച്) അതിൽനിന്ന് അദ്ദേഹം പിന്മാറി യ തിനാൽ അത് പരഗണിക്കാത്തതിനാലുമായേക്കാം.

മേൽ പറയപ്പെട്ട നാല് ഖുലഫാഉർറാഷിദുകളുടെ ഭരണകാലം 29 വർഷം 6 മാസം 4 ദിവസമാണ്.

അതിനു ശേഷം ഹസനുബ്നു അലി(റ)നെ തൻെറ പിതാവ് അലി(റ)വിൻെറ മരണശേഷം ഖലീഫയായി ബൈഅത്ത് ചെ യ്തുവെങ്കിലും ഹിജ്റ: 41 റബീഉൽ അവ്വലിൽ അദ്ദേഹം ത ൻെറ അധികാരം മുആവിയ(റ)വിനെ ഏൽപ്പിക്കുകയാണുണ്ടാ യത്. അതിലൂടെ നബി(സ) പറഞ്ഞ എൻെറ കാലശേഷം ഖി ലാഫത്ത് മുപ്പത് വർഷമായിരിക്കും എന്നതും താഴെ പറയുന്ന മറ്റൊരു ഹദീസിലൂടെ വ്യക്തമാക്കിയ മറ്റൊരു പ്രവചന വും പുലരുന്നതായി നമുക്ക് കാണാം:

إن ابني هذا سيد لعل الله أن يصلح به بين فئتين عظيمتين من المسلمين (رواه البخاري)

''എൻെറ ഈ മകൻ ഒരു നേതാവായിത്തീരും, അവനെക്കൊ ണ്ട് മുസ്‌ലിംകൾക്കിടയിലെ വലിയ രണ്ട് വിഭാഗങ്ങൾക്കിട യിൽ അല്ലാഹു രഞ്ജിപ്പുണ്ടാക്കിയേക്കും'' (ബുഖാരി).

## സ്വർഗ്ഗ നരകങ്ങളാൽ സാക്ഷ്യം ലഭിച്ചവർ الشهادة بالجنة أو النار

സ്വർഗ്ഗ നരകങ്ങളാൽ സാക്ഷ്യപ്പെടുത്തുക എന്നത് ബുദ്ധിക്ക് പ്രവേശനമില്ലാത്തതും പൂർണ്ണമായും ശരീഅത്തിൽ നിക്ഷിപ് തമായതുമാണ്. എന്നാൽ ശരീഅത്തിൻെറ ഉടമസ്ഥൻ (അല്ലാ ഹു) സാക്ഷ്യപ്പെടുത്തിയ കാര്യങ്ങളെ നാമും സാക്ഷ്യപ്പെടു ത്തുന്നു എന്ന് മാത്രം ആരെയവൻ സാക്ഷ്യപ്പെടുത്തിയിട്ടി ല്ലയോ അവരെ നമുക്കും സാക്ഷ്യപ്പെടുത്താൻ സാധ്യമല്ല. എന്നാൽ സൽക്കർമ്മികൾക്ക് സ്വർഗ്ഗം നാം പ്രതീക്ഷിക്കുക യും, ദുഷ്ക്കർമ്മി കളുടെ മേൽ നരകത്തെ നാം പേടിക്കു കയും ചെയ്യുന്നു.

സ്വർഗ്ഗ നരകങ്ങൾ ഉറപ്പായിത്തീരുക എന്നത് രണ്ട് വിധത്തിലു ണ്ടാകും. ഒന്ന് മൊത്തത്തിലുള്ളതും മറ്റൊന്ന് പ്രത്യേകമായി എടുത്ത് പറഞ്ഞിട്ടുള്ളതുമാണ്.

മൊത്തത്തിലുള്ളത്: ഇത് യഥാർത്ഥ വിശ്വാസികളെല്ലാം സ്വ ർഗ്ഗത്തിലും കാഫിറുകളെല്ലാം നരകത്തിലുമായിരിക്കും എന്ന ത് പോലെയുള്ള കാര്യമാണ്. അത്പോലെ സ്വർഗ്ഗപ്ര വേശന ത്തിന് കാരണമായി അല്ലാഹു എടുത്ത് പറഞ്ഞതായ കാര്യങ്ങൾ അനുഷ്ഠിച്ചവർ സ്വർഗ്ഗത്തിലും നരകപ്രവേശന ത്തിന് കരണമായി പറഞ്ഞ കാര്യങ്ങൾ അനുഷ്ഠിക്കുന്നവർ നരകത്തിലും പ്രവേശിക്കാൻ കാരണമായിരിക്കും എന്നതാ ണ്.

പ്രത്യേകമായത്: ഇത്കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവോ റ സൂലോ ഏതെങ്കിലും ഒരു വ്യക്തിയെ സംബന്ധിച്ച് അയാൾ സ്വർഗ്ഗത്തിലാണ് എന്നോ, അതല്ലങ്കിൽ ഒരാളെക്കുറിച്ച് അല്ലാ ഹുവോ റസൂലോ അയാൾ നരകത്തിലാണ് എന്ന് പറഞ്ഞിട്ടു ണ്ടെങ്കിൽ അത് അങ്ങിനെത്തന്നെ സാക്ഷ്യപ്പെടുത്തലാണ്. എ ന്നാൽ അല്ലാഹുവോ റസൂലോ നിർണ്ണയിക്കാത്ത ഒരാളെ സം ബന്ധിച്ചും നമുക്ക് ഒരുകാര്യം തീർത്ത് പറഞ്ഞുകൂടാത്തതു മാണ്.

## സ്വർഗ്ഗക്കാരെന്ന് നിർണ്ണയിക്കപ്പെട്ടവർ

## المعينون من أهل الجنة

സ്വർഗ്ഗാവകാശിയെന്ന് നിർണ്ണയിക്കപ്പെട്ടവർ ധാരാളമുണ്ട് അവ രിൽ പെട്ടവരാണ് العشـرة المبشرون بالجنـة (അശ്റത്തുൽ മു ബശ്ശിറൂൻ) സ്വർഗ്ഗം കൊണ്ട് സന്തോഷമറിയിക്കപ്പെട്ട താഴെ പറയുന്ന പത്ത് പേർ. അവരെല്ലാവരേയും ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവാചകൻ(സ) പറഞ്ഞതായ ഹദീസ് പ്രസിദ്ധമാണ്:

أبوبكر في الجنة، وعمر في الجنة، وعثمان في الجنة، وعلي في الجنة، وطلحة في الجنـة، والزبيـر فـي الجنة، وعبد الرحمن بن عوف في الجنة، وسعد بن أبي وقاس في الجنة، وسـعيد بـن زيـد فـي الجنـة وأبوعبيدة بن الجراح في الجنة (رواه الترمذي وصححه الألباني)

''അബൂബക്കർ സ്വർഗ്ഗത്തിലാണ്, ഉമറും സ്വർഗ്ഗത്തിലാണ്, ഉഥ് മാനും സ്വർഗ്ഗത്തിലാണ്, അലിയ്യും സ്വർഗ്ഗത്തിലാണ്, ത്വൽഹ യും സ്വർഗ്ഗത്തിലാണ്, സുബൈറും സ്വർഗ്ഗത്തിലാണ്, അബ് ദുർറഹ്മാനു ബ്നു ഔഫും സ്വർഗ്ഗത്തിലാണ് സഅദ് ബ്നു അബീ വഖാസ്വും സ്വർഗ്ഗത്തിലാണ്, സഈദ്ബ്നു സൈദും സ്വർഗ്ഗത്തിലാണ്''(തുർമുദി. നാസ്വിറുദ്ദീനുൽ അൽബാനി ഇത് സ്വഹീഹായ ഹദീസാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്)
ഇവരിൽ ഖുലഫാഉർ റാഷിദുകളായ നാലുപേരുടെ വിവരണം കഴിഞ്ഞുപോയതാണ്. ബാക്കിയുള്ളവരുടെ ഹ്രസ്വമായ വിവര ണം താഴെ ചേർക്കുന്നു.

**ത്വൽഹ:(റ)** : ഇദ്ദേഹം ബനീതമുബ്നു മുർറ: ഗോത്രക്കാര നാണ്; പിതാവിൻെറ പേര് അബ്ദുല്ല എന്നുമാണ്. ആദ്യമായി ഇസ്ലാം സ്വീകരിച്ച എട്ടുപേരിൽ ഒരാളാണ് ഇദ്ദേഹം. ഹിജ്റ: 36ാം കൊല്ലം ജമൽ യുദ്ധത്തിൽ വെച്ച് തൻെറ 64ാം വയസ്സിൽ കൊല്ലപ്പെടുകയുണ്ടായി.

**സുബൈറു ബ്നുൽ അവ്വാം(റ):** നബി(സ)യുടെ അ മ്മായിയുടെ പുത്രനായ ഇദ്ദേഹം ബനൂ ഖുസ്സ്വ് ബ്നു കിലാബ് ഗോത്രക്കാരനാണ്. അലി(റ) വിനോടൊപ്പം യുദ്ധം ചെയ്യുന്ന തിൽ നിന്നും പിന്തിരിഞ്ഞു പോരുന്നതിനിടയിൽ ഇബ്നു ജർ മൂസ് അദ്ദേഹത്തെ കണ്ടുമുട്ടുകയും കൊലപ്പെടുത്തുകയുമാ ണുണ്ടായത്. അത് ഹിജ്റ 30ാം കൊല്ലമായിരുന്നു; അന്ന് അദ്ദേ ഹത്തിന് 67 വയസ്സായിരുന്നു പ്രായം.

**അബ്ദുർറഹ്മാനുബ്നുഔഫ്(റ):** ബനൂ സുഹ്റ ഗോ ത്രക്കാരനായ ഇദ്ദേഹം ഹിജ്റ: 32ാം കൊല്ലം തൻെറ 72ാം വയ സ്സിൽ മരണപ്പെടുകയുണ്ടായി; ബഖീഅ് ലാണ് അദ്ദേഹത്തെ ഖ ബറടക്കം ചെയ്തിട്ടുള്ളത്.

**സഅദ് ബ്നു അബീവഖാസ്(റ):** ഇദ്ദേഹം ബനൂ അബ്ദു മനാഫ് ബ്നുസുഹ്റ ഗോത്രത്തിൽ പെട്ട മാലികിൻെറ പുത്ര നാണ്.

അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ഒന്നാമതായി കുന്തം പ്രയോഗി ച്ച വ്യക്തിയാണ് അദ്ദേഹം. മദീനയിൽ നിന്നും പത്ത് മൈൽ അകലെയുള്ള ബുഖൈഖിലുള്ള തൻെറ കോട്ടയിൽ വെച്ചാണ് അദ്ദേഹം മരണപ്പെട്ടത്. ബുഖൈഖിൽ തന്നെ ഖബറടക്കം ചെ യ്യപ്പെടുകയും ചെയ്തു. ഹിജ്റ: 55 ൽ ആയിരുന്നു അത്, അന്ന് അദ്ദേഹത്തിന് 82 വയസ്സായിരുന്നു പ്രായം.

**അബൂ ഉബൈദത്തുൽ ജർറാഹ്(റ):** ഫിഹ്ർ ഗോ ത്രക്കാരനായ അദ്ദേഹത്തിൻെറ യഥാർത്ഥ പേര് ആമിറുബ്നു അബ്ദുള്ള എന്നാണ്. ഇസ്ലാമിലേക്ക

ആദ്യഘട്ടത്തിൽ തന്നെ കടന്നുവന്ന വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. ഹിജ്റ: 18 ൽ തൻെറ 58ാം വയസ്സിൽ ജോർഡാനിൽ വെച്ച് അദ്ദേഹം മരണ പ്പെടുകയും ചെയ്തു.

സ്വർഗ്ഗാവകാശികളാണ് എന്ന് പ്രവാചകൻ(സ) സാക്ഷ്യം വ ഹിച്ചവരിൽ പെട്ടവരാണ് ഹസൻ ഹുസൈൻ ഥാബിത് ബിൻ ഖൈസ്(റ) എന്നിവർ. ഇക്കാര്യം താഴെ പറയുന്ന ഹദീസുക ളിൽ നിന്നും വ്യക്തമാകുന്നതാണ്.

الحسن والحسين سيدا شباب أهل الجنة (رواه الترمذي)

''ഹസനും ഹുസൈനും സ്വർഗ്ഗത്തിലെ യുവാക്കളുടെ നേതാ ക്കളായിരിക്കും'' (തുർമുദി)

ഥാബിത് ബിൻ ഖൈസ്(റ) വിനെ സംബന്ധിച്ച് നബി(സ) പറ ഞ്ഞത് കാണുക:

إنك لست من أهل النار، ولكنك من أهل الجنة (رواه البخاري)

''തീർച്ചയായും താങ്കൾ നരകാവകാശിയല്ല, എന്നാൽ നിങ്ങൾ സ്വർഗ്ഗാവകാശികളിൽ പെട്ട ആളാകുന്നു'' (ബുഖാരി)

**ഹസൻ(റ):** ഇദ്ദേഹം നബി(സ)യുടെ പൗത്രനാണ്. നബിയു ടെ സുഗന്ധം ഇദ്ദേഹത്തെ സംബന്ധിച്ച് ഹദീസിൽ വന്നിട്ടു ണ്ട്. അമീറുൽ മുഅ്മിനീൻ അലി(റ) വിൻെറ മകൻ അമീറുൽ മുഅ് മിനീൻ ആയ ഹസൻ(റ) ഹിജ്റ: 3 റമദാൻ 15 ന് ജനിച്ച ഇദ്ദേ ഹത്തിൻെറ മരണം ഹിജ്റ: 50 റബീഉൽ അവ്വലിൽ മദീ നയിൽ വെച്ചായിരുന്നു, ബഖീഅ്ലാണ് അദ്ദേഹത്തെ ഖബറട ക്കപ്പെട്ടിട്ടുള്ളത്.

**ഹുസൈൻ(റ):** നബിയുടെ പൗത്രരിൽ പെട്ട ഇദ്ദേഹവും ന ബിയുടെ സുഗന്ധം എന്ന പേരിൽ അറിയപ്പെടുന്നു, അമീറുൽ മുഅ്മിനീൻ അലി(റ) വാണ് ഇദ്ദേഹത്തിൻേറയും പിതാവ്. ഹിജ് റ: നാല് ശഅ്ബാനിൽ ജനിച്ച ഇദ്ദേഹം ഹിജ്റ: 61 മു ഹർറം 10 ന് കർബലായിൽ വെച്ച് രക്തസാക്ഷിയായി.

**ഥാബിത് ബിൻ ഖൈസ്(റ):** ഖസ്റജ് ഗോത്രക്കാരനായ ഇദ്ദേഹത്തിൻെറ മുഴുവൻ പേര്: ഥാബിത് ബ്നുൽ ഖൈസ് ശമ്മാ സുൽ അൻസാരി എന്നാണ്. അൻസ്വാറുകളിലെ പ്രസംഗകൻ കൂടിയായിരുന്ന ഇദ്ദേഹം ഹിജ്റ 11 ൻെറ അവസാനം യമാമ: യുദ്ധത്തിൽ വെച്ച് രക്തസാക്ഷിയായി വധിക്കപ്പെടുക യാണുണ്ടായത്. ഹിജ്റ: 12 ൻെറ ആദ്യത്തിലെന്നും അഭിപ്രായ മുണ്ട്.

## നരകാവകാശികളിൽ സ്ഥിരപെട്ടവർ المعينون من أهل النار

നരകാവകാശിയെന്ന് ഖുർആനിൽ സ്ഥിരപ്പെട്ട വ്യക്തിയാണ് അബ്ദുൽ മുത്തലിബിൻെറ മകനും നബിയുടെ പിതൃവനുമാ യ അബൂലഹബ് എന്ന് അറിയപ്പെടുന്ന അബ്ദുൽ ഉസ്സയും അയാളുടെ ഭാര്യ ഉമ്മുജമീലും. അർവ ബിൻത് എന്ന് പേരുള്ള അവൾ അബൂസുഫ്യാൻെറ സഹോദരി കൂടിയാണ്.

മേൽ പറയപ്പെട്ട രണ്ട് പേരേയും സംബന്ധിച്ച് അല്ലാഹു പറ യുന്നത് കാണുക:

تبت يدا أبي لهب وتب ما أغنى عنه ماله وما كسب سيصلى نارا ذات لهب وامرأته حمالة الحطب في جيدها حبل من مسد (سورة المسد)

''അബൂലഹബിൻെറ ഇരു കൈകളും നശിച്ചിരിക്കുന്നു, അവ ൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവൻെറ ധനമോ അ വൻ സമ്പാദിച്ചുവെച്ചതോ അവന്ന് ഉപകാരപ്പെട്ടില്ല, തീജ്വാല യുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറക് ചുമട്ടുകാരിയായ അവൻെറ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും'' (സൂ റ: മസദ്).
നരകാവകാശികാശികളിൽ പെട്ടവരാണ് എന്ന് ഹദീസിലൂടെ സ്ഥിരപ്പെട്ടവരാണ് താഴെ പറയുന്നവർ.

**അബൂത്വാലിബ്** : അബ്ദുമനാഫ് ബ്നു അബ്ദുൽ മുത്ത ലിബ് എന്നാണയാളുടെ പൂർണ്ണനാമം. നബി(സ)യടെ പിതൃവ്യ നായ അയാളെ സംബന്ധിച്ച് വന്ന ഹദീസ് കാണുക:

أهون أهل النار عذابا أبوطالب وهو منتعل نعلين يغلي منهما دماغه (رواه البخاري)

''നരകക്കാരിൽ ഏററവും ലഘുവായ ശിക്ഷ ലഭിക്കുന്ന വ്യക് തി അബൂതാലിബ് ആയിരിക്കും. അവൻ രണ്ട് ചെരിപ്പുകൾ ധ രിപ്പിക്കപ്പെട്ട നിലയിരിക്കും അതിനാൽ അവൻെറ തലച്ചോർ വ രെ തിളച്ചുമറിയുന്നതായിരിക്കും'' (ബുഖാരി)

**അംറു ബ്നു ആമിറുബ്നു ലുഹയ്യുൽ ഖുസാഇ**: ഇയാളെ സംബന്ധിച്ചു വന്ന നബിവചനത്തിൽ ഇങ്ങിനെ കാ ണാം:

رأيته يجر أمعاءه في النار (رواه البخاري وغيره)

''അയാളെ തൻെറ കുടൽ വലിച്ചിഴക്കുന്ന നിലയിൽ നരകത്തി ൽ ഞാൻ കാണുകയുണ്ടായി'' (ബുഖാരി )

# മുസ്ലിംകളെ കാഫിറാക്കൽ

## تكفير أهل القبلة بالمعاصي

അഹ്ലുൽ ഖിബ്ല: എന്നത്കൊണ്ടുള്ള വിവക്ഷ കഅബയിലേ ക്ക് തിരിഞ്ഞു നിന്ന് നമസ്കരിക്കുന്നവർ; അതായത് മുസ്ലിം കൾ എന്ന് തന്നെയാണ്. അവർ ഒരിക്കലും വൻപാപങ്ങൾ പ്ര വർത്തിച്ചുപോയി എന്നത് കൊണ്ട് മാത്രം കാഫിറാകുകയില്ല, അത്കൊണ്ട് അവർ ഇസ്ലാമിൽ നിന്നും പുറത്ത് പോകു കയോ ശാശ്വതമായി നരകത്തിലായിത്തീരുകയോ ചെയ്യുന്ന തല്ല.
അല്ലാഹു പറയുന്നു:

وإن طائفتان من المؤمنين اقتتلوا فأصلحوا بينهما فإن بغت إحداهما على الأخرى فقاتلوا التي تبغـــي حتـــى تفيء إلى أمر الله فإن فاءت فأصلحوا بينهما بالعدل وأقسطوا إن الله يحب المقسطين إنما المؤمنون إخـــوة فأصلحوا بين أخويكم واتقوا الله لعلكم ترحمون (سورة الحجرات ٩،١٠)

''സത്യവിശ്വാസികളിൽ നിന്നുള്ള രണ്ട്വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ട് രണ്ടിൽ ഒരു വിഭാഗം മറുവിഭാഗത്തിനെതിരിൽ അതി ക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിൻെറ കൽപ്പനയിലേക്ക് മടങ്ങിവരുന്നത് വരെ നിങ്ങൾ സമരം നടണം. അങ്ങനെ ആ വിഭാഗം മടങ്ങി വരികയാണെങ്കിൽ നീതിപൂർവ്വം ആ രണ്ട് വിഭാഗങ്ങൾക്കിടയി ൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും, നീതിപാലിക്കുകയും ചെ യ്യുക. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ട പ്പെടുന്നു. സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ സഹോദരങ്ങൾക്കിട യിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂ ക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം''
(ഹുജ്റാത്ത് 9, 10)

മേൽ കൊടുത്ത ആയത്തിൽ വൻപാപത്തിൽ പെട്ടതായ യുദ്ധം
ചെയ്യുന്ന വിഭാഗങ്ങളിൽ പോലും ഈമാനിക സാഹോദര്യം സ്ഥിരപ്പെടുത്തിക്കൊണ്ടാണ് പറയുന്നത്, അത് കുഫ്റായിരു ന്നുവെങ്കിൽ ഈമാനിക സാഹോദര്യം അതോടെ ഇല്ലാതാകു മായിരുന്നു.

അതുപോലെ ഈമാനുള്ളവർ ഒരിക്കലും നരകത്തിൽ ശാശ്വ തമായിത്തീരുന്ന അവസ്ഥയും ഉണ്ടാകുകയില്ല, അവരുടെ ശി ക്ഷയുടെ കാലം കഴിഞ്ഞാൽ നരകത്തിൽനിന്നും അവർ പുറ ത്താക്കപ്പെടും എന്ന കാര്യം പ്രവാചകൻ(സ)യും വ്യക്തമാ ക്കുന്നത് കാണുക:

من كان في قلبه مثقال حبة خردل من إيمان فأخرجوه (متفق عليه)

''വല്ലവരും അവരുടെ ഹൃദയത്തിൽ ഒരു കടുക്മണി തൂക്കം ഈമാനുണ്ട് എങ്കിൽ (നരകത്തിൽനിന്നും) അവർ പുറത്ത് കൊ ണ്ട്വരപ്പെടുന്നതാണ്'' (മുതഫഖുൻ അലൈഹി)

എന്നാൽ വിശ്വാസികളായ ആളുകൾ വൻപാപങ്ങൾ കൊണ്ട് മാത്രം കാഫിറായിത്തീരുകയില്ല എന്ന അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ വിശ്വാസത്തോട് എതിർ വിശ്വാസമുള്ള രണ്ട് വിഭാഗങ്ങളാണുള്ളത്; അവർ താഴെ പറയുന്നവരാണ്.

**ഒന്ന്, ഖവാരിജുകൾ:**. അവരുടെ വാദം വൻ പാപങ്ങൾ പ്രവർത്തിക്കുന്നവർ കാഫിറും നരകത്തിൽ ശാശ്വതരായിത്തീ രുകയും ചെയ്യുന്നവരാണ് എന്നതാണ്.

**രണ്ട്, മുഅ്തസിലികൾ:** അവർ പറയുന്നത് വൻ പാപ ങ്ങൾ ചെയ്യുന്നവർ ഈമാനിൽ നിന്നും പുറത്ത്പോകുന്നു. അ വർ മുഅ്മിനുമല്ല കാഫിറുമല്ല രണ്ടിൻേറയും ഇടയിലുള്ളൊരു പദവിയിലായിരിക്കും, അവർ നരകത്തിൽ ശാശ്വതരാണ് എന്ന താണ്.
എന്നാൽ ഈ രണ്ട് വിഭാഗത്തിൻെറ വാദങ്ങളും ഖുർആ നിനും സുന്നത്തിനും പൂർവ്വീകരുടെ ഇജ്മാഇനും എതിരാണ് എന്നു മാത്രമാണ് നമുക്ക് ഈ വിഷയത്തിൽ പറയാനുള്ളത്.

# സ്വഹാബത്തിൻെറ അവകാശങ്ങൾ

## حقوق الصحابة

സ്വഹാബികൾക്ക് മുസ്ലിം സമുദായത്തിൽ വലിയ ശ്രേഷ്ഠത യുണ്ട് എന്ന കാര്യം നിഷേധിക്കാൻ കഴിയാത്തതാണ്. കാ രണം അവർ അല്ലാഹുവിൻെറ മതത്തേയും അവൻെറ പ്രവാ ചകനേയും സഹായിച്ചും തങ്ങളുടെ ശരീരം കൊണ്ടും സമ്പ ത്ത് കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ് തും നില കൊണ്ടവരാണ് എന്നതു തന്നെ. അത്പോലെ അല്ലാ ഹുവിൻെറ ഗ്രന്ഥത്തേയും അവൻെറ പ്രവാചകൻെറ സുന്ന ത്തിനേയും സംരക്ഷിക്കുന്നതിനായി അവകളെ പഠിച്ചും പഠി പ്പിച്ചും അതനുസരിച്ച് പ്രവർത്തിച്ചും ആസന്ദേശങ്ങളെ പരിശു ദ്ധവും കലർപ്പില്ലാത്തതുമായ രൂപത്തിൽ അടുത്ത തലമുറയി ലേക്ക് എത്തിക്കുവാൻ പാടുപെടുകയും ചെയ്തവരാണ്.

അക്കാരണത്താൽ തന്നെ അവരെ അല്ലാഹു തൻെറ ഗ്രന്ഥ ത്തിലൂടെ അങ്ങേയററം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യം സൂറത്തുൽ ഫത്ഹിൽ നമുക്ക് ഇങ്ങനെ കാണാം:

**محمد رسول الله والذين معه أشداء على الكفار رحماء بينهم تراهم ركعا سـجدا يبتغـون فضـلا مـن الله ورضوانا سيماهم في وجوههم من أثر السجود ذلك مثلهم في التوراة ، ومثلهم في الإنجيل كـزرع أخـرج شطئه فآزره فاستغلظ فاستوى على سوقه يعجب الزراع ليغيظ بهم الكفار وعد الله الذين آمنـوا وعملـوا الصالحات منهم مغفرة وأجرا عظـيما (سورة الفتح ٢٩)**

''മുഹമ്മദ് അല്ലാഹുവിൻെറ റസൂലാകുന്നു. അദ്ദേഹത്തോടൊ പ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശായി വർത്തി ക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹം പ്രീതിയും തേടിക്കൊ ണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന തായി നിനക്ക് കാണാം. സുജൂദിൻെറ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരുടെ അടയാളം ഇൻജീലിൽ അവരെപ്പററിയുള്ള ഉപമ ഇ ങ്ങിനെയാകുന്നു: ഒരു വിള അത് അതിൻെറ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരു ത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോ ന്നിച്ചുകൊണ്ട് അതിൻെറ കാൺഡത്തിന്മേൽ നിവർന്നു നിന്നു. (സത്യ വിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടു വന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കുവാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽ ക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെ യ്തിരിക്കുന്നു'' (സൂറത്ത് ഫത്ഹ് 29).

അവരെ നബി(സ) ആദരിച്ചത് എത്രത്തോളമെന്നത് താഴെ പറ യുന്ന നബിവചനത്തിലൂടെ മനസ്സിലാക്കാം:

**لا تسبوا أصحابي فوالذي نفسي بيده لو أنفق أحدكم مثل أحد ذهبا ما بلغ مد أحدهم ولا نصيفه (متفق عليه)**

''നിങ്ങൾ എൻെറ സ്വഹാബികളെ ചീത്തപറയരുത്. എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവനെത്തന്നെയാണെ സ ത്യം നിങ്ങളിൽ ഒരാൾ ഉഹ്ദ് മലയോളം സ്വർണ്ണം ചിലവഴിച്ചാ ലും അവർ ചിലവഴിച്ച ഒരു മുദ്ദിനോളമോ അതിൻെറ പകുതി യോളമോ അത് എത്തുകയില്ല'' (മുതഫഖുൻ അലൈഹി).

അപ്പോൾ അവരുടെ കാര്യത്തിൽ മുസ്ലിം ഉമ്മത്തിൻെറ മേൽ ഒരുപാട് കടപ്പാടുകളുണ്ട്. അവ താഴെ ചേർക്കുന്നു:

1, അവരോട് മനസ്സിൽ സ്നേഹം കാത്ത് സൂക്ഷിക്കുക, അവർ ക്ക് അർഹതപ്പെട്ടവിധം നാവ്കൊണ്ട് അവരെ പുകഴ്ത്തുക.

2, അവർക്ക് കാരുണ്യത്തിനും പാപമോചനത്തിനും വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു പറയുന്നു:

**والذين جاءوا من بعدهم يقولون ربنا اغفر لنا ولإخواننا الذين سبقونا بالإيمان ولا تجعل فـي قلوبنـا غـلا للذين آمنوا ربنا إنك رؤوف رحيم (سورة الحشر ١٠)**

''അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരു തേ. ഞങ്ങളുടെ രക്ഷിതാവേ, നീ ഏറെ ദയയുള്ളവനും ക രുണാ നി ധിയുമാകുന്നു'' (ഹശ്ർ 10)

3, അവരിൽ ആരിൽ നിന്നെങ്കിലും എന്തെങ്കിലും ദൂഷ്യങ്ങളു ണ്ടായിട്ടുണ്ടെങ്കിൽ അത് തടയുക. അങ്ങിനെ എന്തെങ്കിലും ഉ ണ്ടായിട്ടുണ്ടെങ്കിൽ തന്നെ അത് അവരുടെ നന്മകളെയും ശ്രേ ഷ്ഠതകളേയും അപേക്ഷിച്ച് വളരെക്കുറച്ച് മാത്രമായിരിക്കും; അത് അവരുടെ ഇജ്തിഹാദിൽ സംഭവിച്ചിട്ടുള്ള പൊറുക്കപ്പെ ടാവുന്ന മാപ്പർഹിക്കുന്ന വിഷയവുമായിരിക്കും. കാരണം പ്ര വാചകൻ(സ) അവരെ സംബന്ധിച്ച് പറഞ്ഞത് **لاتسبوا**

أصـــحابي (നിങ്ങൾ എന്റെ സ്വഹാബികളെ ചീത്തപറയരുത്) എന്നാണ് എന്ന കാര്യം നാമൊരിക്കലും വിസ്മരിച്ചുകൂടാത്തതാണ്.

# സ്വഹാബികളെ ചീത്തപറയുന്നതിന്റെ വിധി
# حكم سب الصحابة

സ്വഹാബികളെ ചീത്തപറയൽ മൂന്ന് നിലക്ക് ഉണ്ടാകുന്നു.

1, അവർ കാഫിറുകളാണ് എന്നോ അതല്ലങ്കിൽ അധികപേരും കാഫിറുകളാണ് എന്നോ, അതല്ലങ്കിൽ ഭൂരിഭാഗവും തെമ്മാടി കളാണ് എന്നോ പറയൽ കുഫ്റാണ്. കാരണം അത് അല്ലാഹു വിനേയും റസൂലിനേയും നിഷേധിക്കുന്നതിന് തുല്യമാണ്; എന്തുകൊണ്ടെന്നാൽ അല്ലാഹുവും റസൂലും അവരെ പുകഴ് ത്തുകയും തൃപ്തിപ്പെടുകയും ചെയ്തിട്ടുണ്ട് എന്നത് തന്നെ.

2, സ്വഹാബികളെ ചീത്ത പറയുകയോ ശപിക്കുകയോ ചെയ്യൽ

അത് കുഫ്റാണോ എന്ന കാര്യത്തിൽ പൺഢിതന്മാർക്കിടയി ൽ രണ്ട് അഭിപ്രായമാണുള്ളത്. ഒരു വിഭാഗം കാഫിറാണ് എ ന്ന് പറയുമ്പോൾ മററൊരു വിഭാഗത്തിന്റെ അഭിപ്രായം കാ ഫിറാകുന്നില്ല; എങ്കിലും അവരെ അടിക്കുകയും മരണം വരേ യോ അതല്ലെങ്കിൽ പ്രസ്തുത വാക്കിൽ നിന്നും അവർ മടങ്ങു ന്നത് വരേയോ തടവിലാക്കേണ്ടതാണ്; എന്നതാണ്.

3, സ്വഹാബികൾ ഭീരുക്കളായിരുന്നു, പിശുക്കന്മാരായിരുന്നു എന്നിങ്ങനെ മതകാര്യത്തിലല്ലാത്ത നിലയിലുള്ള ചീത്തപറയ ൽ അതൊരിക്കലും കാഫിറായിത്തീരുന്ന വിധത്തിലുള്ളതല്ല, എങ്കിലും അവരെ പ്രസ്തുത വാക്കുകളിൽ നിന്നും പിന്തിരിപ്പി ക്കുന്നതിനായി അവരെ ശിക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തെ സം ബന്ധിച്ച് വിശദമായി ശൈഖുൽ ഇസ്ലാം ഇബ്നു തൈ മിയ(റ) ഇമാം അഹ്മദ്(റ)വിൽ നിന്നും ഉദ്ധരിക്കുന്ന വാക്കു കൾ തന്റെ അസ്സാരിമുൽ മസ്ലൂൽ എന്ന ഗ്രന്ഥത്തിന്റെ 573ാം പേജിൽ വിവരിക്കുന്നത് താഴെ ചേർക്കുന്നു:

لا يجوز لأحد أن يذكر شيئا من مساوئهم ولا يطعن على أحد منهم بعيب أو نقص، فمن فعل ذلك أدّب فـإن تاب وإلاّ جلد في الحبس حتى يموت أو يرجع،

''(സ്വഹാബികളിൽ) ആരെയെങ്കിലും ചീത്തപറയുകയോ അ തല്ലെങ്കിൽ അവരെ ആക്ഷേപിച്ചുകൊണ്ടോ അവർക്ക് അപമാ നമുണ്ടാകുന്ന വിധത്തിലോ സംസാരിക്കുകയോ ചെയ്യൽ അ നുവദനീയമല്ല. അങ്ങിനെ വല്ലവരും പ്രവർത്തിച്ചാൽ അവരെ മര്യാദ പഠിപ്പിക്കേണ്ടതാണ്. അത്തരത്തിലുള്ള ആളുകൾ പശ് ചാത്തപിക്കുന്നില്ലാ എങ്കിൽ അവരെ അടിക്കുകയും അതിൽ നിന്നും മടങ്ങുന്നത് വരെ അതല്ലങ്കിൽ മരണം വരെ അവരെ തടങ്കലിൽ വെക്കേണ്ടതുമാണ്.''

# പ്രവാചക പത്നിമാർ
# حقوق زوجات النبيﷺ

പ്രവാചക പത്നിമാർ, അവർ ഇഹലോകത്തും പരലോകത്തും നബി(സ)യുടെ ഭാര്യമാരാണ്. അവർ സത്യവിശ്വാസികൾക്ക് തങ്ങളുടെ മാതാക്കളുടെ സ്ഥാനത്തുമാണ് أمهـــات المـــؤمنين (സ ത്യവിശ്വാസികളുടെ മാതാക്കൾ) എന്നാണ് അവരെ അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത്. അവർക്ക് അന്തിമപ്രവാചകന്റെ ഭാര്യ മാർ എന്ന നിലക്ക് ഒരുപാട് മഹത്വങ്ങളും ശ്രേഷ്ഠതകളു മുണ്ട്. നബികുടുംബത്തിൽ പെട്ട അവർ പരിശുദ്ധകളും, വി ശുദ്ധരും, ഗുണവതികളും, പതിവ്രതകളും, എല്ലാവിധ മ്ലേഛത കളിൽ നിന്നും മുക്തരും നിരപരാധിനികളുമാണ്. അവരുടെ വിശുദ്ധിക്കോ അഭിമാനത്തിനോ കളങ്കമേൽപ്പിക്കുന്ന എല്ലാ വിഷയത്തിൽ നിന്നും അവർ മോചിതരുമാണ്. അതെ നല്ല സ് ത്രീകൾ നല്ല പുരുഷന്മാർക്കും, നല്ല പുരുഷന്മാർ നല്ല സ്ത്രീ കൾക്കുമാണ്. അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ, സത്യസന്ധ നും വിശ്വസ്തനുമായ പ്രവാചകൻ(സ)യുടെ മേൽ അല്ലാഹു വിന്റെ രക്ഷയും സമാധാനവും എന്നെന്നും വർഷിക്കുമാറാ കട്ടെ (ആമീൻ).

## ഉമ്മഹാത്തുൽ മുഅ്മിനീൻ:

നബി(സ) യുടെ ഭാര്യാപദവിയിൽ മരണം വരെ കഴിഞ്ഞുകൂ ടാൻ ഭാഗ്യം ലഭിച്ചവർ താഴെ പറയുന്നവരാണ്.

### 1, ഖദീജ ബിൻത് ഖുവൈലിദ് (റ):

പ്രവാചകൻ(സ)യുടെ ഒന്നാമത്തെ ഭാര്യയും ഇബ്റാഹീം എ ന്ന കുട്ടിയൊഴികെ മററെല്ലാ കുട്ടികളുടേയും മാതാവ് എന്ന ബഹുമതി ഖദീജാ (റ)ക്കാണ്. അവരുടെ മൂന്നാമത്തെ ഭർത്താ വായാണ് നബി(സ) അവരെ വിവാഹം കഴിച്ചത്. ആദ്യം അ തീഖ് ബ്നു ആബിദും രണ്ടാമത് അബൂഹാലത്തു തമീമിയു മായിരുന്നു അവരുടെ മുൻ ഭർത്താക്കൾ. നുബുവ്വത്തിൻെറ പ ത്താം വർഷം മിഅ്റാജിൻെറ തൊട്ട് മുമ്പ് അവർ മരണപ്പെടു ന്നത്വരെ നബി(സ) മററാരേയും വിവാഹം കഴിച്ചിട്ടില്ല.

## 2, ആയിഷ(റ):

അബൂബക്കർ(റ)വിൻെറ മകളായ അവരെ നബി(സ) വി വാഹം കഴിക്കുന്നതിനുമുമ്പ് രണ്ട് മൂന്ന് തവണ 'ഇവൾ നി ൻെറ ഭാര്യ യാകുന്നു നീ ഇവളെ വിവാഹം കഴിക്കുക' എന്ന് പ്രവാചകൻ(സ) സ്വപ്നം കണ്ടിരുന്നു. അവർക്ക് ആറ് വയ സ്സുള്ളപ്പോൾ മക്കയിൽവെച്ച് നബി അവരെ വിവാഹം കഴി ക്കുകയുണ്ടായെങ്കിലും മദീനയിൽ ചെന്ന ശേഷം മാത്രം അ വരുടെ ഒമ്പതാമത്തെ വയസ്സിലായിരുന്നു അവരുമായി ദാമ്പ ത്യ ബന്ധത്തിലേർപ്പെട്ടത്. നബി(സ) വിവാഹം കഴിച്ച ഏക കന്യകയായിരുന്നു ആയിഷ(റ). ഹിജ്റ 58 ാം വർഷം അവർ ഈ ലോകത്തോട് വേർപ്പെട്ടു.

## 3, സൗദ ബിൻത് സംഅത്തുൽ ആമിരിയ്യ(റ):

നബി(സ) അവരെ വിവാഹം കഴിക്കുന്നതിനു മുമ്പ് സുഹൈ ലു ബ്നു അംറിൻെറ സഹോദരനായ സക്റാനുബ്നു അംറ് എന്ന മുസ്ലിം അവരെ വിവാഹം ചെയ്തിട്ടുണ്ട്. ഉമർ(റ)ൻെറ ഭരണ കാലത്തായിരുന്നു അവരുടെ മരണം; ഹിജ്റ: 54 ൽ ആ ണ് എന്നും അഭിപ്രായമുണ്ട്.

## 4, ഹഫ്സാ ബിൻത് ഉമറുബ്നുൽ ഖത്താബ്(റ):

ഉഹദ് യുദ്ധത്തിൽ കൊല്ലപ്പെട്ട മുസ്ലിമായിരുന്ന ഖനീസ് ബ് നു ഹുദാഫ എന്നവർക്ക് ശേഷമായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. ഹിജ്റ: 41 ൽ ആണ് അവർ മരണപ്പെട്ടത്.

## 5, സൈനബ ബിൻതു ഖുസൈമ:(റ) :

ഉമ്മുൽ മസാകീൻ (അഗതികളുടെ മാതാവ്) എന്ന് അറിയ പ്പെടുന്ന അവരെ നബി(സ) വിവാഹം കഴിച്ചത് അവരുടെ ആ ദ്യ ഭർത്താവ് ആയിരുന്ന അബ്ദുല്ലാഹി ബ്നു ജഹ്ശ് ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയായതിനു ശേഷമായിരുന്നു. നബി (സ)യോടൊപ്പമുള്ള വളരെ കുറഞ്ഞകാലത്തെ ദാമ്പത്ത്യബന് ധത്തിനുശേഷം ഹിജ്റ: 4 ാം വർഷം നബിയുടെ ജീവിത കാ ലത്ത് തന്നെ അവർ ഈ ലോകത്തോട് വിടപറഞ്ഞു.

## 6, ഉമ്മു സൽമ: (റ):

ഹിന്ദ് ബിൻത് അബീ ഉമയ്യത്തുൽ മഖ്സൂമിയ്യ: എന്നാണ് അ വരുടെ പൂർണ്ണനാമം. ഉഹ്ദിൽ സംഭവിച്ച മുറിവ് കാരണം മര ണപ്പെട്ട അബ്ദുല്ലാഹിബ്നു അബ്ദുൽ അസദ് എന്ന അബൂ സൽമയുടെ മരണശേഷമാണ് നബി (സ) അവരെ വിവാഹം കഴിച്ചത്. ഹിജ്റ: 61 ലാണ് അവരുടെ മരണം. നബി(സ)യുടെ ഭാര്യമാരിൽ ഏററവും അവസാനമായി മരണപ്പെട്ടത് ഉമ്മുസ ൽമ(റ) യാണ്.

## 7, സൈനബ ബിൻത് ജഹ്ശ് (റ):

അസദ് ഗോത്രക്കാരിയായ അവർ നബി(സ)യുടെ അമ്മായിയു ടെ മകൾ ആണ്. നബിയുടെ അടിമയായിരുന്ന സൈദ്(റ) അവരെ നേരത്തെ വിവാഹം കഴിച്ചിട്ടുണ്ടായിരുന്നു. ഇവരെ സംബന്ധിച്ച് അല്ലാഹു, ***താങ്കൾക്ക് നാം അവരെ ഭാര്യയാ ക്കിത്തന്നു*** എന്ന് ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹിജ്റ: അഞ്ചിലായിരുന്നു നബി(സ) അവരെ വിവാഹം കഴിക്കുന്നത്; ഹി ജ്റ: 20 ൽ അവർ മരണപ്പെടുകയും ചെയ്തു.

## 8, ജുവൈരിയ്യ ബിൻത് ഹാരിഥ് (റ):

ഖുസാഅ: ഗോത്രക്കാരിയായ അവരെ നേരത്തെ മുസ്വാഫിഹ് ബ്നു സ്വഫ്വാൻ എന്ന ഒരാൾ വിവാഹം കഴിച്ചിരുന്നു; നേര ത്തെ വിവാഹം കഴിച്ചിരുന്നത് മാലിക് ബ്നു സഫ്വാൻ ആയി രുന്നു എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഹിജ്റ: ആറിലാണ് നബി (സ) അവരെ വിവാഹം കഴിച്ചത് അവരുടെ മരണം ഹി ജ്റ: 56 ലുമാണ്.

## 9, ഉമ്മുഹബീബ: ബിൻത് അബൂസുഫ്യാൻ (റ):

അബൂസുഫ്യാൻ(റ) ൻെറ മകളായ ഇവരുടെ പേര് റംല എന്നാണ്. സ്വഹാബിയായതിന് ശേഷം മുർതദ്ദായി ക്രിസ്ത്യാ നിയായി മരണപ്പെട്ട ഉബൈദുല്ലാഹി ബ്നുജഹ്ശ് നേരത്തെ

അവരെ വിവാഹം ചെയ്തിട്ടുണ്ടായിരുന്നു. ഹിജ്റ: 44 ൽ ത ൻെറ സഹോദരൻെറ ഭരണ കാലത്ത് മദീനയിൽ വെച്ച് അവർ മരണപ്പെട്ടു.

## 10, സ്വഫിയ്യബിൻത്ഹുയയ്യ്ബ്നു അഖ്തബ് (റ):

ഹാറൂൻ നബിയുടെ സന്താന പരമ്പരയിൽപെട്ട ബനുൻന ളീർ ഗോത്രക്കാരിയായിരുന്നു അവർ. അടിമയായിരുന്ന അവ രെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കുക എന്ന മഹ്ർ അനു സരിച്ചായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. ആ ദ്യം സലാമ്ബ്നു മുശ്കമും അതിനുശേഷം ഹിജ്റ 6ാം കൊ ല്ലം ഖൈബർ വിജയ ദിവസം കിനാനത്തു ബ്നു അബുൽ ഹ ഖീഖ് എന്ന വ്യക്തിയും അവരെ വിവാഹം കഴിച്ചിട്ടുണ്ടാ യിരുന്നു. ഹിജ്റ: 50ൽ ആയിരുന്നു അവരുടെ മരണം.

## 11, മൈമൂന ബിൻത് ഹാരിഥുൽ ഹിലാലിയ്യ(റ):

ഹിജ്റ7ാം വർഷം, ഹുദൈബിയ സന്ധിക്ക് ശേഷം ഉംറ യാത്രയിലായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. സരിഫ് എന്ന സ്ഥലത്ത് വെച്ചായിരുന്നു നബി(സ) അവരു മായി ദാമ്പത്യത്തിലേർപ്പെട്ടത്. നേരത്തെ ഇബ്നു അബ്ദുയാ ലീൽ, അബൂ റഹ്മ് ബ്നു അബ്ദുൽ ഉസ്സ എന്നിവർ അവരെ വിവാഹം കഴിച്ചിട്ടുള്ളവരായിരുന്നു. ഷിജ്റ: 51 ലായിരുന്നു അ വരുടെ മരണം.

മുകളിൽ പറയപ്പെട്ട പതിനൊന്ന് പേരും ഉമ്മുൽ മുഅ്മിനീൻ എന്ന പദവിയോട് കൂടിയാണ് ഈ ലോകത്തോട് വിടപറ ഞ്ഞത്. അവരിൽ ഖദീജ:, സൈനബ ബിൻത് ഖുസൈമ (റ) എന്നിവർ നബി(സ)യുടെ ജീവിതകാലത്ത് മരണപ്പെട്ടവരും ബാക്കി ഒമ്പത് പേർ നബിയുടെ വഫാത്ത് സമയത്ത് ജീവിച്ചി രിപ്പുള്ളവരുമായിരുന്നു.

മുകളിൽ പറയപ്പെട്ട 11 രെ കൂടാതെ രണ്ട് പേരെ കൂടിയും ന ബി(സ) വിവാഹം ചെയ്തുവെങ്കിലും അവരുമായി ദാമ്പത്യ ജീവിതത്തിൽ കഴിഞ്ഞുകൂടിയിട്ടില്ല. അത്കൊണ്ട് തന്നെ അവ ർ മുകളിൽ പറഞ്ഞവരുടെ ശ്രേഷ്ഠതകൾക്കോ മതവിധിക്കോ അർഹരാകുന്നില്ല. അവർ താഴെ പറയുന്ന രണ്ടു പേർ ആണ്.

**1, അസ്മാഅ് ബിൻത് നുഅ്മാൻ (റ)** കിൻദ ഗോത്രക്കാ രിയായ അവരെ നബി(സ) വിവാഹം കഴിച്ചെങ്കിലും അവരെ ഒഴിവാക്കുകയാണുണ്ടായത്. ഒഴിവാക്കുവാനുണ്ടായ കാരണം എന്ത് എന്നതിൽ വ്യത്യസ്ത അഭിപ്രായമാണുള്ളത്. അവരെ പിന്നീട് മുഹാജിറുകളിൽ പെട്ട ഇബ്നു അബീ ഉമയ്യ എന്നവർ വിവാഹം കഴിക്കുകയുണ്ടായി.

**2, ഉമൈമബിൻത് നുഅ്മാൻ അൽ ജൗനിയ്യ(റ):** അവർ നബി(സ)യോട് أعوذ بالله منك (ഞാൻ നിങ്ങളെത്തൊട്ട് അല്ലാഹുവോട് രക്ഷതേടുന്നു) എന്ന് പറഞ്ഞ കാരണത്താ ലാണ് അവരെ ഒഴിവാക്കിയത് എന്ന് പറയപ്പെടുന്നു. യാഥാർ ത്ഥ്യം അല്ലാഹുവിനറിയാം.

നബിയുടെ ഭാര്യമാരിൽ ഏററവും ശ്രേഷ്ഠവതികളായിട്ടുള്ളവ ർ ഖദീജ(റ)യും ആയിഷ(റ)യും ആണ്. രണ്ട് പേർക്കും പ്ര ത്യേകതകൾ ഉണ്ടെങ്കിലും അവരിൽ ഖദീജ(റ) ആദ്യമായി ഇ സ്ലാം സ്വീകരിച്ച മഹതി, നബിക്ക് സഹായിയായും ശക്തി പകർന്നും കഴിഞ്ഞവർ എന്നീ മഹത്വങ്ങൾ പ്രത്യേകമായി അ വകാശപ്പെടുമ്പോൾ ആയിഷ (റ) ഇസ്ലാമിക വിജ്ഞാനം പ്ര ചരിപ്പിക്കുന്നതിലും അത് മുഖേന മുസ്ലിം ഉമ്മത്തിന് ലഭ്യമാ യ നേട്ടങ്ങളാലും പ്രത്യേകതയർഹിക്കുന്നു; കൂടാതെ മുനാഫി ഖുകൾ അവർക്കെതിരിൽ ആരോപണങ്ങൾ പ്രചരിപ്പിക്കാനൊ രുങ്ങിയപ്പോൾ അവർ നിരപരാധിനിയാണെന്ന് ഖുർആനിൽ സൂറത്ത് നൂറിലൂടെ വ്യക്തമാക്കപ്പെട്ടവരാണ് എന്നീ മഹത്വ ങ്ങൾക്ക് പ്രത്യേകമായി അർഹയാകുന്നു.

## പ്രവാചകപത്നിമാരെ അവമതിക്കൽ
## قذف أمهات المؤمنين

അല്ലാഹു, നിരപരാധിനിയാണെന്ന് വ്യക്തമാക്കിയ ആയി ഷ(റ)യെപ്പററി ആരോപണങ്ങളുന്നയിക്കൽ കുഫ്റ് (മത നി ഷേധം) ആണ്. കാരണം അത് ഖുർആനിനെ കളവാക്കലാണ്. മററ് പ്രവാചക പത്നിമാരെ സംബന്ധിച്ചുള്ള വിഷയത്തിൽ പൺഢിതന്മാർ രണ്ട് അഭിപ്രായക്കാരാണ്. അതിലേററവും ക രിയായിട്ടുള്ളത് അതും കുഫ്റ് തന്നെയാണെന്നുള്ളതാണ്. കാ രണം അ ത് പ്രവാചകനെ മ്ലേഛതയാരോപിക്കലാണ് കാരണം ചീത്ത സ്ത്രീകൾ ചീത്ത പുരുഷന്മാർക്കാണ് എന്നാണല്ലൊ അല്ലാഹു പറഞ്ഞിരിക്കുന്നത്.

## മുആവിയ: ബ്നു അബൂസുഫ്യാൻ(റ) معاوية بن أبي سفيان

അമീറുൽ മുഅ്മിനീൻ മുആവിയ ഇബ്നു അബൂ സുഫ്യാൻ സ്വഹ്റുബ്നു ഹർബ് എന്നാണ് അദ്ദേഹത്തിൻെറ പൂർണ്ണ നാമം പ്രവാചക നിയോഗമനത്തിൻെറ അഞ്ച് വർഷം

മുമ്പാ യിരുന്നു അദ്ദേഹത്തിൻെറ ജനനം. മക്കാവിജയ ദിനത്തിലാ യിരുന്നു അദ്ദേഹം മുസ്ലിമായത്; ഹുദൈബിയാ സന്ധിയോ ടനുബന്ധിച്ച് മുസ്ലിമായിരുന്നു, പക്ഷേ അദ്ദേഹം അത് മറ ച്ചുവെച്ചിരിക്കുകയായിരുന്നു എന്നും അഭിപ്രായമുണ്ട്. ഉമർ(റ) തൻെറ ഭരണകാലത്ത് അദ്ദേഹത്തെ ശാമിലേക്ക് ഗവർണ്ണറാ യി നിയോഗിക്കുകയും തൽസ്ഥാനത്ത് ഉമർ(റ)വിൻെറ ഭര ണാ വസാനം വരെ അദ്ദേഹം തുടരുകയും ചെയ്തിരുന്നു. ഹിജ്റ 37 മുതൽ മുആവിയ(റ)വിൻെറ ഭരണം അറിയപ്പെ ടുന്നുണ്ടെങ്കിലും, 41 ൽ ഹുസൈൻ(റ) തനിക്ക് ലഭിച്ച അധി കാരത്തിൽ നിന്നും സ്വമേധയാ ഒഴിഞ്ഞുമാറിയപ്പോഴാണ് ജ നങ്ങളെല്ലാം അദ്ദേഹത്തെ ഖലീഫയാക്കുന്ന കാര്യത്തിൽ ഏ കോപിക്കുകയുണ്ടായത്. നബി(സ)യുടെ വഹ്യ് എഴുത്തു കാരുടെ കൂട്ടത്തിൽ ഒരാളായിരുന്നു അദ്ദേഹം. ഹിജ്റ: 60 ൽ തൻെറ 78 ാമത്തെ വയസ്സിൽ അദ്ദേഹം മരണപ്പെടുകയു ണ്ടായി.

അദ്ദേഹത്തെ ചീത്തപറയുകയും അപകീർത്തിപ്പെടുത്തുക യും ചെയ്യുന്ന റാഫിളികൾക്കുള്ള ഖണ്ഡനമായിക്കൊണ്ടാണ് ഗ്രന്ഥകാരൻ അദ്ദേഹത്തെ പ്രത്യേകം എടുത്ത് ഉദ്ധരിക്കു കയും പ്രശംസിക്കുകയും ചെയ്തത്. നബി(സ)യുടെ ഭാര്യമാ രിൽ പെട്ട ഉമ്മുഹബീബ(റ)യുടെ സഹോദരൻ എന്ന നി ലയിൽ അദ്ദേഹത്തെ خـال المـؤمنين (വിശ്വാസികളുടെ അ മ്മാമൻ) എന്ന് പറയപ്പെടുന്നു. എന്നാൽ നബി(സ)യുടെ ഭാ ര്യമാരുടെ സഹോദരന്മാരെയെല്ലാം ഖാലുൽ മുഅ്മിനീൻ എ ന്ന് പറയുമോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ത ർക്കമുണ്ട് എന്ന് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റ) ത ൻെറ മിൻഹാജുസ്സുന്ന എന്ന ഗ്രന്ഥത്തിൻെറ 2/99 ൽ രേഖ പ്പെടുത്തിയിട്ടുണ്ട്.

## ഭരണം الخلافة

ഭരണം ഉന്നതമായ ഒരു പദവിയാണ്, വളരെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തവുമാണ്. മുസ്ലിംകളുടെ പ്രശ്നങ്ങൾ ഏ റെറടുത്ത് താനാണ് അതുമായി ബന്ധപ്പെടേണ്ട ഒന്നാമത്തെ വ്യക്തി എന്ന നിലയിൽ ഏറെറടുത്ത് കൈകാര്യം ചെയ്യുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് فـرض كفايـة (സാമൂഹ്യ ബാധ്യതയാണ്) കാരണം ജനങ്ങളുടെ പ്രശ്നങ്ങൾ അതുമു ഖേനയല്ലാതെ നിർവ്വഹിക്കപ്പെടുകയില്ല.

## ഭരണാധികാരം ലഭ്യമാകുന്ന രീതികൾ:

### *1, മുൻഗാമി രേഖാമൂലം അധികാരപ്പെടുത്തൽ.*

ഉമർ(റ) ഭരണം ഏറെറടുത്തത് ഈ രീതിയിലായിരുന്നു. അതാ യത് അബൂബക്കർ (റ) രേഖാമൂലം ചുമതലപ്പെടുത്തലായിരു ന്നു അത്.

***2, കൂടിയാലോചന:*** സമൂഹത്തിലെ അഭിപ്രായ സ്വാതന്ത്ര്യ മുള്ള ആളുകൾ കൂടിയാലോചിച്ച് തീരുമാനിക്കുന്ന രീതിയാ ണിത്. അത് ഒന്നുകിൽ ഉഥ്മാൻ(റ) തിരഞ്ഞെടുക്കപ്പെട്ടത് പോ ലെ മുൻ ഭരണാധികാരി പ്രത്യേകം നിർദ്ദേശിച്ച അംഗങ്ങൾ കൂടിയാലോചിച്ചു കൊണ്ടാകാം. അത് ഉമർ(റ) പ്രത്യേകം തിര ഞ്ഞെടുത്ത് ചുമതലപ്പെടുത്തിയ സമിതിയംഗങ്ങളായിരുന്നു. അതല്ലെങ്കിൽ അബൂബക്കർ(റ)വിനെ തിരഞ്ഞെടുത്തത് പോ ലെയോ അലി(റ)നെ തിരഞ്ഞെടുത്തത് പോലെ യാതൊരു പ്രത്യേകതയുമില്ലാതെ മുഴുവൻ ജനങ്ങളിൽ നിന്ന് തിര ഞ്ഞെടുക്കുകയോ ആകാവുന്നതാണ്.

***3, പിടിച്ചടക്കൽ രീതി:*** ഇത് ഇബ്നു സുബൈർ കൊല്ലപ്പെ ട്ടപ്പോൾ അബ്ദുൽമലിക് ബ്നു മർവാൻ കൈക്കൊണ്ട രീതി പോലെയാണെന്ന് പറയാം.

[എന്നാൽ ഭരണവും നേതൃത്വത്തെ തിരഞ്ഞെടുക്കലുമെല്ലാം കൃത്യമായും അല്ലാഹുവിൽ നിന്നുള്ള വഹ്യിൻെറ പിൻബല ത്തോടെ പ്രവാചകൻ കാണിച്ചുതരേണ്ട ഒരു കാര്യമല്ല അതെ ന്ന് മനസ്സിലാക്കാം. അത് അതാത് കാലത്തെ ജനങ്ങളുടെ അ ഭിപ്രായ സ്വാതന്ത്ര്യമനുസരിച്ച് ഇസ്ലാമിൻേറയും മുസ്ലിം സ മൂഹത്തിൻേറയും കാര്യങ്ങൾ കയ്യാളുവാൻ പ്രാപ്തിയുള്ള വരെ തിരഞ്ഞെടുക്കാൻ അവരെത്തന്നെ ബാധ്യതയേൽപ്പിച്ചി രിക്കുകയാണ്. അതൊരു ഐഹികകാര്യം (ദുൻയാകാര്യം) ആ യിട്ടാണ് മനസ്സിലാക്കാൻ കഴിയുക. ഖുലഫാഉർറാഷിദുകളായ നാല് ഖലീഫമാരെ തിരഞ്ഞെടുത്ത രീതി നാല് തരത്തിലായി രുന്നു. അതിന് കൃത്യമായ ഒരു രീതി ഇസ്ലാം നിശ്ചയിച്ചു ത ന്നിട്ടില്ല. അതൊരു ദീനീകാര്യമായിരുന്നുവെങ്കിൽ പ്രവാചകൻ അതൊരിക്കലും വിട്ടുകളയുമായിരുന്നില്ല. അബൂബക്കർ(റ)നെ ഖലീഫയായി തിരഞ്ഞെടുത്തപ്പോൾ സ്വഹാബത്ത് അഭിപ്രായ പ്പെട്ടതും ഭരണം ഒരു ഐഹിക കാര്യമാണ് എന്ന് തന്നെയാ ണ് മനസ്സിലാക്കിത്തരുന്നത്. അത് താഴെ ചേർക്കുന്നു: ''അല്ലാ ഹുവിൻെറ റസൂൽ(സ) നമ്മുടെ ദീനീകാര്യം തൃപ്തിപ്പെട്ട് ഏ ൽപ്പിച്ച വ്യക്തിയെ നമുക്ക് നമ്മുടെ ദുൻയാകാര്യം ഏൽപ്പി ക്കുവാൻ തൃപ്തിപ്പെട്ടുകൂടെ''. ഇതുപോലുള്ള വിഷയങ്ങൾ മുൻ വിധിയില്ലാതെ

അംഗീകരിക്കാൻ എല്ലാവരും സന്മനസ്സ് കാണിച്ചിരുന്നുവെങ്കിൽ സമുദായ ഐക്യത്തിന് അതൊരു വ ലിയ മുതൽകൂട്ട് ആകുമായിരുന്നു! (വിവർത്തകൻ)]

# ഭരണാധികാരിയെ അനുസരിക്കൽ

## حكم طاعة الخليفة

ഭരണാധികാരിയേയും കൈകാര്യകർതൃത്വം ഏൽപ്പിക്കപ്പെട്ട മ ററു നേതൃത്വത്തേയും അല്ലാഹുവിൻെറ നിയമങ്ങൾക്ക് എ തിരാ കാത്തിടത്തോളം അനുസരിക്കൽ നിർബന്ധമാണ്.

ഇക്കാര്യം ഖുർആനിൽ നിന്നും നമുക്കിങ്ങനെ വായിക്കാം:

يا أيها الذين آمنوا أطيعوا الله وأطيعوا الرسول وأولي الأمر منكم (سورة النساء ٥٩)

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാവുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനേയും നിങ്ങളിൽ നിന്നുള്ള കൈകാ ര്യ കർത്താക്കളേയും അനുസരിക്കുക'' (നിസാഅ് 59)

ഈ വിഷയത്തിൽ വന്ന നബിവചനത്തിൽ ചിലത് താഴെ ചേർ ക്കുന്നു.

السمع والطاعة على المسلم فيما أحب وكره ، ما لم يأمر بمعصية فإذا أمر بمعصية فلا سمع ولا طاعة (متفق عليه)

''(നേതൃത്വത്തെ) അംഗീകരിക്കലും അനുസരിക്കലും മുസ്ലി മിനെ സംബന്ധിച്ചേടത്തോളം നിർബന്ധമാണ്. അത് താൻ ഇഷ്ടപ്പെടുന്ന കാര്യത്തിലായാലും വെറുക്കുന്ന കാര്യത്തിലാ യിരുന്നാലും ശരി. (അല്ലാഹുവിനെ) ധിക്കരിക്കാൻ കൽപ്പി ക്കാത്തേടത്തോളം; ധിക്കരിക്കാൻ കൽപ്പിക്കുന്നുവെങ്കിൽ അം ഗീകരിക്കുകയും അനുസരിക്കുകയും അരുത്'' (മുതഫഖുൻ അലൈഹി)

നേതാവ് അല്ലാഹുവിൻെറ കൽപ്പനാ വിരോധങ്ങൾ നടപ്പിലാ ക്കുന്ന നല്ലവനായിരുന്നാലും അധർമ്മകാരിയായിരുന്നാലും തു ല്യമാണ്. പ്രവാചകൻ (സ) പറയുന്നത് ശ്രദ്ധിക്കുക:

إلا من ولي عليه وال فرآه يأتي شيئا من معصية الله فليكره ما يأتي من معصية الله ولا ينزعنّ يدا من طاعة (رواه مسلم)

''എന്നാൽ ഒരാൾ തങ്ങളുടെ നേതൃത്വം ഏറെറടുക്കുകയും എ ന്നിട്ട് അല്ലാഹുവിനെ ധിക്കരിക്കേണ്ടുന്ന കാര്യം കൽപ്പിക്കുക യും ചെയ്താൽ ധിക്കരിക്കാൻ കൽപ്പിച്ച കാര്യം അവൻ വെ റുക്കട്ടെ; (പക്ഷേ) ഒരിക്കലും നേതൃത്വത്തെ അനുസരിക്കുക എന്നതിൽനിന്നും അവൻ ഒഴിഞ്ഞു പോകാൻ പാടില്ല'' (ഹദീ സ് മുസ്ലിം)

നേതൃത്വത്തോടൊപ്പം ഹജ്ജും ജിഹാദുമെല്ലാം നടന്ന് പോക ട്ടെ അവരുടെ പിന്നിലായി ജുമുഅ: നമസ്കരിക്കലും അനുവദ നീയം തന്നെയാണ്; അതവർ സദ്വൃത്തരായാലും ധിക്കാരിക ളായാലും ശരി. കാരണം നേതൃത്വത്തിന് എതിരാവുക എന്നത് മുസ്ലിംകളുടെ ശക്തി ക്ഷയിക്കുവാനും അവർക്കെതിരിൽ ശ ത്രുക്കൾ കടന്നാക്രമിക്കുവാനും അത് കാരണമായിത്തീ രും.

ഗ്രന്ഥകാരൻ മൂലകൃതിയിൽ എടുത്ത് പറഞ്ഞിട്ടുള്ള ഒരു ഹ ദീസ് സുയൂത്വി തൻെറ ജാമിഉസ്സഗീറിൽ ദുർബലമാണ് രേ ഖപ്പെടുത്തിയതിനാൽ നാം വിട്ടുകളയുകയാണ്. പ്രസ്തുത ഹ ദീസിൻെറ പരമ്പരയിലുള്ള ഒരാൾ അജ്ഞാതനാണെന്ന് മുസ് നിയും, അറിയപ്പെടാത്തവനെപ്പോലെയാണെന്ന് മുൻദിരി(റ) മുഖ്തസ്വർ അബൂദാവൂദിലും വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ثــلاث مــن أصــل الإيمــان മൂന്ന് കാര്യങ്ങൾ ഈമാനിൻെറ അടിത്തറ യിൽ പെട്ടതാണ് എന്ന് പറഞ്ഞ് ആരംഭിക്കുന്നതാണ് മേൽ സൂ ചിപ്പിച്ചതായ ഹദീസ്.

പ്രസ്തുത ഹദീസിൽ പറയപ്പെടുന്ന മൂന്ന് കാര്യങ്ങൾ ലാഇലാ ഹ ഇല്ലല്ലാഹു എന്ന് പറഞ്ഞവന്ന് വേണ്ടിയുള്ള പ്രതിരോധം, ജിഹാദ് ദജ്ജാലിനെ വധിക്കുന്ന സമയം വരെ തുടരേണ്ടതു ണ്ട്, വിധിയിലുള്ള വിശ്വാസം എന്നിവയാണ്.

എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു നേതൃത്വമുണ്ടായിരിക്കെ പ്രസ്തുത നേതൃത്വത്തിന് (ഇമാമിന്) എതിരെ തിരിയുക എന്ന ത് ഹറാമാണ് എന്ന കാര്യം ഉബാദത്തു ബ്നു സ്വമിത്(റ) വിൽ നിന്ന് ഉദ്ധരിക്കുന്ന താഴെ പറയുന്ന ഹദീസ് വ്യക്തമാക്കി ത്തരുന്നതാണ്.

بايعنا رسول الله ﷺ على السمع والطاعة في منشطنا، ومكرهنا، وعسرنا، ويسرنا، وأثرة علينا وأن لا ننازع الأمر أهله إلا أن تروا كفرا بواحا عندكم فيه من الله برهان ( متفق عليه)

''ഞങ്ങൾ റസൂലുല്ലാഹി(സ)യോട് (നേതൃത്വത്തെ) അംഗീകരി ക്കുകയും അനുസരിക്കുകയും ചെയ്യാമെന്ന് ബൈഅത്ത് ചെ യ്തിട്ടുണ്ട്. ഞങ്ങൾക്ക്

സന്തോഷമുണ്ടാക്കുന്നതും, വെറുപ്പു ണ്ടാക്കുന്നതും, ഞെരുക്കമുണ്ടാക്കുന്നതും, എളുപ്പമുണ്ടാക്കുന്ന തുമായ എല്ലാ കാര്യങ്ങളിലും; (അപ്രകാരം) മറ്റൊരാൾ ഞ ങ്ങളുടെ നേതൃത്വം അവകാശപ്പെട്ട് പിൻഗാമിയായി വന്നാൽ (ആദ്യനേതൃത്വത്തിൽ നിന്നും) വ്യക്തമായ നിഷേധം (كفــر بــواح) ഉണ്ടായാലല്ലാതെ ഞങ്ങൾ അവരിൽനിന്നും ഒഴിവായി (അവർ ക്കെതിരിൽ നീങ്ങുന്നതല്ല) എന്നും. അങ്ങിനെയുണ്ടായാൽ അ ല്ലാഹുവിങ്കൽ നിങ്ങൾക്ക് ബോധിപ്പിക്കാൻ തെളിവുണ്ടാകും (എന്ന് പ്രവാചകൻ പറഞ്ഞതിലും ഞങ്ങൾ അംഗീകരിച്ചു കൊ ള്ളാമെന്ന്'' (മുതഫഖുൻ അലൈഹി)

മറ്റൊരു ഹദീസുകൂടി ശ്രദ്ധിക്കുക:

**يكون عليكم أمراء تعرفون و تنكرون فمن أنكر فقد برئ ، ومن كره فقد سلم، ولكن من رضي وتابع قالوا أفلا نقاتلهم ؟ قال: لا ما صلوا لا ما صلوا. أي من كره بقلبه وأنكر بقلبه (رواه مسلم)**

''നിങ്ങളുടെ നേതൃത്വം ഏൽക്കുന്ന ചില നേതാക്കൾ നിങ്ങൾ ക്കുണ്ടാകും നിങ്ങൾ അവരെ അറിയുകയും നിഷേധിക്കുക യും ചെയ്യും. ആരെങ്കിലും അവരെ നിഷേധിച്ചാൽ അവൻ നി രപരാധിയായി, ആരെങ്കിലും അവരെ വെറുത്താൽ അവൻ ര ക്ഷപ്പെട്ടു. എന്നാൽ ആരെങ്കിലും തൃപ്തിപ്പെട്ടാൽ പിൻപററു കയും ചെയ്യട്ടെ. അവർ ചോദിച്ചു അന്നേരം ഞങ്ങൾക്ക് അവ രോട് യുദ്ധം ചെയ്തുകൂടെ ? അദ്ദേഹം പറഞ്ഞു: പാടില്ല, അ വർ നമസ്കരിക്കുന്നില്ലെങ്കിൽ, (അവർ നമസ്കരിക്കുന്നില്ലെ ങ്കിൽ ആകാം) പാടില്ല അവർ നമസ്കരിക്കുന്നില്ലെങ്കിൽ. (അ വർ നമസ്കരിക്കുന്നില്ലെങ്കിൽ ആകാം) അതായത് മാനസിക മായി വെറുക്കുകയും, മാനസികമായി അവരെ നിഷേധിച്ചാ ലും (വ്യക്തമായ കുഫ്റ് പ്രകടമാകുന്നത് വരെ പരസ്യമായി നിങ്ങൾ അവർക്കെതിരിൽ രംഗത്ത് വരരുത്'' (മുസ്‌ലിം)

മേൽ പറഞ്ഞ രണ്ട് ഹദീസുകളിൽ നിന്നും നമുക്ക് ചില യാ ഥാർത്ഥ്യങ്ങൾ ബോധ്യമാകുന്നതാണ്. അവ നമസ്കാരം ഉപേ ക്ഷിക്കുക എന്നത് വ്യക്തമായ കുഫ്റാണ് എന്നതാണ്. കാര ണം വ്യക്തമായ കുഫ്റ് പ്രകടമായാലല്ലാതെ നേതൃത്വത്തിനെ തിരിൽ പരസ്യമായി രംഗത്തിറങ്ങാൻ പാടില്ല. അതുപോലെ അവരുമായി യുദ്ധത്തിനൊരുങ്ങുന്നതിന് തടസ്സമായി പറഞ്ഞ ത് അവർ നമസ്കാരം നിർവ്വഹിക്കുന്നു എന്നതാണ്. അപ്പോൾ നമസ്കാരം ഒഴിവാക്കൽ അവരോട് യുദ്ധം ചെയ്യൽ വരെ അ നുവദനീയമാക്കുന്നു. യുദ്ധമാകട്ടെ വ്യക്തമായ കുഫ്റ് പ്രകട മായാലല്ലാതെ പാടില്ലെന്നത് ഉബാദത്ത് ബ്നു സ്വാമിതിൽ നി ന്നും ഉദ്ധരിച്ച ഹദീസും പഠിപ്പിക്കുന്നുണ്ട്.

## നൂതനവാദികളിൽ നിന്നകന്ന് നിൽക്കൽ هجران أهل البدع

الهجـــران (ഹജ്റാൻ) എന്നത് ഹജറ എന്ന ക്രിയയുടെ ധാതുവാ ണ്, ഉപേക്ഷിക്കുക എന്നാണതിൻെറ അതിൻെറ ഭാഷാർത്ഥം. ഇവിടെ നൂതനവാദികളെ കൈവെടിയുക എന്നത്കൊണ്ട് വി വക്ഷിക്കുന്നത്: അവരുമായി അകന്ന് നിൽക്കുക, അവരോടു ള്ള സൗഹൃദം, സ്നേഹബന്ധം, സന്ദർശനം, സലാംപറയൽ എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുക എന്നതാണ്.

അതാകട്ടെ നിർബന്ധമാണ് എന്നാണ് അല്ലാഹു വ്യക്തമാക്കു ന്നത്. ഖുർആൻ പറയുന്നത് കാണുക:

**لا تجد قوما يؤمنون بالله واليوم الآخر يوادون من حاد الله ورسوله (سورة المجادلة ٢٢)**

''അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജന ത അല്ലാഹുവോടും അവൻെറ റസൂലിനോടും എതിർത്ത് നി ൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ ക ണ്ടെത്തുകയില്ല'' (മുജാദല: 22)

നബി(സ) തബൂക്ക് യുദ്ധത്തിൽ നിന്നും പിന്തിനിന്ന കഅബ് ബ്നു മാലികിനോടും അദ്ദേഹത്തിൻെറ രണ്ട് സുഹൃത്തുക്ക ളോടും ബഹിഷ്കരണം ഏർപ്പെടുത്തിയത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

എന്നാൽ മേൽപറയപ്പെട്ട വിഭാഗത്തോട് കൂടിക്കഴിയുന്നതിൽ അവർക്ക് സത്യം വ്യക്തമാക്കിക്കൊടുക്കുവാനോ അനാചാര ങ്ങളിൽനിന്നും അവരെ തടയുവാനോ സാധ്യമാകും എന്ന നി ലയിൽ എന്തെങ്കിലും തരത്തിലുള്ള നന്മ ലക്ഷ്യം വെക്കുന്നു വെങ്കിൽ വിരോധമില്ല.

ഒരു പക്ഷേ അതായിരിക്കും താഴെ പറയുന്ന ഖുർആൻ വചന ത്തിൻെറ തേട്ടവും:

**ادع إلى سبيل ربك بالحكمة والموعظة الحسنة وجادلهم بالتي هي أحسن ( سورة النحل ١٢٥)**

''യുക്തി ദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നി ൻെറ രക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളു ക. ഏററവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തു കയും'' (നഹ്ൽ 125)

ചിലപ്പോഴത് കൂടെ സഹവസിക്കുന്നത് കൊണ്ടാകാം അതല്ലെ ങ്കിൽ ഇടപഴകൽ, കത്തിടപാടുകൾ, എഴുത്ത്കുത്തുകൾ എന്നിവകൊണ്ടെല്ലാം ആകാവുന്നതാണ്.

എന്നാൽ മേൽ പറഞ്ഞ ബഹിഷ്കരണത്തിൽ പെട്ടത് തന്നെ യാണ് അത്തരക്കാരുടെ ഗ്രന്ഥങ്ങൾ കുഴപ്പത്തിന് കാരണമാ കുമെങ്കിൽ അവ അവഗണിക്കുകയോ ജനങ്ങളിൽ നിന്നും മറ ച്ചുവെക്കുകയോ ചെയ്യുക എന്നതും. കാരണം വഴികേടിലേ ക്ക് കാരണമാകാനിടയുള്ള സ്ഥലങ്ങളിൽ നിന്നും വിട്ടുനിൽ ക്കൽ നിർബന്ധമാണ് എന്ന് പ്രവാചകൻ(സ) ദജ്ജാലിനെ സംബന്ധിച്ച് പറഞ്ഞുതന്ന താഴെപറയുന്ന ഹദീസിലൂടെ മന സ്സിലാക്കാവുന്നതാണ്:

من سمع به فلينأ عنه فوالله إن الرجل ليأتيه وهو يحسب أنه مؤمن فيتبعه مما يبعث به من الشبهات (رواه أبوداود وصححه الألباني رحمه الله)

''വല്ലവനും അവനെ (ദജ്ജാലിനെ)ക്കുറിച്ച് കേൾക്കാനിടയാ യാൽ അവൻ അവനെത്തൊട്ട് അകന്നുകൊള്ളട്ടെ, അല്ലാഹു വാണെ സത്യം ഒരാളുടെ അടുക്കൽ അവൻ എത്തുകയും അ വൻ കാണിക്കുന്ന വിക്രിയകൾ കാണുകയും അയാൾ വിചാ രിക്കുക അവൻ ഒരു മുഅ്മിനാണ് എന്നായിരിക്കും''( അബൂ ദാവൂദ്. നാസ്വിറുദ്ദീൻ അൽബാനി(റ) ഈഹദീസ് സ്വഹീഹാ ണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്)

എന്നാൽ മുകളിൽ പറയപ്പെട്ട വിഭാഗത്തിൻെറ ഗ്രന്ഥങ്ങൾ ഒ രാൾ അതിലെ ദൂഷ്യങ്ങൾ മനസ്സിലാക്കി അതിന് മറുപടി പറ യുവാനും ഖണ്ഡിക്കുവാനുമാണ് അവ വായിക്കുന്നത് എങ്കി ൽ, ഉത്തമമായ വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുന്ന ആളു കൾക്ക് അതിന് വിരോധമില്ല, എന്ന് മാത്രമല്ല ഒരുവേള അ ത്തരക്കാർക്ക് അത് നിർബന്ധമായിത്തീരുകയും ചെയ്യും. കാ രണം ബിദ്അത്തുകളെ എതിർക്കുക എന്ന നിർബന്ധ കർത്ത വ്യം മേൽപറയപ്പെട്ട രീതിയിലല്ലാതെ സാധ്യമാകുക ഇല്ലായെ ങ്കിൽ അത് നിർബന്ധം തന്നെയാണ്.

## മത വിഷയത്തിലുള്ള തർക്കങ്ങൾ
## الجدال والخصام في الدين

الجـــدال (ജിദാൽ) എന്നത് ജാദല എന്ന ക്രിയാധാതുവാണ്. ഒരു വിഷയത്തിൽ താനുൾക്കൊള്ളുന്ന ആശയത്തിൻെറ എതിരി ലുള്ള വ്യക്തിയെ പരാജയപ്പെടുത്തി തൻെറ ആശയത്തിൻെറ മികവ് തെളിയിക്കാൻ പരിശ്രമിക്കുക എന്നതാണ് അത്കൊ ണ്ട് ഉദ്ദേശിക്കുന്നത്. ഇതേ അർത്ഥം തന്നെയാണ് الخصـــام (ഖിസ്വാമ്) എന്നതിനുമുള്ളത് ഇക്കാര്യം നിഘണ്ടുകളിൽനിന്നും മനസ്സിലാക്കാൻ കഴിയും.

### മതവിഷയത്തിലുള്ള തർക്കങ്ങൾ :

ഒന്ന്: സത്യം സ്ഥാപിച്ച് അസത്യത്തെ പരാജയപ്പെടുത്തുന്ന തിനായുള്ള തർക്കങ്ങൾ. ഇത് നമ്മോട് കൽപ്പിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. അത് സന്ദർഭത്തിനനുസരിച്ച്, ചിലപ്പോൾ നിർബ ന്ധമായിത്തീരുന്ന അവസരങ്ങളുണ്ടാകും മററു ചിലപ്പോൾ ഗുണകരമായിത്തീരുന്ന അവസരങ്ങളുമുണ്ടാകും.

അല്ലാഹു പറയുന്നു:

ادع إلى سبيل ربك بالحكمة والموعظة الحسنة وجادلهم بالتي هي أحسن (سورة النحل ١٢٥)

''യുക്തി ദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നി ൻെറ രക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളു ക. ഏററവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുക യും ചെയ്യുക'' (നഹ്ല് 125)

രണ്ട്: തൻെറ വ്യക്തിപരമായ മേന്മ പ്രകടിപ്പിക്കുവാനോ അ സത്യം സ്ഥാപിക്കുവാനോ നടത്തുന്ന തർക്കങ്ങളും സംവാദ ങ്ങളും. ഇത് വിരോധിക്കപ്പെട്ടതും മോശപ്പെട്ടതുമാണ്.

അല്ലാഹുവിൻെറ വചനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്:

ما يجادل في آيات الله إلا الذين كفروا (سورة غافر ٤)

''സത്യനിഷേധികളല്ലാത്തവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങ ളെപററി തർക്കിക്കുകയില്ല'' (ഗാഫിർ 4)

وجادلوا بالباطل ليدحضوا به الحق فأخذتهم فكيف كان عقاب (الغافر ٥)

''അസത്യത്തെകൊണ്ട് സത്യത്തെ തകർക്കുവാൻ വേണ്ടി അ വർ തർക്കം നടത്തുകയും ചെയ്തു. തന്നിമിത്തം ഞാൻ അവ രെ പിടികൂടി. അപ്പോൾ എൻെറ ശിക്ഷ എങ്ങനെയുണ്ടായി രുന്നു!'' (ഗാഫിർ 5)

## നൂതനവാദികളുടെ അടയാളങ്ങൾ:

1, അവർ ഇസ്ലാമിൻേറതല്ലാത്ത പേരുകളിലൂടെ അറിയപ്പെ ടുന്നവരായിരിക്കും. സുന്നത്തിന് നൂതനമായ ഭാഷ്യങ്ങൾ നൽ കിക്കൊണ്ടുള്ള വിശ്വാസവും വാക്കുകളും പ്രവൃർത്തികളു മായിരിക്കും അവരുടേത്.

2, സത്യം വ്യക്തമായാലും തങ്ങളുടെ അഭിപ്രായങ്ങളിൽ പിടി ച്ചു തൂങ്ങി ഗ്രൂപ്പുകളുണ്ടാക്കും

3, ഇസ്ലമിൻെറ നേതൃത്വത്തോടും മതനേതാക്കളോടും പുഛ മായിരിക്കും അവർക്ക്.

## പിഴച്ചുപോയ കക്ഷികൾ
## من طوائف البدع

**1, റാഫിളിയ്യ**: الرافضـــــية : നബികുടുംബത്തിൻെറ പേരിൽ അതി രുവിട്ട സ്നേഹപ്രകടനങ്ങളുമായി രംഗത്ത് വരികയും അവര ല്ലാത്ത മററു സ്വഹാബികളെയെല്ലാം കാഫിറുകളും തെമ്മാടി കളുമാക്കി കാണിക്കുകയും ചെയ്യുന്ന വിഭാഗമാണിത്. ഇവർ അനേകം വിഭാഗങ്ങളുണ്ട്. അവരിൽ ഏററവും അതിരു കവി ഞ്ഞ വിഭാഗം അലി(റ) വാണ് ഇലാഹ് എന്നുവരെ വാദിക്കു ന്നവരാണ്. ബാക്കിയുള്ളവർ അതിനു താഴെയും.

ഇക്കൂട്ടരുടെ പിഴച്ച നീക്കങ്ങൾ ആദ്യമായി രംഗപ്രവേശനം ചെയ്യുന്നത് അലി(റ)വിൻെറ ഭരണകാലത്ത് അബ്ദുല്ലാഹി ബ് നു സബഅ് അലി(റ)നോട് താങ്കൾ തന്നെയാണ് إلــه (അല്ലാ ഹു) എന്ന് പറഞ്ഞുകൊണ്ടാണ്. അലി(റ) ഈ വിഭാഗത്തെ ചുട്ട് കരിക്കാൻ കൽപ്പിച്ചുവെങ്കിലും അവരുടെ നേതാവ് അ ബ്ദുല്ലാഹി ബ്നു സബഅ് മദാഇനിലേക്ക് ഓടി രക്ഷപ്പെടുക യുണ്ടായി.

അല്ലാഹുവിൻെറ സ്വിഫാത്തുകളെ സംബന്ധിച്ച് ഈ വിഭാഗ ത്തിൻെറ വാദം വിഭിന്നമാണ്. ചിലർ സിഫാത്തുകളെ സൃഷ്ടി കളുടേതിന്ന് തുല്യമായതാണെന്ന് വാദിക്കുന്ന (المشـبه) സാദൃ ശ്യവാദികളാണ് എങ്കിൽ മററു ചിലർ സിഫാത്തുകളെത്തന്നെ തള്ളിപ്പറയുന്ന (المعطـل) നിരാകരണവാദികളാണ്, വേറെ ചില രെ (المعتــدل) യഥാർത്ഥ നിലപാടുകാരായും കണ്ടെത്താൻ ക ഴിയും.

ഈ വിഭാഗത്തിന് റാഫിളുകൾ (തള്ളിപ്പറയുന്നവർ) എന്ന് പേ ര് വരുവാനുണ്ടായ കാരണം അലി(റ)വിൻെറ മകനായ ഹു സൈൻ (റ) വിൻെറ പൗത്രനായ സൈദ് ബ്നു അലിയോട് എ ന്താണ് അബൂബക്കർ(റ) വിനെ സംബന്ധിച്ച് താങ്കളുടെ അഭി പ്രായമെന്ന് അവർ ചോദിച്ചപ്പോൾ (رحمـــه الله عليـــه) അദ്ദേഹത്തി ൻെറ മേൽ അല്ലാഹുവിൻെറ കാരണ്യമുണ്ടാകട്ടെ എന്ന് പ്രാർ ത്ഥിച്ച കാരണത്താൽ സൈദ് ബ്നു അലിയെ തള്ളിപ്പറഞ്ഞു ത ങ്ങളിൽ നിന്നും അകററുകയുണ്ടായി. അതുമുതൽക്കാണ് തള്ളിപ്പറയുന്നവർ എന്ന് അർത്ഥമുള്ള റാഫിളികൾ എന്ന് പ്രസ്തുത വിഭാഗം അറിയപ്പെടാൻ തുടങ്ങിയത്.

എന്നാൽ അവർ അവരെക്കുറിച്ച് പറയാറുള്ളത് الشــيعة (ശിയാ ക്കൾ) എന്നാണ്. കാരണം അവർ നബികുടുംബത്തിനു വേ ണ്ടി വാദിക്കുകയും അവരെ സഹായിക്കുകയും അവർക്ക് അ ർഹതപ്പെട്ട നേതൃത്വത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യു ന്ന കക്ഷിയാണ് എന്നാണ് വാദിക്കുന്നത്. ശീഅ: എന്ന വാക്കി ൻെറ അർത്ഥം കക്ഷി, വിഭാഗം എന്നൊക്കെയാണ്.

**2, ജഹ്മിയ്യ**: الجهميـــة : ഹിജ്റ: 121 ൽ സാലിമ് ബ്നു അഹ്വസി ൻെറ കൈകളാൽ വധിക്കപ്പെട്ട - സൽമ് ബ്നു അഹ്വസ് എ ന്നാണ് എന്നും അഭിപ്രായമുണ്ട്- ജഹ്മ് ബ്നു സ്വഫ്വാൻ എന്ന വ്യക്തിയിലേക്ക് ചേർത്തുകൊണ്ടാണ് ഈ വിഭാഗം അറിയപ്പെടുന്നത്.

അല്ലാഹുവിൻെറ സ്വിഫാത്തുകളെ നിഷേധിക്കുകയും നിരാക രിക്കുകയും ചെയ്യുന്ന വിഭാഗമാണിത്. അത്പോലെ അല്ലാഹു വിൻെറ ഖദ്റിനെ സംബന്ധിച്ച് മനുഷ്യന് കർമ്മങ്ങൾ തിര ഞ്ഞെടുക്കാനുള്ള യാതൊരുവിധ സ്വാതന്ത്ര്യവുമില്ലാത്ത രീതി യിൽ നിർബന്ധിക്കപ്പെട്ട സ്വഭാവമാണ് എന്ന് വാദിക്കുന്നതി നാൽ അടിച്ചേൽപ്പിക്കുക എന്ന് അർത്ഥത്തിൽ ജബരിയ്യത്ത് എന്നും (الجبريـــة) ഇവർ അറിയപ്പെടുന്നു. കൂടാതെ الإيمـــان വിശ്വാസത്തിൻെറ കാര്യത്തിലും ചില വിചിത്രവാദമാണ് ഈ വിഭാഗത്തിനുള്ളത്.ഈമാൻ (വിശ്വാസം) എന്നാൽ ഹൃദയം കൊണ്ടുള്ള അംഗീകാരം മാത്രമാണ്; വാക്കുകൾക്കോ

പ്രവർത്തനങ്ങൾക്കോ ഈമാനുമായി യാതൊരു ബന്ധവു മില്ല. കാര്യങ്ങളെ പ്രവർത്തനങ്ങൾക്ക് അനുസരിച്ച് വിലയിരു ത്തുകയോ വിധി പറയുകയോ ചെയ്യാതെ എല്ലാം പരലോക ത്തേക്ക് പിന്തിക്കുന്നവരാണ് ഇവർ. ഇക്കൂട്ടർ മുകളിൽ സൂ ചിപ്പിച്ച പ്രകാരം മുഅത്വലത്ത് (നിരാകരണ വാദികൾ), ജബ രിയ്യത്ത് (തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമില്ലാത്ത വിധം നിർ ബന്ധിതർ), മുർജിഅത്ത് (പിന്തിക്കുന്നവർ) എന്നിങ്ങനെ ധാ രാളം വിഭാഗങ്ങളുണ്ട്.

**3, ഖവാരിജുകൾ** الخـوارج : അലി(റ), മുആവിയ(റ) വുമായുണ്ടായ പ്രശ്നങ്ങളിൽ വിധിനടപ്പാക്കാൻ മദ്ധ്യസ്ഥരാ യി സ്വഹാബികളിൽ ചിലരെ ചുമതലപ്പെടുത്തിയ കാരണ ത്താൽ അലി(റ)നെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ട വിഭാഗമാണി വർ.

അവരുടെ ചിന്താഗതി അലി(റ)വിന്റെ പക്ഷത്തും ഉഥ്മാൻ(റ) പക്ഷത്തും കക്ഷിചേരാതെ വിട്ടുനിൽക്കുക എന്നതായിരുന്നു. സുന്നത്തിനെതിരായി കഴിഞ്ഞാൽ അത്തരം പ്രവൃത്തി ചെയ്യു ന്ന ഇമാമിന്നെതിരിൽ രംഗത്തിറങ്ങാമെന്നും, വൻ കുററങ്ങൾ ചെയ്യുന്നവർ കാഫിറുകളും ശാശ്വതമായി നരകത്തിലായിത്തീ രുമെന്നും വിശ്വസിക്കുന്നവരാണ് ഇക്കൂട്ടർ. ഇവരും അനേകം കക്ഷികളുണ്ട്.

**4, ഖദരിയ്യാക്കൾ** القدريـة : മനുഷ്യർക്ക് അല്ലാഹുവിന്റെ ഇ റാദത്തിനും (ഉദ്ദേശ്യം) അവൻ നൽകുന്ന ഖുദ്റത്തിനും (കഴി വ്) അനുസൃതമായി സ്വതന്ത്രമായ ഉദ്ദേശസ്വാതന്ത്ര്യവും ശക് തിയുമുണ്ട് എന്ന വിശ്വാസത്തേയും, മനുഷ്യരുടെ പ്രവർത്തന ങ്ങൾ അല്ലാഹു നേരത്തെകണക്കാക്കുന്നുണ്ട് എന്ന വിധിയി ലുള്ള വിശ്വാസത്തെയും (القدر നെ) നിഷേധിക്കുന്നവരാണ് ഇ ക്കൂട്ടർ.

ഈ വാദവുമായി ആദ്യമായി രംഗത്ത്വന്നത് സ്വഹാബികളു ടെ കാലഘട്ടത്തിന്റെ അവസാനത്തിൽ കടന്നുവന്ന മഅ്ബ ദുൽ ജഹനി എന്ന വ്യക്തിയാണ്. ഇയാൾ ബസറയിലുണ്ടാ യിരുന്ന ഒരു മജൂസി (അസ്നിയാരാധകൻ) യിൽ നിന്നാണ് പ്രസ്തുത വാദം കൈക്കലാക്കിയത്.

ഇവർ തീവ്രവാദികളും അല്ലാത്തവരും എന്നിങ്ങനെ രണ്ട് വിഭാ ഗമാണ് പ്രധാനമായും കാണപ്പെടുന്നത്.

തീവ്രവാദികൾ, അല്ലാഹുവിന്റെ ജ്ഞാനം, ഉദ്ദേശ്യം, ശക്തി, അടിമകളുടെ പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ അല്ലാഹുവി ന്റെ സൃഷ്ടിയാണ് എന്നിവയെല്ലാം നിഷേധിക്കുന്നവരായതി നാൽ മതത്തിൽ നിന്നും വേർപെട്ട് പോയവരാണ് എന്ന് പറ യാം അതല്ലെങ്കിൽ പുറത്ത്പോകാറായിട്ടുള്ളവരാണ് എന്നതി ൽ യാതൊരു സംശയവുമില്ല.
തീവ്രതകുറഞ്ഞവരുടെ വിശ്വാസമാകട്ടെ അടിമകളുടെ പ്രവർ ത്തനങ്ങൾ അല്ലാഹു അറിയുന്നുണ്ട്; അതിനപ്പുറമുള്ള അതും അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്നതും അല്ലാഹുവിന്റെ ഉ ദ്ദേശ്യമനുസരിച്ചും കഴിവുകൊണ്ടുമാണ് അത് സംഭവിക്കുന്ന ത് എന്നതും അവർ അംഗീകരിക്കുന്നില്ല. ഈ വിശ്വാസത്തി ന്മേലാണ് പ്രസ്തുത വിഭാഗം അവരുടെ ആശയങ്ങൾ സ്ഥാ പിക്കപ്പെട്ടിരിക്കുന്നത്.

**5, മുർജിഅത്ത്** المرجئـة : പ്രവർത്തനങ്ങളെ വിശ്വാസങ്ങ ളിൽ നിന്നും വേർപെടുത്തി അവയെ പരലോകത്തേക്ക് പിന്തി ക്കുന്നവരാണ് ഈ വിഭാഗം. പ്രവർത്തനങ്ങൾ ഒരിക്കലും വി ശ്വാസത്തിൽ പെടുന്നില്ല. വിശ്വാസം ഇവരുടെയടുക്കൽ കേവ ലം ഹൃദയംകൊണ്ടുള്ള അംഗീകാരം മാത്രമാണ്. അത്കൊണ്ട് തന്നെ ഏത് തെമ്മാടിയും ഇവരുടെയടുക്കൽ പൂർണ്ണവിശ്വാ സികളാണ്; അവർ ഏത് വലിയ കുററങ്ങൾ പ്രവർത്തിക്കുന്ന വരും, അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്നതിൽ വീഴ്ചവരു ത്തുന്നവരും ആണെങ്കിലും ശരി. ശരീഅത്ത് നിയമങ്ങളിൽ വീഴ്ചവരുത്തുന്ന ഒരാൾ നാം കാഫിറാണ് എന്ന് വാദിച്ചാൽ അവർ പറയുക, പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തി എന്നത് കൊണ്ട് ഒരാളെ കാഫിർ എന്ന് പറഞ്ഞുകൂട മറിച്ച് ഹൃദയ ത്തിൽ വിശ്വാസമില്ലാത്തത് കൊണ്ടാണ് ഒരാൾ കാഫിറായി ത്തീരുക എന്നാണ്.

ഇവരുടെ ഈ വാദം ജഹ്മികളുടെ വാദങ്ങളോട് യോജിക്കു ന്നതും ഖവാരിജുകളുടെ വാദങ്ങളോട് ബഹുദൂരം അകല മുള്ളതുമായ വിശ്വാസമാണ്.

**6, മുഅ്തസില:** المعتزلـة : ഹസനുൽ ബസ്വരിയുടെ വിജ് ഞാന സദസ്സിൽ നിന്നും വിട്ടുനിന്ന വാസിലു ബ്നു അത്വാഅ് നെ പിന്തുടരുന്ന കക്ഷിയാണ് മുഅ്തസിലികൾ (വിട്ട്നിൽക്കു ന്നവർ എന്നാണ് പ്രസ്തുത പദത്തിന്റെ അർത്ഥം). ഫാസിഖു കൾ (അധർമ്മങ്ങൾ പ്രവർത്തിക്കുന്നവർ) മുഅ്മിനുമല്ല കാ ഫിറുമല്ല അവ രണ്ടിന്റേയും ഇടയിലുള്ള ഒരു അവസ്ഥ യിലാണ് എന്നും അവർ ശാശ്വതമായും നരകത്തിലായിരിക്കും എന്നുമാണ് ഇവരുടെ വിശ്വാസം. ഈ വിശ്വാസങ്ങളെ പിൻ തുണക്കുന്ന വ്യക്തിയാണ് അംറു ബ്നു ഉബൈദ്.

അല്ലാഹുവിൻെറ സ്വിഫാത്തുകളുടെ വിഷയത്തിൽ ജഹ്മിക ളെപോലെ ഇവരും നിരാകരണവാദികളാണ്. എന്നാൽ അടിമ കളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അല്ലാഹുവിൻെറ തീരുമാന-വിധിയിലുള്ള (القضاء و القـدر) വിശ്വാസവിഷയത്തിൽ ഇവരും ഖദ്രിയാക്കളെ പോലെ അതിനെ നിഷേധിക്കുന്നവരാണ്. വൻപാപങ്ങൾ പ്രവർത്തിക്കുന്നവർ ശാശ്വതനരകാവകാശികളും ഈമാൻ നഷ്ടപ്പെട്ട് മുഅ്മിനും കാഫിറുമല്ലാത്ത ഒരു അവസ്ഥയിലുമായിരിക്കും എന്നുമാണ് ഇവരുടെ വിശ്വാസം. ഇപ്പറഞ്ഞ രണ്ട് വാദങ്ങൾ നേരത്തെ സൂചിപ്പിച്ച ജഹ്മികളുടെ വിശ്വാസത്തിന് നേരെ എതിരായ വാദങ്ങളുമാണ്.

**7, കറാമിയ്യ:** الكراميــة : ഹിജ്റ: 255 ൽ മരണപ്പെട്ട മുഹമ്മദ് ബ്നു കിറാം എന്നയാളെ പിന്തുടരുന്ന കക്ഷിയാണിത്. അല്ലാ ഹുവിൻെറ അസ്മാഅ് വസ്സിഫാത്തിൻെറ (നാമ വിശേഷണ ങ്ങളുടെ) വിഷയത്തിൽ സാദൃശ്യവാദികളോട് (التشــبيه) ചായ് വുള്ളവരാണ് ഇവർ. ഈമാനിൻെറ കാര്യത്തിർ മുർജിഉകളു ടെ വിശ്വാസമുള്ളവരുമാണിവർ. ഇവരും അനേകം വിഭാഗമു ണ്ട്.

**8, സാലിമ:** الســالمة : മുഹമ്മദ് ബ്നു സാലിം എന്ന വ്യക്തി യെ പിന്തുണക്കുന്ന കക്ഷിയാണിത്. അല്ലാഹുവിൻെറ നാമ വിശേഷണങ്ങൾ സൃഷ്ടികളുടേതിനോട് സാദൃശ്യമായതാണ് എന്ന് വാദമുള്ളവരാണ് ഇക്കൂട്ടരും.

മേൽ പറയപ്പെട്ടവയാണ് ഗ്രന്ഥകാരൻ എടുത്തുപറഞ്ഞതായ കക്ഷികൾ. ശേഷം ഇത്പോലെത്തന്നെ നാം അറിഞ്ഞിരിക്കേ ണ്ടതായ അശ്അരികളെ പോലെ വേറെയും കക്ഷികളുണ്ട് എന്ന് പറഞ്ഞുകൊണ്ട് അശ്അരികളെ പരിചയപ്പെടുത്തുന്നു:

**അശ്അരിയ്യ:** الأشــعرية : ഹസനുബ്നു അലിയ്യുബ്നുൽ ഇ സ്മാഈൽ അൽഅശ്അരി എന്ന വ്യക്തിയാണ് ഈ വിഭാഗ ത്തിൻെറ തലവൻ. തൻെറ നാൽപ്പത് വയസ്സ് പിന്നിടുന്നത് വ രെ ഇയാൾ മുഅ്തസിലീ ചിന്തയിലേക്ക് ചായ്വുള്ള വീക്ഷണ ക്കാരനായിരുന്നു. പിന്നീട് അതിൽ നിന്നും പശ്താപിച്ച് മു അ്തസിലിയാക്കളുടെ പൊള്ളത്തരങ്ങൾ തുറന്ന് പറഞ്ഞ്, അ ഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ മദ്ഹബ് അംഗീകരിക്കു കയുണ്ടായി.

എന്നാൽ ഇന്ന് അശ്അരീ മദ്ഹബുകാരാണ് എന്ന് ചേർത്ത് പ റയുന്നവരാകട്ടെ അശ്അരീ മദ്ഹബ് എന്ന് പറഞ്ഞ് ഒരു പ്ര ത്യേക മദ്ഹബ് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. അവർ അല്ലാഹുവിൻെറ സ്വിഫാത്തുകളിൽ തങ്ങളുടെ ബുദ്ധിക്ക് യോജിക്കുന്നവ എന്ന് പറഞ്ഞ് ഏഴ് സ്വിഫത്തുകളെ മാത്രം അംഗീകരിക്കുകയും ബാക്കിയുള്ളവയെല്ലാം വ്യാഖ്യാനിക്കു കയുമാണ് ചെയ്യുന്നത്. ഇവർ അല്ലാഹുവിന് സ്ഥിരപ്പെടുത്തി അംഗീകരിക്കുന്ന സ്വിഫതുകൾ താഴെ പറയുന്ന ബൈത്തിൽ (പദ്യത്തിൽ) ഉൾക്കൊള്ളുന്നവയാണ്.

حي عليم قدير والكلام له   إرادة وكذلك السمع والبصر

ജീവനുള്ളവൻ, അറിവുള്ളവൻ, ശക്തിയുള്ളവൻ, സംസാരി ക്കുന്നവൻ, ഉദ്ദേശ്യമുള്ളവൻ, കേൾവിയുള്ളവൻ, കാഴ്ചയു ള്ളവൻ എന്നീ ഏഴെണ്ണമാണ് ഈ വിഭാഗം അംഗീകരിക്കുന്ന വിശേഷണങ്ങൾ.

കൂടാതെ അല്ലാഹുവിൻെറ വിധിയിലുള്ള വിശ്വാസത്തിൻെറ വിഷയത്തിലും അവൻെറ കലാമിൻെറ (സംസാരം) വിഷയ ത്തിലും ഈ വിഭാഗത്തിന് ചില നൂതന വാദങ്ങൾ വേറെയു മുണ്ട്.

# ശാഖാപരമായ ഭിന്നിപ്പുകൾ:
# الخلاف في الفروع

الفروع (ഫുറൂഅ്) എന്നത് ഫർഅ് എന്നതിൻെറ ബഹുവചന മാണ്. അടിസ്ഥാനമല്ലാത്തത് എന്നാണ് ഭാഷയിൽ അതിൻെറ അർത്ഥം. മതപരമായി അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ശു ദ്ധീകരണവുമായോ നമസ്കാരവുമായോ ബന്ധപ്പെട്ട വിഷയ ങ്ങളെ പോലെയുള്ളതും, വിശ്വാസ സംബന്ധമായ കാര്യങ്ങള ല്ലാത്തതുമായ വിഷയങ്ങൾ എന്നാണ്. അത്തരത്തിലുള്ള വിഷ യങ്ങളിലെ കൃത്യമായ തെളിവുകളില്ലാത്ത കാര്യങ്ങളിൽ ഉദ്ദേ ശശുദ്ധിയോടെയും ഗവേഷണപരമായ വീക്ഷണവ്യത്യാസ ത്താലും അഭിപ്രായ വ്യത്യാസമുണ്ടാവുന്നുവെങ്കിലത് ആക്ഷേ പകരമല്ല; അവ തങ്ങളുടെ ദേഹേഛക്ക് കീഴ്പെട്ടോ തൻെറ ഗ്രൂപ്പിനെ ന്യായീകരിക്കുവാനോ ഉദ്ദേശിച്ചുകൊണ്ടോ ആ യിരിക്കരുത് എന്ന് മാത്രം. മേൽ പറയപ്പെട്ടവിധം കൃത്യമായി തെളിവുകളില്ലാത്ത വിഷയങ്ങളിൽ പ്രവാചക കാലഘട്ടത്തിൽ തന്നെ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ട് എന്നാൽ പ്രവാച കൻ(സ) അവരിൽ ഏതെങ്കിലും ഒരു വിഭാഗത്തെ ആ ക്ഷേപിക്കുകയുണ്ടായിട്ടില്ല.

ഉദാഹരണമായി ബനൂഖുറൈള യുദ്ധവുമായി ബന്ധപ്പെട്ട വിഷയത്തിൽ നമുക്ക് ഇങ്ങനെ കാ ണാം പ്രവാചകൻ(സ) പറഞ്ഞു:

لا يصلّينّ أحد العصر إلا في بني قريظة ( رواه البخاري)

'' ബനൂഖുറൈളയിൽ വെച്ചല്ലാതെ നിങ്ങളാരും അസ്വർ നമസ് കരിക്കരുത്'' (ബുഖാരി)

ഈ വിഷയത്തിൽ അസർ നമസ്കാര സമയമായപ്പോൾ സ്വ ഹാബികൾ ഒരു വിഭാഗം നമസ്കാരം ബനൂഖുറൈളയിലേക്ക് പിന്തിച്ചു എന്നാൽ മററൊരു വിഭാഗം നമസ്കാരം സമയം തെ ററുന്നത് ഭയപ്പെടുകയും വഴിക്ക്വെച്ചു തന്നെ നമസ്കരിക്കുക യും ചെയ്തു. എന്നാൽ ഈ രണ്ട് വിഭാഗത്തിൽ ആരേയും ന ബി(സ) ആക്ഷേപിക്കുകയോ പ്രവർത്തനത്തെ നിഷേധിക്കുക യോ ചെയ്യുകയുണ്ടായില്ല. ഈ സംഭവം ഇമാം ബുഖാരി റ പ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പോൾ ഏററവും ഉത്തമ നൂററാണ്ടു കാരായ സ്വഹാബികൾക്കിടയിൽ ഉണ്ടായ അഭിപ്രായ വ്യത്യാ സമാണ് നാം കണ്ടത്. എന്നാൽ അവർ ഒരിക്കലും ഇതിൻെറ പേരിൽ ശത്രുതയോ വിദ്വേഷമോ വെച്ചു പുലർത്തുകയുണ്ടാ യിട്ടില്ല. അടിസ്ഥാന വിഷയങ്ങളിലുണ്ടാകുന്ന അഭിപ്രായ വ്യ ത്യാസങ്ങളല്ലാതെ മററൊന്നും തന്നെ പരസ്പരം ഭിന്നിപ്പിച്ചു കൂടാത്തതാണ്.

എന്നാൽ ഗ്രന്ഥകാരൻ മൂല കൃതിയിൽ المختلفون فيه محمودون فـي اخـتلافهم (അഭിപ്രായ വ്യത്യാസത്തിലായിട്ടുള്ളവർ തങ്ങളു ടെ ഭിന്നിപ്പിൻെറ പേരിൽ പ്രശംസിക്കപ്പെടുന്നതാണ്) എന്ന് പ റഞ്ഞിട്ടുള്ളത് ഒരിക്കലും ഭിന്നിപ്പിനെ പ്രോൽസാഹിപ്പിക്കുകയ ല്ല; ഐക്യം തന്നെയാണ് ഗുണകരം എന്ന കാര്യത്തിൽ സംശ യമില്ല. ഇവിടെ ഗ്രന്ഥകാരൻ പ്രശംസിക്കപ്പെടുന്നതാണ് എന്ന് പറഞ്ഞത് അവർ പറഞ്ഞതിൻെറ പേരിൽ ഒരിക്കലും ആക്ഷേ പിക്കപ്പെടുന്നതല്ല എന്നതാണ് കാരണം എല്ലാവരും സത്യം ഉ ദ്ദേശിച്ച് തന്നെയാണ് പരിശ്രമിച്ചത്. തങ്ങളുടെ പരിശ്രമത്തിൽ സത്യം വ്യക്തമായാൽ അവരത് പിന്തുടരുകയും ചെയ്യും; അ ത്കൊണ്ട് അവർ പ്രശംസ അർഹിക്കുകയും ചെയ്യുന്നവരാ ണ്. തങ്ങളുടെ പരിശ്രമത്തിൽ അവർക്ക് സത്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും.

അത്പോലെ إن الإخـتلاف فـي الفـروع رحمـة وإن اخـتلافهم رحمـة واسـعة (ശാഖാപരമായ വിഷയങ്ങളിലെ ഭിന്നിപ്പ് അനുഗ്രഹമാണ്, അ വരുടെ അഭിപ്രായവ്യത്യാസം വിശാലമായ കാരുണ്യമാണ്) എന്ന് ഗ്രന്ഥകാരൻ എഴുതിയിട്ടുള്ളത് അത് അല്ലാഹുവിൻെറ കാരുണ്യവും മാപ്പും അർഹിക്കുന്നതാണ് എന്ന അർത്ഥത്തി ലാണ്. കാരണം ഒരാളേയും അയാളുടെ കഴിവുലുപരി ഒന്നും അല്ലാഹു ചുമത്തുകയോ, തനിക്ക് വ്യക്തമായതിലപ്പുറം അ ല്ലാഹു നിർബന്ധിക്കുകയോ ചെയ്യുകയില്ല. അത്കൊണ്ട് ത ന്നെ അത്തരത്തിൽ വരുന്ന അഭിപ്രായ വ്യത്യാസങ്ങൾ കുററ കരമാവുകയില്ല; അവർ അല്ലാഹുവിൻെറ കാരുണ്യത്തിനും വിട്ട്വീഴ്ചക്കും അർഹമായിത്തീരുന്നതാണ്. അവരുടെ പരി ശ്രമത്താൽ അവർക്ക് ശരിയെ പ്രാപിക്കാൻ കഴിഞ്ഞാൽ അ വർക്ക് രണ്ട് പ്രതിഫലവും, ഇനി അവർ തെററിപ്പോയാൽ ത ന്നെ പരിശ്രമം നടത്തി എന്നതിന് ഒരു പ്രതിഫലവും ലഭിക്കു ന്നതാണ്.

## ഇജ്മാഉം അതിൻെറ വിധിയും
## الإجماع وحكمه

الإجمـاع (ഇജ്മാഅ്) എന്നാൽ ഏകോപിച്ച് എത്തിച്ചേരുന്ന തീരു മാനം എന്നാണ് അതിന് ഭാഷാപരമായുള്ള അർത്ഥം. സാങ്കേ തികമായി പറഞ്ഞാൽ മുഹമ്മദ് നബി(സ)ക്ക് ശേഷം അദ്ദേഹ ത്തിൻെറ സമുദായത്തിലെ മുജ്തഹിദുകളായ പണ്ഢിതന്മാർ മതപരമായ ഒരു വിഷയത്തിൽ ഏകോപിച്ച് എത്തിച്ചേരുന്ന തീ രുമാനം എന്നാണ്.

ഇതും മതത്തിൽ തെളിവായി പരഗണിക്കുന്നതാണ്. അല്ലാഹു ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നത് കാണുക:

فإن تنازعتم في شيء فردوه إلى الله والرسول (سورة النساء ٥٩)

''ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുക യാണ് എങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക'' (നിസാഅ് 59)
നബി(സ) പറഞ്ഞു:

لا تجتمع أمتي على ضلالة (رواه الترمذي)

''എൻെറ സമുദായം തെററിൽ ഒന്നിക്കുകയില്ല'' (തുർമുദി).

## അന്ധമായ അനുകരണം
## التقليـد

**التقليد** (തഖ്ലീദ്) എന്നതിന് ഭാഷയിൽ കഴുത്തിൽ കെട്ടിത്തൂക്കുക എന്നാണ് അർത്ഥം.

മതപരമായി അത്കൊണ്ട് ഉദ്ദേശിക്കുന്നത് തെളിവ് എന്തെന്ന് നോക്കാതെ ഒരുകാര്യം സ്വീകരിക്കുന്നതിനെയാണ്.

ഇതാകട്ടെ ഖുർആനോ സുന്നത്തോ മുൻഗാമികളായ ഇമാമുക ളോ ഗുണകരമായി കാണുന്ന ഒന്നല്ല.

എന്നാൽ സ്വന്തമായി ഒരു വിഷയം മനസ്സിലാക്കാനുള്ള കഴി വ് ഇല്ലാത്തവർക്ക് സാത്വികരായ പണ്ഡിതരോട് ഒരു കാര്യ ത്തെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കൽ അനുവദനീയമാണ്.
അല്ലാഹു പറയുന്നു:

**فاسألوا أهل الذكر إن كنتم لا تعلمون (سورة النحل ٤٣)**

''നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേനെ) ഉൽബോ ധനം ലഭിച്ചവരോട് നിങ്ങൾ ചോദിക്കുക'' (നഹ്ൽ 43)

# പ്രസിദ്ധമായ നാല് മദ്ഹബുകൾ

# المذاهب المشهورة الأربعة

**ഹനഫീ മദ്ഹബ്** المذهب الحنفي : ഇമാമു അഹ്ലുൽ ഇറാഖ് എന്ന പേരിൽ അറിയപ്പെടുന്ന അബൂഹനീഫ നുഅ്മാനു ബ്നു ഥാബിത് ലേക്ക് ചേർത്തി ഇത് അറിയപ്പെടുന്നു. ഹിജ്റ: 80 ൽ ആയിരുന്നു അദ്ദേഹത്തിൻെറ ജനനം മരണം ഹിജ്റ: 150 ലും.

**മാലികീ മദ്ഹബ്** المالكي : ഇമാമു ദാറുൽ ഹിജ്റ: എന്ന് അറി യപ്പെടുന്ന അബൂഅബ്ദുല്ല മാലിക് ബ്നു അനസിലേക്ക് ചേർ ത്തിയാണ് ഇത് അറിയപ്പെടുന്നത്. അദ്ദേഹത്തിൻെറ ജനനം ഹി ജ്റ: 93 ലും മരണം 179 ലുമാണ്.

**ശാഫിഈ മദ്ഹബ്** الشافعي : ഹിജ്റ: 150 ൽ ജനിക്കുകയും 204 ൽ മരണപ്പെടുകയും ചെയ്ത അബൂഅബ്ദുല്ല മുഹമ്മദ് ബ് നു ഇദ്രീസു ശാഫിഇയാണ് ഇതിൻെറ നേതായി പരിചയപ്പെടു ത്തപ്പെടുന്നത്.

**ഹമ്പലീ മദ്ഹബ്** الحنبلي : ഹിജ്റ: 164 ൽ ജനിച്ച് 241 ൽ മരണ മടഞ്ഞ അബൂ അബ്ദുല്ല അഹ്മദ് ബ്നു മുഹമ്മദ് ബ്നു ഹമ്പ ലിലേക്ക് ചേർത്തിയാണ് ഇത് അറിയപ്പെടുന്നത്.

[മേൽ പറയപ്പെട്ട നാല് ഇമാമുകൾ അവരുടെ കാലഘട്ടങ്ങളി ൽ മതത്തിനുവേണ്ടി അങ്ങേയററത്തെ ത്യാഗം സഹിച്ച മഹാ രഥന്മാരായിരുന്നു എന്ന കാര്യത്തിൽ മുസ്ലിംലോകത്ത് അഭി പ്രായ വ്യത്യാസമില്ല. എന്നാൽ അവർ ഒരിക്കലും പരസ്പരം സ്പർദ്ദയോടെ ജീവിക്കുകയോ, വിഭിന്നമായ രീതിയിൽ മത ത്തെ കാണുകയോ ചെയ്തവരായിരുന്നില്ല; അവരെല്ലാം സ്വീ കരിച്ചിരുന്നത് ഒരേ മദ്ഹബ് ആയിരുന്നു എന്നാണ് അവരുടെ രചനകൾ നമുക്ക് പഠിപ്പിച്ചു തരുന്നത്. അത്കൊണ്ട് തന്നെ അവരിൽ ഏതെങ്കിലും ഒരാളെ അന്ധമായി അനുകരിച്ച് മററ് മൂന്ന് പേരെ തള്ളിക്കളയുക എന്നതല്ല നമുക്ക് കരണീയമാ യിട്ടുള്ളത് മറിച്ച് എല്ലാവരേയും അവർ പറഞ്ഞ മാനദണ്ഡ മനുസരിച്ച് സ്വീകരിക്കുക എന്നതായിരിക്കണം നാം ചെയ്യേ ണ്ടത്. എന്തായിരുന്നു അവരുടെ മാനദണ്ഡമെന്ന് താഴെ പറയുന്ന അവരുടെ വചനങ്ങളിൽ നിന്നും മനസ്സിലാക്കാ വുന്നതാണ്.

ഇമാം അബൂ ഹനീഫ(റ):

حرام على من لم يعرف دليلي أن يفتي بكلامي (ميزان الكبرى )

''എൻെറ തെളിവ് എന്താണ് എന്ന് അറിയാത്തവന് എൻെറ വാക്ക് എടുത്ത് മതവിധി നടത്തൽ നിഷിദ്ധമാണ്''(മീസാനുൽ കുബ്റാ)

ഇമാം മാലിക്(റ):

ما من أحد إلا وهو مأخوذ من كلامه ومردود عليه إلا رسول الله صلى الله عليه وسلم (حجة الله البالغة)

''ഏതൊരാളുടെ വാക്കുകളിലും സ്വീകരിക്കേണ്ടതും തള്ളേ ണ്ടതും ഉണ്ടായിരിക്കും പ്രവാചകൻ(സ)യുടെ വാക്കുകളൊഴി ച്ച് '' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ:)

ഇമാം ശാഫിഇ (റ):

قال البيهقي عن الربيع: سمعت الشافعي يقول: إذا وجدتم في كتابي خلاف سنة رسول الله صلى الله عليه وسلم فقولوا بها ودعوا ما قلته (مناقب الإمام الشافعي)

''ഇമാം ശാഫി പറഞ്ഞതായി റബീഇൽ നിന്നും ബൈഹഖി രേ ഖപ്പെടുത്തുന്നു: എൻെറ ഗ്രന്ഥത്തിൽ അല്ലാഹുവിൻെറ റസൂ ലിൻെറ ചര്യക്കെതിരായി നിങ്ങൾ വല്ലതും കണ്ടാൽ, ഞാൻ പറഞ്ഞത് നിങ്ങൾ കയ്യൊഴിക്കുകയും അദ്ദേഹം (റസൂൽ) പറ ഞ്ഞത് നിങ്ങൾ പറയുകയും ചെയ്യുക' (മനാഖിബു ശാഫിഇ)

ഇമാം അഹ്മദ് ബ്നു ഹമ്പൽ(റ):

لاتقلدني ولا تقلد مالكا ولا الثوري ولا الأوزاعي وخذ من حيث أخذوا (أعلام الموقعين)

''നീ എന്നെ തഖ്ലീദ് ചെയ്യരുത്, (അത്പോലെ) മാലികിനേ യോ ഥൗരിയേയോ ഔസാഇയേയോ തഖ്ലീദ് ചെയ്യരുത് അ വരെല്ലാം എവിടെനിന്ന് സ്വീകരിച്ചുവോ അവിടെനിന്ന് നീയും സ്വീകരിക്കുക'' (ഇഅ്ലാമുൽ മുവഖിഈൻ)

എല്ലാവരും തഖ്ലീദിനെ എതിർക്കുകയും പ്രമാണങ്ങളായ ഖു ർആനും ഹദീസും എങ്ങിനെയാണോ സലഫുസ്സാലിഹുകൾ അവരെ പഠിപ്പിച്ചത് അതായിരിക്കണം പിൻതലമുറക്കാരായ നാമും സ്വീകരിക്കേണ്ടത് എന്നാണ് അവർ നമുക്ക് നൽകിയി ട്ടുള്ള ഉപദേശം. വിവർത്തകൻ]

മേൽ പറയപ്പെട്ട മദ്ഹബുകൾക്ക് പുറമെ (الظاهرية) ളാഹിരീ, (الزيدية) സൈദീ, (السفيانية) സുഫ്യാനീ എന്നിങ്ങനെ വിവിധ പേരുകളിലുള്ള മദ്ഹബുകൾ വേറെയുമുണ്ട്. എന്നാൽ എല്ലാ മദ്ഹബുകളും അവരുടെ വാക്കുകളിൽ ശരിയോട് (ഖുർആനി നോടും സുന്നത്തിനോടും) യോജിച്ചത് അല്ലാത്തത് തള്ളിക്കള യുക എന്നതാണ് നാം സ്വീകരിക്കേണ്ടത്. കാരണം തെററു പ ററാത്തതായി ഖുർആനും സുന്നത്തുമല്ലാതെ മറെറാന്നും തന്നെ യില്ല എന്നതുതന്നെ .

അല്ലാഹുവേ, രഹസ്യമായും പരസ്യമായും ഖുർആനും സു ന്നത്തുമനുസരിച്ച് ജീവിക്കുവാൻ നീ ഞങ്ങൾക്ക് തൗഫീഖ് ന ൽകേണമേ, ഇഹത്തിലും പരത്തിലും നീ ഞങ്ങളെ സംരക്ഷി ക്കേണമേ. നാഥാ ഞങ്ങളുടെ ഹൃദങ്ങയളെ നിൻെറ മതത്തിൽ നിന്ന് ഒരിക്കലും വ്യതിയാനം സംഭവിക്കാത്തവിധം സംരക്ഷി ക്കേണമേ. ദാനദാതാവായ നാഥാ നിൻെറ കരുണാ കടാക്ഷ ങ്ങൾ എന്നെന്നും ഞങ്ങളിൽ ചൊരിയേണമേ. (ആമീൻ)

**الحمد لله كثيرا كما يحب ويرضى وكما ينبغي لكرم وجهه عز جلاله وصلى الله وسلم على نبينا محمد وآله وصحبه (آمين)**

**ഉള്ളടക്കം**

**ഭാഗം 1**


| വിഷയം | പേജ് |
|---|---|
| വിവർത്തനക്കുറിപ്പ് | 1 |
| ആമുഖം | 3 |
| നാമവിശേഷണങ്ങൾ അടിസ്ഥാന നിയമങ്ങൾ | 4 |
| പ്രമാണ വിഭജനവും ജനങ്ങളുടെ നിലപാടും | 18 |
| തെളിവുകളുടെ രത്നച്ചുരുക്കം | 20 |
| നിഷേധം, വ്യാഖ്യാനം, ഉപമ. . . . .അർത്ഥം | 20 |
| അല്ലാഹു ഇറങ്ങിവരും ഇമാം അഹ്മദ്ൻെറ വാക്ക് | 22 |
| ഇമാം ശാഫിയുടെ വാക്കുകൾ | 24 |
| വിശേഷണങ്ങൾ സലഫികളുടെ പാത | 24 |
| സുന്നത്തും ബിദ്അത്തും | 25 |
| സുന്നത്തും ബിദ്അത്തും പൺഢിത വചനങ്ങൾ | 26 |
| ശൈഖ് അദ്റമിയും ബിദ്അത്ത്കാരനും | 29 |
| അല്ലാഹുവിൻെറ മുഖം | 30 |
| അല്ലാഹുവിൻെറ കൈകൾ | 31 |
| അല്ലാഹുവിൻെറ മനസ്സ് | 33 |
| അല്ലാഹുവിൻെറ കണ്ണ് | 34 |
| അല്ലാഹുവിൻെറ കണങ്കാൽ | 35 |
| അല്ലാഹുവിൻെറ കാല്, പാദം | 36 |
| അല്ലാഹുവിൻെറ വിരൽ | 36 |
| അല്ലാഹുവിൻെറ വരവ് | 37 |
| അല്ലാഹുവിൻെറ തൃപ്തി | 38 |
| അല്ലാഹുവിൻെറ സ്നേഹം | 38 |
| അല്ലാഹുവിൻെറ കോപം | 39 |

| | |
|---|---|
| അല്ലാഹുവിൻെറ ദേഷ്യം | 40 |
| അല്ലാഹുവിൻെറ വെറുപ്പ് | 40 |
| അല്ലാഹുവിൻെറ ഇറങ്ങി വരൽ | 41 |
| അല്ലാഹുവിൻെറ അത്ഭുതപ്പെടൽ | 41 |
| അല്ലാഹുവിൻെറ ചിരി | 42 |
| അല്ലാഹുവിൻെറ സിംഹാസനോപവിഷ്ടനാകൽ | 43 |

| വിഷയം | പേജ് |
|---|---|
| അല്ലാഹുവിൻെറ ഔന്നത്യം | 45 |
| അല്ലാഹു ആകാശത്തിനു മുകളിലാണ് | 48 |
| ഇമാം മാലിക്(റ) വിൻെറ വാക്കുകൾ | 48 |
| അല്ലാഹുവിൻെറ സംസാരം | 49 |
| ഖുർആനിനെ സംബന്ധിച്ച സംസാരം | 56 |
| ഖുർആൻ അക്ഷരങ്ങളും വാക്കുകളും | 58 |
| ഖുർആൻ വിശേഷണങ്ങൾ | 60 |
| അല്ലാഹുവിനെ ദർശിക്കൽ | 62 |
| വിധി വിശ്വാസം | 64 |
| വിധിയും കുററകൃത്യങ്ങളും | 68 |
| കർമ്മങ്ങൾ സൃഷ്ടിയും അദ്ധ്വാനവും | 70 |
| ഖദ്വാഅ് ഖദ്റ് നിഷേധികളും ഖണ്ഡനവും | 71 |
| ഈമാൻ വിശ്വാസം | 73 |

**ഭാഗം 2**

| | |
|---|---|
| ഇസ്റാഉം മിഅ്റാജും | 75 |
| മൂസാ നബിയും മലക്കുൽ മൗത്തും | 78 |
| അന്ത്യനാളിൻെറ അടയാളങ്ങൾ | 79 |
| ദജ്ജാലിൻെറ പുറപ്പാട് | 80 |
| ഈസാ നബിയുടെ ഇറങ്ങി വരൽ | 81 |
| യഅ്ജൂജ് മഅ്ജൂജ് | 82 |
| അൽഭുത ജന്തു പുറപ്പെടൽ | 86 |
| സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കൽ | 87 |
| ഖബറിലെ ഫിത്നകൾ | 88 |
| രക്ഷാ ശിക്ഷകൾ ആത്മീയമോ ശാരീരികമോ ? | 92 |
| കാഹളമൂതൽ | 92 |
| ഉയിർത്തെഴുന്നേൽപ്പ് | 94 |
| ശഫാഅത്ത് | 96 |
| ശുപാർശകൾ പല തരം | 98 |
| ശഫാഅത്തും നിബന്ധനകളും | 100 |
| വിചാരണ | 101 |
| തുലാസുകൾ | 104 |
| ഗ്രന്ഥം നൽകപ്പെടൽ | 107 |

| വിഷയം | പേജ് |
|---|---|
| **ഹൗളുൽ കൗഥർ** | **109** |
| **സ്വിറാത്ത്** | **111** |
| **സ്വർഗ്ഗവും നരകവും** | **114** |
| **മരണത്തെ അറുകൊല നടത്തൽ** | **118** |
| **പ്രവാചകനും സ്വഹാബികളും** | **120** |
| **പ്രവാചക ശ്രേഷ്ഠതകൾ** | **121** |
| **സ്വഹാബികൾ ശ്രേഷ്ഠതകൾ** | **125** |
| **അബൂബക്കർ (റ)** | **125** |
| **ഉമർ (റ)** | **126** |
| **ഉഥ്മാൻ (റ)** | **126** |
| **അലി (റ)** | **127** |
| **സ്വർഗ്ഗം കൊണ്ട് സന്തോഷ മറിയിക്കപ്പെട്ടവർ** | **131** |
| **മുസ്ലിംകളെ കാഫിറാക്കൽ** | **135** |
| **സ്വഹാബത്തിൻെറ അവകാശങ്ങൾ** | **1137** |
| **പ്രവാചക പത്നിമാർ** | **140** |

| | |
|---|---|
| ഭരണം | 146 |
| നേതൃത്വത്തെ അനുസരിക്കൽ | 1148 |
| നൂതന വാദികളെ കരുതിയിരിക്കൽ | 151 |
| മതവിഷയങ്ങളിലെ തർക്കങ്ങൾ | 153 |
| പിഴച്ചുപോയ കക്ഷികൾ | 155 |
| ശാഖാപരമായ ഭിന്നിപ്പുകൾ | 160 |
| ഇജ്മാഅ് | 162 |
| തഖ്ലീദ് | 163 |
| മദ്ഹബുകൾ | 164 |

# വിശ്വാസ ദീപ്തി
## അഥവാ
# സന്മാർഗ്ഗ ദർശനം

## ശൈഖ്:
## മുഹമ്മദ് ബ്നു സ്വാലിഹുൽ ഉഥൈമീൻ
## (റ)

**വിവർത്തനം:**
**തർജുമാ വിഭാഗം**
**ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുൽഫി**

# شرح لمعة الإعتقاد

# الهادي

# إلى سبيل الرشاد

للشيخ:

محمد بن صالح العثيمين رحمه الله

ترجمة:

الداعية عبد اللطيف السلّمي